സ്വർഗ്ഗരാജ്യത്തിലേക്കുള്ള വഴി

ഇടവഴിക്കൽ പീലിപ്പോസ് കശീശാ

Scanned by CamScanner

സ്വർഗ്ഗരാജ്യത്തിലേക്കുള്ള വഴി

ഗ്രന്ഥകർത്താവ്

ഇടവഴിക്കൽ പീലിപ്പോസ് കശീശാ

(A.D. 1842 - ൽ രചിച്ചത്)

പ്രസാധകൻ

ഇ.എ. ഫിലിപ്പ് ഇടവഴിക്കൽ

കോട്ടയം

മലങ്കരയിലെ സിറിയൻ ഓർത്തഡോക്സ്
സഭാംഗങ്ങളുടെ വിശ്വാസപഠനത്തിനുവേണ്ടി
പ്രസിദ്ധീകരിക്കുന്നത്

Scanned by CamScanner

മുഖചിത്രം

യാക്കോബ് സ്വപ്നം കണ്ട സ്വർഗ്ഗവാതിൽ

ആകാശത്തോളം എത്തുന്ന കോവണിയും, അതിന്മേൽ നിന്നു അവനെ അനുഗ്രഹിക്കുന്ന ദൈവത്തെയും സ്വപ്നത്തിൽ യാക്കോബ് കണ്ടു. കർത്താവ് ഈ സ്ഥലത്തുണ്ട്; ഇത് ദൈവത്തിന്റെ ഭവനം; ഇത് സ്വർഗ്ഗത്തിന്റെ വാതിൽ; കല്ല് നാട്ടി അതിന്മേൽ എണ്ണ ഒഴിച്ച് ഇതു ദൈവത്തിന്റെ ആലയമായി തീരും എന്നു പറഞ്ഞ് ആ സ്ഥലത്തിന് ബെഥേൽ എന്നു പേരിട്ടു. ഉല്പ. 28:10-22. ഏറെ വർഷങ്ങൾക്കുശേഷം ദൈവകല്പനപ്രകാരം ബെഥേലിൽ യാക്കോബ് ഒരു ബലിപീഠം പണിതു. ദൈവം അവനെ അനുഗ്രഹിച്ചു; ഇസ്രായേൽ എന്നു പേരുവിളിക്കുകയും ചെയ്തു. ഉല്പ. 35:1-15. സഭ ആദാം മുതലേ ഉണ്ടായിരുന്നു. ദൈവം ഗോത്രപിതാക്കന്മാരോടു സംസാരിക്കുകയും, വരുവാനിരിക്കുന്ന മിശിഹായെ കൈക്കൊള്ളുവാൻ തക്കവണ്ണം ജനത്തെ അവർ ഒരുക്കുകയും ചെയ്തുകൊണ്ടിരുന്നു. എബ്രാ. 1:1,2. ദൈവം അക്കാലങ്ങളിൽ അവർക്കു ന്യായപ്രമാണം കൊടുത്തിരുന്നില്ല; ആരാധന മന്ദിരവും ഉണ്ടായിരുന്നില്ല. മോശയുടെ കാലം വരെ നിലനിന്നിരുന്ന ഈ സഭയ്ക്കു പൈതൃകസഭ എന്നു പറയപ്പെടുന്നു. ഇതിന്റെ തുടർച്ചയായി മോശൈക സഭയുണ്ടായി.

ദൈവത്തിന്റെ ബലമുള്ള കൈയാൽ ഫറവോന്റെ അടിമത്വത്തിൽ നിന്നും വിടുവിച്ചുകൊണ്ടു പോന്ന ഇസ്രായേൽ മക്കളെ ദൈവം തന്റെ സ്വന്ത ജന(സഭ)മായി കൂട്ടിച്ചേർത്ത് മോശ മുഖാന്തരം അവർക്കു ന്യായപ്രമാണവും; ബലിയും ആരാധനയും നടത്തുവാൻ സമാഗമനകൂടാര (മസ്ക്കൻ സബ്നാ)വും; പുരോഹിതന്മാരായി അഹറോനെയും മക്കളേയും അഭിഷേകം ചെയ്തു നിയമിക്കുകയും ചെയ്തു. പുറ. 35-40 അദ്ധ്യായങ്ങൾ. മോശയും സർവ്വപ്രവാചകന്മാരും വരുവാനിരിക്കുന്ന രക്ഷകനെ (മിശിഹാ)ക്കുറിച്ച് ജനങ്ങളെ പ്രബോധിപ്പിച്ചുകൊണ്ടിരുന്നു. അ. പ്ര. 3:22-24. മോശൈക (യഹൂദ) സഭ ക്രിസ്തുവിന്റെ കാലം വരെ നിലനിന്നിരുന്നു. യഹൂദ സഭ ക്രിസ്തുവിന്റെ തിരുസഭയുടെ മുൻകുറി (നിഴൽ) മാത്രമായിരുന്നു. കൊലൊ. 2:16, 17; എബ്രാ. 8:5,6;10:1.

Scanned by CamScanner

മിശിഹാ ലോകത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾ തന്നെ രക്ഷകനായ ദൈവ പുത്രനായി സ്വീകരിപ്പാൻ യഹൂദ സഭയ്ക്കു ഒരുക്കമില്ലായിരുന്നു. യേശു എന്നും അവർക്ക് തച്ചനായ യൗസേപ്പിന്റെയും മറിയയുടെയും മകൻ മാത്ര മായിരുന്നു. യേശു അവരോടു പറഞ്ഞു: മോശയിൽ നിങ്ങൾ വിശ്വസിച്ചിരു ന്നെങ്കിൽ എന്നിലും നിങ്ങൾ വിശ്വസിക്കുമായിരുന്നു. എന്തെന്നാൽ മോശ യുടെ ഗ്രന്ഥങ്ങളിൽ എന്നെക്കുറിച്ച് എഴുതിയിട്ടുണ്ടല്ലോ. യോഹ. 5:45-47 യഹൂദസഭ യേശുവിനെ രക്ഷകനായി കൈക്കൊള്ളാതെ നിരസിച്ചു വധിച്ച തിനാൽ യഹൂദ (മോശൈക) സഭയെ നീക്കി പകരം യേശു തന്റെ തിരു സഭ ലോകത്തിൽ സ്ഥാപിക്കുകയും പത്രോസ് ശ്ലീഹായെ അതിന്റെ ഭവ നാധികാരിയായി ചുമതലപ്പെടുത്തുകയും ചെയ്തു. മത്താ. 16:15-19; യോഹ. 21:15-17. സഭയുടെ നടത്തിപ്പിനായി 12 ശ്ലീഹന്മാരെയും അധികാരപ്പെടുത്തി നിയമിക്കുകയും ചെയ്തു. യോഹ. 20:21-23; മത്താ. 18:18; 28:18-20. നിരസി ച്ചതും മൂലക്കല്ലായി തീർന്നതുമായ ക്രിസ്തു അത്രെ ഈ സഭയുടെ അടി സ്ഥാനവും ശിരസും. അ. പ്ര. 4:11; 1 കോരി. 3:11. ഈ സഭ കർത്താവിന്റെ രണ്ടാമത്തെ വരവുവരെ നിലനിൽക്കേണ്ടതും നിലനിൽക്കുന്നതുമാണ്.

യാക്കോബിന് സ്വപ്നത്തിൽ ദൈവം കാണിച്ചു കൊടുത്തതും; നമ്മുടെ രക്ഷകനായ മിശിഹാ തന്നെ മൂലക്കല്ലായി പണിയപ്പെട്ടിട്ടുള്ളതുമായ കാതോ ലികവും ശ്ലൈഹികവുമായ ഏകവിശുദ്ധ സഭയെ സ്വർഗ്ഗത്തിലേക്കുള്ള ഏക കോവണിയായി നമുക്കു ഉറപ്പിച്ചു തന്ന മിശിഹാതമ്പുരാന് എന്നേക്കും സ്തോത്രം. യോഹ. 14:6.

Scanned by CamScanner

കുർക്കുമ ദയറാ (Deir Al-Zaafran)

മർദീനിൽ (TURKEY) 8-ാം നൂറ്റാണ്ടിൽ
മാർ ഹാനനിയായുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടു.



A.D. 37-ൽ വി. പത്രോസ്ശ്ലീഹായാൽ അന്ത്യോഖ്യായിൽ സ്ഥാപിക്കപ്പെട്ട സിംഹാസനം 518-ാംമാണ്ടിനുശേഷം കഠിനപീഢകൾ ഉണ്ടാകയാൽ മെസപ്പൊത്തോമ്യയിലെ മറ്റു പല ദയറാകളിലേക്കും മാറ്റിക്കൊണ്ടിരുന്നു. 13-ാം നൂറ്റണ്ടു മുതൽ 1959-ൽ സിറിയയിലെ ദമസ്ക്കോസിലേക്ക് പാത്രിയർക്കാ (അന്ത്യോഖ്യാസിംഹാസനം) ആസ്ഥാനം മാറ്റുന്നതുവരെയും അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാമാരുടെ ആസ്ഥാനമായിരുന്നത് കുർക്കുമ ദയറാ ആയിരുന്നു.

Scanned by CamScanner



ഏദൻ തോട്ടത്തിൽ ആദാമും ഹവ്വായും



തോട്ടത്തിൽ നിന്നും പുറത്താക്കപ്പെട്ട ആദാമും ഹവ്വായും

തന്റെ പുത്രനായ മിശിഹായെ അയച്ച് ആദാമിനെയും സന്തതികളെയും രക്ഷിക്കുമെന്ന് (സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കുമെന്ന്) പിതാവായ ദൈവം ആദാമിന് ഉറപ്പു കൊടുത്തു.

Scanned by CamScanner

മോശയും അഹറോനും ഫറവോന്റെ കൊട്ടാരത്തിൽ
ദൈവത്തിന്റെ ബലമുള്ള കൈയാൽ മോശ ഇസ്രായേല്യരെ
മെസ്രേനിലെ അടിമവേലയിൽ നിന്നും വിടുവിച്ചുകൊണ്ട്
കനാനിലേക്കു പുറപ്പെട്ടു. (പുറ. അദ്ധ്യാ. 5 മുതൽ)

Scanned by CamScanner



“നിങ്ങൾ ജീവിച്ചിരിക്കുന്നവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതെന്ത്? താൻ ഇവിടെയില്ല. താൻ പുനരുദ്ധാനം ചെയ്തിരിക്കുന്നു.”

ലൂക്കാ. 24:6

Scanned by CamScanner

നിഴലായിരുന്ന മോശൈക സഭ

മെസ്രേനിൽ നിന്നും വിടുവിച്ചുകൊണ്ടുപോന്ന ഇസ്രായേല്യരെ സ്വന്ത ജന (സഭ) മായി കൂട്ടിച്ചേർത്തുകൊണ്ട് ദൈവം അവർക്കു മോശമുഖാന്തരം ന്യായപ്രമാണവും സമാഗമന കൂടാരം (മസ്ക്കൻ സബ്നാ) എന്ന ഒരു ആരാധന മന്ദിരവും പണിതു നൽകി. അഹറോനെയും മക്കളെയും പുരോഹിതന്മാരായി അഭിഷേകം ചെയ്തു നിയമിച്ചു. മുൻ തലമുറകളിലുള്ളവർക്കു ഇവയൊന്നും കൊടുത്തിരുന്നില്ല. അവരവർ തങ്ങളുടെ മാർഗ്ഗങ്ങളിലൂടെ പൊയ്ക്കൊള്ളുവാൻ ദൈവം അനുവദിച്ചിരുന്നു. എങ്കിലും ഏക ദൈവത്തെക്കുറിച്ചും വരുവാനിരിക്കുന്ന മിശിഹായെക്കുറിച്ചുമുള്ള സാക്ഷ്യം ലോകത്തിനു കൊടുത്തുകൊണ്ടിരുന്നു. (അ. പ്ര. 14:16). മോശ സ്ഥാപിച്ച വിശുദ്ധകൂടാരം (മസ്ക്കൻ സബ്നാ) മിശിഹായുടെ തിരുസഭയുടെ മുൻകുറിയായിരുന്നു എന്നു സഭാ പിതാക്കന്മാർ പാടുന്നു: (പുറ. 35 : 21–29).

“മൂശ മസ്ക്കൻ സബ്നാ സ്ഥാപിച്ചപ്പോൾ
ഓരോ നേർച്ചകൾ അർപ്പിച്ചു എല്ലാ മാനുഷരും
പൊൻവെള്ളി ധനവാന്മാർ വഴിപാടിട്ടു
ഇതരന്മാർ നൂൽ ശീലയതും ചെറുകാശും വിധവ
തിരുസഭ തൻ മുൻകുറി ഇവയെല്ലാം
ഭൂമിയിലും സ്വർഗ്ഗത്തിലും ഒരുപോൽ
തിരുസഭ സ്ഥാപകനാം നാഥ–നെന്നേക്കും സ്തോത്രം.”

ആദാം മുതൽക്കുതന്നെ സഭയുണ്ടായിരുന്നു. മോശവരെ തുടർന്നുപോന്ന ഈ സഭയ്ക്ക് ‘പൈതൃക സഭ’ എന്നാണ് പേര്. പിന്നീട് മോശമുതൽ ക്രിസ്തുവരെ ‘മോശൈക സഭ’ (ന്യായപ്രമാണ സഭ) യും അതിനെ തുടർന്ന് കാതലായ ക്രിസ്തീയ സഭയും മിശിഹാ സ്ഥാപിച്ചു. മിശിഹായുടെ ഈ ഏകസഭ ലോകാവസാനംവരെ നിലനിൽക്കുന്നതാകുന്നു. ഈ ഏക സഭയിലൂടെ അല്ലാതെ നിത്യജീവനിലേക്ക് (സ്വർഗ്ഗ രാജ്യത്തിലേക്ക്) പ്രവേശിക്കുവാൻ മറ്റു വഴികളൊന്നും ദൈവം ഏർപ്പെടുത്തി തന്നിട്ടില്ലെന്നു യാക്കോബിനു കാണിച്ചുകൊടുത്ത ഏക കോവണിയും; ഇസ്രായേൽ മക്കൾക്കു ദൈവം കൊടുത്ത ഏക വിശുദ്ധ കൂടാരവും സാക്ഷിക്കുന്നു.

Scanned by CamScanner

കാതലായ മിശിഹൈക സഭ

ഭൂമിയിൽ മിശിഹാ പ്രത്യക്ഷപ്പെട്ടപ്പോൾ തന്നെ നിഷേധിച്ച യഹൂദ സഭയ്ക്കു പകരം തന്റെ സഭ സ്ഥാപിക്കുകയും (മത്താ. 16:18) ഉയിർത്തെഴുന്നേല്പിനുശേഷം സഭയെ സംബന്ധിച്ച സർവ്വ അധികാരങ്ങളും ശ്ലീഹന്മാർക്കു യേശു നൽകുകയും ചെയ്തു (മത്താ. 28:18-20; യോഹ. 20:21-23; 21:15-17; അ. പ്ര. 1:3, 8). 'ലോകാവസാനം വരെ ഞാൻ നിങ്ങളോടുകൂടിയുണ്ടെന്നു' (മത്താ. 28:20) യേശു പറഞ്ഞിരിക്കുന്നതിനാൽ ഈ സഭ ലോകാവസാനംവരെ നിലനിൽക്കുമെന്നു തന്നെയാണ് അർത്ഥം.

സ്വർഗ്ഗ വാതിലിലേക്കു നയിക്കുന്നതായി യാക്കോബിനു കാണിച്ചു കൊടുത്ത ഏക കോവണിയിൽ ദൈവം ഇറങ്ങിനിന്നതായും; അവൻ നാട്ടി എണ്ണ ഒഴിച്ച കല്ല് ദൈവത്തിന്റെ ആലയ (സഭ) മായി തീരുമെന്നും, ദൈവത്തിനു ദശാംശം കൊടുക്കുമെന്നും യാക്കോബ് പറഞ്ഞതും (ഉല്പ. 28:11-22); മോശ പണിത ഏക വിശുദ്ധമന്ദിരത്തിന് ഇസ്രായേല്യർ വഴിപാട് അർപ്പിച്ചതും; മോശ കൂടാരം ഉയർത്തിയപ്പോൾ അതിൽ ദൈവതേജസ്സുകൊണ്ട് നിറഞ്ഞിരുന്നതും (പുറ. 35:21-29, 40:17-38); ദൈവമായ കർത്താവ് തന്റെ നാമം സ്ഥാപിക്കുവാൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തല്ലാതെ നിനക്കു തോന്നുന്ന ഇടത്തെല്ലാം ഹോമയാഗങ്ങൾ കഴിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളണമെന്നു ജനത്തോട് (ആവ. 12:11-14) മോശ കല്പിച്ചതും എല്ലാം; പണിക്കാർ (യഹുദ സഭ) നിരസിച്ച കല്ലായ മിശിഹാ തന്നെ മൂലക്കല്ലായി. (അ. പ്ര. 4:11) പണിയപ്പെട്ടിട്ടുള്ള ക്രിസ്തീയ സഭയുടെ മുൻകുറിയായിരുന്നു. അതിനാൽ അന്ത്യന്യായവിധിക്കുശേഷം സ്വർഗ്ഗ രാജ്യത്തിലേക്കു പ്രവേശിക്കുവാനുള്ള ഏകവഴി കർത്താവായ മിശിഹാ ഭൂമിയിൽ ഏർപ്പെടുത്തിയിട്ടുള്ള കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയുടെ വിശ്വാസ പ്രമാണ പ്രകാരം വിശ്വസിച്ച്, സത്യ കൈവയ്പുള്ള പട്ടക്കാരാൽ മാത്രം അനുഷ്ടിക്കപ്പെടുന്ന വി. കൂദാശകളിലൂടെ ദൈവത്തിൽ നിന്നുമുള്ള കൃപാവരങ്ങൾ പ്രാപിച്ച് വിശുദ്ധിയിൽ ജീവിക്കുക മാത്രമാണ് പോംവഴി. അതിനു ദൈവത്തിന്റെ കൃപയ്ക്കായി നമുക്കു പ്രാർത്ഥിക്കാം.

Scanned by CamScanner



മുഖവുര

(ത്രീയേക ദൈവത്തിനു സ്തുതി)

ദൈവം മോശയോടു കൽപ്പിച്ചു : "നീ ഈ സ്തുതിപ്പ് എഴുതി ഇസ്രായേൽ മക്കളെ പഠിപ്പിക്കുക. എന്തെന്നാൽ അവർ വാഗ്ദത്ത ദേശത്ത് എത്തി തിന്നു തൃപ്തരായി മദിച്ചിരിക്കുമ്പോൾ അവർ എന്നെ വിട്ട് അന്യദേവന്മാരെ സേവിക്കും. അവർ എന്നെ കോപിപ്പിക്കും അനേക ആപത്തുകളും അനർത്ഥങ്ങളും അവർക്കു വരുമ്പോൾ ഈ സ്തുതിപ്പ് അവരുടെ നേരെ സാക്ഷ്യം പറയും." (ആവ. 31:16-22). അമാലേക്യരുമായുണ്ടായ യുദ്ധചരിത്രം സ്മരണയ്ക്കായി എഴുതി യോശുവയെ ഏൽപ്പിക്കുവാനും മോശയോടു കൽപ്പിച്ചിരുന്നു (പുറ. 17:8-14). പഴയനിയമത്തിലെ ആദ്യ അഞ്ചുപുസ്തകങ്ങളിലും ആദാം, നോഹ, അബ്രഹാം, ഇസ്രായേൽ മുതലായവരുടെ കുടുംബചരിത്രം, വംശാവലി, ന്യായപ്രമാണങ്ങൾ എന്നിവയും മോശ എഴുതിയിട്ടുണ്ടല്ലോ. ഇവയെല്ലാം എന്തിനാണ് രേഖപ്പെടുത്തിയിട്ടുള്ളത്? സങ്കീർത്തനക്കാരൻ (78:1-8) പറയുന്ന പ്രകാരം- "കർത്താവിന്റെ ശക്തിയും മഹത്വവും ചെയ്തിട്ടുള്ള അതിശയങ്ങളും; ജനിച്ചുണ്ടാകുന്ന പിൻതലമുറയിലെ മക്കളോട് അറിയിപ്പാനും; ദോഷികളും ദൈവവിശ്വാസമില്ലാത്തവരുമായിരുന്ന തലമുറയിലെ പിതാക്കന്മാരെപ്പോലെ അവർ ആയിതീരാതെ, അവരുടെ ശരണം ദൈവത്തിൽ ആകുവാനും ദൈവക്രിയകളെ മറക്കാതെ തന്റെ കൽപ്പനകളെ അവർ ആചരിപ്പാനും വേണ്ടി ആണെ"ന്നത്രെ.

നമ്മുടെ ദൈവമായ കർത്താവ് നിങ്ങളോടു കല്പിച്ചിട്ടുള്ള സാക്ഷികളും നിയമങ്ങളും വിധികളും എന്ത് എന്നു നാളെ നിന്റെ മകൻ നിന്നോടു ചോദിച്ചാൽ നീ അവനോടു പറയേണ്ടത്-"ഞങ്ങൾ മെസ്രേനിൽ ഫറവോനു അടിമകളായിരുന്നു. എന്നാൽ ദൈവം ബലമുള്ള കൈകൊണ്ട് ഞങ്ങളെ മെസ്രേനിൽ നിന്നു പുറപ്പെടുവിച്ചു......" (ആവ. 6:20-25; 8:10-20) എന്നിപ്രകാരം പറയണമെന്നു മോശ ഇസ്രായേൽ മക്കളോടു പറഞ്ഞു. കൂടാതെ; ന്യായപ്രമാണവചനങ്ങൾ അനുസരിച്ചു നടക്കേണ്ടതിനു നിങ്ങളുടെ മക്കളോടു പറയേണ്ടതിനു ഞാൻ ഇന്നു പറഞ്ഞ സർവ്വവചനങ്ങളും മനസ്സിൽ സംഗ്രഹിക്കുവിൻ. "ഇതു നിങ്ങൾക്കു നിസ്സാരകാര്യമല്ല, നിങ്ങളുടെ ജീവൻ തന്നെ അത്രെ; ഇതുമൂലം നിങ്ങൾ കൈവശമാക്കുന്ന ദേശത്ത് നിങ്ങൾക്കു ദീർഘായുസ്സുണ്ടാകും" (ആവ. 32:46, 47) എന്നും മോശ അവരോടു പറഞ്ഞു. എന്നാൽ ഇസ്രായേൽ മക്കളാകട്ടെ എല്ലായ്പ്പോഴും ദൈവകൽപ്പനകളെ മറുത്ത് അന്യദൈവവിശ്വാസങ്ങളുടെ പിന്നാലെ പോയി ദൈവത്തെ കോപിപ്പിച്ചു പോന്നിരുന്നു. (ആവ. 31:16-18; 27-29).

Scanned by CamScanner

ദൈവപുത്രനായ മിശിഹാ ജഡധാരണം ചെയ്തത് മനുഷ്യവർഗ്ഗത്തെ പാപത്തിൽ നിന്നു വീണ്ടെടുത്തു രക്ഷിക്കുന്നതിനാണല്ലൊ. എന്നാൽ യഹൂദസഭയാകട്ടെ, തന്നിൽ വിശ്വസിക്കാതെ നിരസിച്ചുകളഞ്ഞു. യേശു അവരോടു ചോദിച്ചത്; "മോശയിൽ നിങ്ങൾ വിശ്വസിച്ചിരുന്നെങ്കിൽ എന്നിലും വിശ്വസിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ എന്റെ വചനങ്ങൾ നിങ്ങൾ എങ്ങനെ വിശ്വസിക്കും." (യോഹ. 5:46,47) എന്നാണ്. യഹൂദസഭയാകട്ടെ ഒടുവിൽ മിശിഹായെ കുരിശിൽ തറച്ചു കൊല്ലുകയും ചെയ്തു. അതിന്റെ ഫലമായി യഹൂദസഭയ്ക്കു സംഭവിച്ചതെന്തെന്ന് ദുഃഖവെള്ളിയാഴ്ച നമസ്ക്കാരത്തിലെ ഒരു സുറിയാനി ഗീതത്തിൽ പറയുന്നത് കാണുക:-

ഓ യൂദോ യേഹോ മെശ്ത ബേക്ലകൂൻ
ബയിതകൂൻ ഹർബോ
ലോ മൽക്കൂസോ ലോ കൊഹനൂസോ
ലൊ ൻബ്ബീയൂസോ.

അർത്ഥം: യഹൂദസഭയിൽ നിന്നും രാജത്വം, പൗരോഹിത്യം, പ്രവചനത്വം എല്ലാം എടുക്കപ്പെട്ടു. അവരുടെ ഭവനം (ദേവാലയം) ശൂന്യമായി തീർന്നു എന്നാണ്. നിഴലായിരുന്ന ന്യായപ്രമാണസഭയെ ഇപ്രകാരം അവസാനിപ്പിക്കുകയും കാതലായ തന്റെ പുതിയനിയമസഭയെ മിശിഹാ സ്ഥാപിക്കുകയും ചെയ്തു. (എബ്രാ. 10:1; മത്താ. 16:13-19). യേശു തന്റെ മനുഷ്യാവതാരപ്രവർത്തനം ലോകാവസാനം വരെ തുടർന്നുകൊണ്ടു പോകുന്നതിനാണ് സഭ സ്ഥാപിച്ചിരിക്കുന്നത്. സഭയുടെ അധികാരം എല്ലാ ശ്ലീഹന്മാർക്കും ഒരുപോലെ നൽകിയിട്ടുണ്ട് (മത്താ. 18:18; 28:18-20; യോഹ. 20:21-23). എന്നാൽ ശ്ലീഹന്മാരിൽ തലവനായ വി. പത്രോസിന് ചില പ്രത്യേക അധികാരങ്ങൾ കൂടെ മിശിഹാ നൽകിയിട്ടുണ്ട്. (മത്താ. 16:15-19; ലൂക്കോ. 22:32; യോഹ. 21:15-17). ക്രി. വ. 37-ൽ പത്രോസ് ശ്ലീഹാ അന്ത്യോഖ്യായിൽ സിംഹാസനം സ്ഥാപിക്കുകയും സഭാഭരണം നടത്തിവരുകയും ചെയ്തു. നിഴൽ ആയിരുന്ന ന്യായപ്രമാണസഭയുടെ കൽപ്പനകൾ 'നിങ്ങൾക്കു നിസ്സാരകാര്യമല്ല, നിങ്ങളുടെ ജീവൻ തന്നെ ആണെന്നു' മോശ പറഞ്ഞു എങ്കിൽ; കാതലായ തന്റെ 'സഭയെ അനുസരിക്കാത്തവൻ നിങ്ങൾക്കു ചുങ്കക്കാരനെപ്പോലെയും പുറജാതിക്കാരനെപ്പോലെയും ആയിരിക്കു'മെന്നുള്ള കർത്താവിന്റെ കൽപ്പന (മത്താ. 18:17) എത്ര ഗൗരവമേറിയതാണെന്ന് എല്ലാവരും ഗ്രഹിച്ചിരിക്കേണ്ടതാണ്.

സഭാസ്ഥാപനത്തെക്കുറിച്ച് മിശിഹാ പറഞ്ഞത് 'ഞാൻ എന്റെ സഭ പണിയും' (മത്താ. 16:18) എന്നാണ്. ഈ 'ഞാൻ' ആരാണ്? "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" (പുറ. 3:14) എന്നും; "ഞാൻ ആദ്യനും അന്ത്യനും ആകുന്നു; ഞാൻ അല്ലാതെ ഒരു ദൈവവും ഇല്ല" (ഏശായാ 44:6; 45:5-7) എന്നും അരുളിചെയ്തവനത്രെ സഭ സ്ഥാപിച്ചിരിക്കുന്നത്. ഈ സഭയ്ക്കു വിശ്വാസം ഒരിക്കലായി ഭരമേൽപ്പിക്കപ്പെട്ടു കഴിഞ്ഞു. (യൂദാശ്ലീഹാ 3-ാം വാക്യം). ഏല്പിക്കപ്പെട്ടതായ ഈ സത്യവിശ്വാസത്തെ വ്യത്യാസപ്പെടുത്തുകയോ, അതിനോട് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നവൻ ശപിക്കപ്പെടുമെന്നു വി. പൗലൂസ് ശ്ലീഹായും (ഗലാത്യ. 1:7,8) പറഞ്ഞിരിക്കുന്നു. എന്നാൽ

Scanned by CamScanner

ഇപ്പോൾ നൂറു കണക്കിനു മനുഷ്യനിർമ്മിതസഭകൾ കണക്കില്ലാതെ വിശ്വാസവിപരീതങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് പ്രവർത്തനം നടത്തി വരുന്നു. തന്മൂലം സത്യസഭാംഗങ്ങൾ പോലും; ഏതാണ് സത്യസഭ, ഏതെല്ലാമാണ് സത്യവിശ്വാസം എന്നു തിരിച്ചറിയാനാകാതെ അനേകരും അവനവൻ ജനിച്ച സഭയിൽ തുടർന്നുപോരുകയോ, പലരും സഭ വിട്ടു പോകുകയൊ ചെയ്യുന്നതായി കാണാം. ചിലരെ സംബന്ധിച്ചിടത്തോളം നോഹയുടെ കാലത്തുണ്ടായിരുന്നവർ നടന്നുവന്നതുപോലെ (മത്താ. 24:37-39) വിവാഹാഘോഷത്തിനും ശവസംസ്ക്കാരത്തിനും മാത്രമായിത്തീർന്നിരിക്കുകയാണ് സഭ.

സഭകൾ തമ്മിൽ സാഹോദര്യത്തിൽ കഴിയുന്ന ഇക്കാലത്തെ പരിതസ്ഥിതി അല്ലായിരുന്നു 160 വർഷങ്ങൾക്കുമുമ്പുണ്ടായിരുന്നത്. ഇതര സഭക്കാർ മലങ്കര സുറിയാനി സഭയ്ക്കുള്ളിൽ കയറി സഭാംഗങ്ങളെ തട്ടി എടുക്കുകയും; തർക്കങ്ങളും വാദപ്രതിവാദങ്ങളും കലഹങ്ങളും രൂക്ഷമായി തീരുകയും ചെയ്തിരുന്നു. ഇത് സുറിയാനിസഭയെ വളരെ ക്ഷീണിപ്പിക്കുകയും ഛിദ്രീകരിക്കുകയും ചെയ്തു പോന്നു. ഈ ഒരു പശ്ചാത്തലത്തിലാണ് സുറിയാനി സഭാംഗങ്ങളെ സത്യവിശ്വാസത്തിൽ സുസ്ഥിരരാക്കുവാനും, സഭയുടെ വിശ്വാസാചാരങ്ങൾ എല്ലാം കർത്താവും തന്റെ അപ്പോസ്തോലന്മാരും പഠിപ്പിച്ചിട്ടുള്ളവ തന്നെ ആണെന്നും; റോമൻ കത്തോലിക്കാ-പ്രൊട്ടസ്റ്റന്റ് മുതലായ സഭകളുടെ വാദഗതികളെ വിശകലനം ചെയ്തും, വേദസത്യങ്ങളുടെയും ചരിത്രസത്യങ്ങളുടെയും പിൻബലത്തിലും ഉറപ്പായി സ്ഥാപിച്ചുകൊണ്ട് A.D.1842-ൽ ഇടവഴിക്കൽ പീലിപ്പോസ് കശീശാ ഈ ഗ്രന്ഥം എഴുതിയിട്ടുള്ളത്. പഴയ മലയാളം ശൈലിയിൽ നിന്നും കഴിവതും പുതിയ ശൈലിയിലേക്ക് ഇപ്പോൾ ഞാൻ വ്യത്യാസം വരുത്തിയിട്ടുള്ളതാണ്.

ഇപ്പോൾ ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്ന്; നമ്മുടെ മക്കൾ നമ്മളോട് നമ്മുടെ കർത്താവും തന്റെ അപ്പോസ്തോലന്മാരും കൽപ്പിച്ചു ഭരമേൽപ്പിച്ചിട്ടുള്ള വിശ്വാസസത്യങ്ങളും പ്രമാണങ്ങളും വിധികളും എന്ത് എന്ന് നാളെ നമ്മളോടു ചോദിച്ചാൽ അവരോടു പറയേണ്ടതിനും; സുറിയാനി ഓർത്തഡോക്സ് സഭയിൽ ഉൾപ്പെട്ടിട്ടുള്ള സ്വ സമുദായാംഗങ്ങളുടെ വിശ്വാസപഠനത്തിനും, വിശ്വാസാചാരങ്ങളുടെ ആധികാരികത അവരെ ബോദ്ധ്യപ്പെടുത്തുന്നതിനും, സംശയാലുക്കളെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും, തദ്വാരാ ദൈവതിരുനാമം പുകഴ്ത്തപ്പെടുന്നതിനും വേണ്ടി മാത്രമാണ്. സഭകൾ തമ്മിലുള്ള സഹവർത്തിത്വത്തിനു ഭംഗം വരുത്തുവാനൊ വാദപ്രതിവാദങ്ങൾക്കൊ ഒട്ടും തന്നെ ഉദ്ദേശിച്ചിട്ടില്ലെന്നും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

ഈ ഗ്രന്ഥത്തിന്റെ കൈയ്യെഴുത്തു പ്രതി വായിച്ചുകണ്ട് വേണ്ട നിർദ്ദേശങ്ങൾ തരുകയും അവതാരിക എഴുതി തന്നു സഹായിക്കുകയും ചെയ്ത ശ്രേഷ്ഠനും ആദരണീയനുമായ വന്ദ്യദിവ്യ ശ്രീ. മലങ്കര മൽപ്പാൻ ഡോക്ടർ കുര്യൻ കോറെപ്പിസ്ക്കോപ്പാ, കണിയാമ്പറമ്പിൽ അവർകളോട് എനിക്കുള്ള കടപ്പാടും ഹൃദയം നിറഞ്ഞ നന്ദിയും രേഖപ്പെടുത്തുന്നു. ഈ ഗ്രന്ഥം ചുരുങ്ങിയ സമയംകൊണ്ട് വായിച്ച് പ്രസിദ്ധീകരിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും അതിലേക്ക് ഒരു സന്ദേശം എഴുതിതരുകയും ചെയ്ത എന്റെ ബഹുമാന്യ വൈദീകശ്രേഷ്ഠൻ വന്ദ്യദിവ്യശ്രീ ഡോ. കുറിയാക്കോസ് മൂലയിൽ കോറെപ്പിസ്ക്കോപ്പായോടും എനിക്കുള്ള നന്ദി അറിയിക്കുന്നു. കൂടാതെ ഈ

Scanned by CamScanner

ഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ പ്രോത്സാഹനം തന്ന എന്റെ സഹോദരി പുത്രൻ ഡോ. കെ. പി. ഏബ്രഹാം, കേളച്ചന്ദ്രയോടും (യു.കെ.); പല നിർദ്ദേശങ്ങളും തന്നു സഹായിച്ച സ്നേഹിതൻ ശ്രീ. ചാണ്ടി ആൻഡ്രൂസ്, പൂമംഗലത്തിനോടും എനിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ഈ പുസ്തകം ഭംഗിയായി അച്ചടിച്ചു തന്ന ലേണേഴ്സ് പ്രസിന്റെ ഉടമകളോടും എന്റെ നന്ദി അറിയിക്കുന്നു. കാതോലിക സഭയാകുന്ന സുറിയാനി ഓർത്തഡോക്സ് (അന്ത്യോഖ്യാ യാക്കോബായ) സഭയുടെ ശരിയായ വിശ്വാസാചാരങ്ങൾ അറിഞ്ഞ് പരിപാലിക്കുന്നതിന് ഈ ഗ്രന്ഥം സഭാംഗങ്ങൾക്ക് ഒരു വഴികാട്ടിയായി തീരണമെ എന്നു പ്രാർത്ഥിക്കുന്നു.

ഇ. എ. ഫിലിപ്പ്, ഇടവഴിക്കൽ
പ്രസാധകൻ

കോട്ടയം
2005 ആഗസ്റ്റ് 15
(ദൈവമാതാവായ വി. കന്യക മർത്തമറിയാമിന്റെ വാങ്ങിപ്പു
(ശൂനോയൊ) പെരുന്നാൾ ദിനം)

Scanned by CamScanner



അവതാരിക

(മലങ്കര മൽപ്പാൻ,
കോറൂസൊ ദശ്റോറൊ,
ഡോക്ടർ കുര്യൻ കോറെപ്പിസ്ക്കോപ്പാ,
കണിയാമ്പറമ്പിൽ)

ദൈവത്തിനു സ്തുതി

മഹാനായ പണ്ഡിത വൈദീകന്റെ മഹത്തായ കൃതി.

"കാതോലികവും അപ്പോസ്തോലികവുമായ ഏകവിശുദ്ധസഭ"യുടെ പരിശുദ്ധ തിരുവെഴുത്തുകൾ പതിനെട്ടു നൂറ്റാണ്ടുകൾ, പരിശുദ്ധമായും പരിശുദ്ധാത്മനിറവോടും പരമാർത്ഥതയോടെ പാലിച്ചു വന്ന പരിശുദ്ധ മലങ്കര സഭയിൽ-"സഹായ"മെന്ന മേലങ്കി അണിഞ്ഞു വന്ന പ്രൊട്ടസ്റ്റന്റ് മിഷ്യനറിമാർ പരിശുദ്ധ തിരുവെഴുത്തുകളിൽ കാതലായ വ്യത്യാസം വരുത്തിയും, സഭയുടെ അമൂല്യങ്ങളായ വിശ്വാസസത്യങ്ങൾക്ക് "മൂഢാചാരങ്ങൾ" എന്നു പേരു കൊടുത്തും, അവരുടേതായ സഭ സ്ഥാപിച്ചും മലങ്കരയിലെ സത്യസഭയെ റസിഡന്റ് ആദിയായ അധികാരികളുടെ പൂർണ്ണസഹായത്തോടെ അലട്ടിക്കൊണ്ടിരുന്ന 19-ാം നൂറ്റാണ്ടിൽ, പരിശുദ്ധസഭയിൽ വൈദീക വിദ്യാഭ്യാസം വിരളമായിരുന്ന കാലയളവിൽ-

ഉദിച്ചുയർന്ന പ്രശസ്ത പണ്ഡിതാഗ്രേസരനും സഭാസംരക്ഷകനുമായിരുന്ന മൽപ്പാൻ ഇടവഴിക്കൽ പീലിപ്പോസ് കശീശാ എന്ന മഹാരഥൻ-സംശയാലുക്കൾക്ക് വേദപരമായ തെളിവുകളോടെ ലളിതഭാഷയിൽ രചിച്ച ഗ്രന്ഥം അന്നു അച്ചടി വിദ്യ അജ്ഞാതമായിരുന്നതിനാൽ, സ്വശിഷ്യർക്കും വിശ്വാസികൾക്കും മാർഗ്ഗദീപമായി രചിച്ച ഈ മഹൽ ഗ്രന്ഥത്തിനു അന്നെന്നപോലെ ഇന്നും മഹത്തായ സേവനം അനുഷ്ഠിക്കുവാൻ കഴിവും ആവശ്യവും ഉള്ളതിനാൽ-

19-ാം നൂറ്റാണ്ടുമുതൽ സഭാപുരോഗമനത്തിനു അവിസ്മരണീയമായ സഹായവും വെളിച്ചവും നേതൃത്വവും നൽകി വന്ന ഇടവഴിക്കലെ ഇടയശ്രേഷ്ഠരുടെ അപദാനങ്ങൾ വിസ്മൃതമാകാതിരിപ്പാൻ സഭാസ്നേഹിയും കുടുംബസ്നേഹിയും വിനീതനുമായ എന്റെ മാന്യസഹോദരൻ മിസ്റ്റർ ഇ. എ. ഫിലിപ്പ്-പൊടികൊണ്ടു മൂടിയിരുന്ന ഈ പൊൻകിരീടം-സംശയാലുക്കൾക്ക് വേദപരമായ തെളിവുകളോടെ എത്രയും സമർത്ഥമായി വിരചിതമായ ഈ മഹൽ ഗ്രന്ഥത്തിനു-ഗജതുല്യനായിരുന്ന ആ പിതാവിന്റെ

Scanned by CamScanner

ഗ്രന്ഥത്തിനു-അജതുല്യനായ ഈയുള്ളവന്റെ അവതാരികയ്ക്ക് ആവശ്യമില്ലെങ്കിലും-എന്റെ സന്തോഷാധിക്യം മൂലം ഈ അതിമഹത്തായ ഗ്രന്ഥം പിടിച്ചുകൊണ്ടു നിൽക്കുന്ന ആ മഹാനുഭാവന്റെ പാദത്തിങ്കൽ, വാക്കുകൾ കോർത്ത ഈ 'വാഗ്മാല' സമർപ്പിക്കുന്നതോടൊപ്പം-

സത്യവിശ്വാസമറിഞ്ഞു സംശയലേശമെന്യെ വിശ്വാസം പാലിക്കുവാൻ ഈ മഹൽ ഗ്രന്ഥം നാമ്പെടുക്കുന്ന തലമുറയ്ക്ക് പഠിക്കേണ്ട ഒരു വലിയ "ചോദ്യോത്തരപുസ്തകമാകാനിടയാക്കണേ- എന്നെപ്പോലുള്ള വൈദീകർക്ക് ഉത്തമദീപമാകണെ" എന്ന പ്രാർത്ഥനയോടെ പ്രസാധകനായ എന്റെ സഹോദരൻ ഫിലിപ്പുകുട്ടിക്കു അനുമോദനത്തോടെ ഈ വാചകം തൽക്കാലം പൂർത്തിയാക്കട്ടെ.

കണിയാമ്പറമ്പിൽ അച്ചൻ
സെൻറ് ജോർജ്ജ് സിംഹാസനപള്ളി,

തിരുവല്ല
7-6-2005

Scanned by CamScanner

സന്ദേശം

കോട്ടയം ഇടവഴിക്കൽ എന്ന കുടുംബത്തിന്റെ പേരു കേൾക്കുന്ന മാത്രയിൽ മലങ്കരസഭയ്ക്ക് അഭിമാനകരമായി വിശ്വാസപരിപാലനത്തിന് യത്നിച്ച ഏതാനും മഹാത്മാക്കൾ സ്മൃതിപഥത്തിൽ വന്നു ചേരും. ആധുനിക തലമുറയും ചരിത്ര വിദ്യാർത്ഥികളും കേട്ടു പരിചയപ്പെട്ടിരിക്കുന്നത് ക്നാനായ ഭദ്രാസനത്തിന്റെ ഇപ്പോഴത്തെ മോർ സേവേറിയോസ് മെത്രാപ്പോലീത്തായെയും, സഭാചരിത്രഗവേഷണപടുവും മലങ്കരസഭാചരിത്രത്തിൽ അതിനിർണ്ണായകഘട്ടത്തിൽ സഭയ്ക്കുവേണ്ടി അത്യദ്ധ്വാനം ചെയ്ത മഹാരഥനുമായ 'നസ്രാണിസിംഹം' ഇ. എം. ഫിലിപ്പിനെയും ആയിരിക്കും. എന്നാൽ അദ്ദേഹത്തിന്റെ പിതാമഹൻ ഇടവഴിക്കൽ പീലിപ്പോസ് കശീശായും അദ്ദേഹത്തിന്റെ മക്കളായ ഗീവറുഗീസ് മോർ സേവേറിയോസ് (ക്നാനായ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ), പീലിപ്പോസ് കോറെപ്പിസ്ക്കോപ്പാ എന്നിവരും സഭ അനുസ്മരിക്കേണ്ട മഹത്വ്യക്തികളാണ്. പീലിപ്പോസ്കോറെപ്പിസ്ക്കോപ്പാ സുറിയാനി സഭയുടെ വിശ്വാസാചാരങ്ങളെ പാശ്ചാത്യർക്കു പരിചയപ്പെടുത്തിക്കൊടുത്തുകൊണ്ട് 'The Syrian Christians of Malabar otherwise called The Christians of St. Thomas' എന്ന പേരിൽ എഴുതിയ കൃതി റെവറണ്ട് ജി. ബി. ഹൗവ്വാർഡ് സുറിയാനിയിൽ നിന്നും ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി ഇംഗ്ലണ്ടിൽ പ്രസിദ്ധീകരിച്ചു. ഇവരുടെ പിതാവായ പീലിപ്പോസ് കശീശാ മലയാളത്തിൽ എഴുതിവച്ചിരുന്ന കൈയ്യെഴുത്തു പ്രതി വന്ദ്യ അച്ചന്റെ അഞ്ചാം തലമുറക്കാരനായ ഇടവഴിക്കൽ ഇ. എ. ഫിലിപ്പ് ആധുനിക തലമുറയ്ക്കുവേണ്ടി പ്രസാധനം ചെയ്യുവാൻ മുമ്പോട്ടു വന്നിരിക്കുന്നത് ശ്ലാഘനീയമാണ്.

ഈ ഗ്രന്ഥത്തിലേക്ക് ഒന്നെത്തിനോക്കുന്ന ആർക്കും ഇതിന്റെ പ്രയോജനം വ്യക്തമായി ഗ്രഹിക്കുവാൻ സാധിക്കും. സഭാവിശ്വാസ അടിത്തറയുടെ വ്യക്തമായ വിശദീകരണങ്ങളാണ് നൂറിൽപരം ചോദ്യങ്ങൾക്കുള്ള ഉത്തരമായി ഇതിൽ നാം വായിക്കുന്നത്. ആദിമ സുന്നഹദോസുകൾ മുതൽ ആധുനിക പ്രൊട്ടസ്റ്റന്റ്-സെക്റേററിയൻ സമൂഹങ്ങൾ വരെ ഉന്നയിക്കുന്ന പല സംശയങ്ങൾക്കും നിവാരണം വരുത്തുവാൻ ഈ കൃതി ഉപകരിക്കും. സൺണ്ടെസ്കൂൾ അദ്ധ്യാപകർക്കും മുതിർന്ന വിദ്യാർത്ഥികൾക്കും മാത്രമല്ല, വൈദീക വിദ്യാർത്ഥികൾക്കും ഈ കൃതി പ്രയോജനപ്രദമായിരിക്കും എന്ന് നിസ്സംശയം പറയാം.

ഈ മഹത്തായ ഉദ്യമത്തിനു മുന്നിട്ടിറങ്ങിയ, എനിക്കു വളരെ പ്രിയപ്പെട്ട ഇടവഴിക്കൽ ശ്രീ. ഇ. എ. ഫിലിപ്പിനെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നതോടൊപ്പം സഭയ്ക്കും സഭാംഗങ്ങൾക്കും ഇത് പ്രയോജനപ്രദമായിരിക്കട്ടെ എന്നു ആശംസിക്കുന്നു.

എല്ലാ വിജയങ്ങളും ദൈവനാമത്തിൽ അർപ്പിക്കുന്നു.

കുറിയാക്കോസ് കോറെപ്പിസ്ക്കോപ്പാ മൂലയിൽ
ഡയറക്ടർ, മോർ ആദായി സ്റ്റഡി സെന്റർ

ചീരംചിറ, ചങ്ങനാശ്ശേരി
6-5-2005

Scanned by CamScanner

ഉള്ളടക്കം

1.	ഗ്രന്ഥകാരനായ പീലിപ്പോസ് കശീശാ	27
2.	ഗ്രന്ഥകർത്താവിന്റെ പ്രസ്താവന	31
3.	എന്നേക്കുമുള്ള സ്വർഗ്ഗരാജ്യം അനുഭവിപ്പാൻ ചെയ്യേണ്ടത്	31
4.	വിശ്വാസപ്രമാണം സംബന്ധിച്ച്	31
5.	മൂന്നു പൊതു സുന്നഹദോസുകൾ	33
6.	കൽക്കിദോൻ സുന്നഹദോസും സഭയിലെ പിളർപ്പും മറ്റു നടപടികളും	37
7.	മിശിഹായിൽ നിന്നു ദൈവത്വം മരണസമയം മാറിപ്പോയി എന്നും; ദൈവം മരിച്ചില്ലെന്നും പറയാമോ?	40
8.	പരിശുദ്ധാത്മാവിന്റെ പുറപ്പാട് സംബന്ധിച്ച്	48
9.	കാതോലികസഭ ഏതാണെന്നും മറ്റുമുള്ള വിവരം	50
10.	റോമാസഭയിലെ ചില വിശ്വാസപിശകുകൾ	55
11.	ശുദ്ധീകരണസ്ഥലം അഥവാ ബെസ്പ്പുർക്കാനാ	55
12.	പ്രതിമകളെ ഉണ്ടാക്കി വയ്ക്കുന്നത്	58
13.	റോമാസഭ സ്വീകരിച്ച വിശ്വാസപിശകുകൾ (തുടർച്ച)	61
14.	പ്രൊട്ടസ്റ്റന്റ് മുതലായ സഭകളുടെ വിപരീതോപദേശങ്ങൾ	67
15.	നോമ്പിനെക്കുറിച്ച് അവർക്കുള്ള തർക്കം	71
16.	മരിച്ചുപോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും മദ്ധ്യസ്ഥപ്രാർത്ഥനയും ആവശ്യമാണൊ?	73
17.	കുർബ്ബാനയിലെ അപ്പവീഞ്ഞുകൾ മാംസരക്തങ്ങൾ ആകുന്നുവൊ?	77
18.	കുരിശുവന്ദന വിഗ്രഹാരാധനയൊ?	80
19.	കുമ്പസാരത്തെക്കുറിച്ച്	84
20.	വി, തൈലം; മാമോദീസായ്ക്കു ചൂടുവെള്ളവും തണുത്ത വെള്ളവും ഉപയോഗിക്കുന്നത്; ധൂപം വയ്ക്കുന്നത്.	84
21.	പ്രവൃത്തി കൂടാത്ത വിശ്വാസത്തെക്കുറിച്ച്	85
22.	കൃപയ്ക്കായിട്ടുള്ള പ്രാർത്ഥന	88
23.	ന്യായവിധി സംബന്ധിച്ച്	92

Scanned by CamScanner



ഗ്രന്ഥകാരനായ
പീലിപ്പോസ് കശീശാ

19-ാം നൂറ്റാണ്ടിലെ മലങ്കര സഭാചരിത്രത്തെ വഴി തിരിച്ചു വിടുന്നതിൽ ഏറെ നിർണ്ണായകസ്വാധീനം ചെലുത്തിയ പ്രമുഖ വൈദീകരിൽ പ്രധാനിയും, ഈ ഗ്രന്ഥത്തിന്റെ കർത്താവും, കോട്ടയം വലിയപള്ളി വികാരിയുമായിരുന്നു ഇടവഴിക്കൽ പീലിപ്പോസ് കശീശാ (A.D. 1799–1867). ഇദ്ദേഹം അഗാധ സുറിയാനി പണ്ഡിതനും, പല സുറിയാനി-മലയാളഗ്രന്ഥങ്ങളുടെയും കർത്താവുമായിരുന്നു. ധാരാളം ശിഷ്യസമ്പത്തിനുടമയുമായിരുന്നു. കുഞ്ഞാച്ചി എന്നായിരുന്നു സഹധർമ്മിണിയുടെ പേര്. ഒൻപതുമക്കൾ ഉണ്ടായിരുന്നു. മൂത്തമകൻ കൊച്ചുമാത്തു (കൊച്ചുമാത്തുവിന്റെ ഏകസന്താനമായിരുന്നു സുപ്രസിദ്ധ സഭാചരിത്രകാരനും, മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസ്യേഷ്യന്റെയും മാനേജിംങ്ങ് കമ്മറ്റിയുടെയും സിക്രട്ടറിയും, മലങ്കര ഇടവക പത്രിക പത്രാധിപരും മറ്റുമായിരുന്ന ഇ. എം. പീലിപ്പോസ്). നാലാമത്തെ മകൻ സുപ്രസിദ്ധ സുറിയാനി പണ്ഡിതനും, മൽപ്പാനും ഗ്രന്ഥകാരനുമായിരുന്ന പീലിപ്പോസ് കോറെപ്പിസ്ക്കോപ്പാ. പീലിപ്പോസ് കശീശായുടെ ഒൻപതാമത്തെ പുത്രൻ മലങ്കര യാക്കോബായ സുറി

Scanned by CamScanner

യാനി ക്നാനായ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ആയിരുന്ന മാർ സേവേറിയോസ് ഗീവറുഗീസ് തിരുമേനിയുമായിരുന്നു.

സഭയ്ക്ക് പുറത്തു നിന്നുമുണ്ടായ ദുരിതപൂർണ്ണവും അപകടം നിറഞ്ഞതുമായ കടുത്ത ഭീഷണികളായിരുന്നു 16-ാം നൂറ്റാണ്ടിൽ റോമൻ കത്തോലിക്കരായ പോർത്തുഗീസ് മിഷ്യനറിമാരിൽ നിന്നും; 19-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് പ്രൊട്ടസ്റ്റന്റ് (സി.എം.എസ്.) മിഷ്യനറിമാരിൽ നിന്നും മലങ്കര സുറിയാനി സഭയ്ക്കു നേരിടേണ്ടി വന്നിട്ടുള്ളത്. അതോടൊപ്പം തന്നെ പാലക്കുന്നത്തു മത്യൂസ് അത്താനാസ്യോസിന്റെ നേതൃത്വത്തിലും പ്രൊട്ടസ്റ്റന്റ് മിഷ്യനറിമാരുടെ പിൻബലത്തോടുകൂടിയും സഭയ്ക്കുള്ളിൽ നിന്നുകൊണ്ടു തന്നെ നടത്തിവന്ന നവീകരണ (പ്രൊട്ടസ്റ്റന്റ്) പ്രവൃത്തികളും സുറിയാനി സഭയെ ഇല്ലായ്മ ചെയ്യുവാൻ പോന്നവയായിരുന്നു. 19-ാം നൂറ്റാണ്ടിലെ പ്രതിസന്ധികളെ എല്ലാം നേരിട്ടുകൊണ്ട് അനേകപീഡകളും ദുരിതങ്ങളും സഹിച്ച് സത്യവിശ്വാസത്തെ വീണ്ടെടുത്ത് മലങ്കരസുറിയാനി സഭയെ നിലനിർത്തുവാൻ സധൈര്യം മുന്നിട്ടിറങ്ങി ജീവിതകാലം മുഴുവൻ ചിലവഴിച്ചവരായിരുന്നു മേൽപറഞ്ഞ പീലിപ്പോസ് കശീശായും അദ്ദേഹത്തിന്റെ പുത്രൻ പീലിപ്പോസ് കോറെപ്പിസ്ക്കോപ്പായും. ത്യാഗസമ്പൂർണ്ണമായ ഇവരുടെ പ്രവർത്തനങ്ങളുടെ സ്മാരകമായി കോട്ടയം വലിയപള്ളി മേടയിൽ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് യൗസേഫ് തിരുമനസ്സുകൊണ്ട് ഒരു മാർബിൾ ശിലാഫലകം സ്ഥാപിച്ചിട്ടുള്ളതുമാകുന്നു.

പീലിപ്പോസ് കശീശായെക്കുറിച്ച് ധാരാളം പരാമർശങ്ങൾ 'മലങ്കരസഭയുടെ രഹസ്യപേടകം' എന്ന ഗ്രന്ഥത്തിൽ ഉള്ളതിനും പുറമെ അതിലെ അനുബന്ധങ്ങളിൽ കൂടുതലായി ചേർത്തിട്ടും ഉണ്ട്. കൂടാതെ 'കസ് & കോറി പീലിപ്പോസ്' എന്ന ഗ്രന്ഥത്തിലും വിശദമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ അവയും വായിച്ചറിയാവുന്നതാണ്. കൊച്ചി ഭദ്രാസനത്തിനുവേണ്ടി 1877-ൽ മെത്രാനായി വാഴിക്കപ്പെട്ട കരവട്ടു വീട്ടിൽ മാർ ദീവന്നാസ്യോസ് ശെമഒാൻ തിരുമേനി തന്റെ നാളാഗമത്തിൽ ഇടവഴിക്കൽ പീലിപ്പോസ് കശീശായെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:-

"1042-മാണ്ട ഇടവമാസം.............തീയതി കോട്ടയത്ത് വല്യപള്ളിയിൽ എടവഴിയ്ക്ക പീലിപ്പോസ് കത്തനാരച്ചൻ മരിച്ചു. ഠരം ദെഹം 80 ചിലുവാനം വയസ്സുവരെ ജീവിച്ചിരുന്നു. ഇതിനടയിൽ ചെയ്തിരിക്കു വിസ്മയങ്ങളും ഉണ്ടാക്കിയിരിക്കുന്ന പുസ്തകങ്ങളും യായ്തിലെ യുക്തികളും മറ്റു പല സംഗതികളും ഒർത്തു നൊക്കുമ്പൊൾ ഇതുപൊലെ ബൊധമുള്ളതിൽ ഒരു മനുഷ്യൻ ജനിയ്ക്ക ഇല്ലെന്നു തിരുവിക്കാം-എങ്കിലും എല്ലാവന്റെയും സൃഷ്ടാവ് ദെയ്വമാകയാൽ അവിടുത്തേയ്ക്കു ഇവയൊന്നും പ്രയാസം ഇല്ലാ എന്നും ഉറയ്ക്കാം. ഠരം ദെഹത്തെ ഠരം രാജ്യത്തു തന്നെ അല്ലാ-എഴുത്തു മുഖാന്തരത്താൽ അന്ത്യോഖ്യ മുതലായ സ്ഥലങ്ങളിലും സമ്മതിച്ചിരിക്കുന്നതു തന്നെ അല്ലാ ഇംങ്കളണ്ടിൽ നിന്നു പല തർക്കചൊദ്യങ്ങൾ എഴുതി വന്നതിനാൽ ആയ്തിനൊക്കെയും മതിയായ യുക്തിയൊടും സാക്ഷിയൊടും കൂടി ആ വക തർക്ക ചൊദ്യങ്ങൾക്ക് മറുപടി എഴുതിയാറെ ഠരം ദെശത്തു പാർത്തു വരുന്ന വെള്ളക്കാററും അവിടെയുള്ള വെള്ളക്കാററും സമ്മതിച്ചിരിക്കുന്നു-പല പുസ്തകങ്ങൾ ഇദ്ദെഹം ഉണ്ടാക്കീട്ടുണ്ട്. ആയതിൽ

Scanned by CamScanner

വെന്തിങ്ങാ പുസ്തകമെന്നു നാമധയമായി ഒരു ചൊദ്യഉത്തരപുസ്തകം ഉണ്ടാക്കിയത് വെള്ളക്കാററു കണ്ടാറെ ഇനാം കൊടുത്തു വാങ്ങി ധർമ്മ മായി അച്ചടിച്ചു പ്രസിദ്ധം ചെയ്തു-ആയതിൽ വെന്തിങ്ങാ ഇടുന്നതിനെ കൊണ്ടുള്ള തർക്കവും രൂപം വയ്ക്കുന്നതിനെക്കൊണ്ടും ബെസ് പുർക്കാനാ എന്നു പറയുന്നതിനെക്കൊണ്ടും റാമ്മാപാപ്പായുടെ പറ്റിൽ മൊഷത്തിന്റെയും നരകത്തിന്റെയും താക്കൊൽ ഉണ്ടെന്നും പറഞ്ഞു വരുന്നതിനെയും കൊണ്ടുള്ള തർക്കങ്ങൾ ആകുന്നു.''

''ഇതു കൂടാതെയുള്ള പുസ്തകങ്ങൾ ഇദ്ദെഹം ഗതിക്ഷയക്കാരനാക കൊണ്ട് സഹായിപ്പാൻ ആളില്ലാതെ വന്നതിനാൽ അച്ചടിച്ചു പ്രസിദ്ധം ചെയ്യു ന്നതിനു ഇട വന്നില്ല-ഇദ്ദെഹം മരിക്കുന്ന സമം മക്കളിൽ ഒരു കത്തനാര ച്ചനും ഒരു ശെമ്മാശനും ഉണ്ട്. ഇവരു പടുത്വമുള്ളവരാകുന്നു. എങ്കിലും ഇതു പൊലെയുള്ള യുക്തികൾ ഉണ്ടാകുന്നതല്ല എന്ന എല്ലാ ജനവും പ്രസി ദ്ധമായി പറഞ്ഞു വരുന്നു.''

പീലിപ്പോസ് കശീശാ മക്കൾക്കുവേണ്ടി എഴുതി വച്ച തന്റെ മരണശാ സനത്തിൽ ചിലത് ഇപ്രകാരമാണ്:- ''പിതാവിലും പുത്രനിലും പരിശുദ്ധാ ത്മാവിലും അന്ത്യോഖ്യാ യാക്കോബായ സുറിയാനിക്കാരായ നമ്മൾ വിശ്വ സിച്ചിരിക്കുന്ന വിശ്വാസം സത്യമുള്ളതാകയാൽ ആ വിശ്വാസപ്രകാരം വിശ്വ സിച്ചു ദൈവത്തെ സ്നേഹിച്ചും ഭയപ്പെട്ടും മനുഷ്യനെ പ്രീതിപ്പെട്ടും നട ന്നുകൊള്ളണം-സത്യകൈവയ്പില്ലാത്ത പട്ടക്കാരെക്കൊണ്ട് യാതൊരു കൂദാശ പ്രവൃത്തികളും ചെയ്യിച്ചാൽ അതു വാസ്തവമില്ലായ്ക മാത്രമല്ലാ, പാപവും കൂടെ ലഭിക്കുന്നതാകകൊണ്ട് അതിന്മണ്ണം ചെയ്തുപോകാൻ ഇട വരുത്-എന്റെ ചെറുപ്പം മുതൽ ദൈവവിരോധികളോടും വേദവിരോധിക ളോടും സത്യവിരോധികളോടും ഞാൻ മല്ലുകെട്ടിയതല്ലാതെ ദ്രവ്യസമ്പാദ്യ ത്തിനുവേണ്ടി മല്ലുകെട്ടി മുതൽ സമ്പാദിച്ചിട്ടില്ലായ്കകൊണ്ട് മരണാനന്തര ക്രിയകൾ ഒക്കെയും ചുരുക്കത്തിൽ കഴിച്ചാൽ മതി-യാതൊരുത്തരെയും ദ്വേഷിക്കയും കരുതിക്കൊണ്ട് പകരം വീട്ടുകയും ചെയ്യരുത്.'' ഇപ്പറഞ്ഞവ യെല്ലാം തന്നെ അദ്ദേഹത്തിന്റെ സ്വഭാവഗുണത്തെ പ്രതിഫലിപ്പിക്കുന്നവ യാകയാൽ കൂടുതൽ വിശദീകരിക്കുന്നില്ല.

പീലിപ്പോസ് കശീശാ 10-5-1867-ലും; അദ്ദേഹത്തിന്റെ പുത്രന്മാരായ പീലിപ്പോസ്കോറെപ്പിസ്ക്കോപ്പാ 26-5-1875-ലും, മാർ സേവേറിയോസ് ഗീവ റുഗീസ് മെത്രാപ്പോലീത്താ 11-6-1927-ലും ഇഹലോകവാസം വെടിയുകയും, കോട്ടയം വലിയപള്ളി ചമയപ്പുരയിൽ മൂവരും അടക്കപ്പെടുകയും ചെയ്തു. മാർ സേവേറിയോസിന്റെ കബറിന്റെ ഇരുവശത്തുമായി ഈ രണ്ടു വൈദീ കരേയും അടക്കിയിരിക്കുന്ന കബർ കാണാവുന്നതാണ്.

പ്രാർത്ഥന

മ്ശീഹോ ദീസൈക് മോറൊ ദ്കുമ്റെ ഉറാബോ ദ് കൊഹനെ
ഹാസൊല് കൊഹ്നൈക് ദ്ശാമെശ്റോസൈക് ലൊക്
തെശ്ബുഹത്തൊ.

Scanned by CamScanner



ഇടവഴിക്കൽ പീലിപ്പോസ് കോറെപ്പിസ്ക്കോപ്പാ

**(പീലിപ്പോസ് കശ്ശീശായുടെ പുത്രനും,
കോട്ടയം വലിയപള്ളി വികാരിയും)**

ജനനം:1832 • മരണം:26-5-1875

Scanned by CamScanner

സ്വർഗ്ഗരാജ്യത്തിലേക്കുള്ള വഴി

A.D. 1842-ാം ആണ്ടിൽ കോട്ടയം വലിയപള്ളി വികാരി ഇടവഴിക്കൽ പീലിപ്പോസ് കശീശാ എഴുതി വച്ചിരുന്ന പുസ്തകം.

ഗ്രന്ഥകർത്താവിന്റെ പ്രസ്താവന

വാത്സല്യമുള്ളവരെ,

ഒരുവൻ മറ്റൊരുത്തനെ വഴി കാണിക്കുന്നു എങ്കിൽ പ്രധാനമായും സ്വർഗ്ഗ രാജ്യത്തിലേക്കുള്ള വഴി ആയിരിക്കേണ്ടതാണെന്നു നിരൂപിച്ചുകൊണ്ട് ഈ പുസ്തകം എഴുതുകയാണ്. ഏതു മതത്തിൽ ഒരുവൻ ജനിക്കുന്നുവൊ ആ മതം സൽമതം എന്ന വിഭക്തി ഉണ്ടാകുന്നതിനുമുമ്പെ തന്നെ എല്ലാവരും നിശ്ചയി ക്കുകയും പിന്നീട് വല്ല ഹേതുവശാൽ മതം വിട്ടു മറ്റു മതത്തിലും ജാതിവിട്ടു മറ്റു ജാതിയിലും ചെന്നു ചേരുന്നതല്ലാതെ, അവനവനുള്ള വിവേകത കൊണ്ട് മതം വിട്ടു മറ്റൊരു മതത്തിലും ജാതി വിട്ടു മറ്റൊരു ജാതിയിലും ചെന്നുചേരുന്ന ഒരുവനേയും ഇപ്പോൾ കാണ്മാനില്ലാത്തതുകൊണ്ടു അപ്രകാരമുള്ള അജ്ഞാന ദൃഷ്ടികൊണ്ട് നോക്കി യാതൊരു പുസ്തകവും വായിച്ചാൽ അതിലെ സത്യോ പദേശം മനസ്സിലാക്കുന്നതിനു ഏറെ പ്രയാസമുള്ളതാകകൊണ്ട് ഈ പുസ്തകം വായിക്കുന്ന ആൾ തന്റെ ശരീരത്തിൽ ധരിച്ചിരിക്കുന്ന വസ്ത്രത്തെ മാറ്റിവയ്ക്കുന്ന പ്രകാരം അവനവന്റെ മനസ്സിൽ ധരിച്ചിരിക്കുന്ന ജന്മമതമാകുന്ന പക്ഷപാതത്തെ മാറ്റിവച്ചു വായിക്കണമെന്നു അപേക്ഷിക്കുന്നു.

(ഈ പുസ്തകം ചോദ്യോത്തരരൂപത്തിൽ എഴുതിയിട്ടുള്ളതിനാൽ ചോദ്യ നമ്പർ കാണിച്ച്-ചോദ്യവും താഴെ അതിനുള്ള ഉത്തരവും കൊടുത്തിരിക്കുന്നു. പ്രസാധകൻ)

എന്നേക്കുമുള്ള സ്വർഗ്ഗരാജ്യം അനുഭവിപ്പാൻ ചെയ്യേണ്ടത്

1. **എന്നേക്കുമുള്ള സ്വർഗ്ഗരാജ്യം അനുഭവിപ്പാൻ നാം എന്തു ചെയ്യണം?**

സത്യഏകദൈവമാകുന്ന പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും വിശ്വ സിക്കണം.

2. **സത്യഏകദൈവമാകുന്ന പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും വിശ്വസിക്കേണ്ടത് എങ്ങനെയാണ്?**

സത്യമുള്ള ഏകസഭയാകുന്ന നിഖ്യായിലും, കുസ്തന്തീനോപ്പോലീസിലും, എപ്പേസോസിലും സുന്നഹദോസു കൂടിയ ശുദ്ധമുള്ള ബാവാമാരാൻ നിശ്ചയി ക്കപ്പെട്ട പ്രകാരം വിശ്വസിക്കണം. ആ സത്യവിശ്വാസത്തിൽ ഉറച്ചുനിൽക്കാത്ത വൻ ഒരു പ്രകാരത്തിലും ജീവിക്കുകയില്ല.

വിശ്വാസപ്രമാണം സംബന്ധിച്ച്

3. **വിശ്വാസകാര്യങ്ങളെക്കുറിച്ച് മേൽപറഞ്ഞ മൂന്നു സുന്നഹദോസുകളാൽ നിശ്ചയിക്കപ്പെട്ട് എഴുതിയ സത്യവിശ്വാസം എങ്ങനെയുള്ളതാണെന്നു കേൾക്കട്ടെ?**

ശോധന ചെയ്യപ്പെട്ട മൽപ്പാന്മാരാകുന്ന മേൽപട്ടക്കാർ കൂടി മേൽപറഞ്ഞ മൂന്നു സുന്നഹദോസുകളാൽ വേദപുസ്തകങ്ങളെ ശോധന ചെയ്ത് അതിൽ മറഞ്ഞിരിക്കുന്ന രഹസ്യങ്ങളെക്കൊണ്ടും, ശ്ലീഹന്മാർ മുതലായവരുടെ പഠിപ്പി ക്കൽ, വാക്കാലുള്ള ഉപദേശങ്ങൾ, നടപടികൾ എന്നിവകളെക്കൊണ്ടും നിശ്ചയി

Scanned by CamScanner

ക്കപ്പെട്ടു എഴുതിയ സത്യവിശ്വാസമാണ് ഇപ്പോഴും നമ്മൾ ചൊല്ലിപോരുന്ന:-

“സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും, കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സൃഷ്ടാവായ സത്യമുള്ള ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.”

“ദൈവത്തിന്റെ ഏകപുത്രനും, സർവ്വലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്നു ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും, സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോട് സമത്വം ഉള്ളവനും തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽ നിന്നുമിറങ്ങി പരിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വി. കന്യകമറിയാമിൽ നിന്നും ശരീരിയായി തീർന്ന് മനുഷ്യനായി, പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ട് കഷ്ടത അനുഭവിച്ചു മരിച്ച് അടക്കപ്പെട്ടു, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും, ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനുമായ യേശുമിശിഹാ ആയ ഏകകർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.”

“സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏകറൂഹായിലും കാതോലികവും ശ്ലൈഹികവുമായ ഏകവിശുദ്ധസഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.”

“പാപമോചനത്തിനു മാമോദീസാ ഒന്നു മാത്രമാകുന്നുവെന്നു ഞങ്ങൾ ഏറ്റു പറഞ്ഞു മരിച്ചുപോയവരുടെ ഉയിർപ്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു”-ആമ്മീൻ. എന്നുള്ളതായ വിശ്വാസപ്രമാണം.

(നിഖ്യാവിശ്വാസപ്രമാണം (Nicene Creed) എന്ന പേരിൽ അറിയപ്പെടുന്ന ഇതിന്റെ ഒന്നാം ഭാഗം A.D. 325-ൽ കൂടിയ നിഖ്യാസുന്നഹദോസിൽ വച്ചും ശേഷം രണ്ടു ഭാഗങ്ങൾ യഥാക്രമം A.D. 381-ലും; 431-ലും കൂടിയ കുസ്തന്തീനൊപ്പോലീസ്, എപ്പേസോസ് എന്നീ സുഹന്നദോസുകളിലും വച്ചാണു നിശ്ചയിച്ചെഴുതിയത്. വിശദവിവരങ്ങൾക്ക് മൂന്നു മുതൽ ആറു വരെയുള്ള ചോദ്യോത്തരങ്ങൾ കാണുക. പ്രസാധകൻ).

ഒന്നാം ഭാഗം; 325-ൽ നിഖ്യായിൽ നിശ്ചയിക്കപ്പെട്ടത്:-

“സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും, കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സൃഷ്ടാവായ സത്യമുള്ള ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.”

“ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും, തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽ നിന്നിറങ്ങി, പരിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽ നിന്നും ശരീരിയായി തീർന്ന് മനുഷ്യനായി പൊന്തിയോസ്

Scanned by CamScanner

പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടത അനുഭവിച്ച്, മരിച്ച്, അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്തിരുന്നവനും ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനുമായ യേശു മിശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.''

രണ്ടാം ഭാഗം; 381-ൽ കുസ്തന്തീനൊപ്പോലീസിൽ നിശ്ചയിക്കപ്പെട്ടത്:-

''സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏകറൂഹായിലും ഞങ്ങൾ വിശ്വസിക്കുന്നു.''

മൂന്നാം ഭാഗം 431-ൽ; എപ്പെസോസിൽ നിശ്ചയിക്കപ്പെട്ടത്:-

''കാതോലികവും ശ്ലൈഹികവുമായ ഏകവിശുദ്ധ സഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിനു മാമോദീസാ ഒന്നു മാത്രമാകുന്നു എന്നു ഞങ്ങൾ ഏറ്റുപറഞ്ഞ് മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു.''

4. **മേൽപ്പറഞ്ഞ നിഖ്യാ സുന്നഹദോസ് കൂടാനുണ്ടായ കാരണവും, കൂടിയ ആണ്ടും, അതിൽ സംബന്ധിച്ച ബാവാമാരുടെ എണ്ണവും അവിടെ നടന്ന മറ്റു വിവരങ്ങളും ചുരുക്കമായിട്ടു കേൾക്കട്ടെ?**

അലക്സന്ത്ര്യായിലെ എപ്പിസ്ക്കോപ്പാ ആയിരുന്ന അറിയൂസ് (Arius) ദൈവപുത്രനായ മിശിഹായുടെ മനുഷ്യസ്വഭാവത്തെക്കുറിച്ച് തെറ്റായി ഉപദേശിച്ചത് ഇപ്രകാരമായിരുന്നു:- ''എന്റെ പിതാവ് എന്നെക്കാൾ വലിയവനാകുന്നു'' എന്നു യോഹന്നാൻ 14:28-ൽ പറഞ്ഞിരിക്കുന്നതിനാൽ ദൈവമായ മിശിഹാ സൃഷ്ടിക്കപ്പെട്ടവനാകുന്നു, സൃഷ്ടിക്കുന്നവനല്ലാ എന്നും; അവരുടെ മുമ്പിൽ വച്ച് യേശു രൂപാന്തരപ്പെട്ടു എന്നു മത്താ. 17:2-ൽ പറഞ്ഞിരിക്കുന്നതിനാൽ, യേശുവിനെ മായയായി ഒരു ഉപായശരീരത്തോടുകൂടെ സൃഷ്ടിച്ചതല്ലാതെ അതു സത്യശരീരമല്ലായിരുന്നു'' എന്നും മറ്റുമായിരുന്നു.

ഇക്കാര്യത്തെക്കുറിച്ച് തീരുമാനം ചെയ്യുന്നതിനായി കുസ്തന്തീനോസ് രാജാവ് മുഖാന്തരം A.D. 325-ാംമാണ്ടിൽ 318 ബാവാമാർ നിഖ്യായിൽ സുന്നഹദോസു കൂടി; (അദ്ധ്യക്ഷൻ അന്ത്യോഖ്യായുടെ മോർ ഒസ്താത്തേവോസ് പാത്രിയർക്കീസായിരുന്നു. റോമിലെ പാത്രിയർക്കീസ് സംബന്ധിച്ചിരുന്നില്ല; പ്രതിനിധികളെ അയച്ചിരുന്നു. പ്രസാധകൻ) സകല പുസ്തകങ്ങളെയും അതിൽ മറഞ്ഞിരിക്കുന്ന രഹസ്യങ്ങളെയും, ശ്ലീഹന്മാർ മുതലായവർ പറഞ്ഞു പഠിപ്പിച്ചു നടത്തി വന്ന വിശ്വാസോപദേശങ്ങളെയും നടപടികളെയും ശോധന ചെയ്ത് ഇപ്രകാരം അവർ നിശ്ചയിച്ചു:- ദൈവമായ മിശിഹാ സൃഷ്ടിക്കുന്നവനാകുന്നു, സൃഷ്ടിക്കപ്പെട്ടവനല്ല. പരിശുദ്ധാത്മാവിൽ നിന്നും കന്യകയുടെ ഉദരത്തിൽ നിന്നും അവൻ സത്യശരീരം എടുത്തു എന്നും, അത് ഉപായ (മായ) ശരീരം അല്ലായിരുന്നു എന്നും നിശ്ചയിച്ച് മേൽ എഴുതിയ പ്രകാരം പിതാവിനെയും പുത്രനെയും സംബന്ധിച്ച സത്യവിശ്വാസത്തെ നിശ്ചയിച്ച് വിശ്വാസപ്രമാണത്തിന്റെ ഒന്നാമത്തെ ഭാഗം എഴുതി.

കൂടാതെ പല ഏവൻഗേലിയോൻ ഉണ്ടായിരുന്നതിൽ നാലു സാക്ഷികളായി നാലു ഏവൻഗേലിയോൻ (സുവിശേഷങ്ങൾ) സ്ഥിരപ്പെടുത്തുകയും; പഴയനിയമത്തിലും പുതിയനിയമത്തിലും ഇന്നഇന്ന പുസ്തകങ്ങൾ കൈക്കൊള്ളാമെന്നു

Scanned by CamScanner

നിശ്ചയിച്ച് കൈക്കൊള്ളുകയും, അതിൽ ആരെങ്കിലും വ്യത്യാസം വരുത്തിയാൽ ആയത് ശോധന ചെയ്ത് അറിയുവാൻ വേണ്ടി അതിൽ ആകെ ഇത്ര പുസ്തകങ്ങൾ ഉണ്ടെന്നും അതിൽ ഓരോന്നിൽ ആദ്യഅക്ഷരം മുതൽ അവസാന അക്ഷരം വരെ ആകെ ഇത്ര അക്ഷരങ്ങൾ ഉണ്ടെന്നും മറ്റും ഖണ്ഡിതം വരുത്തി വയ്ക്കുകയും ചെയ്തു. നോമ്പുകളും പെരുന്നാളുകളും ചില പള്ളിക്രമങ്ങളും കാനോനുകളും നിശ്ചയിച്ചതുകൂടാതെ; അന്ത്യോഖ്യായിലും, റോമായിലും, അലക്സന്ത്ര്യായിലും, (എപ്പെസോസിലെ) കുസ്തന്തീനൊപ്പോലീസിലും ഈ നാലു ദിക്കുകളിലായി നാലു പാത്രിയർക്കീസന്മാരെ കല്പിച്ചാക്കുകയും ചെയ്തു. അവരവരുടെ അധികാരാതിർത്തിക്കുള്ളിൽ എല്ലായിടത്തും ഒരുവിശ്വാസവും ഒരു ക്രമവുമായി അവർ നാലുപേരും സഭാഭരണം നടത്തിപോന്നു.

(പാത്രിയർക്കീസന്മാർ നാലു പേരുണ്ടെങ്കിലും അവർക്കെല്ലാം സഭ ഒന്നേ ഉണ്ടായിരുന്നുള്ളൂ. ഹൂദായ കാനോൻ ഏഴാം കെപ്പാലേവോൻ ഒന്നാം പോസൂക്കോയിൽ നിഖ്യായുടേതായി പറയുന്നത്: "ലോകത്തിന്റെ നാലു ഭാഗങ്ങളുടെ എണ്ണമനുസരിച്ച് നാലു പാത്രിയർക്കീസന്മാർ ഉണ്ടായിരിക്കണം. (ആയത്) റോമിലെ ആളും, അദ്ദേഹത്തോടൊപ്പം അലക്സന്ത്ര്യായിലെ ആളും, എപ്പേസോസിൽ നിന്ന് പാത്രിയർക്കാസ്ഥാനം അങ്ങോട്ടു നീക്കപ്പെട്ടതും, പുതിയ റോമാ എന്നു പേർ വിളിക്കപ്പെട്ടതുമായ കുസ്തന്തീനോപ്പോലീസിലെ ആളും, കിഴക്കൊക്കെയിന്മേൽ അധികാരമുള്ള അന്ത്യോഖ്യായിലെ ആളും തന്നെ." ഇവിടെ ഒന്നാമതായി പറഞ്ഞിരിക്കുന്നത് റോമാ പാത്രിയർക്കീസിനെ ആണെങ്കിലും നാലു പാത്രിയർക്കീസുമാരും തുല്യഅധികാരസ്ഥാനികളായിരുന്നു. എന്നാൽ എട്ടാം നൂറ്റാണ്ടിൽ റോമാ പാപ്പാ 'സാർവ്വത്രികതലവൻ' എന്നുള്ള സ്ഥാനപ്പേർ സ്വീകരിച്ചുതുടങ്ങി. മല. ഇടവകപത്രിക; വാല്യം 5; ലക്കം 9; പേജ് 164, 165. കാണുക.

നാലു പാത്രിയർക്കീസന്മാരുടെയും അധികാരാതിർത്തികൾ:-

റോമിന്-യൂറോപ്പിന്റെ പടിഞ്ഞാറുഭാഗം; അലക്സന്ത്ര്യായ്ക്ക്-ആഫ്രിക്കാ; കുസ്തന്തീനോപ്പോലീസിന്-യൂറോപ്പിന്റെ കിഴക്കും വടക്കും ഭാഗങ്ങൾ; അന്ത്യോഖ്യായ്ക്ക്-ഏഷ്യാ എന്ന് പറഞ്ഞിരിക്കുന്നു. മല. ഇടവക പത്രിക, വാല്യം 5; ലക്കം 7; പേജ് 125 കാണുക. പ്രസാധകൻ.)

ബാവാമാർ അറിയൂസിനെ മഹറോൻ (ശാപം) ചൊല്ലി സഭയിൽ നിന്നും ബഹിഷ്ക്കരിച്ചു. മാർ അഫ്രേമിന്റെ ജനനവൃത്താന്തപുസ്തകത്തിൽ കാണുന്ന പ്രകാരം, നിസിബിന്റെ എപ്പിസ്ക്കോപ്പാ മാർ യാക്കോബിനോടു കൂടെ മാർ അഫ്രേമും നിഖ്യാ സുന്നഹദോസിൽ പോയിട്ടുണ്ടായിരുന്നതിനാൽ അവിടെ നിശ്ചയിച്ചെഴുതിയ സർവ്വവും മാർ അഫ്രേമിന്റെ കൈപ്പടയിലായിരുന്നു.

5. **മേൽപ്പറഞ്ഞ കുസ്തന്തീനൊപ്പോലീസ് സുന്നഹദോസ് കൂടാനുണ്ടായ കാരണവും, കൂടിയ ആണ്ടും, അതിൽ സംബന്ധിച്ച ബാവാമാരുടെ എണ്ണവും, അവിടെ നടന്ന മറ്റു വിവരങ്ങളും ചുരുക്കമായിട്ടു കേൾക്കട്ടെ?**

കുസ്തന്തീനോപ്പോലീസിലെ പാത്രിയർക്കീസ് ആയിരുന്ന മക്കദോനിയോസ് (Macedonious) പരിശുദ്ധാത്മാവിനെക്കുറിച്ച് വേദവിപരീതമായി ഉപദേശിച്ചത് ഇപ്രകാരമാണ്:- പരിശുദ്ധാത്മാവ് സൃഷ്ടിക്കപ്പെട്ടവനാകുന്നു, സൃഷ്ടിക്കുന്നവനല്ല എന്നും; 'ശ്ലീഹന്മാരുടെ മേൽ ഊതി പരിശുദ്ധാത്മാവിനെ കൈക്കൊൾവീൻ' എന്നു യോഹ. 20:22-ൽ പറഞ്ഞിരിക്കുന്നതിനാലും; 'സത്യമുള്ള റൂഹായെ പിതാവിന്റെ അടുക്കൽ നിന്നു ഞാൻ അയക്കുന്നു' എന്നു യോഹ. 15:26-ൽ പറഞ്ഞിരിക്കുന്നതിനാലും, മനുഷ്യാവതാരത്തിൽ പുത്രന്റെ വരുതി കേൾക്കേണ്ടിയവനായി

Scanned by CamScanner

സൃഷ്ടിക്കപ്പെട്ടവനാകയാൽ പരിശുദ്ധാത്മാവ് പിതാവിൽ നിന്നല്ലാ, പുത്രനിൽ നിന്നു പുറപ്പെടുന്നവനും അന്യനുമാകുന്നു എന്നുമത്രെ പഠിപ്പിച്ചത്.

ഇക്കാര്യത്തെക്കുറിച്ചു തീരുമാനിക്കുവാനായി വലിയ തേവോദോസ്യോസ് രാജാവ് മുഖാന്തരം A.D. 381-ാംമാണ്ട് 150 മേൽപ്പട്ടക്കാർ കുസ്തന്തീനൊപ്പോലീസിൽ സുന്നഹദോസു കൂടി (അദ്ധ്യക്ഷൻ അന്ത്യോഖ്യായുടെ മോർ മീലിത്തോസ് പാത്രിയർക്കീസ് ആയിരുന്നു. റോമിലെ പാത്രിയർക്കീസൊ പ്രതിനിധികളോ ഹാജരായിരുന്നില്ല. പ്രസാധകൻ.) ഇപ്രകാരം നിശ്ചയിച്ചു:- പരിശുദ്ധാത്മാവ് സൃഷ്ടിക്കപ്പെട്ടവനല്ല എന്നും, അവൻ പിതാവിൽ നിന്നു പുറപ്പെടുന്നതല്ലാതെ പുത്രന്റെ വരുതി കേൾക്കേണ്ടിയവനായി പുത്രനിൽ നിന്നു പുറപ്പെടുന്നവനൊ അന്യനൊ അല്ലാ എന്നും; ലോകങ്ങൾ ഒക്കെയുടെയും മുമ്പ് പിതാവിൽ നിന്നു പുത്രൻ എങ്ങനെ ജനിച്ചുവൊ അപ്രകാരം പരിശുദ്ധാത്മാവും ലോകങ്ങൾ ഒക്കെയുടെയും മുമ്പ് പിതാവിൽ നിന്നു തന്നെ പുറപ്പെടുന്നവനാകുന്നു എന്നും; പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടുകൂടെയും പുത്രനോടുകൂടെയും ഏകദൈവമായി സകല സ്തുതിയും വന്ദനവും കൈക്കൊള്ളുന്നവനാകുന്നു എന്നും നിശ്ചയിച്ച് മേൽ എഴുതിയിട്ടുള്ള പ്രകാരം പരിശുദ്ധാത്മാവിനെ സംബന്ധിച്ച സത്യവിശ്വാസത്തെ നിശ്ചയിച്ച് വിശ്വാസപ്രമാണത്തിന്റെ രണ്ടാമത്തെ ഭാഗം എഴുതി.

കൂടാതെ, മാർ അഫ്രേം മുതലായ വിശുദ്ധന്മാരാൽ ഉണ്ടാക്കപ്പെട്ടിരുന്ന ചില സ്തോത്രങ്ങളും പ്രാർത്ഥനകളും സ്ഥിരപ്പെടുത്തി പള്ളിക്രമങ്ങളിൽ ചേർക്കുകയും; ചില കാനോനുകളും ചട്ടങ്ങളും കൽപ്പിക്കുകയും ചെയ്തു. മക്കദോനിയോസിനെ മഹറോൻ ചൊല്ലി സഭയിൽ നിന്നു ബഹിഷ്ക്കരിക്കുകയും പകരം പാത്രിയർക്കീസായി മാർ ഗ്രീഗോറിയോസ് തേവോലോഗോസ് എന്നദ്ദേഹത്തെ കുസ്തന്തീനോപ്പോലീസ് സിംഹാസനത്തിലേക്ക് കല്പിച്ചാക്കുകയും ചെയ്തു.

6. **മേൽപ്പറഞ്ഞ എപ്പേസോസിൽ സുന്നഹദോസ് കൂടാനുണ്ടായ കാരണവും, കൂടിയ ആണ്ടും, അതിൽ സംബന്ധിച്ച ബാവാമാരുടെ എണ്ണവും, അവിടെ നടന്ന മറ്റു വിവരങ്ങളും ചുരുക്കമായിട്ടു കേൾക്കട്ടെ?**

കുസ്തന്തീനോപ്പോലീസിലെ പാത്രിയർക്കീസായിരുന്ന നെസ്തോറിയോസ് (Nestorious) പുത്രൻ തമ്പുരാന്റെ ദൈവത്വത്തെക്കുറിച്ചു വേദവിപരീതമായി പഠിപ്പിച്ചത് ഇപ്രകാരമാണ്:- "എന്റെ ദൈവമെ നീ എന്നെ ഉപേക്ഷിച്ചതെന്ത്" എന്നു മർക്കോ. 15:34-ലും; "ലാസറിനെ എവിടെയാണ് സംസ്ക്കരിച്ചത്" എന്നു യോഹ. 11:34-ലും പറഞ്ഞിരിക്കുന്നതിനാൽ, കന്യകമറിയാം പുത്രൻ തമ്പുരാന്റെ മനുഷ്യശരീരത്തെ മാത്രം പ്രസവിച്ചതല്ലാതെ ദൈവത്വത്തെ പ്രസവിച്ചില്ലെന്നും, പിന്നീട് ആ ശരീരത്തിൽ ദൈവത്വം ചിലപ്പോൾ വരുകയും പോകുകയും ചെയ്യുന്നതേയുള്ളൂ എന്നും, അതിനാൽ മിശിഹായിൽ രണ്ടു സ്വഭാവവും; രണ്ടു ആളുകളും; രണ്ട് ഇഷ്ടവും ഉണ്ടെന്നും; അതിനാൽ മിശിഹായുടെ അമ്മ എന്നൊ, മനുഷ്യപുത്രന്റെ അമ്മ എന്നൊ അല്ലാതെ, കന്യകമറിയാമിനെ ദൈവമാതാവ് എന്നു പറഞ്ഞുകൂടാ എന്നും അത്രെ.

ഇക്കാര്യത്തെക്കുറിച്ചു തീരുമാനിക്കുവാനായി ചെറിയ തേവോദോസ്യോസ് രാജാവ് മുഖാന്തരം A.D. 431-ൽ തലവന്മാരോടുകൂടെ 220 മേൽപ്പട്ടക്കാർ എപ്പേസോസിൽ സുന്നഹദോസ് കൂടി (അദ്ധ്യക്ഷൻ അലക്സന്ത്ര്യായിലെ മോർ കൂറീലോസ് പാത്രിയർക്കീസായിരുന്നു. റോമിലെ പാത്രീയർക്കീസ് പ്രതിനിധികളെ മാത്രം അയച്ചിരുന്നു. പ്രസാധകൻ) ഇപ്രകാരം നിശ്ചയിച്ചു:- മുമ്പ് നിഖ്യായിൽ നിശ്ചയിക്കപ്പെട്ട പ്രകാരം, വചനമായ തമ്പുരാൻ മനുഷ്യശരീരത്തോടുകൂടെ ഒരു

Scanned by CamScanner

സ്വഭാവവും, ഒരു ആളും, ഒരു ഇഷ്ടവുമായി യോജിക്കപ്പെട്ട പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാകുന്നു എന്നും; "എന്റെ കർത്താവിന്റെ അമ്മ" എന്നു മറിയത്തെ പരിശുദ്ധാത്മാവിനാൽ ഏലിസബേത്ത് വിളിച്ച പ്രകാരം ലൂക്കോ. 1:43 -ൽ പറഞ്ഞിരിക്കുന്നതിനാൽ കന്യകമറിയാമിനെ ദൈവമാതാവെന്നു തന്നെ പറയണമെന്നു നിശ്ചയിച്ച് കൽപ്പിച്ചു. അവരവരുടെ അജ്ഞത കൊണ്ട് സത്യത്തിനു വിരോധമായി വേദപുസ്തകപ്രകാരമല്ലാതെ യുക്തിക്കു ചേരാതെയും സത്യവിരോധമായും വേദപുസ്തകം കൊണ്ടുതന്നെ നിശ്ചയിച്ച് ആത്മനാശം വരുത്തുന്നതിനാൽ, അപ്രകാരം വരാതിരിപ്പാൻ വേണ്ടി ആദ്യം നിഖ്യായിലും, പിന്നീട് കുസ്തന്തീനൊപ്പോലീസിലും, ഇപ്പോൾ എപ്പേസോസിലും നിശ്ചയിച്ചു കൽപ്പിച്ചതിനോട് കൂട്ടിയൊ അതിൽ നിന്നും കുറച്ചൊ ഏതെങ്കിലും നിശ്ചയിച്ച് കൽപ്പിക്കുന്നവൻ മഹറോൻ (ശാപം) ഏൽക്കപ്പെടുമെന്നും നിശ്ചയിച്ചു. കൂടാതെ നിഖ്യാ, കുസ്തന്തീനൊപ്പോലീസ്, എപ്പേസോസ് എന്നീ മൂന്നു പൊതുസുന്നഹദോസുകളേയും കൂടെ ഒന്നാക്കി അതിനെ ഏക കാതോലിക (കത്തോലിക്ക[1]) സഭ ആകുന്നു എന്നും നിശ്ചയിച്ച് മേൽ എഴുതിയിട്ടുള്ള പ്രകാരം വിശ്വാസപ്രമാണത്തിന്റെ മൂന്നാമത്തെ ഭാഗം എഴുതുകയും ആവശ്യമായ കാനോനുകൾ നിശ്ചയിക്കുകയും ചെയ്തു.

ഈ സുന്നഹദോസിൽ വച്ച് "കന്യകമറിയം ദൈവമാതാവാകുന്നു" എന്നു സംശയം കൂടാതെ ആദ്യം മാർ ഈവാനിയോസ് നിലവിളിച്ചു പറഞ്ഞപ്പോൾ "നിന്റെ വായ് സ്വർണ്ണമാകുന്നു" എന്ന് ഒരു ശബ്ദം ഉണ്ടാകുകയും അതിനാൽ ഈ വിശുദ്ധനെ "സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസ്" എന്നു വിളിച്ചുവരുകയും ചെയ്യുന്നു. നെസ്തോറിയോസിനെ സുന്നഹദോസ് ശപിച്ചു തള്ളുകയും പകരം പാത്രിയർക്കീസായി നോമ്പുകാരൻ മക്സീമോസി (Maximus) നെ ആ സിംഹാസനത്തിലേക്ക് കല്പിച്ചാക്കുകയം ചെയ്തു.[2]

7. മേൽപ്പറഞ്ഞ മൂന്നു സുന്നഹദോസുകൾ കൂടാതെ പിന്നീട് എവിടെ എങ്കിലും സുന്നഹദോസുകൂടിയിട്ടുണ്ടോ?

അതു കൂടാതെ എപ്പേസോസിൽ രണ്ടാമത് ഒരു സുന്നഹദോസ് കൂടിയിട്ടുണ്ടെങ്കിലും അതിൽ പ്രത്യേകിച്ച് ഒരു കാര്യവും നിശ്ചയിച്ചു കൽപ്പിച്ചിട്ടില്ലാത്ത

---

1. 'കാതോലിക' അഥവാ 'കത്തോലിക്ക' സഭ എന്നു പറയുമ്പോൾ അതിനെ മാർപാപ്പായുടെ കീഴിലുള്ള സഭയായി പലരും നിരൂപിക്കുവാൻ ഇടയുണ്ട്. അവരുടേത് "റോമൻ കത്തോലിക്കാ" സഭയാണ്. എന്നാൽ ഇവിടെ പറഞ്ഞിട്ടുള്ള മൂന്നു പൊതു സുന്നഹദോസുകളാൽ നിശ്ചയിച്ച് ഉറപ്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസപ്രമാണം (Nicene Creed) യാതൊരു വ്യത്യാസവും കൂടാതെ വിശ്വസിച്ച് പരിപാലിച്ചു പോരുന്ന സഭയ്ക്കാണ് 'കാതോലികസഭ' അഥവാ 'കത്തോലിക്കസഭ' എന്നു പറയുന്നത്. നിഖ്യാവിശ്വാസപ്രമാണം യാതൊരു വ്യത്യാസവും കൂടാതെ ഇന്നും വിശ്വസിച്ച് ഏറ്റു പറയുന്ന സഭയാണ് സുറിയാനി ഓർത്തഡോക്സ് (യാക്കോബായ) സഭ. കൂടാതെ അലക്സന്ത്ര്യൻ (കോപ്റ്റിക്ക്) ഓർത്തഡോക്സ്; അർമ്മീനിയൻ ഓർത്തഡോക്സ് എന്നീ സഭകളും കാതോലിക അഥവാ കത്തോലിക്കാസഭയിൽ ഉൾപ്പെട്ടിരിക്കുന്നു. ഈ മൂന്നു സഭകളും ഒരേ വിശ്വാസത്തിലും ഐക്യത്തിലും കഴിഞ്ഞുവരുന്നു. പ്രസാധകൻ.
2. (മേൽപ്പറഞ്ഞ നിഖ്യാ, കുസ്തന്തീനൊപ്പോലീസ്, എപ്പേസോസ് എന്നീ മൂന്നു പൊതു(സർവ്വത്രിക) സുന്നഹദോസുകളിലും റോമിലെ പാത്രിയർക്കീസ (പാപ്പാ) ന്മാർ സംബന്ധിച്ചിരുന്നില്ല. രണ്ടു സുന്നഹദോസുകളിൽ അവരുടെ പ്രതിനിധികൾ മാത്രമേ സംബന്ധിച്ചിരുന്നുള്ളു. എങ്കിൽ പോലും മൂന്നു സുന്നഹദോസുകളേയും അതിലെ എല്ലാ നിശ്ചയങ്ങളേയും നടപടികളേയും റോമാസഭയും അംഗീകരിച്ചു പോന്നു. പ്രസാധകൻ).

Scanned by CamScanner

തുകൊണ്ട് അതിനെ സുന്നഹദോസായി വകവയ്ക്കപ്പെട്ടിട്ടില്ല. ശുദ്ധമുള്ള പൊതു സുന്നഹദോസുകൾ എന്നു പറയുന്നത് മേൽ പറയപ്പെട്ടിട്ടുള്ള നിഖ്യാ, കുസ്തന്തീനൊപ്പോലീസ്, എപ്പെസോസ് എന്നീ മൂന്നു സുന്നഹദോസുകളെ മാത്രമാകുന്നു.

8. **എങ്കിലും എപ്പേസോസിൽ രണ്ടാമതു സുന്നഹദോസു കൂടാനുണ്ടായ കാരണവും, കൂടിയ ആണ്ടും, കൂടിയ ബാവാമാരുടെ എണ്ണവും, മറ്റു വിവരങ്ങളും ചുരുക്കമായിട്ടു കേൾക്കട്ടെ?**

കുസ്തന്തീനൊപ്പോലീസുകാരനായ എവുത്തിക്കോസ് (Eutychus) എന്ന പട്ടക്കാരൻ വേദവിപരീതമായി പഠിപ്പിച്ചത് ഇപ്രകാരമാണ്:- "കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നും കടന്നുപോകേണമെ" (മത്താ. 26:39) എന്ന് മിശിഹാ അപേക്ഷിച്ചതിനാലും, അതിവേദനയാൽ തന്റെ വിയർപ്പ് രക്തതുള്ളികൾ പോലെ നിലത്തു വീണതിനാലും (ലൂക്കോ.22:44), ദൈവമായ മിശിഹാ കഷ്ടപ്പെടുകയും മരിക്കയും ചെയ്ത സമയത്ത് ഉണ്ടായ മനോദുഃഖത്തെയും കുലുക്കത്തെയും ഒഴിവാക്കുവാൻ സാധിക്കായ്കയാൽ താൻ സഹിച്ചു മരിച്ചതല്ലാതെ മനസ്സോടെ മരിച്ചതല്ല എന്നാണ്.

കുസ്തന്തീനൊപ്പോലീസിലെ പാത്രിയർക്കീസായിരുന്ന എബലാന്യോസ് (Flavianus) അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി നിർത്തിയശേഷം അയാൾ അനുതപിക്കുകയാൽ അദ്ദേഹത്തെ വീണ്ടും മാമോദീസാ മുക്കാതെ കൈക്കൊള്ളാമൊ പാടില്ലയൊ എന്നൊരു തർക്കം ഉത്ഭവിച്ചു. ഈ തർക്കത്തെപ്പറ്റി ആലോചിക്കുന്നതിനു അന്ത്യോഖ്യായുടെയും റോമായുടെയും പാത്രീയർക്കീസന്മാർ ഒഴിച്ച് ശേഷമുള്ള പാത്രിയർക്കീസന്മാരോടുകൂടെ 130 മേൽപ്പട്ടക്കാർ A.D. 448-ൽ എപ്പെസോസിൽ രണ്ടാമതു സുന്നഹദോസ് കൂടി ആലോചിച്ചു. "പാപമോചനത്തിനു മാമോദീസാ ഒന്നു മാത്രമെയുള്ളൂ" എന്നു വിശ്വാസപ്രമാണത്തിൽ വിവരിച്ചിരിക്കുന്ന സ്ഥിതിക്ക് വെള്ളം കൊണ്ടുള്ള മാമോദീസാ കൈക്കൊണ്ടശേഷം ചെയ്യുന്ന പാപം മൂലം ആ മാമോദീസാ പൊയ്പോകും എന്നു വരുകിലും പിന്നീടുണ്ടാകുന്ന അനുതാപംകൊണ്ട് ആ മാമോദീസാ വന്നു ചേരുന്നതാകയാൽ രണ്ടാമതു മാമോദീസാ മുക്കികൂടാ എന്നും ഈ സുന്നഹദോസിൽ നിശ്ചയിച്ചുറപ്പിച്ചു. "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ. 11:25) എന്നു പറഞ്ഞിരിക്കുന്ന പ്രകാരം; വിശ്വാസഭംഗം കൊണ്ട് മരിച്ചു പോയ എവുത്തിക്കോസ് അനുതാപംകൊണ്ട് ജീവിച്ചു എന്നു ഇവർ കാണുകകൊണ്ട് അദ്ദേഹത്തിന്റെ കുറ്റം തീർത്തു കൈക്കൊള്ളുകയും ചെയ്തു. എന്നാൽ വീണ്ടും തന്റെ അബദ്ധോപദേശത്തെ മുറുകെ പിടിക്കുന്നതായി കണ്ടതിനാൽ എവുത്തിക്കോസിനെ അവർ ശപിച്ചു (മഹറോൻ) ഭ്രഷ്ടനാക്കി.

കൽക്കിദോൻ സുന്നഹദോസും ഏകമായിരുന്ന ക്രിസ്തീയസഭയിലെ ആദ്യത്തെ പിളർപ്പും (A.D. 451)

(ഭരണസൗകര്യാർത്ഥം ലോകത്തിന്റെ നാലു ദിക്കുകൾക്കനുസരിച്ച് നാലു പാത്രിയർക്കീസന്മാരുടെയും അധികാരാതിർത്തി നിശ്ചയിച്ചു നൽകിയതായി ചോദ്യം നാലിന്റെ ഉത്തരത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ. ക്രിസ്തീയസഭയ്ക്ക് ഏക കർത്താവ് തലവനായിരിക്കുന്നതിനാൽ അവർക്കു എല്ലാം വിശ്വാസം ഒന്ന്, മാമോദീസാ ഒന്ന്, ദൈവവും ഒന്നായി (എഫേ. 4:4-6)രിക്കണം. സഭ ക്രിസ്തുവിന്റെ ശരീരവും (എഫേ. 1:23), ക്രിസ്തുവിന്റെ മണവാട്ടിയും (എഫേ. 5:22-30) ആകുന്നു. സഭയ്ക്ക് ദൈവരാജ്യം (മത്താ. 13:44-47) എന്നും പേരുണ്ട്. അതിനാൽ

Scanned by CamScanner

THE FIRST VERTICAL SPLIT IN CHRISTIAN CHURCH Created by the Synod of Chalcedon.

ക്രിസ്തുവാകുന്ന ഏക തലവന്റെ കീഴിൽ ആ ശരീരത്തിന്റെ അവയവങ്ങളും ആ രാജ്യത്തിന്റെ ഭാഗങ്ങളും ഉണ്ടായിരിക്കണം. അതോടൊപ്പം ആ ശരീരത്തിന്റെ അവയവങ്ങൾ തമ്മിൽ യോജിപ്പും ഐക്യവും ഉണ്ടായിരിക്കുകയും വേണം. (1 കോരി. 12:14-30). ഇപ്രകാരം ഈ സഭ A.D. 451 വരെ ഏകമായി പ്രവർത്തിച്ചു കൊണ്ടിരുന്നു. പ്രസ്തുത വർഷത്തിൽ സഭയുടെ അംഗങ്ങൾ തമ്മിൽ വിശ്വാസ വിപരീതം നിമിത്തം വലിയ ഭിന്നതയുണ്ടായി. റോമിലെ പാത്രിയർക്കീസാ (മാർപാപ്പാ)യിരുന്ന ലെയോൻ I (Leo I) ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും തമ്മിൽ യോജിക്കാതെ രണ്ടു വ്യത്യസ്ഥ സ്വഭാവങ്ങളായി നിലകൊണ്ടിരുന്നു എന്നും മറ്റും ചില വിപരീതോപദേശങ്ങൾ കൽക്കിദോനി (Chalcedon) ൽ സുന്നഹദോസ് കൂട്ടി പ്രഖ്യാപിച്ചതിനെ റോമിലെയും കുസ്തന്തീനൊപ്പോലീസിലെയും ആളുകൾ അംഗീകരിക്കുകയും; അന്ത്യോഖ്യായിലെയും അലക്സന്ത്ര്യായിലെയും ആളുകൾ അതിനെ ശക്തമായി എതൃക്കുകയും ചെയ്യുകയാൽ ലോകത്തിൽ അതുവരെ ഒന്നായിരുന്ന ക്രിസ്തീയസഭ രണ്ടായി പിളരുകയും ചെയ്തു. അന്ത്യോഖ്യായും അലക്സന്ത്ര്യായും സഭകൾ ഇന്നും പൂർവ്വീക സത്യവിശ്വാസത്തിൽ തന്നെ ഐക്യത്തിൽ കഴിഞ്ഞുവരുന്നു.

പരിശുദ്ധാത്മാവ് പിതാവിൽ നിന്നു മാത്രമല്ല, പുത്രനിൽ നിന്നും കൂടി പുറപ്പെടുന്നു എന്നും; ക്രിസ്തീയസഭയുടെ സാർവ്വത്രികതലവനാണ് മാർപാപ്പാ എന്നും മറ്റും ചില പുതിയ വിശ്വാസസത്യങ്ങൾ പ്രഖ്യാപിച്ചതിനോടു യോജിക്കാൻ കഴിയാതെ, അതുവരെ ഐക്യത്തിൽ കഴിഞ്ഞുവന്നിരുന്ന കുസ്തന്തീനോപ്പോലീസ് പാത്രിയർക്കീസും റോമാസഭയോട് A.D. 1054-ൽ തെറ്റിപ്പിരിയുകയാണ് ചെയ്തത്. റോമിലെ പാത്രിയർക്കീസ് പിൽക്കാലത്ത് 'പാപ്പാ' എന്ന പേർ സ്വയം സ്വീകരിച്ചതുമുതൽ മാർപാപ്പാ എന്നു പറഞ്ഞു വരുന്നു. റോമാസഭ പലപ്പോഴായി പല പുതിയ വിശ്വാസസത്യങ്ങൾ പ്രഖ്യാപിച്ച് നടന്നുവരുന്നുണ്ടെങ്കിലും മറ്റു സഭകൾ എല്ലാം തന്നെ അവ നിഷേധിക്കുന്നു. തുടർന്നു വായിക്കുക. പ്രസാധകൻ).

9. **മുമ്പു പറഞ്ഞതുകൂടാതെ പിന്നീട് എവിടെ എങ്കിലും സുന്നഹദോസു കൂടിയിട്ടുണ്ടോ?**

റോമായുടെ ലെയോൻ പാപ്പാ സത്യവിശ്വാസത്തേയും പള്ളിക്രമങ്ങളേയും വ്യത്യാസപ്പെടുത്തുവാനായി കൽക്കിദോനിൽ ഒരു സുന്നഹദോസ് A.D. 451-ൽ കൂടിയിട്ടുണ്ട്.

10. **അവിടെ സുന്നഹദോസ് കൂടാനുണ്ടായ കാരണവും, കൂടിയവരുടെ എണ്ണവും, അവിടെയുണ്ടായ മറ്റു വിവരങ്ങളും കേൾക്കട്ടെ?**

എവുത്തിക്കോസ് എന്ന പട്ടക്കാരനെക്കുറിച്ച് എപ്പെസോസിൽ രണ്ടാമതു സുന്നഹദോസു കൂടിയപ്പോൾ, റോമിൽ നിന്നു യൂലിയാനോസ് എപ്പിസ്ക്കോപ്പായും, റാനാ എന്ന പട്ടക്കാരനും, അയ്ലാറോസ് എന്ന ശെമ്മാശനും കൂടെ ഉണ്ടായിരുന്നു. എങ്കിലും പാപ്പായെ കൂടാതെയും അദ്ദേഹത്തിന്റെ അനുവാദം ഇല്ലാതെയും അവിടെ സുന്നഹദോസു കൂടിയ കാരണത്താൽ പാപ്പായുടെ കോപം ജ്വലിച്ചതുകൊണ്ടും; അറിയോസിന്റെയും, മക്കദോനിയോസിന്റെയും, നെസ്തോറിയോസിന്റെയും, എവുത്തിക്കോസിന്റെയും വേദവിപരീതങ്ങളോടും ഇടത്തൂടിലും മനസ്സുറച്ചിട്ടുള്ള മറ്റു ചില ആളുകൾക്ക് മുമ്പേ തന്നെ വൈരാഗ്യം ഉണ്ടായിരുന്നതുകൊണ്ടും അവർ എല്ലാവരും ഒന്നിച്ചുചേർന്ന്, സത്യവിശ്വാസത്തിൽ നിന്നു പകുതിയും ഇടത്തൂടായ അവിശ്വാസത്തിൽ നിന്നു പകുതിയും എടുത്തു രണ്ടും ചേർത്ത് ഒരു തെറ്റായ വിശ്വാസം നിശ്ചയിച്ച് അതിനെ അവർ ഇരുകൂട്ടരും അനുസരിച്ച് ഒരു കൂട്ടമായിട്ടും ഉറച്ച നിലയുമായി നിന്നുകൊള്ളത്ത

Scanned by CamScanner

ക്കവണ്ണവും പറഞ്ഞു ബോധിച്ചുകൊണ്ട്, വിശ്വാസപ്രമാണവും പള്ളിക്രമങ്ങളും കാനോനുകളും വ്യത്യാസം വരുത്തി എഴുതി ഉണ്ടാക്കുകയും അതിനെ ഉറപ്പിക്കുവാനായി വേദപുസ്തകത്തിലെ ചില വാക്കുകൾ അവർ മാറ്റി എഴുതുകയും ചെയ്തു.

ഇനി മേൽ യാതോരു കാനോനുകളും ചട്ടങ്ങളും കൂട്ടിയൊ കുറച്ചൊ അതായത്; നിഖ്യായിലും കുസ്തന്തീനൊപ്പോലീസിലും എപ്പെസോസിലും കൂടിയ മൂന്നു സുന്നഹദോസുകളാൽ നിശ്ചയിച്ചു സ്ഥിരപ്പെടുത്തിയിട്ടുള്ള ഉപദേശങ്ങൾക്കും കൽപ്പനയ്ക്കും വിരോധമായി കൽപ്പിക്കുന്നവർ മഹറോൻ (ശാപം) ഏൽക്കപ്പെടുമെന്ന് എപ്പെസോസ് സുന്നഹദോസിൽ നിശ്ചയിക്കപ്പെട്ട നിശ്ചയത്തിനും കൽപ്പനയ്ക്കും വിരോധമായി, മേൽപറഞ്ഞ പ്രകാരം അവർ എഴുതി തയാറാക്കിയതിന് സുഹന്നദോസിന്റെ അംഗീകാരം ഉണ്ടെന്നു വരുത്തുവാൻ വേണ്ടി ഒരു സുന്നഹദോസ് വിളിച്ചുകൂട്ടേണ്ടതിന് പാപ്പായുടെ 'തൂമ്മോസ്'[3] എന്നു പേരു പറയുന്ന എഴുത്ത് രാജാവിന്റെ പേർക്കു കൊടുത്തയച്ചു എങ്കിലും രാജാവ് അതിനു സമ്മതിച്ചില്ല. രാജാവിന്റെ ഭാര്യയും സഹോദരി ബുൾക്കാറായും പള്ളിയിൽ പ്രാർത്ഥിക്കുവാനായി ചെന്നപ്പോൾ പാപ്പാ ഇക്കാര്യം പറഞ്ഞ് അവരെക്കൊണ്ട് രാജാവിനോടു പറയിച്ചിട്ടും രാജാവ് സമ്മതിക്കാതിരിക്കെ, മക്കളില്ലാതെ രാജാവ് മരിച്ചുപോകയും ചെയ്തു. പിന്നീട് മന്ത്രി മർക്കിയാനെക്കൊണ്ടു ബുൾക്കാറായെ വിവാഹം കഴിപ്പിക്കത്തക്കവണ്ണവും, അപ്പോൾ സുന്നഹദോസു കൂടി പാപ്പായുടെ ഹിതാനുസരണം നടത്തുവാൻ തക്കവിധത്തിലും തമ്മിൽ പറഞ്ഞൊത്തുകൊണ്ട് 40 വയസ്സുവരെ കന്യാവൃതത്തോടിരുന്ന സഹോദരി ബുൾക്കാറായെ മുറകേടായി ഇക്കാര്യത്തിനുവേണ്ടി തന്നെ മർക്കിയാനെക്കൊണ്ട് വിവാഹം കഴിപ്പിക്കുകയും ചെയ്തു. ഇപ്രകാരം രാജസ്ഥാനം സ്വാധീനത്തിൽ വന്നയുടൻ രാജ്ഞിയായിരുന്ന ബുൾക്കാറായുടെയും അവളുടെ ഭർത്താവായ മർക്കിയാന്റെയും പിൻബലത്താൽ അനേകം വിശുദ്ധ ബാവാമാരെ പിടിച്ചുവരുത്തി കൽക്കിദോനിൽ കൂടി പുറത്തുവിടാതെ ആയുധധാരികളായ പട്ടാളക്കാരുടെ കാവലിൽ പാർപ്പിച്ച് ഏറെ സംവത്സരം കഴിഞ്ഞിട്ടും മുൻശുദ്ധമാകപ്പെട്ട മൂന്നു സുന്നഹദോസുകളാൽ നിശ്ചയിക്കപ്പെട്ടതിനു വ്യത്യാസം വരുത്തി മറ്റു യാതൊന്നും നിശ്ചയിക്കുവാൻ സാധിക്കുകയില്ലെന്നു അവർ പറഞ്ഞിരിക്കുമ്പോൾ മുമ്പു കൂട്ടി ലെയോൻ പാപ്പാ മുതൽ പേർ എഴുതി തയാറാക്കി വച്ചിരുന്ന കാനോനും ചട്ടങ്ങളും വായിച്ചുകേൾപിച്ചു ഒപ്പുവയ്പിക്കുന്നതിനു കൊടുത്തയച്ചു. വിശുദ്ധനായ മാർ ദീയസ്ക്കോറോസ് അതു വാങ്ങി വായിച്ചശേഷം "ഇതിൻ പ്രകാരം നടക്കുന്നവൻ ആരായാലും മഹറോൻ ഏൽക്കപ്പെടും" എന്നു അതിൽ എഴുതി ഒപ്പിട്ടു തിരികെ കൊടുത്തതിനാൽ അന്നു വളരെ കലഹങ്ങളും തർക്കങ്ങളും ഉണ്ടാകുയും ചെയ്തു. അതിനോടെ യൗനായക്കാരുടെ പാത്രിയർക്കീസും അർമ്മേനിയായുടെ മെത്രാപ്പോലീത്തായും ശേഷം പേരും കൂട്ടം പിരിഞ്ഞു പോകുയും; മാർ ദീയസ്ക്കോറോസിനെയും കൂട്ടരെയും കാലിൽ വിലങ്ങിട്ടു പാർപ്പിച്ച് അവിടെ കിടന്നു മരണം പ്രാപിക്കുകയും ചെയ്തു. പട്ടം കൊട മുതലായ സന്ദർഭങ്ങളിൽ റോമാക്കാർ മാർ ദീയസ്ക്കോറോസിനെ ശപിക്കുന്നത് ഇതുകൊണ്ടാണ്. സുറിയാനിക്കാർ, ഈഗുപ്തായക്കാർ, പഴയ അർമ്മേനിയാക്കാർ, പഴയ യൗനായക്കാർ, പഴയ കൽദായക്കാർ മുതലായ ക്രിസ്ത്യാനികളുടെ വിശ്വാ

3. The Tome of Leo

Scanned by CamScanner

സവും ആചാരക്രമങ്ങളും തമ്മിൽ ഏറെ ഭേദമില്ലാത്തത് മേൽപ്പറഞ്ഞ കൽക്കിദോൻ സുന്നഹദോസിൽ അവർ ഏർപ്പെടാതിരുന്നതുകൊണ്ടത്രെ.

വിശേഷിച്ചും ഇങ്ങനെ കൂട്ടം പിരിഞ്ഞശേഷം നിഖ്യായിൽ കൂടിയ 318 ബാവാമാരുടെ നിശ്ചയത്തെക്കാൾ ഇവരുടെ നിശ്ചയത്തിനു ഏറെ ഉറപ്പു വരുത്തണമെന്നു കരുതി 318-ന്റെ ഇരട്ടിയായി, മെത്രാന്മാർ, റമ്പാന്മാർ, കത്തനാരന്മാർ, ശെമ്മാശന്മാർ മുതലായ 636 പേരെക്കൊണ്ട് A.D. 451-ാമാണ്ട് പാപ്പാ മുതൽ പേർ എഴുതിയുണ്ടാക്കിയ കാനോൻ മുതലായതിൽ ഒപ്പു വയ്പിക്കുകയും അവർ നിശ്ചയിച്ചുണ്ടാക്കിയ വിശ്വാസവിപരീതങ്ങളും മറ്റും പാരിതോഷികങ്ങൾ നൽകിയും പീഡിപ്പിച്ചും പല രാജ്യങ്ങളിലുമുള്ള പല ജാതിക്കാരെയും മതക്കാരെയും അതിൻപ്രകാരം അനുസരിപ്പിച്ചു നടത്തുകയും ചെയ്തു.

ഇപ്രകാരം ഇടത്തൂടുകൾ പുറപ്പെട്ട വിവരം തുകൽ വസ്ത്രം ധരിക്കപ്പെട്ട വിശുദ്ധനായ മാർ യാക്കൂബ് ബുർദ്ദാനാ തന്റെ വനവാസത്തിൽ ദൈവനിയോഗത്താൽ അറിഞ്ഞ് പുറപ്പെട്ടു വന്നു വിലങ്ങിൽ കിടന്ന ബാവാമാരോടു സഹാനം ഏറ്റുംകൊണ്ട് പലരേയും സത്യവിശ്വാസത്തിലേക്കു തിരിപ്പിക്കുകയും ചെയ്തു. അതിനാൽ യാക്കൂബ് മുഖാന്തരം ഇടത്തൂടിൽ നിന്നും വീണ്ട് രക്ഷിക്കപ്പെട്ടവരെന്ന അർത്ഥത്തിൽ "യാക്കോബായക്കാർ" എന്നു സുറിയാനിക്കാരെ പറഞ്ഞുവരുന്നു.

11. അവർ വേദപുസ്തകത്തിൽ നിന്നും വ്യത്യാസം വരുത്തിയിരിക്കുന്നത് ഏതെല്ലാമെന്നു കേൾക്കട്ടെ?

മേൽ പറഞ്ഞ പ്രകാരം അന്ന് അവരുടെ കണ്ണിൽ പെട്ടവയൊക്കെയും വ്യത്യാസം വരുത്തിയിട്ടുണ്ട്. അതിൽ ചിലത് കേട്ടാലും:- "ദൈവം തന്റെ കൃപയാൽ എല്ലാവർക്കും വേണ്ടി മരണം അനുഭവിച്ചു" എന്നു എബ്രായ. 2:9-ൽ എഴുതിയിരിക്കുമ്പോൾ, ദൈവം മരിച്ചില്ലെന്നുള്ള അവരുടെ അസത്യവിശ്വാസത്തെ സ്ഥാപിക്കുവാൻ വേണ്ടി "അവൻ ദൈവത്തിന്റെ കൃപകൊണ്ട് എല്ലാവർക്കും വേണ്ടി മരണം അനുഭവിച്ചു" എന്നും; "ദൈവം തന്റെ സ്വന്തരക്തം കൊണ്ട് സമ്പാദിച്ച ദൈവത്തിന്റെ സഭയെ നിങ്ങൾ മേയിക്കണ"മെന്ന് അപ്പോ.പ്രവൃ.20:28-ൽ പറഞ്ഞിരിക്കുമ്പോൾ, "മിശിഹാ തന്റെ സ്വന്തരക്തംകൊണ്ട് സമ്പാദിച്ചിട്ടുള്ള സഭയെ മേയിക്കണമെന്ന്" വ്യത്യാസപ്പെടുത്തി എഴുതിയിരിക്കുന്നു. ഇനിയും ഓർത്തു കേട്ടാലും-ദൈവമായ മിശിഹായുടെ ദൈവത്വം ഒരു സമയത്തും തന്നിൽ നിന്നും വിട്ടുപോയിട്ടില്ലെന്നു ഉറപ്പായി ഈ പറഞ്ഞ വാക്യങ്ങളിലും; "ദൈവത്തിന്റെ പൂർണ്ണത മുഴുവനും ദേഹരൂപമായി മിശിഹായിൽ വസിക്കുന്നു" എന്നു കൊലൊസി 2:9-ലും മറ്റു പല വാക്യങ്ങളിലും പറഞ്ഞിരിക്കുന്നു. ആകയാൽ ഇന്ന ആൾ ഭൂമിയിൽ ജാതം ചെയ്തു; ഇന്നപ്പോൾ അയാൾ ജനിച്ചു എന്നു മാത്രം ഒരുവനും; അയാൾ മരിച്ചു എന്നു മാത്രം മറ്റൊരുത്തനും, ഇങ്ങനെ രണ്ടു വിധത്തിൽ പറഞ്ഞുകേൾക്കുകയും; അയാൾ അടക്കപ്പെട്ടു എന്നു നിശ്ചയമായി അറിയുകയും ചെയ്താൽ പിന്നെ; അയാൾ അടക്കപ്പെട്ടു എന്നു കേട്ടതുമാത്രം സത്യമായിട്ടുള്ളതാണെന്നും, ജനിച്ചെന്നും മരിച്ചെന്നും കേട്ടതു സത്യമല്ലെന്നും നിശ്ചയിപ്പാൻ പാടില്ലാത്തതും; ജനിച്ചതും മരിച്ചതും അടക്കിയതും സത്യം തന്നെ ആണെന്നു നിശ്ചയിക്കാവുന്നതുപോലെ തന്നെ, മിശിഹായുടെ മനുഷ്യത്വം മരിച്ചു എന്നു നിശ്ചയിക്കാവുന്ന വിധമുള്ള വല്ല വാക്യവും കണ്ടാലും, മേൽ പറഞ്ഞിട്ടുള്ള വാക്യങ്ങളിൽ നിശ്ചയമായിട്ടും ദൈവം മരിച്ചു എന്നു എഴുതിയിട്ടുള്ളതുകൊണ്ട് ആയത് സത്യം തന്നെ എന്നു നിശ്ചയിച്ച് ദൈവമായ മിശിഹാ മരിച്ചു എന്നു വിശ്വസിപ്പാൻ ന്യായമുള്ളതുമാകയാൽ അതിൻപ്രകാരം സുന്നഹദോസിൽ

Scanned by CamScanner

നിശ്ചയിച്ച് വിശ്വാസപ്രമാണമായി എഴുതിയിരിക്കുമ്പോൾ; മിശിഹായിൽ ദൈവത്വം വരുകയും പോകുകയും ചെയ്യുന്നതിനാൽ മരിപ്പാൻ നേരത്ത് അവനിൽ നിന്നു ദൈവത്വം മാറി പൊയ്ക്കളഞ്ഞു എന്നുള്ള നെസ്തോറിയോസിന്റെ വലിയ വിശ്വാസവിപരീതത്തിൽ റോമൻ സഭക്കാർ മനസ്സു വച്ചുകൊണ്ട്, സുന്നഹദോസിനാൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള വിശ്വാസപ്രമാണത്തിൽ, മിശിഹാ 'സത്യദൈവത്തിൽ നിന്നുള്ള സത്യദൈവമാകുന്നു' എന്നും 'കഷ്ടപ്പെട്ടു' എന്നും 'മരിച്ചു' എന്നും എഴുതിയിട്ടുള്ളതിനു വിരുദ്ധമായി 'മരിച്ചു' എന്ന വാക്ക് അവർ വിശ്വാസപ്രമാണത്തിൽ നിന്നും നീക്കം ചെയ്തുകളഞ്ഞു.

പിതാവിൽ നിന്നു പരിശുദ്ധാത്മാവു പുറപ്പെടുന്നു എന്നു കുസ്തന്തീനോപ്പോലീസ് സുന്നഹദോസിൽ നിശ്ചയിച്ച് വിശ്വാസപ്രമാണത്തിൽ എഴുതിയിട്ടുണ്ടായിരുന്നതിൽ-പിതാവിൽ നിന്നും പുത്രനിൽ നിന്നും പരിശുദ്ധാത്മാവ് പുറപ്പെടുന്നു എന്ന് അവർ കൂട്ടിച്ചേർത്തിരിക്കുന്നു. അതു തന്നെയുമല്ലാ; അവർ ഒരു ചെറിയ വിശ്വാസപ്രമാണം എഴുതിയുണ്ടാക്കിയതിൽ മിശിഹാ 'ദൈവത്തിൽ നിന്നുള്ള ദൈവമാകുന്നു' എന്ന് അതിൽ എഴുതിയിട്ടില്ലാത്തതിനാൽ, ദൈവമല്ലാത്തവനു മരിക്കാമെന്നു നിശ്ചയിച്ചുകൊണ്ട് അതിൽ 'മരിച്ചു' എന്ന് അവർ എഴുതിയിട്ടുമുണ്ട്.

12. **ഇടത്തൂടുകാരുടെ ചോദ്യമായി പോലും ഇതു ചോദിപ്പാൻ പാടില്ലാത്തതാകുന്നു എങ്കിലും സത്യത്തിന്റെ തെളിവിനുവേണ്ടി ചോദിക്കുന്നതാകയാൽ അതുകൊണ്ട് ഒരു പാപവും ഇല്ലെന്നു നിശ്ചയിച്ചുകൊണ്ട് ഞാൻ ചോദിക്കുകയാണ്-ദൈവത്വം ഒരുപ്രകാരത്തിലും മരിപ്പാൻ പാടില്ലാത്തതായതിനാൽ; എവുത്തിക്കോസ്, നെസ്തോറിയോസ്, റോമാസഭക്കാർ എന്നിവർ പറയുംപ്രകാരം മിശിഹാ മനസ്സില്ലാതെ മരിച്ചതും ദൈവത്വം തന്നിൽ നിന്നു മാറി പൊയ്ക്കളഞ്ഞതും സത്യം തന്നെ അല്ലയൊ?**

അവർ പറയുന്ന പ്രകാരം ആണി തറച്ചതുവരെയുള്ള കഷ്ടാനുഭവത്തിൽ ദൈവത്വം മാറി പൊയ്ക്കളഞ്ഞിട്ടില്ലാത്തപ്രകാരം തന്നെ താൻ മരിച്ച സമയത്തും ദൈവത്വം മാറി പൊയ്ക്കളഞ്ഞിട്ടില്ല. എന്നാൽ മരണസമയത്ത് ദൈവത്വം മാറി പൊയ്ക്കളഞ്ഞു എന്ന് അവർ നിശ്ചയിച്ചുകൊണ്ട് അതിനെ മാത്രം വിശ്വാസപ്രമാണത്തിൽ നിന്നു നീക്കം ചെയ്തിരിക്കുന്നു. എങ്കിലും കഷ്ടപ്പെട്ടു എന്നുള്ളത് അവർ നീക്കം ചെയ്തിട്ടില്ലാത്തതിനാൽ പിടിച്ചുകെട്ടി, അടിയും തുപ്പലും ഏൽക്കുക, മുൾമുടി, ആണിതറപ്പ്, വിലാവിൽ കുത്തുകൊള്ളുക ഇങ്ങനെയുള്ള കഷ്ടതകൾ താൻ തന്റെ ദൈവത്വത്തോടുകൂടെ ഏറ്റു എന്നു അവർക്കു തന്നെയും സമ്മതമാണെന്നു തെളിഞ്ഞിരിക്കുന്നു. എന്നാൽ ഇപ്രകാരമുള്ള കഷ്ടതകൾ എല്ലാം ദൈവത്വത്തോടുകൂടെ ഏറ്റു എങ്കിൽ മരണസമയത്ത് ദൈവത്വം തന്നിൽ നിന്നു മാറ്റിയെ കഴിയൂ എന്നില്ല. ദൈവത്വം മാറ്റി വച്ച് കഷ്ടത സഹിച്ചു എന്ന് ഇപ്പോൾ അവർ പറയുന്നു എങ്കിൽ, വിശ്വാസപ്രമാണത്തിൽ നിന്നു 'മരിച്ചു' എന്നുള്ളത് മായിച്ചപ്പോൾ 'കഷ്ടപ്പെട്ടു' എന്നുള്ളതും കൂടെ മായിക്കാഞ്ഞതും; 'കഷ്ടപ്പെട്ടു' എന്നുള്ളതു കൂടെ മായിക്കാതെ 'മരിച്ചു' എന്നുള്ളതുമാത്രം മായിച്ചതും അവരുടെ ബുദ്ധിമോശം എന്നേ പറയാൻ കഴിയൂ. അവർ സത്യത്തെ മായിക്കണമെന്നു നിശ്ചയിച്ചു മായിച്ചു എങ്കിലും സത്യം മായണമെന്നു ദൈവത്തിനു തിരുവിഷ്ടം ഇല്ലായ്കയാൽ മുഴുവനും മായിച്ചുകളയുവാൻ അവരെ താൻ അനുവദിച്ചില്ല. കേട്ടാലും; ദൈവപുത്രൻ എന്നും മനുഷ്യപുത്രൻ എന്നും അവനു പേരു പറയപ്പെട്ടും, മനുഷ്യാവസ്ഥപ്രകാരമല്ലാതെ അവൻ മനുഷ്യനായി ജനിക്കപ്പെട്ടും, ആണി പഴുതിൽ കഷ്ടപ്പെട്ടും അവൻ മരിപ്പാൻ തുടങ്ങിയ സമയം വരെ

Scanned by CamScanner

ദൈവത്വത്തിലും മനുഷ്യത്വത്തിലും പൂർണ്ണതപ്പെട്ടും കൊണ്ട് മരിപ്പാൻ സമയം മിശിഹാ ദൈവത്വം മാറ്റി വച്ചും കൊണ്ടു മരിച്ചു എങ്കിൽ, അവൻ മനുഷ്യരെ ചതിക്കുക മാത്രമല്ല, പിതാവായ ദൈവത്തേയും കൂടെ ചതിച്ചിരിക്കുന്നു. എന്നാൽ ഗബ്രിയേൽ മാലാഖയുടെ ശബ്ദം ചെവികളിൽ പ്രവേശിച്ചതിനോടുകൂടെ കന്യകയുടെ വയറ്റിൽ അവൻ ഉത്ഭവിപ്പാനും, സ്വർഗ്ഗത്തിൽ സിംഹാസനത്തിൽ നിന്നു മാറാതെ കന്യകയുടെ വയറ്റിൽ പാർക്കുവാനും, കന്യകമറിയത്തിന്റെ കന്യാവൃതത്തിന്റെ മുദ്ര ഇളക്കാതെ അത്ഭുതത്താൽ അവനെ പ്രസവിപ്പാനും, കഷ്ടപ്പെടുവാനും, മുദ്രയ്ക്കു ഭംഗം വരാതെ ശരീരത്തോടുകൂടെ കബറിൽ നിന്നു ജീവിച്ചെഴുന്നേൽപ്പാനും, ജീവിച്ചെഴുന്നേറ്റശേഷം വാതിൽ തുറക്കാതെ ശരീരത്തോടുകൂടി ഭവനത്തിനുള്ളിൽ പ്രവേശിപ്പാനും, ആകാശത്തിലേക്കു കരേറിയപ്പോൾ രണ്ടു പുത്രന്മാരായി (ദൈവപുത്രൻ എന്നും മനുഷ്യപുത്രൻ എന്നും രണ്ടായിട്ടല്ലാതെ)ട്ടല്ലാതെ ഏകപുത്രനായി പിതാവിന്റെ വലത്തുഭാഗത്ത് ഇരിപ്പാനും അവനു കഴിഞ്ഞെങ്കിൽ, മരണസമയത്ത് ദൈവത്വത്തോടുകൂടി മരിപ്പാൻ കഴിയാതെ ആയതിനെ (ദൈവത്വത്തെ) മാറ്റി വച്ചുംകൊണ്ട് മരിച്ചു എന്നു യാതൊരുത്തർക്കും നിരൂപിക്കുക്യും നിശ്ചയിക്കുകയും പറയുകയും ചെയ്തുകൂടാത്തതാകുന്നു.

മരണസമയത്തു ദൈവത്വം മാറി പൊയ്ക്കളഞ്ഞു എന്നും മനുഷ്യത്വത്തിൽ മാത്രം മിശിഹാ മരിച്ചു എന്നു നിരൂപിക്കുന്നതും, ആ നിരൂപണപ്രകാരം അവരുടെ ചെറിയ വിശ്വാസപ്രമാണത്തിൽ മരിച്ചു എന്നു അവർ വായിക്കുന്നതും; അതു കൂടാതെ പുത്രൻ ദൈവത്തിൽ നിന്നുള്ള ദൈവമാകയാൽ മരിക്കാൻ പാടില്ലെന്നു നിശ്ചയിക്കുന്നതും, ആ നിരൂപണപ്രകാരം വലിയ വിശ്വാസപ്രമാണ (നിഖ്യാവിശ്വാസപ്രമാണം) ത്തിൽ മരിച്ചു എന്നു വായിക്കാതിരിക്കുന്നതും വലിയ സത്യഭംഗവും ദൈവവിരോധവും വേദവിപരീതവുമാകുന്നു. വീണ്ടും സൂക്ഷിച്ചു കേട്ടാലും; സിംഹം എന്നും സിംഹക്കുട്ടി എന്നു പറഞ്ഞാലും അതു സിംഹം തന്നെ എന്നും; ആന എന്നും ആനക്കുട്ടി എന്നും പറഞ്ഞാൽ അത് ആന തന്നെ എന്നും അറിയാവുന്നവർക്ക്; ദൈവമെന്നും ദൈവപുത്രൻ എന്നും പറഞ്ഞാൽ അതു ദൈവം തന്നെ എന്നും തിരിച്ചറിയാവുന്നതാകുന്നു. അതു തന്നെയുമല്ല; ദൈവമായ മിശിഹാ ആകാശത്തിൽ വച്ച്, ആകാശവും ഭൂമിയും സൃഷ്ടിക്കുന്നതിനുമുമ്പ്, തന്റെ സ്ഥലത്തുവച്ച് മാതാവിനെ കൂടാതെ പിതാവായ ദൈവത്തിനു അവൻ മകനായി തീർന്ന് ദൈവപുത്രൻ എന്നു ഒരു പേരും, ഭൂമിയിൽ വച്ച് പിതാവിനെ കൂടാതെ കന്യകമറിയത്തിനു അവൻ മകനായി തീർന്നു മനുഷ്യപുത്രൻ എന്നു ഒരു പേരും അവനു കിട്ടി. പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാകുന്നു എന്നുള്ള നല്ല ദൃഷ്ടാന്തത്തിനായി രണ്ടും കൂട്ടി അമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെട്ടു. യേശു ഉറച്ച ശബ്ദത്തിൽ അട്ടഹസിച്ചുകൊണ്ട് മരിച്ചു. അപ്പോൾ ദൈവാലയത്തിലെ തിരശീല രണ്ടായി കീറിപോയി എന്നു മർക്കോസ് 15:37,38 -ലും; തിരശീല കീറിപോയി എന്നും യേശു നിലവിളിച്ചു മരിച്ചു എന്ന് ലൂക്കോസ് 23:45,46-ലും മുമ്പു പിറകായിട്ടു പറഞ്ഞത് എന്താണെന്നും; യേശു നിലവിളിച്ചു പ്രാണനെ വിട്ടു എന്നും ഉടനെ തിരശീല കീറിപോയി എന്നും മത്തായി 27:50, 51-ൽ വാക്കു വ്യത്യാസമായി പറയുവാൻ സംഗതി എന്താണെന്നും, ആദിത്യചന്ദ്രന്മാർ അസ്തമിച്ചുപോകുവാൻ സംഗതി എന്താണെന്നും പരിശുദ്ധാത്മാവിന്റെ സഹായമുള്ളവർ നിരൂപിച്ചാൽ ദൈവം മരിച്ചില്ലെന്നു നിരൂപിപ്പാൻ കഴിയുന്നതല്ല. അതു തന്നെയുമല്ല, മേൽപ്പറഞ്ഞ പേരി (അമ്മാനുവേൽ) ന്റെ പൊരുളും ശരീരത്തോടുകൂടെ ജീവിച്ചെഴുന്നേറ്റതും നിരൂപിച്ചാൽ മുമ്പും ഇപ്പോഴും മേലിലും അവൻ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാകുന്നു. അതു മാത്രവുമല്ലാ; ആകാ

Scanned by CamScanner

ശത്തിൽ വച്ച് ദൈവത്തിനും ഭൂമിയിൽ വച്ച് മറിയാമിനും അവൻ മകനായി തീർന്നു എങ്കിലും പിതാവായ ദൈവവും മാതാവായ മറിയാമും മുമ്പും ഇപ്പോഴും ഇനിയും കന്യകമാർ ആകുന്നു.

13. **വിശ്വാസപ്രമാണത്തിൽ പിതാവിനെ വിശ്വസിച്ച് ഏറ്റുപറയുന്ന ഭാഗത്ത് പിതാവിനെ ദൈവമെന്നും; പുത്രനിലും പരിശുദ്ധാത്മാവിലും വിശ്വസിച്ച് ഏറ്റുപറയുന്ന ഭാഗത്ത് പുത്രനെയും പരിശുദ്ധാത്മാവിനെയും കർത്താവെന്നും പറഞ്ഞിരിക്കുന്നതുകൊണ്ട് പുത്രനും പരിശുദ്ധാത്മാവും സൃഷ്ടിപ്പുകളാകുന്നു എന്നു നിശ്ചയിക്കുവാൻ ഇടയില്ലയൊ?**

പുത്രനെയും പരിശുദ്ധാത്മാവിനെയും കർത്താവ് എന്നു പറഞ്ഞിരിക്കുന്നത് സത്യമായും ദൈവമാകുന്നു എന്നുള്ള ഉറപ്പിനുവേണ്ടിയല്ലാതെ സംശയരൂപത്തിൽ പറഞ്ഞിരിക്കുന്നതല്ല. പുത്രനെയും പരിശുദ്ധാത്മാവിനെയും കുറിച്ച് അവർ ദൈവത്തിന്റെ സൃഷ്ടിപ്പാകുന്നു എന്നു മേൽപ്പറഞ്ഞ ഇടത്തൂടുകാർ പറഞ്ഞതിനാൽ സത്യമായും ദൈവമാകുന്നു എന്നുള്ള ഉറപ്പിനായിട്ടു കർത്താവെന്നു പറഞ്ഞിരിക്കുന്നതാകുന്നു. കേട്ടാലും; പിതാവും പുത്രനും പരിശുദ്ധാത്മാവും സത്യദൈവമാകുന്നു. ലോകം സൃഷ്ടിച്ച നാൾ മുതൽ സൃഷ്ടികൾക്കു കർത്താവായി തീർന്നതിനാൽ അവിടം മുതൽ പിതാവും പുത്രനും പരിശുദ്ധാത്മാവും കർത്താവാകുന്നു. മോശയുടെ ഒന്നാം പുസ്തകം (ഉൽപ്പത്തി) ഒന്നാം അദ്ധ്യായം മുതൽ രണ്ടാം അദ്ധ്യായം മൂന്നാം വാക്യം വരെ ഓരോരൊ വകകൾ സൃഷ്ടിച്ച വിവരം പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിൽ ദൈവം എന്നും അവിടം മുതൽ കർത്താവെന്നും പറഞ്ഞിരിക്കുന്നതുകൊണ്ട്, കർത്താവെന്നു പറഞ്ഞിരിക്കുന്ന പേരു സൃഷ്ടിക്കുന്ന അവസ്ഥകൊണ്ട് ഉണ്ടായ പേരാണെന്നു നിശ്ചയമാകുന്നു. എന്നാൽ 1 കോരി. 12:3-ൽ "പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവാകുന്നു എന്ന് പറയുവാനും ആർക്കും കഴിയുന്നതല്ല" എന്നു പറഞ്ഞിരിക്കുന്നുവല്ലൊ.

14. **കൊള്ളാം, അത് അങ്ങനെ തന്നെ. പൗലൂസ് ഊർശ്ലേമിൽ ചെന്നപ്പോൾ നമ്മുടെ കർത്താവിന്റെ സഹോദരനായ യാക്കോബിനെ കണ്ടതായി ഗലാത്യ. 1:19-ലും; ഇവൻ തച്ചനായ യൗസേപ്പിന്റെ മകനും യാക്കോബിന്റെയും യോസിയുടെയും ശെമഒാന്റെയും യൂദായുടെയും സഹോദരനുമല്ലയൊ എന്നു മത്താ. 13:55-ലും പറഞ്ഞിരിക്കുന്നതിനാൽ കന്യകമറിയാം പിന്നീടു പ്രസവിച്ചു എന്നു നിരൂപിപ്പാൻ ഇടയുള്ളതിനാൽ മിശിഹായെ പ്രസവിച്ചതുവരെ കന്യക ആയിരുന്നതല്ലാതെ നിത്യകന്യകയെന്നു അവളെ പറയാമൊ? അവൾ മിശിഹായുടെ മനുഷ്യത്വത്തിൽ അമ്മയായിരിക്കുന്നതിനാൽ മിശിഹായുടെ അമ്മ എന്നല്ലാതെ ദൈവമാതാവെന്നു അവളെ പറയാമൊ?**

വൈദ്യന്മാരോടു വൈദ്യഗ്രന്ഥം പഠിക്കുകയും അവരോടുകൂടെ സംസർഗ്ഗം ചെയ്യുകയും ചെയ്യാതെ സ്വയമായി വൈദ്യഗ്രന്ഥം നോക്കുകയും ചികിത്സിക്കുകയും ചെയ്താൽ ഔഷധമാറ്റം കൊണ്ടും ശരീരപ്രകൃതി വ്യത്യാസം കൊണ്ടും ഔഷധം ഫലിക്കാതെയും രോഗശമനം വരാതെയും ചിലപ്പോൾ രോഗികളെ കൊല്ലുകയും ചെയ്യുന്ന പ്രകാരം തന്നെ ദൈവസംസർഗ്ഗമുള്ള മൽപ്പാന്മാ (ഗുരുക്കന്മാർ) രോടു സംസർഗ്ഗം ചെയ്യാതെയും അവരോടു പഠിക്കാതെയും സ്വയമായി വേദപുസ്തകം വായിക്കുകയും തന്റെ ശക്തിയാൽ തോന്നുന്ന അർത്ഥം നിരൂപിക്കുകയും ചെയ്താൽ, അർത്ഥവും കാര്യവിവരവും മനസ്സിലാകാതെ നിരൂപണഭേദം കൊണ്ട് ആത്മനാശം വരുന്നതാകയാൽ ഞാൻ പറയുന്നതിനെ ഓർത്തു കേട്ടാലും-ഗബ്രിയേലിന്റെ ശബ്ദത്തോടുകൂടെ കന്യകയുടെ ഗർഭത്തിൽ വച്ചു

Scanned by CamScanner

തന്നെ ദൈവത്വവും മനുഷ്യത്വവും കൂടി യോജിക്കപ്പെട്ടു പ്രസവിച്ചതിനാൽ അവൾ പ്രസവിച്ച പ്രജ ദൈവപുത്രനും അവൾ ദൈവമാതാവുമാകുന്നു. രാജസിംഹാസനത്തിന്മേൽ ദാസന്മാരായ പ്രജകൾക്ക് ഇരിക്കാൻ പാടില്ലാത്ത പ്രകാരം ദൈവസിംഹാസനമാകുന്ന കന്യകയുടെ വയറ്റിൽ വേറൊരുവൻ ജനിക്കുന്നതല്ലാത്തതുകൊണ്ട് അവൾ നിത്യകന്യകയാകുന്നു. അതു തന്നെയുമല്ല; കന്യാവ്യതത്തിന്റെ മുദ്രയ്ക്കു കേടുവരുത്താതെ അവൾ ഗർഭിണിയായതുകൊണ്ട് ഗർഭിണി ആയിരിക്കുമ്പോൾ കൂടെയും അവൾ കന്യകയാകുന്നു. ഇനിയും വിവരം കേട്ടാലും; കന്യകമറിയം ദേവാലയത്തിൽ പാർത്തുവരുമ്പോൾ ദൈവത്തിന്റെ അത്ഭുതം കൊണ്ട് വൃദ്ധനും വിഭാര്യനുമായിരുന്ന യൗസേപ്പിനു അവളെ ഭാര്യയായി പറഞ്ഞൊക്കണമെന്നുള്ള ദൈവനിശ്ചയത്താൽ ഉണക്ക കമ്പ് കിളിർക്കുകയും അവളെ അവനെ ഏൽപ്പിക്കുകയും വിവാഹനിശ്ചയം അന്നു നടത്തുകയും ചെയ്തു. ഏതൊരു വിവാഹവും നിശ്ചയിച്ചാൽ ദൈവകൽപ്പനപ്രകാരം സന്തതി നിലനിർത്തുവാൻ വേണ്ടിയല്ലാതെ കാമവികാരത്തിനുവേണ്ടി വിവാഹം കഴിക്കുകയല്ലെന്നുള്ള ദൃഷ്ടാന്തത്തിനും പരബോധത്തിനും വേണ്ടി മൂന്നു സംവത്സരം പുരുഷനും സ്ത്രീയും ഒരുമിച്ചു പാർക്കുകയും പിന്നീട് വിവാഹം കഴിക്കുകയും ചെയ്യുക അക്കാലത്തെ മര്യാദയായിരുന്ന പ്രകാരം യൗസേപ്പും മറിയാമും ഒരുമിച്ചു പാർത്തിരുന്നു. എന്നാൽ യൗസേപ്പ് വൃദ്ധനായിരുന്നു എങ്കിലും വിവാഹം കഴിഞ്ഞു പിന്നീടു മറിയാം ഗർഭിണിയായാൽ അതും; യൗവ്വനപുരുഷനെ ഏൽപ്പിച്ച് വിവാഹത്തിനു മുമ്പ് ഗർഭിണിയായാൽ അതും ഓരോ സംശയത്തിനു ഇടയുള്ളതുകൊണ്ട് അതിനു ഇടവരാതെ യൗസേപ്പിന്റെ കൂടെ പാർത്തിരിക്കുമ്പോൾ പരിശുദ്ധാത്മാവിൽ നിന്നും കന്യക ഗർഭിണിയായതല്ലാതെ ഒരു നാളും അവളുടെ കന്യാവ്യതത്തിനു ഭംഗം വന്നിട്ടില്ല. എന്നാൽ യൗസേപ്പിനു മറിയാമിനെ പറഞ്ഞു ബോധിച്ചിരിക്കെ അവർ യോജിക്കപ്പെടും മുമ്പ് ഗർഭിണി യായി എന്നു മത്താ. 1:18-ൽ പറഞ്ഞിരിക്കുന്നത് വിവാഹനിശ്ചയത്തിനുശേഷവും വിവാഹത്തിനു മുമ്പുമുള്ള കാലഘട്ടമാണ്. പ്രത്യേകിച്ചും നമ്മുടെ കർത്താവിന്റെ സഹോദരന്മാരായും യൗസേപ്പിന്റെ മക്കളായിട്ടും വേദപുസ്തകത്തിൽ പറഞ്ഞു കാണുന്ന ആളുകൾ പക്ഷെ യൗസേപ്പിന്റെ വിവാഹ ഭാര്യയുടെ മക്കൾ അത്രെ.

15. **കടിഞ്ഞൂലായ അവളുടെ പുത്രനെ പ്രസവിച്ച് യേശു എന്നു പേരു വിളിച്ചതുവരെ യൗസേപ്പ് മറിയത്തെ അറിഞ്ഞിട്ടില്ലെന്നു മത്തായി 1:25 -ൽ പറഞ്ഞിരിക്കുന്നതിനാൽ അവൻ പിന്നീടു മറിയത്തെ അറിഞ്ഞു എന്നും മേൽപ്പറഞ്ഞ ആളുകളെ പ്രസവിച്ചു എന്നും നിശ്ചയിക്കാൻ ഇടയില്ലയൊ?**

ശൗലിന്റെ മകളായ മീഖൾ ജീവാവസാനം വരെ മക്കളെ പ്രസവിച്ചില്ലെന്നു 2 ശമു. 6:23-ൽ പറഞ്ഞിരിക്കുന്നതിനാൽ അവൾ മരിച്ചതിനുശേഷം മക്കളെ പ്രസവിച്ചു എന്നു നിശ്ചയിക്കാമെങ്കിൽ അല്ലാതെ ഇപ്രകാരം നിശ്ചയിച്ചുകൂടാ. മരിക്കുന്നതുവരെ ആ കാര്യം ഞാൻ ചെയ്യുകയില്ലെന്നു ഒരുവൻ പറഞ്ഞാൽ ഒരിക്കലും ചെയ്യുകയില്ലെന്നുള്ള ഉറപ്പിനുവേണ്ടി അല്ലാതെ മരണശേഷം ചെയ്തുകൊള്ളാമെന്നു അനുസരണത്തിനുവേണ്ടി അങ്ങനെ പറഞ്ഞതല്ലാത്ത പ്രകാരം തന്നെ; പരിശുദ്ധാത്മാവിനാൽ കന്യകമറിയം ഗർഭിണിയായി എന്നുള്ള നിശ്ചയത്തിനുവേണ്ടിയല്ലാതെ പിന്നീടും അവൾ പ്രസവിച്ചു എന്നുള്ള അറിവിലേക്കായി അപ്രകാരം പറഞ്ഞിരിക്കുന്നതല്ല.

16. **ലാസറിനെ എവിടെയാണ് സംസ്ക്കരിച്ചതെന്ന് മിശിഹായ്ക്ക് അറിയാൻ പാടില്ലാത്ത പ്രകാരം യോഹ. 11:34-ൽ കാണുന്നതിനാൽ, നെസ്തോറി**

Scanned by CamScanner

യരും റോമാസഭക്കാരും പറയുന്ന പ്രകാരം, മിശിഹായിൽ ദൈവത്വവും മനുഷ്യത്വവുമായി എണ്ണയും വെള്ളവും പോലെ വേർതിരിയപ്പെട്ട രണ്ടു സ്വഭാവവും രണ്ട് ഇഷ്ടവും ഒരു ക്നൂമാ (ആളത്വം)യും ആകുന്നു എന്നും അതിനാൽ ചിലപ്പോൾ ദൈവത്വം മാറി പൊയ്ക്കളയുമെന്നും നിരൂപിക്കാൻ ഇടയില്ലയൊ?

മിശിഹായിൽ ദൈവത്വവും മനുഷ്യത്വവുമായി വീഞ്ഞും വെള്ളവും പോലെ യോജിക്കപ്പെട്ട ഒരു സ്വഭാവവും ഒരു ഇഷ്ടവും ഒരു ക്നൂമായും ആകുന്നതിനാൽ ഒരിക്കലും ദൈവത്വം മാറി നില്ക്കുമെന്നു നിരൂപിച്ചുകൂടാ. ആദം ഒളിച്ചിരുന്ന സ്ഥലം പിതാവായ ദൈവത്തിനു അറിയാൻ പാടില്ലാഞ്ഞ പ്രകാരം ഉല്പത്തി 3:9-ൽ കാണുന്നതിനാലും, സാത്താൻ എവിടെ നിന്നു വരുന്നു എന്നു ദൈവത്തിനു അറിയാൻ പാടില്ലാഞ്ഞപ്രകാരം ഈയ്യോബ് 1:7-ൽ പറഞ്ഞിരിക്കുന്നതിനാലും പിതാവായ ദൈവത്തിൽ നിന്നു അപ്പോൾ ദൈവത്വം മാറി നിന്നു എന്നു നിരൂപിക്കാമെങ്കിൽ അല്ലാതെ ഇപ്രകാരം നിരൂപിക്കുവാൻ പാടില്ല. ചെവി തുറന്നു കേട്ടാലും; ഒരു യജമാനന്റെ മുമ്പിൽ ഒരുവൻ നിൽക്കുകയും യജമാനനു കോപം ജ്വലിക്കുമ്പോൾ 'അവൻ എവിടെ, മാറ്റി നിർത്തുക' എന്നു ഒരു വാക്കു പറയുന്ന പ്രകാരം; ലാസറിനെ എവിടെ വച്ചു എന്നു മിശിഹായും, ആദാം എവിടെ എന്നും, സാത്താൻ എവിടെ നിന്നു വരുന്നു എന്നും പിതാവായ ദൈവവും ഒരു ഭംഗി വാക്കു പറഞ്ഞതല്ലാതെ ആ സമയത്ത് പിതാവിൽ നിന്നും പുത്രനിൽ നിന്നും ദൈവത്വം മാറി പൊയ്ക്കളഞ്ഞതുകൊണ്ടും സ്ഥലം അറിയാൻ പാടില്ലാഞ്ഞിട്ടും അപ്രകാരം പറഞ്ഞതല്ല.

17. **ഒരു മനുഷ്യൻ മരിച്ചാൽ ശരീരമല്ലാതെ ആത്മാവ് മരിക്കുന്നതല്ലാത്ത പ്രകാരം, മിശിഹായുടെ ശരീരമല്ലാതെ ദൈവത്വം മരിച്ചിട്ടില്ലാത്തതും മരിക്കുന്നതല്ലാത്തതുമാകയാൽ വിശ്വാസപ്രമാണത്തിൽ നിന്നു 'മരിച്ചു' എന്നുള്ള വാക്കിനെ വിലക്കിയതുകൊണ്ട് എന്തു പാപമാണുള്ളത്?**

സത്യത്തിനും വേദപുസ്തകത്തിനും വിരുദ്ധമായി ഇപ്രകാരമുള്ള ചോദ്യങ്ങൾ ചുഴിഞ്ഞു ചോദിക്കുന്നതിൽ വളരെ അത്ഭുതം തോന്നുന്നുണ്ട്. എങ്കിലും സത്യത്തെ അറിയണമെന്നുള്ള അത്യാഗ്രഹം കൊണ്ട് ചോദിക്കുന്നതാണെങ്കിൽ ഈ ചോദ്യം ഏറ്റവും നല്ലതും, സത്യത്തെ തോൽപ്പിക്കണമെന്നുള്ള അത്യാഗ്രഹം കൊണ്ടു ചോദിക്കുന്നതാണെങ്കിൽ ഇങ്ങനെയുള്ള ചോദ്യം ഏറ്റവും ചീത്തയാകുന്നു എന്നും എല്ലായ്പോഴും മനസ്സിൽ ഇരിക്കട്ടെ.

ശരീരവും ആത്മാവും കൂടിയുള്ള ഒരു സ്വരൂപത്തെ മനുഷ്യൻ എന്നു പറയുന്നതല്ലാതെ ഒരു ശരീരം തനിച്ചും ഒരു ആത്മാവു തനിച്ചും ഉണ്ടായി അതിൽ ഓരോന്നിനെയും തനിച്ചു മനുഷ്യൻ എന്നു പറയുന്നതല്ലാത്തതാകുന്നു. കൂടാതെ ആത്മാവും ശരീരവും തമ്മിൽ ഉള്ള വേർപെടലിന് മരണമെന്നു പറയുന്നതല്ലാതെ ആത്മാവും ശരീരവും വെവ്വേറെ ഇരിക്കുകയും അപ്പോൾ മരണം എന്നൊരു കാര്യം പറയുകയും, തനിച്ച് ഓരോന്നു മരിക്കുക എന്നതും സംഭവ്യമല്ലാത്തതിനാൽ ശരീരം മരിച്ചു എന്നു ഒരു വാചകം പറയുവാൻ പാടില്ലാത്തതുമാകുന്നു. എന്നാൽ മിശിഹായിൽ ആത്മാവും ശരീരവും കൂടിയ മനുഷ്യത്വവും ദൈവത്വവും തമ്മിൽ വെള്ളവും വീഞ്ഞും യോജിക്കപ്പെടുന്നതുപോലെ യോജിക്കപ്പെട്ട തന്റെ ആത്മാവിനെ താൻ കൈവിട്ടു എന്നു മത്താ. 27:51-ൽ പറഞ്ഞിരിക്കുന്നപ്രകാരം, തന്റെ ആത്മാവും ശരീരവും തമ്മിൽ വേർതിരിഞ്ഞു താൻ മരണത്തെ അനുഭവിച്ച സമയത്ത് തന്റെ ശരീരത്തിൽ നിന്നും ആത്മാവിൽ നിന്നും ദൈവത്വം മാറി പൊയ്ക്കളഞ്ഞിട്ടില്ലാത്തതുകൊണ്ട് ദൈവപുത്രൻ മരിച്ചു എന്നു വിശ്വസിച്ചു പറ

Scanned by CamScanner

യാത്തതും 'മരിച്ചു' എന്നുള്ളതിനെ അവർ വിശ്വാസപ്രമാണത്തിൽ നിന്നു വിലക്കിയതും മഹാപാപം തന്നെ ആകുന്നു. അതു തന്നെയുമല്ലാ; ആത്മാവും ശരീരവും കൂടിയ ഒരു സ്വരൂപം മരിച്ചാൽ ആദ്യസൂചകത്തെ പ്രമാണമാക്കി ഇന്നവൻ മരിച്ചു എന്നു പറയുന്ന പ്രകാരം ദൈവവും മനുഷ്യനും കൂടിയ അമ്മാനുവേൽ മരിച്ചിരിക്കുന്നതിനാൽ ആദ്യസൂചകത്തെ പ്രമാണമാക്കി ദൈവം മരിച്ചു എന്നു നിശ്ചയിച്ചു പറയേണ്ടതാകുന്നു. അതുതന്നെയുമല്ലാ; ജനിപ്പാൻ കഴിഞ്ഞ ദൈവത്തിനു മരിപ്പാൻ കൂടെ കഴിയുന്നതല്ലെന്നു റോമാസഭക്കാർ നിശ്ചയിച്ചുകൊണ്ട് വിശ്വാസപ്രമാണത്തിൽ നിന്നു മരിച്ചു എന്ന വാക്കിനെ മായിച്ചത് വലിയ തെറ്റു തന്നെ. ജനിച്ചെങ്കിൽ മരിക്കാതിരുന്നതെങ്ങനെ; മരിച്ചില്ലെങ്കിൽ ജീവിച്ചെഴുന്നേറ്റത് എങ്ങനെ? അതിനാൽ ജനിച്ചതും മരിച്ചതും ജീവിച്ചെഴുന്നേറ്റതും സത്യം തന്നെ.

18. **ആത്മാവും ശരീരവും തമ്മിലുള്ള വേർപാടിനു മരണമെന്നു പറയുന്നു എന്നും, മിശിഹായുടെ ആത്മാവിൽ നിന്നും ശരീരത്തിൽ നിന്നും ദൈവത്വം വേർപെടാതെ ആത്മാവും ശരീരവും തമ്മിൽ വേർപെട്ടു എന്നും നേരത്തെ പറഞ്ഞുവല്ലൊ. തമ്മിലുള്ള വേർപെടലിനു മരണമെന്നു പറഞ്ഞുവരുമ്പോൾ മിശിഹായുടെ ആത്മാവിൽ നിന്നും ശരീരത്തിൽ നിന്നും ദൈവത്വം വേർപെടാതെ ദൈവം മരിച്ചു എന്നു വിചാരിപ്പാൻ ഇടയുണ്ടൊ?**

ഓർത്തു കേട്ടാലും; ആത്മാവും ശരീരവും ദൈവത്വവും ഒരുമിച്ചിരിക്കുമ്പോൾ ദൈവത്വം മാത്രം വേർപിരിഞ്ഞാൽ അതു മരണമെന്നു പറയുവാൻ പാടില്ലാത്തതുകൊണ്ട് ദൈവത്വം വേർപിരിഞ്ഞിട്ടില്ലാതിരിക്കുമ്പോൾ മിശിഹായുടെ ആത്മാവും ശരീരവും തമ്മിൽ വേർപിരിഞ്ഞു മരിച്ചിരിക്കുന്നതുകൊണ്ട് തന്നെ ദൈവം മരിച്ചു എന്നു നിശ്ചയിച്ച് വിശ്വസിക്കേണ്ടത് അത്യാവശ്യമാകുന്നു.

19. **പിതാവും പുത്രനും പരിശുദ്ധാത്മാവും ഏകദൈവമാകകൊണ്ട് പുത്രൻ മരിച്ചെന്നു വരുമ്പോൾ പിതാവും പരിശുദ്ധാത്മാവും കൂടെ മരിച്ചെന്നു വരികയില്ലയൊ?**

പുത്രൻ ജനിച്ചു എന്നു പറഞ്ഞാൽ പിതാവും പുത്രനും പരിശുദ്ധാത്മാവും ഏകദൈവമാകകൊണ്ട് പിതാവും പരിശുദ്ധാത്മാവും കൂടെ ജനിച്ചു എന്നു വരുമെന്നു നിരൂപിക്കാമെങ്കിൽ അല്ലാതെ അപ്രകാരം നിരൂപിച്ചുകൂടാ. പുത്രൻ ജനിച്ചു എന്നു വരുമ്പോൾ പിതാവും പരിശുദ്ധാത്മാവും കൂടെ ജനിച്ചു എന്നു വരുമെന്നു നിരുപിച്ച് വിശ്വാസപ്രമാണത്തിൽ നിന്നു ജനിച്ചു എന്നുള്ളതുകൂടെ മായിക്കാതെ മരിച്ചു എന്നുള്ളതിനെ മാത്രം മായിച്ചിരിക്കുന്നതിനെ നിരൂപിച്ചാൽ അത്ഭുതം തന്നെ. പിതാവും പുത്രനും പരിശുദ്ധാത്മാവും ഏകദൈവവും ഒരു കർത്താവുമാകുന്നു എങ്കിലും ഉൽപ്പത്തി 1:26-ൽ നമ്മുടെ സ്വരൂപത്തിൽ ഒരു മനുഷ്യനെ ഉണ്ടാക്കണമെന്നു ബഹുവചനമായി പറഞ്ഞിരിക്കുന്ന പ്രകാരവും; യോഹ. 5:26 -ൽ പറഞ്ഞിരിക്കുന്ന പ്രകാരം മൂന്ന് ക്നൂമാ ആയിരിക്കുന്നതിനാൽ മൂന്നു ക്നൂമായിൽ ഒരു ക്നൂമാ ആയിരിക്കുന്ന പുത്രനാം ദൈവം ആകാശത്തിൽ സിംഹാസനത്തിൽ നിന്ന് മാറാതെ കന്യകയുടെ വയറ്റിൽ ജനിച്ചതും, താൻ ആത്മാവിൽ നിന്നും ശരീരത്തിൽ നിന്നും മാറാതെ കുരിശിൽ മരിച്ചതും ആയിരിക്കുന്നതിനാൽ പുത്രനാം ദൈവം ജനിച്ചെന്നും മരിച്ചെന്നും ജീവിച്ചെഴുന്നേറ്റു എന്നും പറഞ്ഞാൽ, പിതാവും പരിശുദ്ധാത്മാവും കൂടെ ജനിക്കുകയും മരിക്കുകയും ജീവിച്ചെഴുന്നേൽക്കുകയും ചെയ്തു എന്നു സാധിക്കുമെന്നു നിരൂപിക്കുന്നത് വലിയ ബുദ്ധികേടു തന്നെ ആകുന്നു.

Scanned by CamScanner

20. ദൈവം ആത്മാവായിരിക്കുമ്പോൾ മിശിഹായിൽ മനുഷ്യനുള്ളതുപോലെ വേറൊരു ആത്മാവുണ്ടോ?

പല വസ്തുക്കളാൽ ശരീരം ഉണ്ടാക്കി പല വായുക്കൾ അതിൽ പ്രവേശിപ്പിച്ച് മനുഷ്യനെ ഉണ്ടാക്കിയിരിക്കുന്നു. എങ്കിലും പ്രധാനമായിട്ടു മൂന്നു സാധനങ്ങൾ കൂടി മനുഷ്യൻ ഉണ്ടാകുന്നു. അത് 1 തെസ്സ. 5:23-ൽ കാണുന്ന പ്രകാരം, ആത്മാവും ജീവനും ദേഹവും കൂടിയത്രെ. ഇങ്ങനെയിരിക്കുന്ന ആത്മാവും ജീവനും ദേഹവും ദൈവവും കൂടി ഒന്നായി ചേർന്നു അവനിൽ 'ദൈവത്വത്തിന്റെ പൂർണ്ണത മുഴുവനും ശരീരത്തോടുകൂടെ വസിക്കുന്നു' എന്നു കൊലോ. 2:9-ൽ പറഞ്ഞിരിക്കുന്ന പ്രകാരം മിശിഹാ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാകുന്നു. എന്നാൽ 'എന്റെ ആത്മാവ് മരണം വരെയും ദുഃഖിതമാകുന്നു' എന്നു മത്താ. 26:38-ൽ പറഞ്ഞിരിക്കുന്നതിനാൽ മിശിഹായിൽ മനുഷ്യനുള്ളതുപോലെ ഒരു ദേഹി ഉണ്ടെന്നും, 'തന്റെ ആത്മാവിനെ താൻ കൈവിട്ടു' എന്ന് മത്താ. 27:50 -ൽ പറഞ്ഞിരിക്കുന്നതിനാൽ മനുഷ്യനുള്ളതുപോലെ ഒരു ആത്മാവുണ്ടെന്നും, കുരിശിൽ അവനെ തറച്ചു എന്നു ലൂക്കോ. 23:33-ൽ പറഞ്ഞിരിക്കുന്നതിനാൽ മനുഷ്യനുള്ളതുപോലെ ഒരു ദേഹം ഉണ്ടെന്നും, 'ഇവൻ എന്റെ വാത്സല്യപുത്രനാകുന്നു' എന്നു മത്താ. 3:17-ലും; 'അബ്രഹാം ഉണ്ടാകുന്നതിനുമുമ്പേ മിശിഹാ ഉണ്ടെന്ന്' യോഹ. 8:58-ലും കാണുന്നതിനാൽ അവൻ ദൈവമാകുന്നു എന്നും നിശ്ചയമാണ്.

എന്നാൽ ഇനി നല്ലതുപോലെ ശ്രദ്ധിച്ചു കേട്ടാലും; തന്റെ ദൈവത്വത്തെ താൻ കൈവിട്ടു എന്നു പറയാതെ തന്റെ ആത്മാവിനെ കൈവിട്ടു എന്നു പറഞ്ഞിരിക്കുന്നതുകൊണ്ട്, ആത്മാവും ദേഹിയും ദേഹവും തമ്മിൽ വേർപിരിഞ്ഞു മരണത്തെ അനുഭവിച്ചു എന്നും, അവ തമ്മിൽ വേർപിരിഞ്ഞു മരണം അനുഭവിച്ച സമയത്ത് ആത്മാവിൽ നിന്നും ദേഹിയിൽ നിന്നും ദേഹത്തിൽ നിന്നും ദൈവത്വം മാറി പോയിട്ടില്ലെന്നു നിശ്ചയം തന്നെ ആയിരിക്കുന്നതിനാലും, ദൈവത്വം കൂടെ ഇരിക്കുമ്പോൾ ആത്മാവും ദേഹിയും ദേഹവും തമ്മിൽ വേർപിരിഞ്ഞു മരണം അനുഭവിച്ചതിനാലും ദൈവം മരിച്ചു എന്നു അറിഞ്ഞു വിശ്വസിക്കുകയും പറയുകയും ചെയ്യാഞ്ഞാൽ അതു വലിയ ദൈവദൂഷണമാകുന്നു. ഇനിയും കേട്ടാലും; അപ്പത്തിൽ നഞ്ചു (വിഷം) കലർത്തി ഭക്ഷിച്ച് ഒരുവൻ മരിച്ചാൽ അപ്പം തിന്നു മരിച്ചു എന്നു ചിലരും, നഞ്ചു തിന്നു മരിച്ചു എന്നു മറ്റു ചിലരും ഇങ്ങനെ രണ്ടുവിധത്തിലും പറയാമെങ്കിലും; അപ്പം തിന്നാൻ മരിക്കാത്തതും നഞ്ചുതിന്നാൽ മരിക്കുന്നതും ആ മരണത്തിന്റെ യഥാർത്ഥ കാരണം നഞ്ചിന്റെ വീര്യം കൊണ്ടു തന്നെ സംഭവിച്ചതുമാകയാൽ നഞ്ചു തിന്നു മരിച്ചു എന്നു തന്നെ പറയേണ്ടപ്രകാരം ദൈവവും മനുഷ്യനും കൂടിയ അമ്മാനുവേൽ മരിച്ചതിനാൽ ദൈവം മരിച്ചെന്നു ചിലരും മനുഷ്യൻ മരിച്ചെന്നു മറ്റു ചിലരും ഇങ്ങനെ രണ്ടു വിധത്തിൽ പറഞ്ഞാലും, മനുഷ്യൻ മരിച്ചാൽ രക്ഷയുണ്ടാകാത്തതും ദൈവമരണത്താൽ രക്ഷയുണ്ടായതും, രക്ഷയുടെ കൃത്യത ദൈവമരണം കൊണ്ടു തന്നെ ഉണ്ടായതും ആകയാൽ ദൈവം മരിച്ചു എന്നു അറിഞ്ഞു വിശ്വസിച്ചു പറയുവാൻ എല്ലാ മനുഷ്യർക്കും അത്യാവശ്യമാകുന്നു. പ്രത്യേകിച്ചും പുത്രൻ 'ദൈവത്തിൽ നിന്നുള്ള ദൈവമാകുന്നു' എന്നും മറ്റും എഴുതിയിരിക്കുന്ന വലിയ വിശ്വാസപ്രമാണത്തിൽ നിന്ന് 'മരിച്ചു' എന്നുള്ളതിനെ അവർ മായിച്ചുകളഞ്ഞിരിക്കുന്നതും, ആ വിവരം എഴുതിയിട്ടില്ലാത്ത അവരുടെ ചെറിയ വിശ്വാസപ്രമാണത്തിൽ 'മരിച്ചു' എന്നു എഴുതിയിരിക്കുന്നതും കൊണ്ടു തന്നെ അവരുടെ ഈ വിശ്വാസം അറിയോസിന്റെയും മക്കദോനിയോസിന്റെയും

Scanned by CamScanner

നെസ്തോറിന്റെയും അസത്യവിശ്വാസമാണെന്ന് മേൽപ്പറഞ്ഞ രണ്ടു വിശ്വാസ പ്രമാണങ്ങൾ സാക്ഷികളാകുന്നു.

21. **മിശിഹാപൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായിരിക്കുന്നതിനാൽ മനുഷ്യൻ മരിച്ചു എന്നു പറയുന്നതിൽ എന്തു ദൂഷ്യമാണുള്ളത്?**

അങ്ങനെ പറഞ്ഞാൽ അതു മഹാദൂഷ്യം തന്നെ. കേട്ടാലും; ആദ്യം മണ്ണു കൊണ്ട് ഒരു സ്വരൂപത്തെ ഉണ്ടാക്കി. രണ്ടാമത് ഒരു ജീവനെ അതിൽ പ്രവേശിപ്പിച്ച് ഒരാളായി തീർന്നശേഷം മണ്ണ് എന്നു അർത്ഥമായി ആദം എന്നു പേർ പറഞ്ഞിരിക്കുന്നതും, വീഞ്ഞായി തീർന്ന വെള്ളത്തെ കുടിച്ചു എന്നു യോഹ. 2:9-ൽ പറഞ്ഞിരിക്കുന്നതും നിരൂപിച്ചാൽ ആദ്യസൂചകം തന്നെ പ്രമാണമാകുന്നു എന്നും അതിനെ പ്രമാണമാക്കി പറയേണ്ടതാകുന്നു എന്നും നിശ്ചയമാണല്ലോ. ഇനിയും ചെവിക്കൊടുത്തു കേട്ടാലും; 'വചനം മാംസമായി നമ്മിൽ ആവസിച്ചു' എന്നു യോഹ. 1:14-ലും; ആദ്യത്തെ മനുഷ്യൻ ഭൂമിയിൽ നിന്നുള്ള മണ്ണും, രണ്ടാമത്തെ മനുഷ്യപുത്രൻ സ്വർഗ്ഗത്തിൽ നിന്നുള്ള കർത്താവും ആകുന്നു എന്ന് 1 കോരി. 15:47-ലും; യേശുമിശിഹാ സത്യമായിട്ടും ദൈവവും നിത്യജീവനുമാകുന്നു എന്നു 1 യോഹ. 5:20-ലും ദൈവത്വത്തെ പ്രമാണമാക്കി പറഞ്ഞിരിക്കുന്നതും, ദൈവമാതാവായ കന്യകയുടെ വയറ്റിൽ പരിശുദ്ധാത്മാവിനാൽ ദൈവത്വം ആദ്യസൂചകമായി തീർന്നു. രണ്ടാമത് അതിനോടുകൂടെ രക്തത്തോടുകൂടിയ ദേഹവും ദേഹിയും ആത്മാവും ഉണ്ടായി ദൈവം മനുഷ്യനായി പിറന്നിരിക്കുന്നതും ആകയാൽ ആദ്യസൂചകത്തെ പ്രമാണമാക്കി മിശിഹാ ദൈവമാകുന്നു എന്നും ദൈവം മരിച്ചു എന്നും നിശ്ചയിച്ചു നിഖ്യാ സുന്നഹദോസിൽ സ്ഥിരപ്പെടുത്തിയ വിശ്വാസപ്രമാണപ്രകാരം ദൈവം ജനിച്ചു എന്നും ദൈവം മരിച്ചു എന്നും ദൈവം ജീവിച്ചെഴുന്നേറ്റു എന്നും വിശ്വസിച്ചു പറയുവാൻ സർവ്വപേർക്കും അത്യാവശ്യമാകുന്നു. അതു തന്നെയുമല്ലാ; ദൈവം മരിച്ചു എന്നു വിശ്വസിച്ചു പറയാതെ ജനിച്ചു എന്നും ജീവിച്ചെഴുന്നേറ്റു എന്നും മാത്രം പറയുന്നതുകൊണ്ട് ഒരു പ്രയോജനവും ഇല്ലാത്തതാകയാൽ ദൈവം മരിച്ചു എന്നു വിശ്വസിച്ചു പറയുവാൻ ലജ്ജിക്കുന്നവർ ന്യായവിസ്താര ദിവസത്തിലും ലജ്ജിക്കേണ്ടിവരും.

പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെ സംബന്ധിച്ച്

22. **മേൽ വിശദീകരിച്ചു പറഞ്ഞു തന്ന എല്ലാ കാര്യങ്ങളും എനിക്കു ബോദ്ധ്യം വന്നിരിക്കുന്നു. എങ്കിലും ഏതാനും ചില ചോദ്യങ്ങളും കൂടെ ഞാൻ ചോദിക്കുകയാണ്. 'ഞാൻ പോയില്ലെങ്കിൽ പാറക്കലീത്താ നിങ്ങളുടെ അടുക്കലേക്കു വരുകയില്ല. ഞാൻ പോയാലൊ നിങ്ങൾക്കായി അവനെ ഞാൻ അയച്ചു തരും' എന്നു യോഹ. 16:7-ൽ പറഞ്ഞിരിക്കുന്നതിനാൽ പിതാവിൽ നിന്നു പരിശുദ്ധാത്മാവ് പുറപ്പെടുന്നു എന്നു നിശ്ചയിച്ചു എഴുതിയിരിക്കുന്ന നിഖ്യാ വിശ്വാസപ്രമാണത്തെ റോമാസഭ വ്യത്യാസം വരുത്തി പിതാവിൽ നിന്നും പുത്രനിൽ നിന്നും പരിശുദ്ധാത്മാവു പുറപ്പെടുന്നു എന്നു എഴുതിയുണ്ടാക്കിയത് സത്യമായിട്ടുള്ളതല്ലേയോ?**

അതു സത്യത്തിനും വേദപുസ്തകത്തിനും വിപരീതമായിട്ടുള്ളതാകുന്നു. കേട്ടാലും; 'ഞാൻ എന്റെ പിതാവിനോടപേക്ഷിക്കും. എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനായി മറ്റൊരു പാറക്കലീത്തായെ അവൻ നിങ്ങൾക്കു തരും' എന്നു യോഹ. 14:16-ലും 'എന്റെ പിതാവ് എന്റെ നാമത്തിൽ അയയ്ക്കുന്ന പരിശുദ്ധാത്മാവായ പാറക്കലീത്താ സർവ്വവും നിങ്ങളെ പഠിപ്പിക്കും' എന്നു അതിന്റെ

Scanned by CamScanner

26-ാം വാക്യത്തിലും; 'എന്റെ പിതാവിന്റെ അടുക്കൽ നിന്നു നിങ്ങൾക്കു ഞാൻ അയയ്ക്കുന്നതും എന്റെ പിതാവിന്റെ അടുക്കൽ നിന്നു പുറപ്പെടുന്നതുമായ സത്യത്തിന്റെ ആത്മാവായ പാറക്കലീത്താ വരുമ്പോൾ എന്നെക്കുറിച്ചു സാക്ഷിക്കുമെന്നു' യോഹ.15:26-ലും പറഞ്ഞിരിക്കുന്നതിനാൽ പരിശുദ്ധാത്മാവു പിതാവിൽ നിന്നു പുറപ്പെടുന്നു എന്നും; പുത്രനിൽ നിന്നു പുറപ്പെടുന്നില്ലെന്നും നിശ്ചയമാകുന്നു.

23. **ഞാൻ പോകുന്നില്ലെങ്കിൽ പാറക്കലീത്താ വരികയില്ലെന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് പുത്രനിൽ നിന്നും കൂടെ പുറപ്പെടുന്നില്ലെയൊ?**

ആ വാക്കുകൊണ്ട് പുത്രനിൽ നിന്നും കൂടെ പരിശുദ്ധാത്മാവു പുറപ്പെടുന്നു എന്നു നിശ്ചയിച്ചുകൂടാ. പിതാവിനോടപേക്ഷിച്ച് പരിശുദ്ധാത്മാവിനെ അയയ്ക്കാമെന്നത്രെ അതിന്റെ സാരം.

24. **പരിശുദ്ധാത്മാവിനാൽ മിശിഹാ പല അത്ഭുതങ്ങൾ കാണിച്ചിരിക്കകൊണ്ട് അതു പുത്രനിൽ നിന്നും കൂടെ പുറപ്പെടുന്നതാകുന്നു എന്നു നിശ്ചയിച്ചുകൂടായൊ?**

പരിശുദ്ധാത്മാവിനാൽ ശ്ലീഹന്മാരും പല അത്ഭുതങ്ങൾ കാണിച്ചിട്ടുള്ളതുകൊണ്ട് പരിശുദ്ധാത്മാവ് അവരിൽ നിന്നും കൂടെ പുറപ്പെടുന്നു എന്നു നിരൂപിക്കാമെങ്കിലല്ലാതെ അപ്രകാരം നിരൂപിച്ചുകൂടാ.

25. **പരിശുദ്ധാത്മാവ് പിതാവിൽ നിന്നു പുറപ്പെടുന്നു എന്നു വിശ്വസിച്ചു പറയുവാനുള്ളതാണ് എന്നും പുത്രനിൽ നിന്നും കൂടെ പരിശുദ്ധാത്മാവു പുറപ്പെടുന്നു എന്നു വിശ്വാസപ്രമാണത്തിൽ അവർ കൂട്ടി എഴുതിയത് വലിയ തെറ്റാണെന്നും എനിക്കു ബോദ്ധ്യമായിരിക്കുന്നു. എങ്കിലും അതിനെക്കുറിച്ചു ഒരു ചോദ്യം കൂടെ ചോദിക്കുന്നു:- 'എനിക്കുള്ളതിൽ നിന്നു അവൻ എടുത്തു നിങ്ങൾക്കു കാണിച്ചുതരും' എന്നു യോഹ. 16:15-ൽ പരിശുദ്ധാത്മാവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നതിനാൽ പരിശുദ്ധാത്മാവ് പുത്രനിൽ നിന്നും കൂടി പുറപ്പെടുന്നു എന്ന് നിരൂപിപ്പാൻ ഇടയില്ലയൊ? 'മിശിഹാ കഷ്ടപ്പെടുവാനും മരിച്ചവരിൽ നിന്നു ഉയിർക്കുവാനും വേണ്ടിയവനാകുന്നു' എന്ന് അപ്പോ. പ്രവൃത്തി 17:3-ൽ പറഞ്ഞിരിക്കുന്നതല്ലാതെ, മരിപ്പാൻ വേണ്ടിയവനാകുന്നു എന്നു കൂടെ പറഞ്ഞിട്ടില്ലാത്തതിനാൽ വിശ്വാസപ്രമാണത്തിൽ നിന്നു 'മരിച്ചു' എന്നുള്ള വാക്കു മായിക്കേണ്ടതായതുകൊണ്ടല്ലയൊ അവർ മായിച്ചുകളഞ്ഞിരിക്കുന്നത്?**

ഇപ്രകാരമുള്ള ചോദ്യങ്ങൾ വീണ്ടും ചോദിക്കുന്നതിൽ അത്ഭുതം തോന്നുന്നു. 1-ാമത്; പരിശുദ്ധാത്മാവിനെക്കുറിച്ച് മേൽപ്പറഞ്ഞ വാക്യത്തിൽ എനിക്കുള്ളതിൽ നിന്നു അവൻ എടുത്തു നിങ്ങളോടറിയിക്കുമെന്നു ശ്ലീഹന്മാരോടു കൽപ്പിച്ചിരിക്കുന്നതല്ലാതെ മിശിഹായിൽ നിന്നു പുറപ്പെടുന്നു എന്നു കൽപ്പിച്ചിട്ടില്ലാത്തതും; പിതാവിൽ നിന്നു പുറപ്പെടുന്നു എന്നു പല വാക്യങ്ങളും സ്ഥിരമായി പറഞ്ഞു കാണുന്നതും ആകയാൽ പരിശുദ്ധാത്മാവ് പിതാവിൽ നിന്നു പുറപ്പെടുകയും പുത്രനിൽ നിന്നു എടുക്കുകയും ചെയ്യുന്നതല്ലാതെ പുത്രനിൽ നിന്നു പുറപ്പെടുന്നതല്ലെന്നു നിശ്ചയം തന്നെ ആകുന്നു.

2-ാമത്; ദൈവം മരിച്ചില്ലെന്നുള്ള ഉറപ്പിനു താൻ മേൽപ്പറഞ്ഞ വാക്യത്തിൽ മരിച്ചു എന്നു പറഞ്ഞിട്ടില്ലെങ്കിലും, മരിച്ചവരിൽ നിന്നു ജീവിച്ചെഴുന്നേറ്റു എന്നു പറഞ്ഞിരിക്കകൊണ്ട് മരിച്ചു എന്നു നിശ്ചയിപ്പാനും അതിൻപ്രകാരം വിശ്വസിപ്പാനും ഇടയായിരിക്കുമ്പോൾ, മരിച്ചു എന്നുള്ളതിനെ വിശ്വാസപ്രമാണത്തിൽ

Scanned by CamScanner

നിന്നും അവർ മായിച്ചത് വലിയ തെറ്റാകുന്നു. മിശിഹാ ദൈവമാകുന്നു എന്നു മാത്രം ഒരു വാക്യത്തിലും, അവൻ ജനിച്ചു എന്നു മാത്രം വേറൊരു വാക്യത്തിലും, കഷ്ടപ്പെട്ടു എന്നു മാത്രം മറ്റൊരു വാക്യത്തിലും, മരിച്ചു എന്നു മാത്രം വേറൊരു വാക്യത്തിലും, അടക്കപ്പെട്ടു എന്നു മാത്രം മറ്റൊരു വാക്യത്തിലും, ജീവിച്ചെഴുന്നേറ്റു എന്നു മാത്രം വേറെ വാക്യത്തിലും എഴുതി കണ്ടാലും അതിൽ ഒരു വാക്യത്തിൽ പറഞ്ഞിരിക്കുന്ന കാര്യം മാത്രമെ നടന്നിട്ടുള്ള എന്നു നിശ്ചയിപ്പാൻ ഇടയില്ലാത്തതിനാൽ എല്ലാ വാക്യങ്ങളേയും ശോധന ചെയ്ത് ജനിച്ചു എന്നും മരിച്ചു എന്നും ജീവിച്ചെഴുന്നേറ്റു എന്നും മറ്റും വിവരിച്ച് എഴുതിയിരുന്ന വലിയ വിശ്വാസപ്രമാണ[4]ത്തിൽ നിന്ന് 'മരിച്ചു' എന്നുള്ള വാക്കിനെ മാത്രം അവർ മായിച്ചതും, ചെറിയ വിശ്വാസപ്രമാണത്തിൽ 'മരിച്ചു' എന്ന് അവർ എഴുതിയതു കൊണ്ടു തന്നെ അവരുടെ വിശ്വാസം നെസ്തോറിയോസിന്റെയും മക്കദോനിയോസിന്റെയും ഇടത്തൂടായ വിശ്വാസമാകുന്നു എന്നും, പാപം മൂലം മരിച്ചിരുന്ന ആദാമിന്റെ സന്തതികളെ ദൈവമായ മിശിഹായുടെ മരണം മൂലം വീണ്ടുകൊള്ളപ്പെട്ടിരിക്കുമ്പോൾ സാരമായ തന്റെ മരണത്തെ വിശ്വാസപ്രമാണത്തിൽ നിന്നു അവർ തള്ളിക്കളഞ്ഞത് മഹാദോഷം തന്നെയാകുന്നു.

കാതോലികസഭ ഏതാകുന്നു?

26. ശുദ്ധമുള്ള ഏകസഭയിൽ അത് കാതോലികവും ശ്ലൈഹികവുമായതാണെന്ന് വിശ്വസിക്കുന്നു എന്ന് ശക്തമായി കാതോലികസഭയെ ബഹുമാനിച്ചു പറഞ്ഞിരിക്കുന്നത് എന്തുകൊണ്ടാണ്?

Imp

മേൽപറഞ്ഞിരിക്കുന്ന അറിയോസ് മുതലായ ആളുകൾ അവരുടെ ബുദ്ധിക്കുറവുകൊണ്ടും സാത്താന്റെ പരീക്ഷ കൊണ്ടും ഓരോരൊ ഇടത്തൂടുകൾ നിരൂപിച്ചു പറഞ്ഞു പഠിപ്പിക്കുകയും, പിന്നീടും പിശാചിനടുത്ത വാശിയിൽ ഉൾപ്പെട്ട് അവർ പഠിപ്പിച്ച ഇടത്തൂടിനെ ഉറപ്പിക്കണമെന്ന് താൽപ്പര്യപ്പെട്ടു തുടങ്ങുകയും, വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന യുക്തികളെ ഭേദം വരുത്തി മറുയുക്തിയായി പറഞ്ഞു അവർ പഠിപ്പിക്കുന്ന ഇടത്തൂടിനെ വേദപുസ്തകത്തിൽ നിന്നു തന്നെ ദൃഷ്ടാന്തപ്പെടുത്തി ഉറപ്പിക്കുകയും ചെയ്തതിനാൽ, അങ്ങനെ വരാതിരിക്കുന്നതിനും, യാതൊരുത്തരും വേദപുസ്തകം വായിച്ച് കാതോലികസഭ നിശ്ചയിച്ചതിന് വിപരീതമായിട്ടു ഒരു അർത്ഥം തോന്നുന്നു എങ്കിൽ ആയത് അവന്റെ തെറ്റു തന്നെ ആണെന്നു നിശ്ചയിച്ചുകൊള്ളുവാനും വേണ്ടി പുസ്തകം മുഴുവനേയും അതിൽ മറഞ്ഞിരിക്കുന്ന രഹസ്യങ്ങളേയും ശ്ലീഹന്മാരുടെ വാക്കാലുള്ള ഉപദേശങ്ങളേയും പരിശോധിച്ച് ത്രിത്വത്തെക്കുറിച്ചുള്ള വിശ്വാസത്തേയും മറ്റു ചട്ടങ്ങളേയും കാതോലികസഭ നിശ്ചയിച്ച് ഇടത്തൂടുകളെ തള്ളിക്കളഞ്ഞിരിക്കുന്നതുകൊണ്ട് അതിനെ ഏറ്റവും മഹത്വപ്പെടുത്തി വിശ്വസിക്കണമെന്നു പറഞ്ഞിരിക്കുന്നതാകുന്നു.

27. 'കാതോലികസഭ' എന്നു പറയുന്നത് ഏതാകുന്നു? 'ഏകസഭ' എന്നു പ്രത്യേകം പറയുവാനുള്ള കാരണവും എന്താകുന്നു?

കാതോലികസഭ എന്നു പറയുന്നത് മേൽപ്പറഞ്ഞ മൂന്നു പൊതു സുന്നഹദോസു (നിഖ്യാ 325; കുസ്തന്തീനോപ്പോലീസ് 381; എപ്പേസോസ് 431) കളെ ആകുന്നു. എന്നാൽ പിതാവും പുത്രനും പരിശുദ്ധാത്മാവും ഏകദൈവമാകുന്നു എന്നു വിശ്വസിക്കുന്നതുപോലെ തന്നെ ത്രിത്വത്തെ സംബന്ധിച്ചുണ്ടായ അവി

4. നിഖ്യാവിശ്വാസപ്രമാണം

Scanned by CamScanner

ശ്വാസത്തെ നീക്കി സത്യവിശ്വാസത്തെയും പള്ളിക്രമങ്ങളെയും ഉറപ്പിച്ച് കൽപ്പിച്ചതായ നിഖ്യായിലും കുസ്തന്തീനൊപ്പോലീസിലും എപ്പെസോസിലും ഉണ്ടായ മൂന്നു പൊതു (സാർവ്വത്രിക) സുന്നഹദോസുകളെ ഒന്നാക്കി ഏകസഭ എന്നു ഈ സുന്നഹദോസുകളെ ചേർത്തു പറഞ്ഞിരിക്കുന്നതാകുന്നു. അതു തന്നെയുമല്ല; പിതാവിന്റെയും പുത്രന്റെയും സർവ്വവല്ലഭത്വത്തെ മൂന്നിൽ ഒന്നാകുന്ന പരിശുദ്ധാത്മാവ് ഭൂലോകത്തിൽ സാക്ഷിപ്പെടുത്തി ഉറപ്പിച്ചിരിക്കുന്നതുപോലെ, നിഖ്യായിലെയും കുസ്തന്തീനൊപ്പോലീസിലെയും സുന്നഹദോസുകളെ മൂന്നിൽ ഒന്നാകുന്ന എപ്പെസോസിലെ സുന്നഹദോസ് സാക്ഷിപ്പെടുത്തി ഉറപ്പിച്ചിരിക്കുന്നു. അതു തന്നെയുമല്ലാ; മേലിനടുത്ത ഊർശ്ലേമാകുന്ന സ്വർഗ്ഗത്തോടു ഭൂമിയിലുള്ള ഊർശ്ലേമാകുന്ന പട്ടണത്തെ ഉപമിച്ചിരിക്കുന്ന പ്രകാരം തന്നെ, ആകാശത്തിലുള്ള ത്രിത്വമായ ഏകദൈവത്തിനു ആസിയ (ഏഷ്യാ)യിലുണ്ടായ മൂന്നു സുന്നഹദോസുകളാകുന്ന ഏകസഭയെ ഉപമിച്ചിരിക്കുന്നു.

28. **'ഏകസഭ' എന്നു പറഞ്ഞിരിക്കുന്നത് മൂന്നു (പൊതു) സുന്നഹദോസുകളെ ചേർത്തു തന്നെയൊ പറഞ്ഞിരിക്കുന്നത്?**

അതുതന്നെ. ഒരു സുന്നഹദോസിനെ എങ്കിലും ഒരു സഭയെ എങ്കിലും പറഞ്ഞതായിരുന്നെങ്കിൽ സഭ എന്നല്ലാതെ 'ഏകസഭ' എന്നു പറയുവാൻ ഇടയില്ലായിരുന്നു. എന്നാൽ പിതാവും പുത്രനും പരിശുദ്ധാത്മാവും മൂന്നു ക്നൂമാ ആകുന്നതിനാൽ മൂന്നു ദൈവമെന്നു ബുദ്ധിയില്ലാത്തവർ നിശ്ചയിക്കാതിരിപ്പാനായി ഏകദൈവമെന്നു പറഞ്ഞിരിക്കുന്ന പ്രകാരം തന്നെ; നിഖ്യായിലും കുസ്തന്തീനൊപ്പോലീസിലും എപ്പെസോസിലും മൂന്നായിട്ടു സുന്നഹദോസു കൂടിയിട്ടുള്ളതിനാൽ അതിനെ മൂന്നു സഭ എന്നു ബുദ്ധിയില്ലാത്തവർ വിശ്വസിക്കാതിരിപ്പാനായി മൂന്നു സുന്നഹദോസുകളെ ഒന്നാക്കി ചേർത്ത് 'ഏകസഭ' എന്നു പറഞ്ഞിരിക്കുന്നതാകുന്നു.

29. **കൊള്ളാം; ആ സഭയെ 'കാതോലികവും ശ്ലൈഹിക'വുമെന്നു പറഞ്ഞിരിക്കുന്നതിനാൽ ആ സഭ എന്നു പറഞ്ഞത് ശ്ലീഹന്മാരുടെ കൂട്ടത്തെ അല്ലയൊ?**

ശ്ലീഹന്മാരാൽ ഉറപ്പിക്കപ്പെട്ടിരുന്ന വിശ്വാസം തന്നെ ഈ സുന്നഹദോസുകളാൽ ദൈവം ഉറപ്പാക്കിയിരിക്കുന്നതിനാൽ ശ്ലീഹന്മാരും അടങ്ങിയിരിക്കുന്നു. എങ്കിലും പ്രത്യേകിച്ച് ഈ സുന്നഹദോസുകളെ തന്നെ ചേർത്തു പറഞ്ഞിരിക്കുന്നതാകുന്നു. കേട്ടാലും; കാതോലികം (കത്തോലിക്ക-Catholic) എന്നു പറയുന്നതിന്റെ അർത്ഥം "പൊതുവ്" എന്നാകുന്നു. അതിനാൽ ലോകം മുഴുവൻ വ്യാപരിക്കുന്നതിനും സർവ്വ ആളുകളും ഇതിൽ വിശ്വസിച്ച് അംഗങ്ങളായി ചേർന്നു ജീവിക്കേണ്ടതിനുമായി മൂന്നു സുന്നഹദോസുകളായ ഈ ഒരു പൊതുവിനെ കാതോലിക (കത്തോലിക്ക) സഭ എന്നു പറഞ്ഞിരിക്കുന്നു. അതു തന്നെയുമല്ലാ; ശ്ലീഹായ്ക്കടുത്തതെന്നു പറയുന്നതിന്റെ അർത്ഥം കേട്ടാലും-ഇവൻ അപ്പനെ പോലെ ഇരിക്കുന്ന മകനാകുന്നു എന്നു പറഞ്ഞാൽ അപ്പൻ മുൻപും മകൻ പിൻപുമായി മകനെ സ്ഥിരപ്പെടുത്തി പറയുന്നതുപോലെ തന്നെ; ശ്ലീഹാ മുൻപും സഭ പിൻപുമായി ശ്ലീഹായെപോലെ ഇരിക്കുന്നതാണെന്നു സഭയെ സ്ഥിരപ്പെടുത്തി പറഞ്ഞിരിക്കുന്നതിനാൽ, ശ്ലീഹന്മാരാൽ വായ് കൊണ്ടു പറഞ്ഞു പഠിപ്പിച്ച് ഉറപ്പിക്കപ്പെട്ടിരുന്ന കാര്യങ്ങളെ നിശ്ചയിച്ച് ഉറപ്പിച്ചതായ ഈ മൂന്നു സുന്നഹദോസുകളെ തന്നെ ചേർത്തു പറഞ്ഞിരിക്കുന്നതാണെന്നു സ്പഷ്ടമാകുന്നു. രണ്ടു മൂന്നു പേരുടെ സാക്ഷി കൈക്കൊള്ളപ്പെട്ടതാകുന്നു എന്നു എഴുതപ്പെട്ടിരിക്കുന്ന പ്രകാരം ഈ മൂന്നു സുന്നഹദോസു കൂടുവാനും ഇടത്തൂടു

Note This V.Imp point

Scanned by CamScanner

കളെ അകറ്റുവാനും അവർ സത്യത്തിന്മേൽ സാക്ഷിപ്പാനും അതിനെ കൈക്കൊള്ളപ്പെടുവാനും ഇടവന്നതിനാൽ സഭയുടെ തലയായ മിശിഹായുടെ ചെങ്കോലായി ദൈവത്താൽ കൂടിയ സുന്നഹദോസാണ് ഇവയെന്നും, ഈ സുന്നഹദോസുകളോട് മറുതലിക്കുന്നവൻ ദൈവത്തോടു മറുതലിക്കുന്നു എന്നും സ്പഷ്ടമായിരിക്കുന്നു.

30. **ത്രിത്വവും ഏകവും എന്നുള്ള വിശ്വാസത്തിന്റെ പേരായിട്ടത്രെ കാതോലികം എന്നു പറയുന്നത് എന്നു നിശ്ചയിച്ചുകൂടായൊ. അങ്ങനെയെങ്കിൽ കാതോലികവിശ്വാസമെന്നു ആ വിശ്വാസത്തെ പറയുകയും, ആ വിശ്വാസികളുടെ കൂട്ടത്തെ കാതോലികസഭ എന്നു പറയുകയും ചെയ്യരുതൊ?**

ത്രിത്വത്തിൽ ഉള്ള വിശ്വാസവും കാതോലികസഭയിലുള്ള വിശ്വാസവും വിശ്വാസപ്രമാണത്തിൽ രണ്ടായിട്ടു പറഞ്ഞിരിക്കുന്നതുകൊണ്ടുതന്നെ നിരൂപിച്ചാൽ ദൈവം ത്രിത്വവും ഏകവുമാകുന്നു എന്നും മറ്റും നിശ്ചയിച്ച കൂട്ടത്തെ കാതോലികസഭ എന്നു പറഞ്ഞതല്ലാതെ വിശ്വാസത്തെ കാതോലികവിശ്വാസമെന്നു പറഞ്ഞുകൂടാ. വിശ്വാസമെന്നു പറയുന്ന മൊഴിയുടെ വിശേഷവാക്കായി കാതോലികവിശ്വാസമെന്നു പറയുന്ന മൊഴി വച്ചു ചേർത്ത് കാതോലികവിശ്വാസമെന്നു ഒരു പേർ പറഞ്ഞുകൂടാ. അങ്ങിനെ ഒരിടത്തും കാണുന്നുമില്ല. അതിനാൽ കാതോലികമതമെന്നു ഒരു പേരു പറയുവാനും നിർവ്വാഹമില്ല. അതു തന്നെയുമല്ലാ; അങ്ങനെ ആകാമെങ്കിൽ ത്രിത്വവും ഏകവുമായിരിക്കുന്ന ദൈവത്തെയും കാതോലികദൈവമെന്നും കൂടെ പറയാവുന്നതാകുന്നു. അങ്ങനെ പറയാമെങ്കിൽ, തൊലിയും കഴമ്പും കുരുവും കൂടിയുള്ള പഴങ്ങളേയും; തൊലിയും വെള്ളയും കാതലും കൂടിയുള്ള വൃക്ഷങ്ങളേയും കാതോലികപഴങ്ങളും വൃക്ഷങ്ങളും എന്നു പറയുവാൻ ഇടയുണ്ട്. അതു തന്നെയുമല്ലാ; ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നിവരെയും കാതോലികമെന്നും ആ മതത്തെ കാതോലികമതമെന്നും ആ മതക്കാരെ കാതോലികമതക്കാരെന്നും അവരുടെ കൂട്ടത്തെ കാതോലികസഭ എന്നും പറയുവാൻ ഇടയുണ്ട്.

31. **വിശ്വാസവിപരീതത്തെക്കുറിച്ച് തീരുമാനിച്ചു നിശ്ചയിക്കുവാൻ സുന്നഹദോസ് കൂടിയതിനാൽ അവിടെ നിശ്ചയിച്ച വിശ്വാസത്തിൽ കീഴമർന്നിരിക്കുകയും വേറൊരു പള്ളിക്രമം അനുസരിക്കുകയും ചെയ്താൽ അങ്ങനെയുള്ളവരെ കാതോലികസഭയിൽ ഉൾപ്പെട്ടവരെന്നു പറയരുതൊ?**

പുരുഷവസ്ത്രം ധരിച്ച് സ്ത്രീകൾക്കു നടക്കാമെങ്കിലൊ, പുരുഷവസ്ത്രം ധരിച്ച് നടക്കുന്ന സ്ത്രീകളെ പുരുഷന്മാരെന്നു പറയാമെങ്കിലൊ അല്ലാതെ അങ്ങനെയുള്ളവരെ കാതോലികസഭയിൽ ഉൾപ്പെട്ടവരെന്നു പറഞ്ഞുകൂടാ.

32. **കാതോലികസഭ എന്നു പറയുന്നത് റോമാസഭയാണെന്നു നിരൂപിച്ചുകൂടായൊ?**

റോമാസഭ ഉണ്ടാകുന്നതിനുമുമ്പ് ശ്ലീഹന്മാരുടെ കാലത്ത് അവർ നിർമ്മിച്ചുണ്ടാക്കിയതായി റോമാസഭക്കാരുടെ പക്കൽ കാണുന്ന ചെറിയ വിശ്വാസപ്രമാണത്തിൽ കാതോലികസഭ എന്നു എഴുതി കാണുന്നതിനാൽ അങ്ങനെ ഒരു സംശയം ആ സഭക്കാർക്കു പോലുമില്ലെന്നു നിശ്ചയമാകുന്നു. മിശിഹാ പിറന്നിട്ടു 60-ാം വർഷത്തിൽ റോമാക്കാർക്കു പൗലൂസ് എഴുതിയ ലേഖനത്തിൽ അവരെ 'സഭ' എന്നു വിളിപ്പാൻ തക്കനിലയിൽ എത്തിയിരുന്നില്ലാഞ്ഞതിനാൽ "റോമാക്കാർക്ക് എഴുതുന്നത്" എന്നു എഴുതിയിരിക്കുന്നതും; മറ്റു പല ദിക്കു

Scanned by CamScanner

കാർക്കും എഴുതിയിട്ടുള്ള ലേഖനങ്ങളിൽ 'സഭ' എന്നു എഴുതിയിരിക്കുന്നതും കൊണ്ടു തന്നെ നിരൂപിച്ചാൽ, ചെറിയ വിശ്വാസപ്രമാണം ശ്ലീഹന്മാർ തന്നെ ഉണ്ടാക്കിയതായിരുന്നാലും റോമാസഭയെ ഉദ്ദേശിച്ചുകൊണ്ട് കാതോലികസഭ എന്നു പറഞ്ഞിരിക്കുന്നതല്ല എന്നു നിശ്ചയമാകുന്നു. എന്നാൽ മേൽ എഴുതിയിരിക്കുന്ന ദൃഷ്ടാന്തങ്ങൾ കൊണ്ട് കാതോലികസഭ എന്നു പേരു വിളിച്ച ആണ്ടും കാലവും മേൽ എഴുതിയിരിക്കുന്നതിനാൽ ആയതിനെ നിരൂപിച്ചാൽ മുമ്പു പറഞ്ഞിരിക്കുന്ന മൂന്നു സുന്നഹദോസുകളെ 'കാതോലികസഭ' എന്നു പറഞ്ഞിരിക്കുന്നതായി ഏവർക്കും നിശ്ചയിക്കാൻ ഇടയുണ്ട്. അതു തന്നെയുമല്ലാ; ജീവനെ രക്ഷിക്കുന്ന വെള്ളം കൊണ്ടു തന്നെ ജീവനാശവും വരുത്തുന്നതുപോലെ, ആത്മരക്ഷയുണ്ടാകുന്ന വേദപുസ്തകത്തിന്റെ അർത്ഥവും ശ്ലീഹന്മാരുടെ വാക്കുപദേശവും തെറ്റിച്ച് അതുകൊണ്ടുതന്നെ ആരും ആത്മനാശം. വരുത്താതിരിപ്പാൻ വേണ്ടി തെറ്റി പോകാതെ ഒരു വിശ്വാസസത്യമായി മേൽപറഞ്ഞ മൂന്നു സുന്നഹദോസിൽ വിശ്വാസപ്രമാണവും, കാനോനുകളും, ചട്ടങ്ങളും കൽപ്പിക്കുകയും ആ സുന്നഹദോസിനെ "കാതോലികസഭ" എന്നു പേരു വിളിക്കുകയും, അവിടെ നിശ്ചയിച്ചതിൽ നിന്നു യാതൊന്നും കൂട്ടുകയൊ കുറയ്ക്കുകയൊ ചെയ്യരുതെന്നും, കൂട്ടുകയൊ കുറയ്ക്കുകയൊ ചെയ്യുന്നവൻ മഹറോൻ ഏൽക്കപ്പെടുമെന്നു നിശ്ചയിക്കുകയും ചെയ്തിരിക്കുമ്പോൾ ഓരോരൊ സിദ്ധാന്തത്തെക്കുറിച്ചു കാതോലികസഭയോടു മറുതലിച്ച് അതിൽ നിന്നു തെറ്റി പോയിരിക്കുന്നതിനാൽ അങ്ങനെയുള്ളവരുടെ കൂട്ടം കാതോലിക്കാപള്ളി(സഭ) അല്ലെന്നു നിശ്ചയം.

അതുതന്നെയുമല്ലാ; പുത്രന്മാർ ദൈവവിരോധം ചെയ്യുകയും മാതാപിതാക്കന്മാരെ അനുസരിക്കാതെയും താന്തോന്നികളായി തീർന്നാൽ പല മാതാപിതാക്കൾ ഒരുമിച്ചു കൂടി പുത്രന്മാർ ചെയ്യുന്ന ദൈവവിരോധവും അതിനാൽ അവർക്കു വരുന്ന നാശവും വിചാരിച്ച് മേലാൽ ഉത്തമപുത്രന്മാർ ആരും അങ്ങനെ ചെയ്യാതിരിപ്പാൻ വേണ്ടി പുത്രന്മാർ നടക്കേണ്ട രീതി ചട്ടപ്പെടുത്തി പുത്രന്മാർ മാതാപിതാക്കന്മാർക്ക് കീഴ്വഴങ്ങി ഇരിക്കണമെന്നു നിശ്ചയിച്ചു കൽപ്പിക്കുന്ന പ്രകാരം തന്നെ; ഒന്നാമത് അറിയോസും, രണ്ടാമത് മക്കദോനിയോസും, മൂന്നാമത് നെസ്തോറിയോസും, അവിശ്വാസവും ഇടത്തൂടും ഉണ്ടാക്കിയതിനാൽ, ശേഷം പേർക്കുവേണ്ടി സുന്നഹദോസുകൂടി വിശ്വാസവും ആചാരക്രമങ്ങളും കാനോനുകളും നിശ്ചയിച്ചിരിക്കുന്നതും, ഈ സുന്നഹദോസിലെ നിശ്ചയങ്ങളെ സകലമാനപേരും അംഗീകരിച്ചിരിപ്പാൻ വേണ്ടി കാതോലികസഭയിൽ വിശ്വസിക്കണമെന്നു കൽപ്പിച്ചിരിക്കുന്നതും ആയതിനാൽ; കൽക്കിദോനിൽ കൂടി വ്യത്യാസം വരുത്തിയ വിശ്വാസപ്രമാണവും പള്ളിക്രമങ്ങളും അനുസരിച്ച് കാതോലികസഭയിൽ നിന്നും തെറ്റി നടന്നുംകൊണ്ട് കാതോലികസഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു എന്നു വിശ്വാസപ്രമാണത്തിൽ അവർ വായിക്കുന്നത് വലിയ കഷ്ടം തന്നെ. കാതോലികസഭ റോമാസഭയാണെന്നു അവർ പറയുന്നതു ശരിയല്ലെന്നു വ്യക്തമായി അറിയുന്നതിന് 26-ാമത് ചോദ്യത്തിന്റെ ഉത്തരം മുതൽ 32-ാമതു ചോദ്യത്തിന്റെ ഉത്തരം വരെ ചേർത്തു വായിക്കുക.

33. **കൽക്കിദോനിൽ കൂടി നിശ്ചയിച്ചപ്രകാരമുള്ള വിശ്വാസത്തിലും ആചാരക്രമങ്ങളിലും റോമാസഭക്കാർ വിശ്വസിച്ചു നടന്നു വരുന്നു എങ്കിലും; സുറിയാനിക്കാർ നടത്തിപ്പോരുന്ന വിശ്വാസപ്രമാണവും പള്ളിക്രമങ്ങളും നിഖ്യായിൽ ക്രമപ്പെടുത്തിയതല്ലെന്നു അവർ പറയുന്നതിനാൽ, അവിടെ സ്ഥിരപ്പെടുത്തിയ വിശ്വാസപ്രമാണവും ആചാരക്രമങ്ങളും നടപ്പിൽ ഇല്ലാതെ കിടക്കുന്നു എന്നു നിരൂപിപ്പാൻ ഇടയില്ലയൊ?**

Note this apt example for Catholic church (not Roman)

Scanned by CamScanner

അങ്ങനെ നിരൂപിപ്പാൻ ഇടയില്ല. സുറിയാനിക്കാർ നടത്തിപ്പോരുന്ന വിശ്വാസപ്രമാണവും പള്ളിക്രമങ്ങളും മേൽപ്പറഞ്ഞ സുന്നഹദോസിൽ സ്ഥിരപ്പെടുത്തികൈക്കൊണ്ടതു തന്നെയാകുന്നു. കേട്ടാലും; നിഖ്യായിൽ സുന്നഹദോസു കൂടിയത് മേൽപ്പട്ടക്കാർ തന്നെ ആയിരുന്നതിനാൽ മേൽപ്പട്ടക്കാരെ പട്ടം കെട്ടുവാനും മറ്റു കൂദാശ പ്രവൃത്തികൾ ചെയ്‌വാനും മുമ്പേ തന്നെ ചില പള്ളിക്രമങ്ങൾ ഉണ്ടായിരുന്നു എന്നും സുന്നഹദോസിൽ വച്ച് ആയതിനെ സ്ഥിരപ്പെടുത്തി എന്നും അതിനാൽ കാതോലികസഭ എന്നു പേരു വിളിക്കപ്പെട്ടു എന്നും ആയതുകൊണ്ട് കാതോലികസഭയിൽ വിശ്വസിക്കുന്നു എന്നു ലജ്ജ കൂടാതെ സുറിയാനിക്കാർ പറഞ്ഞു വരുന്നു എന്നും നിശ്ചയമാകുന്നു. അങ്ങനെ അല്ലെന്നുണ്ടെങ്കിൽ സുറിയാനിക്കാർ അനുസരിച്ചുവരുന്ന പള്ളിക്രമങ്ങൾ ഇന്ന ഇടത്തുവച്ചു നിശ്ചയിച്ചതാണെന്നു ബോദ്ധ്യം വരുത്തുകയും നിഖ്യായിൽ നിശ്ചയിക്കപ്പെട്ടതായി നടപ്പിൽ ഇല്ലാതെ കിടക്കുന്ന പള്ളിക്രമങ്ങൾ അവർ കൊണ്ടുവന്നു കാണിക്കുകയും ചെയ്യട്ടെ. അതല്ലെങ്കിൽ കാതോലികസഭ നിശ്ചയിച്ചതായി ഇപ്പോൾ സുറിയാനിക്കാർ അനുസരിച്ചു വരുന്ന പള്ളിക്രമങ്ങൾ അവർ അനുസരിച്ചു നടന്നും കൊണ്ട് കാതോലികസഭയിൽ വിശ്വസിക്കുന്നു എന്നു പറയുകയല്ലെ വേണ്ടത്. അല്ലാതെ കാതോലികസഭയിൽ നിന്നും തെറ്റി കൽക്കിദോനിൽ വച്ചുണ്ടാക്കിയ പള്ളിക്രമങ്ങളെ അനുസരിച്ചു നടന്നുംകൊണ്ട് കാതോലികസഭയിൽ വിശ്വസിക്കുന്നു എന്നു പറയുന്നതിൽ സത്യമില്ലെന്നു പറയേണ്ടിയിരിക്കുന്നു.

ശ്രദ്ധിച്ചു കേട്ടാലും; സുറിയാനിക്കാർ നടത്തി പോരുന്ന വിശ്വാസപ്രമാണവും പള്ളിക്രമങ്ങളും മേൽപ്പറഞ്ഞ സുന്നഹദോസിൽ വച്ചല്ലാ മറ്റു ഇന്ന ഇടത്തുവച്ച് നിശ്ചയിച്ചതാണെന്നു ബോദ്ധ്യപ്പെടുത്തുവാൻ നിർവ്വാഹമില്ലാഴികകൊണ്ടും, നിഖ്യാ സുന്നഹദോസിൽ നിശ്ചയിക്കപ്പെട്ടതായി നടപ്പിൽ ഇല്ലാതെ കിടക്കുന്ന ഒരു പള്ളിക്രമം കാണ്മാൻ ഇല്ലാത്തതുകൊണ്ടും A.D. 325-ാംമാണ്ടിൽ നിഖ്യായിൽ സുന്നഹദോസുകൂടി നിശ്ചയിച്ചതുമുതൽ ഏറിയകാലമായി ഇപ്പോഴും സുറിയാനിപള്ളികളിൽ ഉപയോഗിച്ചുവരുന്ന പള്ളിക്രമങ്ങൾ റോമാസഭയിലും ഉപയോഗിച്ചു വന്നതായി ലത്തീൻ ഭാഷയിൽ അച്ചടിച്ച പുസ്തകങ്ങൾ ഇപ്പോഴും കാണ്മാൻ ഉള്ളതുകൊണ്ടും സുറിയാനി സഭയിൽ ഉപയോഗിച്ചു വരുന്ന വിശ്വാസപ്രമാണവും പള്ളിക്രമങ്ങളും മേൽപറഞ്ഞ മൂന്നു സുന്നഹദോസാകുന്ന കാതോലികസഭയാൽ നിശ്ചയിക്കപ്പെട്ടതാകുന്നു എന്നു നിശ്ചയമാകുന്നു. അതിനാൽ കാതോലികസഭയിൽ വിശ്വസിക്കുന്നു എന്നു ലജ്ജ കൂടാതെ സുറിയാനിക്കാർ ഉറച്ച ശബ്ദത്തിൽ പറയേണ്ടതുമാകുന്നു.

34. **കൽക്കിദോനിൽ കൂടിയ സുന്നഹദോസ് സത്യമുള്ളതും ശുദ്ധമുള്ളതും അല്ലെന്നും, അവർ വേണ്ടവണ്ണം വേദപുസ്തകം പഠിക്കാത്തവരാണെന്നും നിശ്ചയിപ്പാനുള്ള സാക്ഷികൾ എന്തെല്ലാമാകുന്നു?**

ഒരു കാരണവുമില്ലാതെ സുന്നഹദോസുകൂടിയതും പാത്രിയർക്കീസന്മാർ മുതലായവർ കൂടാഞ്ഞതും മാർ ദീയസ്ക്കോറോസിനെ വിലങ്ങിൽ ഇട്ടുകൊന്നതും നിയമവിരുദ്ധമായി മന്ത്രി മർക്കിയാനെക്കൊണ്ട് രാജ്ഞിയെ വിവാഹം കഴിപ്പിച്ചുംകൊണ്ട് നിഖ്യായിൽ കൂടിയ സുന്നഹദോസിനു വിരോധമായി കൽക്കിദോനിൽ സുന്നഹദോസ് കൂടിയതും അറിയോസിന്റെയും മക്കദോനിയോസിന്റെയും നെസ്തോറിയോസിന്റെയും ഇടത്തൂടായ അസത്യവിശ്വാസവും സത്യവിശ്വാസവും കൂട്ടിക്കലർത്തിയുള്ള ഒരു അവിശ്വാസവും അതിനനുസരിച്ചുള്ള ചില പുതിയ കാനോനുകളും പള്ളിക്രമങ്ങളും നിശ്ചയിച്ചതും, നിഖ്യായിൽ കൂടിയ 318 ബാവാമാർക്ക് ഇരട്ടിയായി ഒന്നിനു രണ്ടെന്നുള്ള ഭാവത്തോടുകൂടെ 636 പേരെ

Scanned by CamScanner

ക്കൊണ്ട് അതിൽ ഒപ്പു വയ്പിച്ചതും മറ്റു പലതുകൊണ്ടും അത് (കൽക്കിദോൻ) സത്യസുന്നഹദോസ് അല്ലെന്നും വൈരാഗ്യസുന്നഹദോസ് അത്രെ എന്നും നിശ്ച യിപ്പാൻ ഇടയുണ്ട്.

റോമാസഭയിലെ ചില വിശ്വാസപിശകുകൾ

35. **കാതോലികസഭയാകുന്ന മൂന്നു സുന്നഹദോസുകളിൽ നിശ്ചയിക്കപ്പെട്ടതിൽ നിന്നും റോമാസഭക്കാർ കൽക്കിദോനിലും പിന്നീടു പലപ്പോഴായും സംഘം കൂടി വ്യത്യാസം വരുത്തിയിട്ടുള്ളത് എന്തെല്ലാമാകുന്നു?**

കൽക്കിദോനിലും പിന്നീടും അവർ സംഘം കൂടി അവരുടെ അവിശ്വാസത്തിനു തക്കതായി എല്ലാ ചട്ടങ്ങളും ഒന്നിനുപകരം മറ്റൊന്നായി വ്യത്യാസം വരുത്തി നടന്നു വരുന്നു. അതിൽ പ്രധാനമായിട്ടുള്ളത് ഇവയാകുന്നു:-

1) കാതോലിക (കത്തോലിക്ക) സഭ എന്നു പറയുന്നത് റോമാസഭയാകുന്നു.
2) മാർപാപ്പായെ അനുസരിക്കാതെ ആരും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല.
3) ബെസ്പ്പുർക്കാനാ (Purgatory) എന്നൊരു ശുദ്ധീകരണസ്ഥലം ഉണ്ട്.
4) കുർബാനയ്ക്കുള്ള അപ്പം ഉപ്പുകൂടാതെ പുളിപ്പില്ലാത്ത (പത്തീറാ)ത് ഉണ്ടാക്കി വയ്ക്കണം.
5) മിശിഹായിൽ രണ്ടു വർഗ്ഗം (ദൈവത്വവും മനുഷ്യത്വവും) വ്യത്യസ്ഥമായിട്ടുണ്ടെന്നും; അതിൽ മനുഷ്യ ക്നൂമാ മാത്രം മരിച്ചു എന്നും.
6) പിതാവിൽ നിന്നും പുത്രനിൽ നിന്നും പരിശുദ്ധാത്മാവ് പുറപ്പെടുന്നു[5] എന്നും; ഇപ്രകാരം ആറു കൂട്ടം കാര്യങ്ങൾ പ്രധാനമായും വ്യത്യാസം വരുത്തിയിട്ടുണ്ട്.

(പിൽക്കാലത്ത് വേറെയും ചില പുതിയ വിശ്വാസസത്യങ്ങൾ റോമാസഭ പ്രഖ്യാപിച്ച് കൂട്ടി ചേർത്തിട്ടുണ്ട്. വിശദീകരണം *പേജ് 61* കാണുക. പ്രസാധകൻ.)

ശുദ്ധീകരണസ്ഥലം അഥവാ ബെസ്പ്പുർക്കാനാ

36. **നന്മയും തിന്മയും തുല്യമായി ചെയ്തിട്ടുള്ളവർക്കും; അതുപോലെ നന്മ കൂടുതലും തിന്മകുറവും; തിന്മ കൂടുതലും നന്മ കുറവും ചെയ്തിട്ടുള്ളവരെ അവരിലുള്ള അൽപ്പതിന്മകൊണ്ട് സ്വർഗ്ഗത്തിലേക്കും; അൽപ്പനന്മകൊണ്ട് നരകത്തിലേക്കും വിടുവാൻ പാടുള്ളതല്ലാത്തതിനാൽ മരിച്ചാൽ ഉടൻ അവരുടെ ആത്മാക്കളെ ഒരു പ്രത്യേക ശുദ്ധീകരണ (ബെസ്പ്പുർക്കാനാ-Purgatory)[6] സ്ഥലത്തേക്കു കൊണ്ടു പോകപ്പെടുമെന്നും, അവരുടെ തിന്മയുടെ കൂടുതൽ കുറവ് അനുസരിച്ച് വിവിധ കാലങ്ങളിലേക്ക് അവിടെയുള്ള അഗ്നിയിൽ ശുദ്ധീകരണം പ്രാപിച്ചശേഷം മാത്രമെ അവരെ സ്വർഗ്ഗത്തിലേക്ക് പ്രവേശിപ്പിക്കുകയുള്ളൂ എന്നുള്ള അവരുടെ വിശ്വാസ പഠിപ്പിക്കൽ ശരിയല്ലയൊ?**

---

5. പരിശുദ്ധാത്മാവ് പുത്രനിൽ നിന്നും കൂടി പുറപ്പെടുന്നു എന്ന് 6-ാം നൂറ്റാണ്ടിൽ ആദ്യം സ്പെയിനിൽ ഉത്ഭവിച്ചു എന്നും, പിന്നീട് എട്ടാം നൂറ്റാണ്ടിൽ റോമിൽ വിശ്വാസസത്യമായി ഉറപ്പിക്കപ്പെട്ടു എന്നും കാണുന്നു. 22 മുതൽ 25 വരെയുള്ള ചോദ്യോത്തരങ്ങൾ കാണുക. പ്രസാധകൻ.
6. Purgatory (ശുദ്ധീകരണസ്ഥലം) റോമാസഭ ഇത് ഒരു വിശ്വാസസത്യമായി A.D. 1439-ൽ ഫ്ളോറൻസിലെ സഭായോഗത്തിൽ പ്രഖ്യാപിച്ചു. പ്രസാധകൻ.

Scanned by CamScanner

പുണ്യവാന്മാർക്കു സ്വർഗ്ഗവും ദുഷ്ടന്മാർക്കു നരകവും നിശ്ചയിച്ചിരിക്കുന്നതായും അത് അന്ത്യ ന്യായവിധി ദിവസം കർത്താവ് അവർക്കു നൽകുമെന്നും മത്താ. 25:31-46-ൽ പറഞ്ഞിരിക്കുന്നതിനാൽ ഇടയ്ക്കു ഒരു ശുദ്ധീകരണസ്ഥലം ഉള്ളതായി വേദത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല.

37. **മനുഷ്യപുത്രന് എതിരായി പറയുന്ന ദൂഷ്യവാക്കുകൾ ക്ഷമിക്കും എന്നാൽ പരിശുദ്ധാത്മാവിനു എതിരായി പറയുന്നവ ഈ ലോകത്തിലും പരലോകത്തിലും ക്ഷമിക്കുകയില്ലെന്നു മത്താ. 12:32-ൽ പറഞ്ഞിരിക്കുന്നതിനാൽ ആ ലോകത്തിൽ ഒരു പ്രായശ്ചിത്തസ്ഥലം ഉണ്ടെന്നും ആയത് ബെസ്പ്പുർക്കാനായിലെ ശുദ്ധീകരണസ്ഥലമാണെന്നും നിശ്ചയിക്കരുതൊ?**

"ന്യായപ്രമാണമെല്ലാം ആചരിച്ചിട്ട് ഒന്നിൽ തെറ്റു ചെയ്താൽ ന്യായപ്രമാണം മുഴുവനിലും കുറ്റക്കാരനായി തീരുന്നു" എന്നു യാക്കോബ് 2:10-ൽ പറഞ്ഞിട്ടുള്ള വാക്യവും; പാതി തിന്മ ചെയ്തവൻ ശുദ്ധീകരണസ്ഥലത്തു പാർത്ത് പ്രായശ്ചിത്തം പൂർത്തിയാക്കി പിന്നെ സ്വർഗ്ഗത്തിലേക്കു പ്രവേശിക്കുന്നതാകുന്നു എന്നുള്ളതിനു സാക്ഷ്യമായി പറഞ്ഞ വാക്യവും പരസ്പരവിരുദ്ധമായിട്ടാണല്ലോ കാണുന്നത്. പരിശുദ്ധാത്മാവിനു വിരോധമായി ദൂഷ്യം പറയുന്നവനോട് ഈ ലോകത്തിലും ആ ലോകത്തിലും ക്ഷമിക്കുകയില്ലെന്നു കൽപ്പിച്ചതിന്റെ സാരം എന്തെന്നാൽ-യൂദന്മാർ മിശിഹായ്ക്കെതിരെ പല ദൂഷ്യങ്ങളും പറഞ്ഞതു കൂടാതെ പിശാചുക്കളുടെ തലവനായ ബെത്സബൂബിനെക്കൊണ്ട് പിശാചുക്കളെ അവൻ പുറത്താക്കുന്നു എന്നു പരിശുദ്ധാത്മാവിനെതിരായി അവർ ദൂഷ്യം പറയുകയും അതു വളരെ കഠിന വാക്കായതിനാൽ അപ്രകാരം ദൂഷ്യം പറയുന്നവർ തന്നെ ഏറെക്കുറെ പിശാചുക്കൾ ആയിരിക്കുന്നതിനാലും, പിഴച്ചുപോയ മാലാഖമാർ അനുതപിക്കാതെ പാർത്തുവരുന്നതുപോലെ ഇപ്രകാരമുള്ളവർക്കും അനുതപിക്കുവാൻ ഇടവരുന്നതല്ലാത്തതുകൊണ്ടും അത്രെ ഈ ലോകത്തിലും ആ ലോകത്തിലും അവർക്കു ക്ഷമ ലഭിക്കുന്നതല്ലെന്നു കല്പിച്ചത്.

38. **ദോഷപരിഹാരം ഈ ലോകത്തിൽ വച്ചു മാത്രമെ ഉണ്ടാകയുള്ളു എങ്കിൽ ഈ ലോകത്തിൽ അവനോടു പൊറുക്കുകയില്ലെന്നു പറഞ്ഞാൽ മതിയായിരുന്നല്ലൊ. ഈ ലോകത്തിലും ആ ലോകത്തിലും അവനോടു ക്ഷമിക്കുകയില്ലെന്നു പറയേണ്ടതില്ലായിരുന്നല്ലൊ?**

ഞാൻ മുമ്പേ പറഞ്ഞതുപോലെ, ആ കാര്യത്തിന്റെ ഉറപ്പിനുവേണ്ടി ഈ ലോകത്തിലും ആ ലോകത്തിലും ക്ഷമിക്കപ്പെടുകയില്ലെന്നു പറഞ്ഞതല്ലാതെ ആ ലോകത്തിൽ ഒരു ശുദ്ധീകരണസ്ഥലം ഉണ്ടായിട്ടു പറഞ്ഞതല്ല. അതെന്തെന്നാൽ; ഒരുവൻ താൻ ഇന്നതു ചെയ്യുകയില്ലെന്നു ഉറപ്പിച്ചു പറഞ്ഞിട്ടുള്ള കാര്യം ചെയ്യണമെന്നു മറ്റൊരുവൻ നിർബ്ബന്ധിച്ചാൽ, ഞാൻ മരിക്കുവോളം അതു ചെയ്യുകയില്ലെന്നു പറഞ്ഞത് അവൻ മരിച്ചതിനുശേഷം അതു ചെയ്യുമെന്നുള്ള അർത്ഥത്തിൽ അല്ലല്ലൊ.

39. **അഞ്ചുമാറ്റുള്ള കുറെ പൊന്നു കിട്ടിയാൽ അതിനെ തങ്കപൊന്നിനോടു ചേർത്ത് പണിയുമൊ? പിച്ചളയോടുകൂടെ ചേർക്കാൻ തോന്നുകയുമില്ല. പിന്നെയൊ അതിനെ വറുത്ത് മാറ്റുകൂട്ടി തങ്കപൊന്നിനോടു ചേർക്കുകയും ചെയ്യും. അപ്രകാരം തന്നെ അൽപ്പദോഷമുള്ളവനെ നരകത്തിൽ കളയാതെ ശുദ്ധീകരണസ്ഥലത്താക്കി പ്രായശ്ചിത്തം തീർത്ത് സ്വർഗ്ഗത്തിലേക്കു പ്രവേശിപ്പിക്കാവുന്നതല്ലയൊ?**

Scanned by CamScanner

പൊന്നുകൊണ്ടുള്ള പണികൾ പലതാകുന്നു. തങ്കപൊന്നുകൊണ്ടു തന്നെ കൂടിയേ കഴിയൂ എന്നുള്ള പണികൾ ഉണ്ട്; അഞ്ച് മാറ്റുള്ള പൊന്നുകൊണ്ടു മതിയാവുന്ന പണിയും ഉണ്ട്. അത്തരം പണിക്കു അതിനെ വറുത്തു മാറ്റു കൂട്ടിയേ കഴിയൂ എന്നില്ല. പിച്ചളയോടു ചേർത്ത് ഉരുക്കി കളഞ്ഞേ കഴിയൂ എന്നില്ല. ഇപ്രകാരം തന്നെ അവനവന്റെ നന്മ പ്രവൃത്തികൾക്കു തക്കപോലെ പ്രതിഫലം കൊടുപ്പാൻ ദൈവത്താൽ കഴിയുന്നതാകുന്നു. മാത്രവുമല്ല; 2 പത്രോസ് 2:9-ൽ 'തന്നെ ഭയപ്പെടുന്നവരെ ഞെരുക്കങ്ങളിൽ നിന്നും രക്ഷിപ്പാനും ദുഷ്ടന്മാരെ വിധി ദിവസത്തിലുള്ള ദണ്ഡനത്തിനായി കാവലിൽ പാർപ്പിക്കുവാനും കർത്താവ് അറിയുന്നു' എന്നു പറഞ്ഞിരിക്കുന്നതിനാൽ, പാപികളെ വിധി ദിവസം വരെയും പാർപ്പിച്ച് വിധി നാളിൽ പാപത്തിനു തക്കവിധി കൈക്കൊള്ളുന്നതല്ലാതെ, മരിച്ചതിനുശേഷം ആത്മാവ് ബെസ്പ്പുർക്കാനായിൽ പോയി ദോഷപൊറുതി പ്രാപിക്കുന്നില്ലെന്നു നിശ്ചയിക്കാവുന്നതാണ്.

40. **സ്വർഗ്ഗത്തിൽ ശുദ്ധിയുള്ളവർക്കും നരകത്തിൽ ദുഷ്ടന്മാർക്കും അല്ലാതെ പ്രവേശിക്കുവാൻ സാധിക്കുന്നതല്ലാത്തതിനാൽ അൽപ്പദോഷം ഭവിച്ചിട്ടുള്ളവരുടെ പ്രായശ്ചിത്തത്തിനായി ഒരു ശുദ്ധീകർണസ്ഥലം അത്യാവശ്യം വേണ്ടതല്ലയൊ?**

'നന്മയാകട്ടെ തിന്മയാകട്ടെ അവനവൻ ചെയ്തതിനു തക്കപോലെ അവനവന്റെ ശരീരത്തിൽ അനുഭവിക്കേണ്ടതിനു നാം എല്ലാവരും മിശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ നിൽക്കേണ്ടവരാകുന്നു' എന്നു 2 കോരി. 5:10-ലും; 'ശുദ്ധമുള്ള തന്റെ മാലാഖമാരുടെ കൂടെ തന്റെ പിതാവിന്റെ മഹത്വത്തിൽ മിശിഹാ വന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം എല്ലാവനും പ്രതിഫലം നൽകുമെന്നും' മത്താ. 16:27-ൽ പറഞ്ഞിരിക്കുമ്പോൾ; അവനവൻ ഈ ലോകത്തിൽ വച്ച് ചെയ്തതിനു തക്കപോലെ അല്ലാതെ ബെസ്പ്പുർക്കാനായിൽ കൊണ്ടു പോയി വ്യത്യാസം വരുത്തി വിധിക്കുമെന്നുള്ളതിന് തെളിവുകൾ ഒന്നും ഇല്ലാത്തതാകുന്നു.

'പ്രധാന മാലാഖായുടെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടി കർത്താവ് സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വരും. ആദ്യം മിശിഹായിൽ മരിച്ചവർ ഉയിർക്കും. അപ്പോൾ ജീവനോടിരിക്കുന്ന നമ്മെയും കർത്താവിന്റെ എതിരേൽപ്പിനു അവരോടൊന്നിച്ച് കൂട്ടിക്കൊണ്ടു പോകപ്പെടു'മെന്നും 1 തെസ്സ. 4:16, 17-ൽ പറഞ്ഞിരിക്കുന്നതിനാൽ, വിധി ദിവസം മരിച്ചവർ ഉയിർത്തെഴുന്നേറ്റ് മിശിഹായുടെ മുമ്പാകെ നിൽക്കുമെന്നും അപ്പോൾ അവരോടുകൂടെ ജീവനോടിരിക്കുന്നവരും ചെന്ന് അവനവന്റെ ദോഷത്തിനു തക്കവിധി കൈക്കൊള്ളുമെന്നും സ്പഷ്ടമാണല്ലോ. ഓർത്തുകേൾക്കൂ; മരിച്ചുപോയവരിൽ അൽപ്പദോഷമുള്ളവരെ ബെസ്പ്പുർക്കാനായിൽ ഇറക്കി പ്രായശ്ചിത്തം തീർത്ത് അവസാനനാളിൽ നല്ലവരോടുകൂടെ വിധിക്കുമെങ്കിൽ, അന്ത്യന്യായവിധി ദിവസം പെട്ടെന്നു വരുകയും ജീവനോടിരിക്കുന്നവരിൽ അൽപ്പദോഷമുള്ളവരെ ബെസ്പ്പുർക്കാനായിൽ ഇറക്കി പ്രായശ്ചിത്തം തീർക്കാതെ മരിച്ചവരോടുകൂടെ വിധിക്കുന്നതിനാൽ ദൈവം പക്ഷഭേദക്കാരൻ ആണെന്നു വരുമല്ലോ. മാത്രവുമല്ലാ; ശരീരത്തോടുകൂടി ആത്മാവ് യോജിച്ചിരുന്നപ്പോൾ ചെയ്ത കുറ്റങ്ങൾക്കു മരിച്ചശേഷം ആത്മാവു മാത്രം ശുദ്ധീകരണം പ്രാപിച്ചാൽ മതിയാകുന്നതെങ്ങനെ? ആത്മാവും ശരീരവും ചേർന്ന് ഒരു പോലെ ബെസ്പ്പുർക്കാനായിൽ പ്രായശ്ചിത്തം തീർക്കേണ്ടതല്ലെയൊ?

Scanned by CamScanner

എന്നാൽ കേട്ടോളൂ; അവനവന്റെ പ്രവൃത്തിക്കു തക്കപോലെ പ്രതിഫലം ലഭിക്കുന്നതല്ലാതെ, ശുദ്ധീകരണസ്ഥല (Purgatory) ത്തു വച്ച് പാപപൊറുതിയുണ്ടായി സ്വർഗ്ഗത്തിൽ പ്രവേശിക്കാമെന്നുണ്ടെങ്കിൽ മിശിഹായോടുകൂടി അനേകനാൾ സഞ്ചരിച്ച സ്ക്കറിയോത്താ യൂദായും അവന്റെ പാപത്തിന് ബെസ്പ്പൂർക്കാനായിൽ പോയി പ്രായശ്ചിത്തം കഴിച്ച് സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ ഇടവരുന്നു എങ്കിൽ; അവനു പകരം നിശ്ചയിക്കപ്പെട്ട മത്തിയാശ്ലീഹായും ശേഷം ശ്ലീഹന്മാരും ലജ്ജിക്കേണ്ടിവരും. പുണ്യാത്മാക്കൾ പുണ്യാവസ്ഥയിൽ അഥവാ പറുദീസായിൽ, അബ്രഹാമിന്റെ മടി (ലൂക്കോ. 16:22) എന്ന അവസ്ഥയിൽ പുനരുദ്ധാനം വരെ വിശ്രമിക്കുന്നു. 'ഇന്നു നീ എന്നോടുകൂടി പറുദീസായിൽ ആയിരിക്കും' (ലൂക്കോ. 23:43) എന്നാണല്ലോ കർത്താവ് കള്ളനോടു പറഞ്ഞത്. കൂടാതെ വെളിപാട് 6:9; എബ്രാ. 12:22-24 കാണുക. ആകയാൽ മരിച്ചുപോയവർ ഏറ്റുപറഞ്ഞിട്ടുള്ള പാപങ്ങളുടെ പൂർണ്ണമോചനത്തിനുവേണ്ടിയും, യാദൃച്ഛികപാപങ്ങളുടെ മോചനത്തിനുവേണ്ടിയും, അവരുടെ തുടർച്ചയായ ആത്മീയവളർച്ചയ്ക്കുവേണ്ടിയും ജീവനോടിരിക്കുന്നവർക്കെന്നപോലെ തന്നെ മരിച്ചുപോയവർക്കുവേണ്ടിയും വി. കുർബ്ബാനയും പ്രാർത്ഥനയും ദാനധർമ്മങ്ങളും അനുഷ്ഠിക്കേണ്ടിയിരിക്കുന്നു. മത്താ. 12:32; 2 തീമോ. 1:18, ആവർത്ത. 33:6; റോമർ 14:7-9. യേശുവിന്റെ രക്തം നമ്മുടെ എല്ലാ പാപങ്ങളിൽ നിന്നും നമ്മെ ശുദ്ധീകരിക്കുകയും പാപങ്ങളെ മോചിക്കുകയും ചെയ്യുന്നു. 1 യോഹ. 1:7; യോഹ. 1:29.

പ്രതിമകളെ ഉണ്ടാക്കി വയ്ക്കുന്നത്

41. **പ്രതിമകളെ ഉണ്ടാക്കുകയോ ആരാധിക്കുകയൊ ചെയ്യരുതെന്ന് പുറപ്പാട് 20:4-ൽ പറഞ്ഞിരിക്കുമ്പോൾ സാക്ഷിയുടെ പെട്ടകത്തിന്റെ ഇരുവശത്തും പൊന്നുകൊണ്ട് രണ്ടു ക്രൂബേന്മാരെ ഉണ്ടാക്കിവയ്പാൻ ദൈവം മോശയോടു കൽപ്പിച്ചത് എന്തുകൊണ്ടാണ്?**

ചെയ്യണമെന്നു ദൈവം കൽപ്പിച്ച കാര്യം ചെയ്യുവാനും ചെയ്യരുതെന്നു കൽപ്പിച്ച കാര്യം ചെയ്യാതിരിപ്പാനും കടമയുള്ളപ്പോൾ ഇത്തരം ദുർയുക്തി ചോദിപ്പാൻ ഒട്ടും പാടില്ലാത്തതാണ്. എബ്രാ. 8:5-ൽ പർവ്വതത്തിൽ വച്ച് നിനക്കു കാണപ്പെട്ട മാതൃകയിൽ സർവ്വവും നിർമ്മിക്കുക എന്നു മോശയോടു കൽപ്പിച്ചപ്രകാരം കൂടാരത്തെയും പെട്ടകത്തെയും ക്രൂബേന്മാരെയും ഉണ്ടാക്കി വച്ചതല്ലാതെ അതിനെ വന്ദിക്കണമെന്നു കൽപ്പിക്കുകയൊ ആരും വന്ദിക്കുകയൊ ചെയ്തിട്ടില്ല. അതു തന്നെയുമല്ലാ; എബ്രാ. 9:7-ൽ ആണ്ടിൽ ഒരിക്കൽ മഹാപുരോഹിതൻ മാത്രമല്ലാതെ മറ്റാർക്കും അതിൽ പ്രവേശിക്കുവാൻ പാടില്ലാത്ത ഉൾക്കൂടാരത്തിൽ അതിനെ വച്ചിരിക്കുന്നതിനാൽ ജനങ്ങൾ അതിനെ കുമ്പിടണം എന്നു കരുതി വച്ചിരുന്നതല്ലെന്നു സ്പഷ്ടമായിരിക്കുന്നു. പിന്നെയും എബ്രാ. 10:1-ൽ ന്യായപ്രമാണം ഉണ്ടാകുവാനിരിക്കുന്ന നന്മകളുടെ നിഴലാകുന്നു എന്നും കാര്യത്തിന്റെ കാതൽ അല്ലെന്നും പറഞ്ഞിരിക്കുന്നതിനാൽ, ഇവയൊക്കെയും വച്ചിരുന്നത് വരുവാനിരിക്കുന്ന കാര്യത്തെ ചൂണ്ടി കാണിപ്പാൻ ആണെന്നു തെളിയുന്നു.

42. **അങ്ങനെയെങ്കിൽ, കഴിഞ്ഞ കാര്യത്തിന്റെ ഓർമ്മയ്ക്കായി അതേ ആകൃതിയിൽ ഒരു രൂപം കൊത്തി ഉണ്ടാക്കി വച്ചു വരുന്നതിന് എന്തു ദോഷമാണുള്ളത്?**

വരുവാനിരിക്കുന്ന കാര്യത്തിനല്ലാതെ കഴിഞ്ഞ കാര്യത്തിനു ദീർഘദർശനം വേണ്ടതില്ലല്ലൊ. കഴിഞ്ഞ കാര്യം കണ്ടതാകകൊണ്ടും ഓർമ്മയ്ക്കായിട്ടു പുസ്തകവും ഉള്ളപ്പോൾ ദൈവത്തിന്റെ കൽപ്പന മറുത്ത് നാശമില്ലാത്ത ദൈവത്തെ

Scanned by CamScanner

നശിച്ചുപോകുന്ന മരത്തിനു സമമാക്കുവാനും; സൃഷ്ടി ആയവൻ സൃഷ്ടിപ്പായ തുകൊണ്ട് സൃഷ്ടിക്കുന്നവന്റെ സ്വരൂപമുണ്ടാക്കി അതിനെ വന്ദിപ്പാനും പാടി ല്ലാത്തതാകുന്നു. അതു മുറകേടു മാത്രമല്ലാ മഹാദോഷവും കൂടെ ആകുന്നു.

43. **അപ്രകാരം സ്വരൂപത്തെ ഉണ്ടാക്കി അതിനെ വന്ദിച്ചാൽ ദോഷമുണ്ടെന്നു എവിടെ പറഞ്ഞിരിക്കുന്നു?**

സ്വരൂപങ്ങളെ ഉണ്ടാക്കി അവകളെ വന്ദിച്ചാൽ അത് മഹാദോഷമാണെന്ന് പല ഇടങ്ങളിലും പറഞ്ഞിട്ടുണ്ട്. അതിൽ ചില വാക്യങ്ങൾ കേട്ടാലും; ഗലാത്യ 5:20,21-ൽ വിഗ്രഹാരാധന, കൊലപാതകം മുതലായവ ചെയ്യുന്നവർ സ്വർഗ്ഗരാ ജ്യത്തിൽ പ്രവേശിക്കുകയില്ലെന്നു പറഞ്ഞിട്ടുണ്ട്. ആവർത്തന. 4:17-ൽ ആണും പെണ്ണുമായി ജീവനുള്ള യാതൊന്നിന്റെയും വിഗ്രഹമുണ്ടാക്കി അശുദ്ധരാകരു തെന്നു പറഞ്ഞിരിക്കുന്നു. ഏശായ 1:28, 29-ൽ ദൈവത്തെ അവർ ഉപേ ക്ഷിച്ചതുകൊണ്ട് അവർ നശിക്കും, വിഗ്രഹങ്ങളിൽ അവർ ആഗ്രഹിച്ചതുകൊണ്ട് അവർ നാണിക്കുമെന്നും; ഹസ്ക്കിയേൽ 20:32-ൽ വംശങ്ങളെപോലെയും നാട്ടിലെ ജാതിക്കാരെപോലെയും കല്ലിനെയും മരത്തിനെയും വന്ദിക്കണമെന്നു നിങ്ങൾ മനസ്സുവച്ചാൽ നിങ്ങളോടു ഞാൻ ഉത്തരം പറകയില്ല എന്നും പറഞ്ഞി ട്ടുണ്ട്. ഗലാത്യ 4:8,9-ൽ ദൈവത്തെ നിങ്ങൾ അറിയാതെ സ്വാഭാവികമായും ദൈവങ്ങൾ അല്ലാത്തവർക്കു സേവ ചെയ്തു, ഇപ്പോൾ ദൈവത്തെ നിങ്ങൾ അറിഞ്ഞിട്ടും അവയ്ക്കു തന്നെ കീഴ്പെടുവാൻ നിങ്ങൾക്കു മനസ്സായി എന്നും പറഞ്ഞിട്ടുണ്ട്. യിരെമ്യ 10:2-5-ൽ കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു-ജാതി കളുടെ നടപ്പു നിങ്ങൾ പഠിക്കരുത്. ആകാശത്തിലെ അടയാളങ്ങളെ നിങ്ങൾ ആചരിക്കയുമരുത് അവർ അവകളെ ആചരിച്ചുവരുന്നു. അവരുടെ ആരാധനാ മൂർത്തികൾ വ്യർഥാവായവയത്രെ. അതു കാട്ടിൽ നിന്നു മുറിക്കപ്പെട്ട തടിയാകു ന്നു. ആശാരിയാൽ ഉണ്ടാക്കപ്പെട്ടതുമാകുന്നു. പൊന്നും വെള്ളിയും കൊണ്ട് പൊതിയപ്പെട്ടതും അത് ഇളകി വീഴാതിരിപ്പാൻ ആണികൊണ്ട് ഉറപ്പിക്കപ്പെട്ടതു മാകുന്നു. അതു സംസാരിക്കയില്ല; അതു നടക്കായ്കയാൽ അവർ അതിനെ എടുത്തുകൊണ്ടു നടക്കുന്നു. നന്മ ചെയ്യുവാനും തിന്മ ചെയ്യുവാനും അവയ്ക്കു കഴിയാത്തതിനാൽ അതിനെ നിങ്ങൾ ഭയപ്പെടുകയും വേണ്ട എന്നും പറഞ്ഞിട്ടു ണ്ട്. ഹബക്കുക്ക് 2:19-ൽ നീ ഉണർന്നു രക്ഷിക്കുക എന്നു മരത്തിനോടും നീ എഴുന്നേറ്റു സഹായിക്കുക എന്നു സംസാരിപ്പാൻ കഴിയാത്ത കല്ലിനോടും പറ യുന്നവർക്കു ദുരിതം. അത് അബദ്ധമാകുന്നു. അത് പൊന്നു പൊതിയപ്പെട്ടിരി ക്കുന്നതേയുള്ളൂ. അതിന്റെ ഉള്ളിൽ ശ്വാസം ഇല്ല എന്നു പറഞ്ഞിട്ടുണ്ട്. മീഖാ. 5:13-ൽ നിന്റെ ഭവനത്തിൽ നിന്നു വിഗ്രഹങ്ങളെ ഉടച്ചുകളയുക. ഇനി മേലാൽ നിന്റെ കൈ ഉണ്ടാക്കിയതിനെ വന്ദിക്കയും അരുത്. വീണ്ടും സങ്കീർത്തനം 134:15 -18-ൽ അവയ്ക്കു കണ്ണുകൾ ഉണ്ടായിട്ടും കാണുന്നില്ല, ചെവികൾ ഉണ്ടായിട്ടും കേൾക്കുന്നില്ല, മൂക്കുകൾ ഉണ്ടായിട്ടും മണം അറിയുവാൻ വഹിയാ, കൈ മുത ലായത് ഉണ്ടയിട്ടും അനക്കുന്നുമില്ല. ഇപ്രകാരമുള്ള സ്വരൂപങ്ങളെ കൊത്തി ഉണ്ടാ ക്കുന്നവരും അവകളെ വന്ദിക്കുന്നവരും അവകളെപ്പോലെ ആയി തീരുമെന്നു പറഞ്ഞിട്ടുണ്ട്.

44. **വിഗ്രഹങ്ങളെ വന്ദിച്ചുകൂടാ എന്നും വന്ദിച്ചാൽ മഹാദോഷമാണെന്നും പല പുസ്തകങ്ങളിൽ നിന്നും പറഞ്ഞുവല്ലൊ. സങ്കീർത്തനത്തിൽ ദാവീദു പറഞ്ഞതുപോലെ രൂപങ്ങളെ കൊത്തി ഉണ്ടാക്കുന്നവരും അവയെ വന്ദിക്കുന്നവരും അവകളെ പോലെ ആകുമെങ്കിൽ, വളരെ**

Scanned by CamScanner

വർഷങ്ങളായി വിഗ്രഹങ്ങളെ വന്ദിച്ചുവരുന്നവർ എന്തുകൊണ്ട് അതിനെ പോലെ ആകാതിരിക്കുന്നു?

സംശയം വേണ്ട, അവർ അപ്രകാരം തന്നെ ആകുന്നു. അത് എങ്ങനെയെന്നാൽ; തന്റെ കണ്ണ് ഇമയ്ക്കുന്നുണ്ട് രൂപത്തിന്റെ കണ്ണ് ഇമയ്ക്കുന്നില്ല. തന്റെ കൈ അനക്കുന്നുണ്ട് രൂപത്തിന്റെ കൈ അനക്കുന്നില്ല. എങ്കിലും ഇമയ്ക്കുന്നതായ തന്റെ കണ്ണുകൊണ്ട് വേദപുസ്തകം വായിക്കാതെയും, അനങ്ങുന്നതായ തന്റെ കൈകൊണ്ട് നല്ല പ്രവൃത്തികൾ ചെയ്യാതെയും മിനക്കെടുത്തി വച്ചിരുന്നാൽ മേൽപ്പറഞ്ഞ സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം താനും രൂപവും ഒരു പോലെ ആയിതീരുമെന്നു അറിഞ്ഞുകൊള്ളണം.

45. **ദൈവം സൃഷ്ടിച്ച യാതൊന്നിന്റെയും രൂപം കൊത്തിയുണ്ടാക്കുകയും അതിനെ വന്ദിക്കുകയും ചെയ്യരുതെന്നല്ലാതെ ദൈവസ്വരൂപമുണ്ടാക്കി അതിനെ വന്ദിക്കരുതെന്നുണ്ടോ?**

മേൽ ആകാശത്തിലുള്ള യാതൊന്നിന്റെയും സ്വരൂപങ്ങളെ ഉണ്ടാക്കി വന്ദിക്കരുതെന്നു കൽപ്പിച്ചിരിക്കയാൽ ആകാശത്തിൽ ഇരിക്കുന്ന ദൈവത്തിന്റെയും മാലാഖമാരുടെയും ആദിത്യചന്ദ്രന്മാർ മുതലായവരുടെയും സ്വരൂപങ്ങൾ ഉണ്ടാക്കുകയും അവകളെ വന്ദിക്കുകയും ചെയ്തുകൂടാ എന്നത് നിശ്ചയം തന്നെ ആകുന്നു. റോമർ 1:23-25-ൽ "നശിച്ചു പോകുന്ന മനുഷ്യന്റെയും നാൽക്കാലി മൃഗങ്ങൾ മുതലായതിന്റെയും സ്വരൂപത്തിൽ നാശമില്ലാത്ത ദൈവത്തിന്റെ മഹത്വത്തെ അവർ പകർത്തി; അവരെ സൃഷ്ടിച്ചവനെക്കാൾ അധികമായി അവർ സൃഷ്ടിച്ചവയെ ആരാധിച്ചു ശുശ്രൂഷ ചെയ്തു" എന്നു പറഞ്ഞിരിക്കുന്നതും ശ്രദ്ധിച്ചറിയുക.

46. **മിശിഹായുടെ സ്വരൂപമുണ്ടാക്കി വന്ദിച്ചുകൂടായെങ്കിൽ, സ്വരൂപമുണ്ടാക്കി വന്ദിക്കരുതെന്നു ഭൂമിയിൽ സഞ്ചരിച്ചപ്പോൾ എന്തുകൊണ്ടു മിശിഹാ കൽപ്പിക്കാതിരുന്നു?**

സ്ത്രീകൾ താടി ചിരയ്ക്കരുതെന്നു പഴയനിയമത്തിലും, മിശിഹായുടെ സ്വരൂപമുണ്ടാക്കി അതിനെ വന്ദിക്കരുതെന്നു പുതിയനിയമത്തിലും പറയുവാൻ ഇടയായില്ല. അതെന്തെന്നാൽ താടിയുള്ള സ്ത്രീകൾ അക്കാലത്തില്ലായിരുന്നു. അതിനാൽ സ്ത്രീകൾ താടി ചിരയ്ക്കരുതെന്നും; ഭൂമിയിൽ മിശിഹാ സഞ്ചരിച്ച കാലങ്ങളിൽ തന്നിൽ വിശ്വസിച്ചവർ ആരും തന്റെ സ്വരൂപം ഉണ്ടാക്കി വച്ച് വന്ദിച്ചുവരാഞ്ഞതിനാൽ ആയത് പാടില്ലാ എന്നും വിരോധിപ്പാൻ ഇട വന്നില്ല. എങ്കിലും നേരായ ബുദ്ധികൊണ്ട് നേരായ വഴിയെ നോക്കുന്നു എങ്കിൽ മറ്റു ചിലരെ പോലെ രൂപത്തെ വന്ദിപ്പാൻ ഇടവരുന്നതല്ല. മത്താ. 4:10-ൽ നിന്റെ ദൈവമായ കർത്താവിനെ നീ കുമ്പിടണമെന്നും അവനെ മാത്രമെ സേവിക്കാവൂ എന്നും പിശാചിനോടു മിശിഹാ കൽപ്പിച്ചതിനാൽ സ്വരൂപത്തെ വന്ദിച്ചു കൂടാ എന്നു എല്ലാവർക്കും അറിയാവുന്നതാണ്.

47. **സംഖ്യ 21:8-ൽ, ഇസ്രായേൽ മക്കളെ പാമ്പു കടിച്ചു കൊല്ലുകയാൽ പിച്ചളകൊണ്ട് ഒരു സർപ്പരൂപമുണ്ടാക്കി കടിയേറ്റവർ അതിനെ നോക്കി രക്ഷപെട്ടിരിക്കകൊണ്ട്, മിശിഹായുടെ സ്വരൂപമുണ്ടാക്കി അതിനെ വന്ദിക്കുന്നവർക്കും രക്ഷ ലഭിക്കുകയില്ലയൊ?**

അത് ദോഷം കൊണ്ട് വിഷം കലർന്നിരിക്കുന്നവർക്ക് മിശിഹാമൂലം രക്ഷയുണ്ടാകുമെന്ന് ദൃഷ്ടാന്തം കാണിച്ചതല്ലാതെ സ്വരൂപത്തെ വന്ദിപ്പാൻ വേണ്ടിയല്ലായിരുന്നു. (പിൽക്കാലത്ത് ഇസ്രായേൽ മക്കൾ പിച്ചളസർപ്പത്തെ ധൂപാർപ്പണം ചെയ്ത് ആരാധിച്ചു വരുകയാൽ അതിനെ നശിപ്പിച്ചുകളഞ്ഞു 2 രാജാ. 18:4.

Scanned by CamScanner

പ്രസാധകൻ). അപ്രകാരം തന്നെ മിശിഹായും പാപികൾക്കുവേണ്ടി കുരിശിൽ മരിച്ചിരിക്കകൊണ്ട് മിശിഹായിൽ വിശ്വസിക്കുന്നവർക്കു രക്ഷയുണ്ടാകുകയും ചെയ്യും. ദൈവത്തിന്റെ പുത്രനായ മിശിഹായിൽ വിശ്വസിച്ച് തന്റെ ഏവൻഗേലിയോൻ പോലെ നടക്കാനുള്ളതിനുപകരം ദൈവകൽപ്പനയ്ക്കു വിരോധമായി മരത്തിൽ ദൈവശക്തിയെ കലർത്തി ദൈവത്തെ നിന്ദിക്കുന്നത് മഹാദോഷം തന്നെയാകുന്നു.

48. രൂപം മരം തന്നെ ആണെങ്കിലും പ്രാർത്ഥന കൊണ്ട് അതിന് ശ്രേഷ്ഠത വരുത്തിയാൽ പിന്നെ അതിനെ വന്ദിക്കരുതൊ?

സ്വരൂപത്തെ വന്ദിക്കുന്നത് മഹാദോഷമാണെന്ന് പല പുസ്തകങ്ങളിൽ നിന്നും ഞാൻ ബോദ്ധ്യം വരുത്തിയിട്ടും തന്റെ ഉള്ളിലുള്ള സിദ്ധാന്തം വിടാത്തതു കണ്ടിട്ടു വലിയ അത്ഭുതം തോന്നുന്നു. എങ്കിലും കേട്ടാലും; സ്വരൂപത്തെ പ്രാർത്ഥന കൊണ്ട് ശ്രേഷ്ഠത വരുത്തിയാലും അതു വച്ച ഇടത്തു തന്നെ ഇരിക്കുന്നതല്ലാതെ തല പോലും കുലുക്കായ്കകൊണ്ട് അതിനെക്കാൾ പ്രയോജനമുള്ള മനുഷ്യനെ കുമ്പിട്ടാൻ കൊള്ളാവുന്നതാണ്. എന്തെന്നാൽ അയാൾ വിളിച്ചാൽ കേൾക്കും മറുപടി പറയുകയും ചെയ്യും. ചെയ്യാവുന്ന സഹായം ചെയ്തു തരുകയും ചെയ്യുന്നതായിരിക്കും. മാത്രവുമല്ലാ; അതു സ്വരൂപമായതിൽ പിന്നെ ഒരു അത്ഭുതവും കാണിപ്പാൻ അതിനാൽ കഴിയുന്നതുമല്ലാ. അതിനുമുമ്പ് അതു മഹാ അത്ഭുതം കാണിച്ചുകൊണ്ടിരുന്നുതാനും. അത് എങ്ങനെയെന്നാൽ; അത് സ്വരൂപമായതിനുമുമ്പ് ആണ്ടുതോറും ഫലം കായിച്ചുകൊണ്ടിരുന്നു. ഇപ്പോൾ ഇതാ ഒരു ഇല പോലും അതിൽ തളിർക്കുന്നുമില്ല. ഈ കൊത്തിയുണ്ടാക്കിയ സ്വരൂപത്തെ വന്ദിക്കുന്നതിനെക്കാൾ അതിനെ കൊത്തി ഉണ്ടാക്കിയ തച്ചൻ അതിന്റെ സൃഷ്ടികർത്താവാകകൊണ്ട് അയാളെ കുമ്പിട്ടാൽ ഏറെ കൊള്ളാവുന്നതാണ്.

റോമാസഭ സ്വീകരിച്ച വിശ്വാസ പിശകുകൾ (തുടർച്ച)

(താഴെപ്പറയുന്നവ പീലിപ്പോസ് കശീശായുടെ ഗ്രന്ഥത്തിൽ ഉള്ളതല്ല. റോമൻ കത്തോലിക്കാസഭ പിന്നീട് വിശ്വാസസത്യങ്ങളായി കൂട്ടിച്ചേർത്തിട്ടുള്ളവയാണ്. അവയെക്കുറിച്ച് ചുരുങ്ങിയ വിവരണം താഴെ കുറിക്കുന്നു. പ്രസാധകൻ)

കൽക്കിദോനിൽ വച്ചും പിന്നീട് പലപ്പോഴായും റോമാസഭ പ്രഖ്യാപിച്ച് നടപ്പിൽ വരുത്തിയിട്ടുള്ള ചില വിശ്വാസസത്യങ്ങൾ വേദസത്യങ്ങളുടെ വെളിച്ചത്തിൽ വിശകലനം ചെയ്ത് മിശിഹായുടെയും തന്റെ അപ്പോസ്തോലന്മാരുടെയും ഉപദേശങ്ങൾക്കും, നിഖ്യാമുതലായ മൂന്നു പൊതുസുന്നഹദോസുകളുടെ വിശ്വാസപ്രമാണങ്ങൾക്കും നിശ്ചയങ്ങൾക്കും വിരുദ്ധമായിട്ടുള്ളവയാണ് അവയെന്നും ചോദ്യോത്തരങ്ങളിലൂടെ ഗ്രന്ഥകാരൻ സമർത്ഥിച്ചിട്ടുള്ളതാണ്. എന്നാൽ അവയ്ക്കുശേഷവും പുതുതായി അവർ കൂട്ടിച്ചേർത്തിട്ടുള്ള ചില വിപരീതവിശ്വാസങ്ങളെക്കുറിച്ചാണ് ചുരുക്കത്തിൽ താഴെ കുറിക്കുന്നത്:-

1) കന്യകമറിയം അമലോത്ഭവ(Mary Immaculate)യാണെന്ന് 1854-ാംമാണ്ടിൽ 9-ാം പീയൂസ് മാർപാപ്പാ ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു. അമ്മയായ ഹന്നായുടെ ഗർഭപാത്രത്തിൽ കന്യകമറിയം ഉരുവായതു തന്നെ ജന്മപാപം പോലും (Without original sin) ഇല്ലാത്തവളായിട്ടാണെന്നുള്ള സിദ്ധാന്തമാണ് ഇത്. മിശിഹാ അല്ലാതെ യാതൊരു പാപവും തീണ്ടാത്തവരായി മറ്റാരും ഭൂമിയിൽ ജനിച്ചിട്ടില്ലാത്തിരിക്കെ, കന്യകമറിയാം അമലോത്ഭവയാണെന്നുള്ള അവ

Scanned by CamScanner

രുടെ വിശ്വാസസത്യം വേദസത്യങ്ങൾക്കു വിപരീതമാണ്. "അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു; പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു" (സങ്കീ. 51:5) എന്നു ദീർഘദർശിയും രാജാവുമായിരുന്ന ദാവീദു പറഞ്ഞിരിക്കുമ്പോൾ; ദാവീദിന്റെ വംശത്തിൽ യൂയാക്കീമിന്റെയും ഹന്നായുടെയും മകളായി പിറന്ന മറിയാമിന് ആദാമ്യപാപം (ജന്മപാപം) തീർച്ചയായും ഉണ്ടായിരുന്നു എന്നു നിശ്ചയമാണല്ലോ. ഗബ്രിയേൽ മാലാഖയുടെ ശബ്ദം ശ്രവിച്ചയുടൻ പരിശുദ്ധാത്മാവ് അവളിൽ ഇറങ്ങി ജന്മപാപവും മറ്റും നീക്കി ശുദ്ധീകരിക്കുകയും മറിയാമിന്റെ ഗർഭപാത്രത്തിൽ വചനം ജഡമായി തീർന്ന് ദൈവപുത്രനെ അവൾ പ്രസവിക്കുകയുമാണ് ചെയ്തത്. അതിനാൽ അവരുടെ അമലോത്ഭവ സിദ്ധാന്തം വിശ്വാസ വിപരീതമായി കണക്കാക്കുന്നു.

2) മാർപാപ്പായുടെ അപ്രമാദിത്വവും, തെറ്റിക്കൂടായ്മ(Infallibility of the Pope)യും; 1870-ൽ ഒരു വിശ്വാസസത്യമായി 9-ാം പീയൂസ് മാർപാപ്പാ പ്രഖ്യാപിച്ചു. മാർപാപ്പാ സാർവ്വത്രികസഭയുടെ മുഴുവൻ തലവനാണെന്നും, വിശ്വാസത്തെ സംബന്ധിച്ചും സന്മാർഗ്ഗത്തെ സംബന്ധിച്ചും സംസാരിക്കുമ്പോൾ മാർപാപ്പായ്ക്ക് ഒരിക്കലും തെറ്റുപറ്റുകയില്ലെന്നുമുള്ള (ex cathedra) സിദ്ധാന്തമാണ് ഇത്. A.D. 451-ൽ ആദ്യമുണ്ടായ പിളർപ്പിന് മുമ്പ് സഭ ഒന്നായിരുന്നപ്പോൾ റോമിലെ പാത്രിയർക്കീസ് തന്റെ പരമാധികാരം മറ്റു പാത്രിയർക്കീസന്മാരുടെ അധികാര സീമയ്ക്കുള്ളിൽ പ്രയോഗിച്ചിട്ടില്ല. ഉദാ:-റോമിലെ എപ്പിസ്ക്കോപ്പായുടെ തിരഞ്ഞെടുപ്പിൽ അന്ത്യോഖ്യക്കാരൊ; അന്ത്യോഖ്യായിലെ എപ്പിസ്ക്കോപ്പായുടെ തിരഞ്ഞെടുപ്പിൽ റോമാക്കാരൊ ഒരിക്കൽ പോലും പ്രവേശിച്ചിട്ടില്ല. സാർവ്വത്രികകാര്യങ്ങളിൽ അല്ലാതെ ആഭ്യന്തര കാര്യങ്ങളിൽ ആർക്കും പ്രവേശനം ഇല്ലായിരുന്നു. നിഖ്യാ മുതലായ മൂന്നു പൊതുസുന്നഹദോസുകൾ കൂടി നിശ്ചയങ്ങൾ ചെയ്തപ്പോൾ; ആദ്യത്തെ രണ്ടു സുന്നഹദോസുകളിലും അന്ത്യോഖ്യാ പാത്രിയർക്കീസന്മാരും; മൂന്നാമത്തെതിൽ അലക്സന്ത്ര്യാ പാത്രിയർക്കീസും ആയിരുന്നു ആദ്ധ്യക്ഷം വഹിച്ചത്. റോമിലെ പത്രിയർക്കീസ് (പാപ്പാ) ഈ സുന്നഹദോസുകളിൽ ഒന്നും തന്നെ സംബന്ധിക്കാതിരുന്നിട്ടും അതിലെ നിശ്ചയങ്ങൾ എല്ലാം അംഗീകരിക്കുകയായിരുന്നു. ഇതിൽ നിന്നു തന്നെ വ്യക്തമാണ് 'മാർപാപ്പായുടെ അപ്രമാദിത്വവും', 'സാർവ്വത്രികസഭയുടെ തലവൻ' എന്ന പദവിയും പിന്നീടുണ്ടായ അവരുടെ സൃഷ്ടി മാത്രമാണെന്ന്.

തെറ്റിക്കൂടായ്മയുടെ കാര്യമാണ് മറ്റൊന്ന്. ശ്ലീഹന്മാരിൽ തലവനായ പത്രോസിൽ തെറ്റു കാണുകയാൽ പൗലൂസ് അദ്ദേഹത്തെ ശാസിച്ചതായി ഗലാത്യ 2:11-ൽ കാണുന്നു. വി. പത്രോസിനു തെറ്റു വരാമെങ്കിൽ മറ്റു എല്ലാ ശ്ലീഹന്മാർക്കും, പാത്രിയർക്കീസന്മാർക്കും അവരുടെ പിൻഗാമികൾക്കും തെറ്റുപറ്റുകയില്ലെന്ന് എന്ത് ഉറപ്പാണുള്ളത്. അതിനാൽ 1870-ലെ സൃഷ്ടി മാത്രമായ "തെറ്റിക്കൂടാവര"മെന്ന വിശ്വാസസത്യവും വേദാനുസരണമല്ല എന്നു വ്യക്തമാണല്ലോ.

3) ദൈവമാതാവായ വി. മറിയാമിന്റെ സ്വർഗ്ഗാരോഹണം ഒരു വിശ്വാസസത്യമായി 1950-ൽ 12-ാം പീയൂസ് മാർപാപ്പാ പ്രഖ്യാപിച്ചു. ഇതിനെക്കുറിച്ചുള്ള പ്രഖ്യാപനത്തിൽ പറയുന്നത്:- "The declaration of Our Lady's Assumption into heaven came in a papal document entitled: Most Generous God (Munificentissimus Deus). The central text of the Pope Pius XII's pronouncement reads as follows: 'the immaculate Mother of God, the ever Virgin Mary, having completed the cours of her earthly life, was assumed body and soul into heavenly glory". (Don Boscos Madonna; August 2002; Page 10)

Scanned by CamScanner

മാതാവിന്റെ സ്വർഗ്ഗാരോഹണം സംബന്ധിച്ച് വേദപുസ്തകത്തിൽ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പള്ളിക്രമങ്ങളിലും മോശെ ബർക്കീഫായും മറ്റും പറയുന്ന പ്രകാരം; കർത്താവിന്റെ ഉയിർത്തെഴുന്നേല്പിനുശേഷം വി. മറിയാം 17 വർഷം ജീവിച്ചിരുന്നു എന്നും മെയ്, ആഗസ്റ്റ്, ഡിസംബർ എന്നീ ഏതെങ്കിലും ഒരു മാസത്തിൽ ഊർശ്ലേമിൽ വച്ചു മരിച്ചു എന്നും; ആ സന്ദർഭത്തിൽ നിദ്ര പ്രാപിച്ചവരും ജീവനോടിരുന്നവരും ആയ സകല പിതാക്കന്മാരും ശ്ലീഹന്മാരും; മരിച്ചുപോയവർ പുനരുദ്ധാനം ചെയ്യുകയും ദൂരസ്ഥരായിരുന്നവർ അവിടേക്കു പറക്കുകയും ചെയ്തു എന്നത്രെ. വി. മാതാവിന്റെ ആത്മാവ് പുണ്യാത്മാക്കൾ വസിക്കുന്ന പറുദീസായിലേക്കാണ് മാലാഖമാരുടെ അകമ്പടിയോടെ പോയത്; സ്വർഗ്ഗത്തിലേക്കല്ല. ഊർശ്ലേമിൽ അവൾക്കു ഒരു കബർ ഉണ്ട് എന്നുള്ളത് സ്മരണീയമാണ്. ദൈവം മോശയെ സംസ്ക്കരിച്ചതുപോലെ (ആരും അറിയാതെ കബർ മൂടിയതുപോലെ) ആവർത്തനം 34:5,6; മാതാവിന്റെ കബറിനെയും മൂടി എന്നത്രെ, വന്ദ്യദിവ്യശ്രീ. മോശ റമ്പാൻ (പിന്നീട് ബ്രസീലിലെ മെത്രാപ്പോലീത്താ) എഴുതിയിട്ടുള്ളത്.

ദൈവത്തെ പ്രസാദിപ്പിച്ച ഹനോക്ക് ജീവനോടെ എടുക്കപ്പെട്ടു. (ഉല്പ. 5:24); ഏലിയാ ദീർഘദർശി അഗ്നിരഥത്തിൽ സ്വർഗ്ഗത്തിലേക്കു കയറി (2 രാജാ. 2:11) എന്നിങ്ങനെ കാണുന്നതിനാൽ; ദൈവമാതാവായ മറിയാമും സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നു ന്യായമായി വിശ്വസിക്കേണ്ടതല്ലയൊ? പാടില്ലാ. "സ്വർഗ്ഗത്തിൽ ഉള്ളവനായി, സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്നവനായ മനുഷ്യപുത്രൻ അല്ലാതെ മറ്റാരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല" (യോഹ. 3:13) എന്നു മിശിഹായും; അനേക വിശുദ്ധരും രക്തസാക്ഷികളും വാഗ്ദത്തനിവൃത്തി (സ്വർഗ്ഗം) പ്രാപിക്കാതിരിക്കുന്നു എന്നും; അവരും നമ്മളും കൂടി (ന്യായവിധിക്കുശേഷം) ചേർന്നശേഷം മാത്രമെ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുള്ളു (എബ്രാ. 11:39,40) എന്നു പൗലൂസ് ശ്ലീഹായും പറഞ്ഞിരിക്കുന്നതിനാൽ അതുവരെ എല്ലാ വാങ്ങി പോയവരും പറുദീസായിൽ (അബ്രഹാമിന്റെ മടി എന്നും പേർ) വസിക്കുന്നു (ലൂക്കോ. 23:43, 16:23) എന്നു നിശ്ചയമായും ഗ്രഹിക്കാം. 2 കോരി. 12:2-4 കൂടി കാണുക.

സുറിയാനി ഓർത്തഡോക്സ് സഭ ആഗസ്റ്റ് 15-ാം തീയതി ആചരിച്ചു വരുന്നത് വി. ദൈവമാതാവിന്റെ സ്വർഗ്ഗാരോഹണം അല്ല; മരണമാകുന്ന വാങ്ങിപ്പ് (സുറിയാനിയിൽ ശൂനോയൊ) മാത്രമാകുന്നു. വി. മറിയാം സ്വർഗ്ഗാരോഹണം ചെയ്തിട്ടുണ്ടായിരുന്നെങ്കിൽ "സ്വർഗ്ഗാരോഹണം" എന്ന പേരിൽ തന്നെ മറ്റൊരു പെരുന്നാൾ സുറിയാനിസഭ ആഘോഷിക്കുന്നതും ആഘോഷിക്കേണ്ടതുമായിരുന്നു. 1950-ൽ പ്രഖ്യാപിച്ചതിനുമുമ്പ് റോമാസഭയ്ക്കുപോലും മാതാവിന്റെ സ്വർഗ്ഗാരോഹണം ഒരു വിശ്വാസസത്യമല്ലായിരുന്ന സ്ഥിതിക്ക് അത് വിശ്വാസത്തിനും പാരമ്പര്യങ്ങൾക്കും ചരിത്രസത്യങ്ങൾക്കും വിരുദ്ധമാകുന്നു എന്നു വ്യക്തമാണ്.

4) വസ്തുഭേദം (Transubstantiation) അതായത് വാഴ്ത്തപ്പെടുന്നതോടുകൂടി കുർബ്ബാനയിലെ അപ്പത്തിന്റെയും വീഞ്ഞിന്റെയും വസ്തു (Substance) ഭേദപ്പെടുന്നു എന്നുള്ളതാണ് അവരുടെ മറ്റൊരു പഠിപ്പിക്കൽ. ഈ സിദ്ധാന്തം വികസിപ്പിച്ചെടുത്തത് 13-ാം നൂറ്റാണ്ടിലായിരുന്നു എന്നും, പിന്നീട് ട്രെന്റ് കൗൺസിലിന്റെ രേഖകളിൽ ഉൾക്കൊള്ളിക്കപ്പെട്ടു എന്നുമാണ് എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്ക (മലയാളം); വാല്യം 3; പേജ് 1983-ൽ പറഞ്ഞിട്ടുള്ളത്. ത്രിത്വത്തിൽ രണ്ടാമനായ പുത്രൻ തമ്പുരാൻ കന്യകമറിയാമിൽ നിന്നു ജഡം എടുത്തതിനാൽ ദൈവത്വവും മനുഷ്യത്വവും കൂടി യോജിച്ച് ഏകശരീരമായി തീർന്നു ബാഹ്യമായി താൻ മനുഷ്യനും ആന്തരീകമായി താൻ ദൈവവുമാകുന്നു. കർത്താവിന്റെ മനുഷ്യത്വത്തിൽ വ്യത്യാസം ഉണ്ടാകാതെ ദൈവത്വം അതിൽ

Scanned by CamScanner

വസിച്ചിരുന്നതുപോലെ, അപ്പത്തിലും വീഞ്ഞിലും വസ്തുഭേദം ഉണ്ടാകാതെ തന്നെ അവ കർത്താവിന്റെ ശരീരരക്തങ്ങളാകുന്നു. (സുറിയാനിസഭ. പേജ് 620 കാണുക). ഇങ്ങിനെ 'വസ്തുഭേദം' എന്ന റോമൻ സഭാ പഠിപ്പിക്കലും വേദാനുസരണമല്ലാ എന്നു കാണാം.

5) കുർബ്ബാനയ്ക്കു പുളിപ്പില്ലാത്ത അപ്പം (ഉപ്പു കൂടാതെ) ഉപയോഗിക്കുന്നത്. പത്താം നൂറ്റാണ്ടു മുതലാണ് റോമാസഭ ഇത് ആരംഭിച്ചത് എന്നു പറയപ്പെടുന്നു. "നാം പഴയ പുളിമാവു കൊണ്ടല്ല, തിന്മയും ദുഷ്ടതയുമായ പുളിമാവു കൊണ്ടുമല്ല, സ്വച്ഛതയും സത്യവുമായ പുളിപ്പില്ലായ്മകൊണ്ട് തന്നെ ഉത്സവം ആചരിക്കണം" (1 കോരി. 5:8) എന്ന വേദവാക്യമാണ് അതിനു കാരണമായി പറയുന്നത്. ഈ വാക്യം ഇതുപോലെ മറ്റു പല വേദപുസ്തകങ്ങളിലും രേഖപ്പെടുത്തിക്കാണുന്നുണ്ട്. കുർബ്ബാനയ്ക്കു പുളിപ്പില്ലാത്ത അപ്പം ഉപയോഗിച്ചു തുടങ്ങിയപ്പോൾ തദനുസരണം വേദവാക്യത്തിനും വ്യത്യാസം വന്നു ചേർന്നു. എന്നാൽ മൂലഗ്രന്ഥത്തിൽ നിന്നും പ്ശീത്തൊ സുറിയാനിയിലേക്ക് രണ്ടാം നൂറ്റാണ്ടിൽ വിവർത്തനം ചെയ്തിട്ടുള്ള വേദഗ്രന്ഥത്തിൽ ഈ വാക്യം- "ആകയാൽ, പഴയ പുളിമാവുകൊണ്ടല്ല; തിന്മയും ദുഷ്ടതയുമാകുന്ന പുളിമാവുകൊണ്ടുമല്ല; പ്രത്യുത നിർമ്മലതയുടെയും വിശുദ്ധിയുടെയും പുളിമാവുകൊണ്ട് നമുക്കു പെരുന്നാൾ ആഘോഷിക്കാം" എന്നാണ് പറഞ്ഞിട്ടുള്ളത്. മറ്റൊന്ന്; പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ സമീപിച്ചപ്പോൾ യേശുവിന്റെ ശിഷ്യന്മാർ പെസഹാ ഒരുക്കി. അത്താഴം കഴിച്ചശേഷം യേശു അപ്പം എടുത്തു വാഴ്ത്തി ശിഷ്യന്മാർക്കു കൊടുത്തു (ലൂക്കോ. 22:7-14). ആ അപ്പം പുളിപ്പില്ലാത്തതായിരുന്നതിനാൽ കുർബ്ബാനയ്ക്ക് ഉപയോഗിക്കേണ്ടതും പുളിപ്പില്ലാത്ത അപ്പം തന്നെ ആയിരിക്കേണ്ടതാണെന്നാണ് കാരണം പറയപ്പെടുന്നത്. പെസഹാ ആചരണത്തിന്റെ നിയമവും മിശിഹാ അപ്പം വാഴ്ത്തിക്കൊടുത്ത ദിവസവും സമയവും പരിശോധിച്ചാൽ അവരുടെ ന്യായം ശരിയല്ലെന്നു കാണാവുന്നതാണ്.

ആണ്ടുതോറും ഒന്നാം മാസം 14-ാം തീയതി സന്ധ്യയ്ക്ക് പെസഹാ കുഞ്ഞാടിനെ അറുക്കണം. അന്നു രാത്രിയിൽ തന്നെ അതായത് 15-ാം തീയതി ആരംഭിക്കുന്ന രാത്രിയിൽ അതിന്റെ വറുത്ത മാംസവും പുളിപ്പില്ലാത്ത അപ്പവും കൈപ്പു ചീരയും കൂട്ടി ഭക്ഷിക്കണം. അന്നു സന്ധ്യമുതൽ (14-ാം തീയതി അസ്തമിച്ച സന്ധ്യ) ഏഴു ദിവസത്തേക്ക് പുളിപ്പുള്ള യാതൊന്നും വീട്ടിൽ കാണുകയോ തിന്നുകയോ ചെയ്യരുത് (പുറ. 12:1-18). മേൽപ്പറഞ്ഞ തീയതി യാതൊരു കാരണവശാലും മാറ്റുവാൻ പാടില്ല. യഹൂദന്മാർക്ക് ഒരു ദിവസം എന്നത് സന്ധ്യ മുതൽ പിറ്റേ സന്ധ്യവരെയാണ്. മാറ്റമില്ലാത്ത നിയമം അനുസരിച്ച് പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ആരംഭിക്കുന്നത് 14-ാം തീയതി അസ്തമിച്ച സന്ധ്യ മുതലാണെന്നു കാണാം. എന്നാൽ യേശു ഭക്ഷണത്തിനിരുന്നതും ശിഷ്യന്മാർക്കു അപ്പം വാഴ്ത്തി കൊടുത്തതും എപ്പോഴാണെന്നു നോക്കാം.

പീഡാനുഭവത്തിനുമുമ്പായി പെസഹാ ഭക്ഷിക്കണമെന്നുള്ളതായിരുന്നു യേശുവിന്റെ നിശ്ചയം (ലൂക്കോ. 22:14,15). പെരുന്നാളിൽ യേശുവിനെ വധിക്കേണ്ട എന്നു യഹൂദപ്രധാനികൾ നിശ്ചയിച്ചിരുന്നു (മത്താ.26:1-5). യേശു ശിഷ്യന്മാർക്കു അപ്പം വാഴ്ത്തിക്കൊടുത്തതും പടയാളികൾ തന്നെ ബന്ധിച്ചുകൊണ്ടു പോയതും ഒരു രാത്രിയിലെ തന്നെ രണ്ടു സംഭവങ്ങൾ ആയിരുന്നു. പിറ്റെ പ്രഭാതത്തിൽ യേശുവിനെ പീലാത്തോസിന്റെ മുമ്പിൽ ഹാജരാക്കി (മത്താ. 27:1,2). അശുദ്ധിയാകാതെ അന്നു രാത്രിയിൽ പെസഹാ ഭക്ഷിക്കേണ്ടിയിരുന്നതിനാൽ യഹൂദന്മാർ പീലാത്തോസിന്റെ പ്രത്തോറിനിൽ (ആസ്ഥാനത്തിൽ) പ്രവേശിക്കാതെ പുറത്തു നിന്നിരുന്നു (യോഹ.18:28). ആ ദിവസം (കുരിശിൽ തറച്ച ദിവ

Scanned by CamScanner

സം) 14-ാം തീയതി വെള്ളിയാഴ്ചയായിരുന്നു. അന്നു സന്ധ്യ മുതൽ ശാബത് ആരംഭിക്കുന്നതിനാലും ആ ശാബത് സുപ്രധാന (പെസഹാ) ദിവസവും കൂടി ആയിരുന്നതിനാൽ യേശുവിന്റെയും മറ്റും ശരീരങ്ങൾ കുരിശിൽ കിടക്കരുതെന്നു അവർ തീരുമാനിച്ചു (യോഹ. 19:31). മേൽപറഞ്ഞ വസ്തുതകൾ ഓരോന്നും പരിശോധിച്ചാൽ യേശു അത്താഴം കഴിച്ചതും, അപ്പം വാഴ്ത്തിക്കൊടുത്തതും, പീഢ അനുഭവിച്ചതും മരിച്ച് അടക്കപ്പെട്ടതും എല്ലാം സാക്ഷാൽ പെസഹാ പെരുന്നാൾ ആരംഭിക്കുന്ന 14-ാം തീയതി അസ്തമിക്കുന്ന സന്ധ്യയ്ക്കു മുമ്പായിരുന്നു എന്നും; അതിനാൽ അപ്പം വാഴ്ത്തിക്കൊടുത്തത് 13-ാം തീയതി അസ്തമിച്ച് 14-ാം തീയതി ആരംഭിച്ച രാത്രിയിലായിരുന്നു എന്നും, അപ്പോൾ പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കേണ്ട സമയം ആഗതമായിരുന്നില്ലാഞ്ഞതിനാലും, വാഴ്ത്തിയത് പുളിപ്പുള്ള അപ്പം തന്നെ ആയിരുന്നു എന്ന് വ്യക്തമാണല്ലോ.

വേദപുസ്തകത്തിൽ അപ്പം എന്നു എവിടെ പറഞ്ഞിരുന്നാലും അത് പുളിപ്പുള്ള അപ്പം തന്നെ ആയിരിക്കും. അല്ലെങ്കിൽ പുളിപ്പില്ലാത്ത അപ്പം എന്നു പ്രത്യേകം പറയുന്നതായിരിക്കും. പുളിപ്പു ചേർത്തുണ്ടാക്കുന്ന അപ്പത്തിനു സുറിയാനിയിൽ 'ലഹ്മൊ' എന്നും; പുളിപ്പില്ലാത്തതിനു 'പത്തീറൊ' എന്നുമാണ് പറയുന്നത്. മോശ പുളിപ്പില്ലാത്ത അപ്പം ഉപയോഗിച്ചിടത്ത് എല്ലാം 'പത്തീറൊ' എന്ന പദം തന്നെയാണ് ഉപയോഗിച്ചിട്ടുള്ളത്. കർത്താവ് അപ്പം എടുത്തു വാഴ്ത്തി എന്നു പറയുന്നിടത്ത് 'ലഹ്മൊ' എന്ന പദവും ഉപയോഗിച്ചിട്ടുണ്ട്. പുളിപ്പ് ജീവനെയും പുളിപ്പില്ലായ്മ നിർജ്ജീവത്വത്തെയുമാണ് കാണിക്കുന്നത്. "ഞാൻ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന ജീവനുള്ള അപ്പം (ലഹ്മൊ) ആകുന്നു" (യോഹ. 6:48-51) എന്നിങ്ങനെ മിശിഹാ പറഞ്ഞിരിക്കുന്നതു കാണുക. 'ജീവനിക്ഷേപം' 1909 ധനു; ലക്കം 9-ൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. കുർബ്ബാന അപ്പം; മണ്ണിനു പകരം ഗോതമ്പുപൊടിയും, വെള്ളത്തിനു പകരം വെള്ളവും, ഓയാറിനു (ആകാശം) പകരം പുളിപ്പും, അഗ്നിക്കുപകരം ഉപ്പും ചേർത്ത് ഉണ്ടാക്കപ്പെടുന്നു. മനുഷ്യശരീരം; മണ്ണ്, വെള്ളം, ഓയാർ, അഗ്നി എന്നീ ചതുർഭൂതങ്ങളാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുപോലെ തന്നെ. സൈത്തെണ്ണ (ഒലിവ് എണ്ണ) കർത്താവ് മനുഷ്യശരീരത്തിലേക്ക് യോജിപ്പിച്ച ആത്മാവിനെയും, അഗ്നിയിൽ ചുടുന്നത് ദൈവത്വത്തെയും ഉദ്ദേശിച്ചിരിക്കുന്നു എന്നാണ്. കർത്താവ് മാളികയിൽ വച്ച് വാഴ്ത്തി ശ്ലീഹന്മാർക്ക് കൊടുത്ത അപ്പവും; പിന്നീട് ശ്ലീഹന്മാർ വിശുദ്ധ കുർബ്ബാനയ്ക്കു ഉപയോഗിച്ചുപോന്ന അപ്പവും (ലഹ്മൊ) പുളിപ്പുള്ളതായിരുന്നതിനാൽ, സുറിയാനി ഓർത്തഡോക്സ് സഭ വി. കുർബാനയ്ക്ക് അപ്പോസ്തോലകാലം മുതലേ പുളിപ്പുള്ള (ലഹ്മൊ) അപ്പം തന്നെ ഉപയോഗിച്ചു പോരുന്നു. വേദാനുസരണമായിട്ടുള്ളതും അതു തന്നെയാണ്.

മേൽ പറയപ്പെട്ടവയെല്ലാം വിശ്വാസസത്യങ്ങളായും പഠിപ്പിക്കലുകളായും പ്രഖ്യാപിക്കുന്നതിനുമുമ്പ് അവർക്കു (റോമൻ കത്തോലിക്കാസഭ) പോലും അവ വിശ്വാസസത്യങ്ങൾ ആയിരുന്നില്ലല്ലൊ. യാതൊരു വിശ്വാസം കൂടാതെ ഒരുവന് ആത്മരക്ഷ അസാദ്ധ്യമായി തീരുമൊ അതിനെ അത്രെ വിശ്വാസസത്യങ്ങൾ എന്നു പറയുന്നത്. അത് സ്ഥലകാലഭേദമെന്ന്യെ എല്ലാവരേയും എല്ലായ്പ്പോഴും ഒരുപോലെ ബന്ധിക്കുന്നവ ആയിരിക്കുകയും വേണം. അല്ലാതുള്ളവ ഒന്നും വിശ്വാസസത്യങ്ങളേ അല്ലാ. നിഖ്യാ മുതലായ മൂന്നു പൊതു സുന്നഹദോസുകൾ ഒന്നും തന്നെ പുതുതായി വിശ്വാസസത്യങ്ങൾ പ്രഖ്യാപിക്കുകയല്ലായിരുന്നു ചെയ്തത്. അറിയോസ് മുതലായ ആളുകൾ വേദവിപരീതങ്ങൾ പഠിപ്പിച്ചുവന്നതിനാൽ; കർത്താവും തന്റെ അപ്പോസ്തോലന്മാരും പഠിപ്പിച്ചിട്ടുള്ള സത്യവിശ്വാസങ്ങൾ ഇന്നിന്നവയാണെന്ന് സത്യമുള്ള വി. ബാവാമാർ കൂടി വേദപുസ്തകം

Scanned by CamScanner

മുതലായവയെല്ലാം പരിശോധിച്ച്, അറിവില്ലാത്തവർ തെറ്റിപ്പോകാതിരിപ്പാൻ വേണ്ടി അവയെ ഒരു വിശ്വാസപ്രമാണമായി കൽപ്പിച്ചു നിശ്ചയിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ചുരുക്കിപ്പറഞ്ഞാൽ അപ്പോസ്തോലികവും വേദാനുസരണവുമല്ലാത്ത പല നൂതന വിശ്വാസസത്യങ്ങളും A.D. 451-ൽ കൽക്കിദോനിലും പിന്നീടും പ്രഖ്യാപിച്ച് ആചരിച്ചു വരുന്നതുമൂലം ഏക കാതോലികസഭയുടെ വിശ്വാസഐക്യത്തിൽ നിന്നും റോമൻ കത്തോലിക്കാസഭ അകന്നുപോയിരിക്കുന്നു. എന്നാൽ ക്രിസ്തീയസഭയുടെ ഉത്ഭവം മുതലേ അപ്പോസ്തോലികവിശ്വാസം കറ കൂടാതെയും നിഖ്യാവിശ്വാസപ്രമാണം (Nicene Creed) യാതൊരു വ്യത്യാസവും വരുത്താതെയും വിശ്വസിച്ചു പരിപാലിച്ചുകൊണ്ട് ഇന്നും ഏകകാതോലികസഭയിൽ ഐക്യത്തോടെ കഴിഞ്ഞു വരുന്ന സഭകളാണ് - അലക്സന്ത്ര്യാ(Coptic Orthodox)സഭയും; സിറിയൻ ഓർത്തഡോക്സ് (Syrian Orthodox) സഭയും; അർമ്മീനിയൻ (Armenian Orthodox) സഭയും. ഈ മൂന്നു സഭകളും തമ്മിലുള്ള വിശ്വാസഐക്യം ഉറപ്പിച്ചു പ്രഖ്യാപിച്ചുകൊണ്ട് യഥാക്രമം അതിന്റെ പരമാദ്ധ്യക്ഷന്മാരായ 1) അലക്സന്ത്ര്യാ പാത്രിയർക്കീസ് പോപ്പ് ഷെനൂഡാ III (Pope Shenouda III); 2) അന്ത്യോഖ്യാ പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ I (Moran Mor Ignatius Zakka I); 3) അർമ്മീനിയൻ കാതോലിക്കാ അരാം I (Aram I) എന്നിവർ 17-10-2003-ൽ സംയുക്തമായി ചേർന്നു പുറപ്പെടുവിച്ച പ്രഖ്യാപനത്തിൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. പ്രസക്തഭാഗം താഴെ കുറിക്കുന്നു:-

"At our meeting here in Antelias (Lebanon), we have reaffirmed our unity of faith that, for centuries, has been the basis of our common doctrinal positions and theological teachings. Deeply rooted in the Holy Scriptures, the Apostolic Faith and Tradition, the three Ecumenical Counciles (Nicea, 325, Constantinople, 381, and Ephesus, 431) and the teachings of our Church Fathers, our unity has sustained the life and witness of the Churches of the Oriental Orthodox Family and became a living source of spiritual strength and missionary engagement in the midst of the upheavals and vicissitudes of our respective histories. For the Oriental Orthodox Churches, the unity of faith is the basis of Eucharist inter-communion and the manifestation of the visible unity of the church." (KOLO SURYOYO. Nr. 142/2004. Pages 12,13).

മേൽപ്പറഞ്ഞ വസ്തുതകൾ എല്ലാം പരിശോധിച്ചാൽ നമ്മുടെ യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ വിശ്വാസസത്യങ്ങൾ എല്ലാം അപ്പോസ്തോലികവും വേദാനുസരണവും ശരിയായും സത്യമായും ഉള്ളവയാണെന്നു ബോദ്ധ്യമാകുന്നതാണ്.

Scanned by CamScanner

വിശുദ്ധ ഗീവർഗ്ഗീസ് സഹദാ
കോട്ടയം വലിയപള്ളിയിൽ സൂക്ഷിച്ചുവരുന്ന പുരാതന ചിത്രം

പ്രൊട്ടസ്റ്റന്റ് മുതലായ സഭകളുടെ വിപരീതോപദേശങ്ങൾ

(ഒരു റോമൻ കത്തോലിക്കാപട്ടക്കാരനായിരുന്ന മാർട്ടിൻ ലൂഥർ (1483–1546) റോമാസഭയിലെ അനാചാരങ്ങളിൽ ചിലതിനെ എതൃത്തുകൊണ്ട് 95 പ്രമാണങ്ങൾ എഴുതി, 1517-ാംമാണ്ടിൽ ജർമ്മനിയിലുള്ള വിറ്റൻബർഗ് പള്ളിയുടെ വാതിലിൽ പതിച്ചുകൊണ്ട് ആരംഭിച്ച നവീകരണ (Reformation) പ്രസ്ഥാനമാണ് പ്രൊട്ടസ്റ്റന്റ് സഭ എന്നു പറയപ്പെടുന്നത്. ലിയൊ X മാർപാപ്പാ ലൂഥറിനെ സഭയിൽ നിന്നും മുടക്കി. 16-ാം നൂറ്റാണ്ടിൽ ആരംഭിച്ച ലൂഥറൻ സഭയും. അതിൽ നിന്നും വിഘടിച്ച് മറ്റു പല സഭകളും ഉണ്ടായി. അവയിൽ ചിലതിന്റെ പേരും ബ്രാക്കറ്റിൽ അതിന്റെ സ്ഥാപകന്റെ പേരും കൊടുക്കുന്നു:- പ്രസ്ബിറ്റേറിയൻ (ജോൺ നോക്സ് 1560); ആംഗ്ലിക്കൻ സഭ (തോമസ് ക്രാൻമർ 1489–1566); മെതഡിസ്റ്റ് (ജോൺ വെസ്‌ലി 1703–1791); രക്ഷാസൈന്യം (വില്യം ബൂത്ത് 1865); ക്വേക്കേഴ്സ്-Quakers (ജോർജ് ഫോക്സ്). കൂടാതെ പല പേരുകളിലായി അഞ്ഞൂറിനുമേൽ വിഭാഗങ്ങൾ ലോകത്തിൽ പ്രവൃത്തിച്ചുവരുന്നതായി പറയപ്പെ

Scanned by CamScanner

ടുന്നു. എല്ലാവരുടെയും ആധാരം വേദപുസ്തകമാണെങ്കിലും ഇവർക്കു പൊതുവെ വ്യവസ്ഥപ്പെടുത്തിയ ഒരു വിശ്വാസപ്രമാണമില്ല. അതുകൊണ്ട് അവർ തമ്മിലുള്ള വ്യത്യാസങ്ങൾ ഏതെല്ലാമെന്നു തിരിച്ചറിയുവാനും നിവൃത്തിയില്ല. എങ്കിലും ലൂഥറും കാൽവിനും കൂടി റോമാസഭയിൽ നടപ്പിലിരുന്ന വിശ്വാസാചാരങ്ങളിൽ ചിലതു വ്യത്യാസം വരുത്തി സ്വീകരിച്ച വിവരം ഗ്രന്ഥകർത്താവ് ഇതിൽ പറഞ്ഞിരിക്കുന്നതു കാണാം. പ്രസാധകൻ).

49. **മേൽ പറഞ്ഞതു കൂടാതെ പിന്നെ എവിടെ എങ്കിലും സുന്നഹദോസു കൂടിയിട്ടുണ്ടോ?**

ഇതു കൂടാതെ ഇംഗ്ലണ്ടിൽ ഒരു കൂട്ടം കൂടിയിട്ടുണ്ട്.

50. **അവിടെ കൂട്ടം കൂടുവാനുള്ള കാരണവും, കൂടിയ ആണ്ടും, അവിടെ നടന്ന വിവരങ്ങളും ചുരുക്കമായി കേൾക്കട്ടെ?**

ഇംഗ്ലണ്ടിലുള്ള മനുഷ്യർ അക്രൈസ്തവരായിരുന്ന കാലത്ത് റോമാപട്ടക്കാരുടെ ഉപദേശത്താൽ അവർ ക്രിസ്ത്യാനികളായി തീർന്ന് മാർപാപ്പായുടെ കീഴിൽ അനേക സംവത്സരമായി കഴിഞ്ഞുവരുമ്പോൾ, മാർട്ടിൻ ലൂഥർ എന്നും ജോൺ കാൽവിൻ എന്നും പേരുള്ള രണ്ടു പട്ടക്കാരെ അവരുടെ കുറ്റം കാരണമായി സഭയിൽ നിന്നും പുറത്താക്കിയതിനാൽ അവർ പാപ്പായ്ക്ക് എതിരായി തീർന്ന് ന്യായമായിട്ടോ ന്യായവിരോധമായിട്ടോ റോമാസഭ കൈക്കൊണ്ടു പോരുന്ന ചില കാര്യങ്ങൾ അവർ വ്യത്യാസം വരുത്തിക്കൊണ്ട് ആദ്യം നടക്കുകയും; പിന്നീട് 1562 -ൽ ഇംഗ്ലണ്ടിൽ ഒരു കൂട്ടം കൂടി അതിൻപ്രകാരമല്ലാതെ വേറെ ചില പള്ളിക്രമങ്ങൾ നിശ്ചയിക്കുകയും അവരുടെ ഹിതത്തിനു വിരോധമായുള്ള വാക്യങ്ങൾ അടങ്ങിയിട്ടുള്ള പല പുസ്തകങ്ങളേയും വേദപുസ്തകത്തിൽ നിന്നും നീക്കികളയുകയും ചെയ്തു. എങ്കിലും അവരുടെ വിശ്വാസം കൽക്കിദോനിൽ നിശ്ചയിച്ച ഇടത്തൂടു വിശ്വാസം തന്നെ ആയിരുന്നു.

51. **കൊള്ളാം; ആദ്യം ലൂഥറും, കാൽവിനും കൂടി വ്യത്യാസം വരുത്തി നടന്നത് ഏതു പ്രകാരമാകുന്നു?**

1) പൂർണ്ണമനസ്സോടെ തന്നത്താൻ വിളിക്കുന്ന വിളിയാൽ അല്ലാതെ മറ്റൊരുത്തന്റെ കൈവയ്പാൽ പരിശുദ്ധാത്മാവ് വരുന്നതല്ലാത്തതുകൊണ്ട് മേൽപ്പട്ടക്കാരുടെ ആവശ്യമില്ല എന്നും.

2) ഹൃദയം കൊണ്ടല്ലാതെ ജലത്തിൽ നിന്നുള്ള മാമോദീസായുടെ ആവശ്യമില്ലെന്നും.

3) കാതോലികസഭ എന്നു പറയുന്നത് ദൈവം ത്രിത്വമാകുന്നു എന്നു വിശ്വസിക്കുന്ന വിശ്വാസത്തിന്റെ പേരാകുന്നു എന്നും.

4) ഒരുത്തൻ എഴുതിയുണ്ടാക്കുന്ന പ്രാർത്ഥനകൾ പ്രാർത്ഥിച്ചു കൂടാ എന്നും.

5) ഭക്ഷണം ഉപേക്ഷിച്ചുള്ള നോമ്പിന്റെ ആവശ്യമില്ലെന്നും.

6) നിന്റെ വിശുദ്ധന്മാരെക്കുറിച്ചും അവരുടെ പ്രാർത്ഥനയെക്കുറിച്ചും 'ഇപ്രകാരം നൽകണമെ' എന്നു ദൈവത്തോടു അപേക്ഷിച്ചുകൂടാ എന്നും.

7) ഞങ്ങൾക്കു വേണ്ടി ദൈവത്തോടു പ്രാർത്ഥിപ്പീൻ എന്നു വിശുദ്ധന്മാരോടു അപേക്ഷിച്ചുകൂടാ എന്നും.

8) മരിച്ചവർക്കുവേണ്ടി പ്രാർത്ഥിപ്പാൻ ആവശ്യമില്ലെന്നും.

9) വിശുദ്ധന്മാരുടെ നാമത്തിൽ പള്ളിക്കു കല്ലിട്ടു ഇന്നാരുടെ നാമത്തിലുള്ള പള്ളി എന്നു പറഞ്ഞുകൂടാ എന്നും.

10) കുർബ്ബാനയിൽ വയ്ക്കുന്ന അപ്പവും വീഞ്ഞും മിശിഹായുടെ മാംസരക്തങ്ങൾ അല്ലെന്നും.

Scanned by CamScanner

11) അസ്തമിച്ചോ കാലത്തോ എപ്പോഴെങ്കിലും മനസ്സുപോലെ ഭക്ഷിച്ചുംകൊണ്ട് കുർബ്ബാന ചൊല്ലാമെന്നും.
12) പള്ളിയിൽ പ്രതിമകളെ ഉണ്ടാക്കി വയ്ക്കുകയും വന്ദിക്കുകയും ചെയ്തു കൂടാ എന്നും.
13) കുരിശുവരച്ചുകൂടാ എന്നും
14) രോഗികളെ തൈലം പൂശണ്ടാ എന്നും.
15) മാമോദീസാ മുങ്ങുന്നവരെ തൈലം പൂശണ്ടാ എന്നും.
16) ജനങ്ങൾ കൂടി പ്രാർത്ഥിച്ച് പട്ടക്കാരെ നിയമിച്ചാൽ മതി എന്നും.
17) പട്ടക്കാർ അംശവസ്ത്രം ധരിക്കണ്ടാ എന്നും.
18) ബെസ്പ്പൂർക്കാനാ എന്നൊരു സ്ഥലം ഇല്ലെന്നും.
19) മരിച്ചവരെ അടക്കുമ്പോൾ കർമ്മം ചെയ്യണ്ടാ എന്നും മറ്റും ജനങ്ങളെ പറഞ്ഞു പഠിപ്പിക്കുകയാൽ ചില പാശ്ചാത്യർ കുറെ വർഷങ്ങളായി അതിൻപ്രകാരം നടക്കുകയും അതു കാരണത്താൽ വിപരീതികൾ എന്നർത്ഥമാകുന്ന 'പ്രൊട്ടസ്റ്റന്റ്'' മതക്കാർ എന്നു അവർക്കു ഒരു പേരു പറഞ്ഞു വരുകയും ചെയ്യുന്നു.

52. പിന്നീട് ഇംഗ്ലണ്ടിൽ കൂട്ടം ചേർന്നു അതിൽ നിന്നും വ്യത്യാസം വരുത്തി നടന്നത് എന്തെല്ലാമാകുന്നു?

പിന്നീട് അവർ ഇംഗ്ലണ്ടിൽ കൂട്ടം കൂടി വിശ്വാസക്രമം കൽക്കിദോനിൽ തെറ്റായി നിശ്ചയിച്ചതു തന്നെ അനുസരിച്ച് കൈക്കൊള്ളുകയും അതനുസരിച്ചു പള്ളിക്രമങ്ങൾ വ്യത്യാസം വരുത്തി ഉണ്ടാക്കുകയും ചെയ്തതു കൂടാതെ:-

1) പട്ടം കൊടുക്കുന്നതിനു മെത്രാന്മാർ വേണമെന്നും.
2) ജലത്തിൽ നിന്നുള്ള മാമോദീസാ കൂടിയെ മതിയാവൂ എന്നും.
3) മാമോദീസാ മുങ്ങുന്നവന്റെ നെറ്റിമേൽ പട്ടക്കാരൻ കൈവിരൽ കൊണ്ട് കുരിശു വരയ്ക്കണമെന്നും.
4) എഴുതി ഉണ്ടാക്കുന്ന പ്രാർത്ഥനകൾ നമസ്ക്കരിക്കാമെന്നും.
5) വിവാഹത്തിനു പട്ടക്കാരൻ കൈപിടിപ്പിച്ചു കൊടുക്കണമെന്നും.
6) പട്ടക്കാർ അംശവസ്ത്രം ധരിക്കണമെന്നും.
7) മരിച്ചവരെ അടക്കുമ്പോൾ കർമ്മം ചെയ്യണമെന്നും, ഇത്രയും കാര്യങ്ങൾ കൂട്ടിച്ചേർത്തും, ശേഷമുള്ളവ ലൂഥറും, കാൽവിനും കൂടി നേരത്തെ നിശ്ചയിച്ച പ്രകാരവും പാശ്ചാത്യരിൽ ചിലർ നടന്നു വരുന്നു. റോമാസഭയിൽ നിന്നും അവരെ പുറത്താക്കിയ കാരണത്താൽ പ്രൊട്ടസ്റ്റന്റുകാരെന്നു ഇവർക്കു ഒരു പേരുള്ളതു കൂടാതെ, ലൂഥറും കാൽവിനും കൂടെ ആദ്യം നടത്തിയ പ്രകാരം നടക്കുന്നവരെ ലണ്ടൻ മിഷ്യൻ സൊസൈറ്റി (L.M.S.) എന്നും; പിന്നീട് ഇംഗ്ലണ്ടിൽ കൂട്ടം കൂടി നിശ്ചയിച്ച പ്രകാരം നടക്കുന്നവരെ ചർച്ചു മിഷ്യൻ സൊസൈറ്റി (C.M.S.) എന്നും പേരു പറഞ്ഞുവരുന്നു. അതു തന്നെയുമല്ല; അവർ രണ്ടുകൂട്ടരും വേദപുസ്തകപ്രകാരം മാത്രം നടന്നുവരുന്നു എന്നും, അങ്ങനെ മാത്രമെ നടക്കുകയുള്ളു എന്നും പറഞ്ഞുകൊണ്ട് കാതോലികസഭയുടെ നിശ്ചയത്തെ തള്ളിക്കളഞ്ഞു തന്നിഷ്ടപ്രകാരം നടന്നു വരുന്നു.

53. വേദപുസ്തകപ്രകാരം മാത്രം നടപ്പാനുള്ളതും അങ്ങനെ മാത്രം അവർ നടന്നുവരുന്നതും അല്ലയൊ?

വേദപുസ്തകത്തിനു വിപരീതമായിട്ടു നടക്കരുതെന്നല്ലാതെ അതിൽ പറയാത്ത കാര്യങ്ങൾ നടത്തിക്കൂടാ എന്നില്ല. വേദപുസ്തകപ്രകാരം മാത്രം അവർ

Scanned by CamScanner

നടന്നു വരുന്നുമില്ല. അതുതന്നെയുമല്ല; വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ മുഴുവനും അവർ നടത്തി വരുന്നുമില്ല. കേട്ടാലും;-

1) സകലതും വേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്നു എങ്കിലും യേശുമിശിഹാ ചെയ്ത കാര്യങ്ങൾ ഓരോന്നോരോന്നായി എഴുതുന്നു എങ്കിൽ എഴുതപ്പെടുന്ന പുസ്തകങ്ങൾ ലോകത്തിൽ ഒതുങ്ങുമായിരുന്നില്ല എന്നു യോഹന്നാൻ 21:25-ലും; ശേഷം കാര്യങ്ങളെക്കുറിച്ചു ഞാൻ വന്നതിനുശേഷം കൽപ്പന തന്നുകൊള്ളാമെന്നു 1 കോരിന്ത്യർ 11:34-ലും; എല്ലാ സഭകളിലും ഞാൻ പഠിപ്പിക്കുന്നതുപോലെ മിശിഹായിലുള്ള എന്റെ വഴികൾ തീമോത്തിയോസ് നിങ്ങളെ അനുസ്മരിപ്പിക്കുമെന്ന് 1 കോരിന്ത്യർ 4:17-ലും; എല്ലാ സഭകളോടും ഞാൻ ഇപ്രകാരമാണ് കല്പിക്കുന്നതെന്നു 1 കോരിന്ത്യർ 7:17-ലും പറഞ്ഞിരിക്കുന്നതുകൊണ്ട് മിശിഹായും ശ്ലീഹന്മാരും പ്രവർത്തിച്ചും പറഞ്ഞും പഠിപ്പിച്ചും നടത്തിയതായ മറ്റു പല കാര്യങ്ങളും ഉണ്ടെന്നു നിശ്ചയിപ്പാൻ ഇടയുണ്ട്. തന്നെയുമല്ലാ; ശ്ലീഹന്മാർ ഓരോരോ ദിക്കുകളിലേക്ക് എഴുതിയ ലേഖനങ്ങളിലെ കാര്യങ്ങൾ മിക്കതും വെവ്വേറെ ആയിരിക്കുന്നതുകൊണ്ട് തന്നെ അവർ പറഞ്ഞു പഠിപ്പിച്ചു നടത്തിവന്നതിൽ വ്യത്യാസം ചെയ്തതിനെ ശാസിച്ചു ലേഖനം എഴുതിയതല്ലാതെ സർവ്വതും ഉൾപ്പെടുത്തി ഒരു ലേഖനവും എഴുതിയിട്ടില്ലായിരുന്നു എന്നു നിശ്ചയമാണ്. ഒരു ലേഖനത്തിൽ സർവ്വതും ഉണ്ടായിരുന്നെങ്കിൽ വെവ്വേറെ ലേഖനം എഴുതുവാൻ കാരണം എന്തെന്നും, കോരിന്ത്യരുടെ ലേഖനത്തിൽ എഴുതിയിരിക്കുന്ന കാര്യങ്ങൾ ഗലാത്യർക്ക് എഴുതിയിട്ടില്ലാത്തതിനാൽ ആ കാര്യങ്ങൾ ഗലാത്യക്കാർ എങ്ങനെ അറിഞ്ഞു നടന്നു എന്നും; പൗലൂസ് ഒന്നര സംവത്സരം കോരിന്തിൽ താമസിച്ചു പഠിപ്പിച്ചു എന്നു അപ്പോ. പ്രവൃത്തി 18:11-ൽ കാണുന്നതിനാൽ അദ്ദേഹം അവിടെ എന്തെല്ലാം പഠിപ്പിച്ചു എന്നും; അതാതു ദിക്കുകാർ അവരവർക്കു എഴുതി കിട്ടിയ ലേഖനപ്രകാരം നടന്നാൽ മതിയെങ്കിൽ; ലേഖനം എഴുതി കിട്ടിയിട്ടില്ലാത്ത ദിക്കുകാർ ഏതു ലേഖനപ്രകാരം നടക്കേണ്ടതാണെന്നും നിരൂപിച്ചാൽ കാതോലികസഭയുടെ ചട്ടപ്രകാരം നടപ്പാനുള്ളതാണെന്നു ബോദ്ധ്യം വരുന്നതുമാകുന്നു. അതു തന്നെയുമല്ലാ; വേദപുസ്തകപ്രകാരം മാത്രമെ നടക്കാവൂ എങ്കിൽ വേദപുസ്തകത്തേയും ഞങ്ങൾ വിശ്വസിക്കുന്നു എന്നു പറയേണ്ടതിനുപകരം 'കാതോലികസഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു' എന്നു വിശ്വാസപ്രമാണത്തിൽ പറയേണ്ട ആവശ്യം എന്താണെന്നു നിരൂപിച്ചാൽ-വേദപുസ്തകത്തേയും അതിൽ മറഞ്ഞിരിക്കുന്ന രഹസ്യങ്ങളേയും, ശ്ലീഹന്മാരുടെ പഠിപ്പിക്കൽ, വാക്കുപദേശം, നടപടി ഇവകളെ ശോധന ചെയ്തു ഒരു ചട്ടം നിശ്ചയിച്ച കൂട്ടത്തെ 'കാതോലികസഭ' എന്നു വിളിച്ചു എന്നു നിശ്ചയമാകുന്നു.

2) ഞായറാഴ്ച ദിവസത്തെയും, ദുഃഖവെള്ളിയാഴ്ചയും മറ്റു പെരുന്നാളുകളും ആചരിപ്പാനും, പട്ടക്കാർ വിവാഹം കഴിപ്പിച്ചു കൊടുക്കുവാനും, വിവാഹമോതിരം ഇടുവാനും, തോഴ്മ നിൽപ്പാനും, വിവാഹത്തിനു പുരുഷന്റെയും സ്ത്രീയുടെയും വലത്തെ കൈകൂട്ടി പിടിപ്പാനും, പൈതങ്ങളെ അല്ലാ വിശ്വാസസ്ഥിരതയില്ലാത്ത ശിശുക്കളെ മാമോദീസാ മുക്കുവാനും, തലതൊടുവാനും, മാമോദീസാ മുഴുകുന്നവരുടെ നെറ്റി മേൽ പട്ടക്കാരൻ കുരിശു വരയ്ക്കുവാനും, മുമ്പിലത്തെ ഉപ്രുശ്മാ ചെയ്യുവാനും, അംശവസ്ത്രം ധരിപ്പാനും, മരിച്ചവരെ അടക്കുമ്പോൾ കർമ്മം ചെയ്യുവാനും, പള്ളിയിൽ മണി അടിക്കുവാനും; സ്ത്രീകൾ പ്രസവം കഴിഞ്ഞു പള്ളിയിൽ വരുമ്പോൾ അവരുടെ മേൽ പ്രാർത്ഥന നടത്തുവാനും മറ്റും വേദപുസ്തകത്തിൽ പറഞ്ഞിട്ടില്ലാതിരിക്കുമ്പോൾ ഇതിൻ പ്രകാരമൊക്കെയും അവർ ചെയ്തുവരുന്നതുകൊണ്ട് തന്നെ വേദപുസ്തകത്തിൽ പറയാത്ത കാര്യങ്ങൾ ചർച്ചു മിഷൻകാർ ചെയ്തുവരുന്നുണ്ടെന്നു നിശ്ചയമാകുന്നു.

Scanned by CamScanner

3) നോമ്പു നോക്കണമെന്നു മത്തായിയുടെ സുവിശേഷത്തിലും, രോഗികൾക്കു തൈലം പൂശണമെന്നു യാക്കോബ് 5:14-ലും; മരിച്ചവർക്കുവേണ്ടി ബലി അർപ്പിക്കുവാനായി 12000 നാണയം ഊർശ്ലേമിലേക്ക് അയച്ചു കൊടുത്തു എന്നും മറ്റും 2 മക്കാബി 12:43-ലും, മരിച്ചവർ ഉയിർക്കുന്നില്ലാ എങ്കിൽ അവർ മരിച്ചവർക്കുവേണ്ടി സ്നാനമേൽക്കുന്നത് എന്തിന്? എന്നു 1 കോറിന്തി. 15:29-ലും, ഒരുവൻ മരണകരമല്ലാത്ത പാപം ചെയ്തു എങ്കിൽ ആ സഹോദരനുവേണ്ടി നീ പ്രാർത്ഥിച്ചാൽ ക്ഷമിക്കപ്പെടുമെന്ന് 1 യോഹ. 5:16-ലും പറഞ്ഞിരിക്കുമ്പോൾ അവർ നോമ്പ് എടുക്കുകയും രോഗികളെ തൈലം പൂശുകയും മരിച്ചവർക്കു വേണ്ടി അപേക്ഷിക്കുകയും ചെയ്യാത്തതുകൊണ്ടു തന്നെ വേദപുസ്തകത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ മുഴുവനും അവരുടെ പള്ളിയിൽ ചെയ്തു വരുന്നില്ലെന്നു നിശ്ചയമാകുന്നു. കേട്ടാലും; റോമാസഭക്കാർ കാതോലികസഭയിൽ നിന്നു തെറ്റി വേർപിരിഞ്ഞപ്പോൾ വിശ്വാസപ്രമാണം വ്യത്യാസം വരുത്തിയതുകൂടാതെയും സുറിയാനിക്കാരുടെ പള്ളിക്രമങ്ങൾ ശോധന ചെയ്ത് അതിൽ ചിലത് കൂട്ടിയും കുറച്ചും ഒരു പള്ളിക്രമം ഉണ്ടാക്കി നടന്നു വരുന്നതുപോലെ തന്നെ; പ്രൊട്ടസ്റ്റന്റു മതക്കാരും റോമാസഭയിൽ നിന്നു വേർപിരിഞ്ഞപ്പോൾ അവരുടെ പള്ളിക്രമങ്ങൾ ഇവരും ശോധന ചെയ്ത് അതിൽ ചിലത് കൂട്ടിയും കുറച്ചും ഒരു പള്ളിക്രമം നിശ്ചയിച്ചുണ്ടാക്കി നടന്നു വരുന്നു. എന്നാൽ ഓളങ്ങൾ കൊണ്ടു നിറഞ്ഞിരിക്കുന്ന സമുദ്രത്തിൽ ഏതൊരു വസ്തു ഇട്ടാൽ ഓളം പായുന്ന സ്ഥലത്തോട്ടു ആ വസ്തു പോകുന്ന പ്രകാരം സുറിയാനിക്കാരോടു റോമാക്കാരും, റോമാക്കാരോടു പ്രൊട്ടസ്റ്റന്റുകാരും ഓരോരോ ലൗകിക കാരണങ്ങൾ കൊണ്ട് മത്സരിച്ച് അവരുടെ മത്സരമാകുന്ന ഓളത്തിന്റെ പാച്ചിലോടുകൂടി വേദപുസ്തകത്തിലുള്ള യുക്തികളെ വലിച്ചു ചേർത്തുംകൊണ്ട് കാതോലികസഭയുടെ നിശ്ചയത്തെ ഭേദപ്പെടുത്തി നടന്നു വരുന്നു.

Protestant churches not fully following these aspects as compelled in the holy bible.

54. ചർച്ചുമിഷ്യനറി(C.M.S.)ക്കാർ പറയുന്ന പ്രകാരം കാതോലികസഭ എന്നു പറയുന്നത് ദൈവം ത്രിത്വമാകുന്നു എന്നുള്ള വിശ്വാസത്തിന്റെയും അങ്ങനെ വിശ്വസിക്കുന്ന കൂട്ടത്തിന്റെയും പേര് അല്ലയൊ?

30-ാമത് ചോദ്യോത്തരം മുതൽ പറഞ്ഞിരിക്കുന്ന പ്രകാരം കാതോലിക സഭ എന്നു പറയുന്നത് മൂന്നു പൊതുസുന്നഹദോസുകളെ (നിഖ്യാ, കുസ്തന്തീനൊപ്പോലീസ്, എപ്പെസോസ്) അത്രെ ആകുന്നു.

നോമ്പിനെക്കുറിച്ച് അവർക്കുള്ള തർക്കം

55. ചർച്ച് മിഷ്യനറി(C.M.S.)ക്കാർ പറയുന്ന പ്രകാരം ഭക്ഷണം ഉപേക്ഷിച്ചുള്ള നോമ്പുകൊണ്ട് എന്ത് ഉപകാരമാണുള്ളത്?

നോമ്പുകൊണ്ട് ഉണ്ടാകുന്ന ഉപകാരം ഏറ്റവും വലിയതാകുന്നു. ദുഷ്ടമനുഷ്യരുടെയും പിശാചുക്കളുടെയും ഉപദ്രവത്തിൽ നിന്നും പരീക്ഷയിൽ നിന്നും ജയിക്കുവാൻ തക്ക ഒരു ആയുധമാകുന്നു എന്ന് നമ്മുടെ കർത്താവായ യേശുമിശിഹാ നോമ്പു നോറ്റതും ഉടനെ പിശാചിനെ ജയിച്ചതുകൊണ്ടും നിശ്ചയമാകുന്നു. എസ്തേറിന്റെ പുസ്തകത്തിൽ കാണുന്നപ്രകാരം അഹശ്വേരോശ് രാജാവിന്റെ മന്ത്രി ആയിരുന്ന ഹാമാൻ യഹൂദരെ നശിപ്പിപ്പാൻ തുടങ്ങിയപ്പോൾ യഹൂദന്മാർ എടുത്ത നോമ്പിന്റെ ശക്തികൊണ്ട് അവന്റെ പൈശൂന്യത്തിൽ നിന്നു അവർ രക്ഷപെട്ടു, മന്ത്രി ഹാമാൻ തന്നെ മരിപ്പാൻ ഇടയായ സംഗതി നിരൂപിച്ചാൽ ഉപദ്രവത്തിൽ നിന്നും രക്ഷപെടുവാൻ നോമ്പു വലിയ സഹായം ചെയ്യുന്നതാകുന്നു എന്നു നിശ്ചയമാണ്. യൗനാന്റെ ദീർഘദർശനത്തിൽ കാണുന്ന

Scanned by CamScanner

പ്രകാരം നിനുവക്കാർ നോമ്പുകൊണ്ട് ദൈവകോപത്തിൽ നിന്നു രക്ഷപെട്ടതു കൊണ്ട് നോമ്പുമൂലം ദൈവകോപവും നീങ്ങുമെന്നു നിശ്ചയമാകുന്നു. തന്നെയുമല്ല; അപ്പോ. പ്രവൃ. 13:3-ൽ കാണുന്ന പ്രകാരം അവർ നോമ്പു നോറ്റ ശേഷം പ്രാർത്ഥിച്ച് ശൗലിന്റെയും ബർന്നാബായുടെയും മേൽ അവർ കൈവച്ച് സുവിശേഷിക്കാനായി പറഞ്ഞയച്ചതിനാൽ, ഏതൊരു സൽക്കർമ്മങ്ങൾ എങ്കിലും സ്തോത്രങ്ങൾ എങ്കിലും ഒരുവൻ ചെയ്യുമ്പോൾ സാത്താൻ അതിനെ വഷളാക്കാതിരിപ്പാൻ വേണ്ടി ആദ്യം നോമ്പ് എടുത്തേ മതിയാവൂ എന്നു നിശ്ചയമാകുന്നു.

56. **ഏറമിയാ 14:12-ൽ അവർ ഉപവസിച്ചാലും ഞാൻ കേൾക്കുകയില്ലാ എന്നു പറഞ്ഞിരിക്കുന്നതിനാൽ ഉപവാസമാകുന്ന നോമ്പുകൊണ്ട് എന്തു പ്രയോജനമാണുള്ളത്?**

നോമ്പു മുതലായ നന്മ പ്രവർത്തികൾ ചെയ്യുമ്പോൾ കൂടെയും അകൃത്യങ്ങൾ ചെയ്യുന്ന കാരണത്താൽ ആ നോമ്പ് വഷളാണെന്നു പറഞ്ഞിരിക്കുന്നതല്ലാതെ നോമ്പ് ഒരു വഷളായ ക്രിയയാകകൊണ്ട് അപ്രകാരം പറഞ്ഞിരിക്കുന്നതല്ല. എന്നാൽ അങ്ങനെയുള്ള വാക്യം കൊണ്ട് നോമ്പ് ഉപകാരമില്ലാത്തതാണെന്ന് നിരൂപിച്ച് നോമ്പ് എടുക്കാത്തവർക്ക് ഏശായാ 1:15-ൽ, 'അവർ പ്രാർത്ഥിച്ചാലും ഞാൻ കേൾക്കുകയില്ലെ'ന്നു പറഞ്ഞിരിക്കുന്നതിനാൽ ദൈവത്തോടു പ്രാർത്ഥിപ്പാനും ആവശ്യമില്ലെന്നു നിരൂപിക്കാം. എന്നാൽ അങ്ങനെ അല്ലാ; എല്ലാറ്റിനും മുമ്പേ എല്ലാവരും നോമ്പ് എടുക്കേണ്ടതാകുന്നു. ശ്ലീഹന്മാർ നോമ്പ് എടുക്കുന്നതിനുമുമ്പ് പിശാചുക്കളെ ഒഴിക്കാൻ ശ്രമിച്ചാറെ അവരുടെ ശ്രമം വിഫലമായി പോയ പ്രകാരം മത്തായി 17:19-ൽ കാണുന്നതുകൊണ്ട് നോമ്പുകൂടാതെ ചെയ്യുന്ന സൽക്കർമ്മങ്ങൾ നിസ്സാരമായി പോകുമെന്നു നിശ്ചയമാകുന്നു.

57. **പ്രത്യേകിച്ചും മനുഷ്യർക്കു ആത്മാവുള്ളതിനാൽ മനസ്സുകൊണ്ട് നോമ്പ് നോറ്റാൽ പോരായൊ?**

മനുഷ്യർ ആത്മാവും ശരീരവും കൊണ്ട് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ മനസ്സുകൊണ്ടു തന്നെ നോമ്പു നോറ്റാൽ അതും; മനസ്സുകൊണ്ടുതന്നെ ധർമ്മം കൊടുത്താൽ അതും; മനസ്സുകൊണ്ടുതന്നെ വിവാഹം കഴിച്ചാൽ അതും; മനസ്സുകൊണ്ടുതന്നെ കച്ചവടം ചെയ്താൽ അതും; മനസ്സുകൊണ്ടു തന്നെ ഭക്ഷിച്ചാൽ അതും ഉപകാരമില്ലാത്തതാകുന്നു. എന്നാൽ വിശ്വാസം മാത്രം ആത്മാവു കൊണ്ടു തന്നെ വേണ്ടതും, ശേഷമൊക്കെയും ആത്മാവും ശരീരവും കൊണ്ടു വേണ്ടതുമാകുന്നു. എങ്കിലും ശരീരം അസ്വാധീനപ്പെട്ടിരിക്കുമ്പോൾ ഒക്കെയും മേൽപ്പറഞ്ഞ കാര്യങ്ങൾ ആത്മാവുകൊണ്ടുമാത്രം ചെയ്താൽ മതിയായിരിക്കും. നോമ്പുകൊണ്ട് മോശയ്ക്ക് കൽപ്പലകകൾ കിട്ടിയതായി പുറപ്പാടു 34:28-ലും; നോമ്പുകൊണ്ട് നിനുവാ പട്ടണം രക്ഷപെട്ടതായി യോനായുടെ ദീർഘദർശനത്തിലും; നോമ്പുകൊണ്ടു യൂദന്മാർ ഹാമാനെ ജയിച്ച പ്രകാരം എസ്ഥേറിന്റെ പുസ്തകത്തിലും; നോമ്പുകൊണ്ടു മിശിഹാ സാത്താനെ ജയിച്ചതായി മത്തായി 4:1-11-ലും; നോമ്പുകൊണ്ടും പ്രാർത്ഥന കൊണ്ടുമല്ലാതെ സാത്താൻ ഒഴിഞ്ഞു പോകയില്ലെന്നു മത്തായി 17:21-ലും; നോമ്പു നിങ്ങൾ ശുദ്ധമാക്കുവീൻ എന്നു യോയേൽ 1:14-ലും മറ്റു പല സ്ഥലങ്ങളിലും പറഞ്ഞിരിക്കുന്നതിനാലും സത്യക്രിസ്ത്യാനികൾക്കു നോമ്പ് പ്രത്യേകം കൂടിയേ മതിയാവൂ.

58. **മേൽപ്പറഞ്ഞ നോമ്പുകളിൽ യാതൊന്നും ഭക്ഷിക്കാതെ അവർ നോറ്റിരിക്കുമ്പോൾ, മത്സ്യമാംസാദികൾ ഭക്ഷിക്കാതെ ഫലമൂലാദികൾ ഭക്ഷിച്ചും**

Scanned by CamScanner

കൊണ്ട് ആചരിക്കുന്ന നോമ്പിനെ നോമ്പ് എന്നു പറയാമൊ? അങ്ങനെയുള്ള നോമ്പുകൊണ്ട് എന്തെങ്കിലും ഉപകാരമുണ്ടൊ?

നോമ്പെന്നു പറയുന്നത് ഒന്നും ഭക്ഷിക്കാതെ ഇരിക്കുന്നതാകുന്നു. എന്നാൽ ഇത്ര ദിവസം നോമ്പു നോൽക്കണമെന്നു ഒരു നിശ്ചിത തീരുമാനമില്ലാതെ ചിലർ നാൽപ്പതു ദിവസവും ചിലർ മൂന്നു ദിവസവും ഇങ്ങനെ ശക്തിക്കു തക്കവണ്ണം പല സംഖ്യ പ്രകാരം പലരും നോമ്പു നോറ്റിരിക്കകൊണ്ട് ഇപ്പോഴത്തെ ശക്തിക്കു തക്കപോലെ കാതോലികസഭ കൽപ്പിച്ച പ്രകാരം ചിലർ ഇരുപത്തിരണ്ടര നാഴിക വരെയും ചിലർ ഉച്ചവരെയും നാൽപ്പതു ദിവസത്തേക്കൊ മൂന്നു ദിവസത്തേക്കോ നോമ്പെടുക്കുകയും മത്സ്യമാംസാദികൾ ഭക്ഷിക്കാതെ വൃതം കാക്കുകയും ചെയ്യുന്നതിനാൽ, വൃതത്താലും നോമ്പാലും ഉണ്ടാകുന്ന ഉപകാരങ്ങൾ അതിനാലും ഉണ്ടാകുന്നതാകുന്നു. എന്നാൽ ഒന്നും ഭക്ഷിക്കാതെ നോമ്പു നോൽക്കുന്നത് മാലാഖമാരുടെ അവസ്ഥയാകുന്നു. ഭക്ഷിക്കുന്നത് ആദാം പറുദീസയിൽ വച്ചു ചെയ്യുന്ന അവസ്ഥയാകുന്നു. അതിനാൽ ഓരോരുത്തർ ഇടവിടാതെ ഓരോരോ അവസ്ഥയിൽ നടത്തി വരുന്നുണ്ട്. എല്ലാവരും അപ്പോഴപ്പോൾ എല്ലാ അവസ്ഥയിലും നടത്തി വരുന്നും ഉണ്ട്. മാലാഖമാരുടെ അവസ്ഥ ഒഴികെ ശേഷം മേൽപ്പറഞ്ഞ അവസ്ഥകൾ ഒക്കെയും വൃതമാകുന്നു.

59. **'വായിലേക്കു പ്രവേശിക്കുന്നതല്ല മനുഷ്യനെ അശുദ്ധമാക്കുന്നത്' എന്നു മത്തായി 15:11-ൽ പറഞ്ഞിരിക്കുന്നതുകൊണ്ട് നോമ്പു നോക്കാതിരിക്കുകയും എന്തെങ്കിലും ഭക്ഷിക്കുകയും ചെയ്യുന്നതിൽ എന്തു ദൂഷ്യമാണുള്ളത്?**

'വായിൽ നിന്നു പുറത്തേക്കു വരുന്നതാണ് മനുഷ്യനെ അശുദ്ധമാക്കുന്നത്' എന്നു അതിന്റെ താഴെ പറഞ്ഞിരിക്കുന്നതിനാൽ, ദൈവത്തിനു സ്തുതി എന്നു വാ കൊണ്ടു പറഞ്ഞാൽ അതിൽ ദൂഷ്യമുണ്ടെന്നു നിരൂപിക്കുന്നവർ എന്തെങ്കിലും ഭക്ഷിക്കുന്നതിൽ ദൂഷ്യമില്ലെന്നു നിരൂപിക്കുന്നതല്ലാതെ, മറ്റു യാതൊരുത്തർക്കും അങ്ങനെ നിരൂപിക്കുകയും പറയുകയും നോമ്പെടുക്കാതെ എന്തെങ്കിലും ഭക്ഷിക്കുകയും ചെയ്തുകൂടാ. വകതിരിവ് എന്നു പറയുന്ന കണ്ണാടി വച്ചുംകൊണ്ട് മേൽപ്പറഞ്ഞ വാക്യം ആരെങ്കിലും വായിച്ചാൽ വായിലേക്കു പ്രവേശിക്കുന്നതിൽ ചിലതും വായിൽ നിന്നു പുറപ്പെടുന്നതിൽ ചിലതും എന്നല്ലാതെ വായിപ്പാൻ നിർവ്വാഹമില്ല.

മരിച്ചുപോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും മരിച്ചുപോയ വിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും ആവശ്യമാണൊ?

60. **മരിച്ചുപോയ വിശുദ്ധന്മാരുടെയും മറ്റു മരിച്ചുപോയവരുടെയും ഓർമ്മ പള്ളിയിൽ നടത്തുന്നതും കുർബ്ബാനയിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും എന്തിനാണ്?**

മരിച്ചുപോയ ഇസ്രായേൽ മക്കളുടെ പേരുകൾ വിട്ടുപോകാതെ ബലിയിൽ ബെസ്ക്കുദിശാ (മഹാവിശുദ്ധസ്ഥലം) യിൽ വച്ച് ഓർക്കാനായി രത്നക്കല്ലുകളിന്മേൽ അവരുടെ പേരുകൾ കൊത്തി മഹാപുരോഹിതനായ അഹറോന്റെ മാർവ്വ് പതക്കത്തിൽ പതിച്ചിരുന്നതായി പുറപ്പാട് 28:12-ൽ കാണുന്നപ്രകാരവും; നീതിമാന്മാർക്കും ഓർമ്മയുണ്ടാകുമെന്നു സങ്കീർത്തനം 112:6-ലും; സദൃശ്യവാക്യങ്ങൾ 10:7-ലും പറഞ്ഞിരിക്കുന്ന പ്രകാരം മരിച്ചുപോയ വിശുദ്ധന്മാരുടെ ഓർമ്മ പള്ളിയിൽ ഞങ്ങൾ ആചരിച്ചു വരുന്നു. സുഗന്ധതൈലം പൂശിയ സ്ത്രീയുടെ ഓർമ്മ

Scanned by CamScanner

യ്ക്കായിട്ട് അവൾ സുഗന്ധതൈലം പൂശിയ കാര്യവും മിശിഹായെ സുവിശേഷിക്കുന്ന എല്ലാ ദിക്കുകളിലും പറയണമെന്നു മത്തായി 26:13-ൽ പറഞ്ഞിരിക്കുന്നതിനാൽ, ദൈവത്തോടു ഞങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഒക്കെയും അതിലും അധികമായി മിശിഹായ്ക്കുവേണ്ടി രക്തം ചൊരിഞ്ഞ വിശുദ്ധന്മാരെ ഓർക്കുകയും, മിശിഹായെ പ്രസംഗിക്കുമ്പോൾ ഒക്കെയും അവർ ചെയ്യുകയും സഹിക്കുകയും ചെയ്ത കാര്യങ്ങളെ കൂടെ പറയുകയും ചെയ്തുവരുന്നു. എന്നാൽ ആ ദിവസങ്ങളിൽ വീരപുരുഷനായ യൂദാ മരിച്ചവരുടെ പാപങ്ങൾക്കുവേണ്ടി ബലി കഴിപ്പാനായി 12000 നാണയം ഊർശ്ലേമിനു കൊടുത്തയച്ചു എന്നും, അവരുടെ പാപങ്ങൾ മായിക്കപ്പെടുവാനായി മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു ഒരുവൻ വിചാരിക്കുന്ന നിരൂപണം ശുദ്ധമുള്ളതും രക്ഷയ്ക്കടുത്തതുമാണെന്നു 2 മക്കാബി 12:43-ൽ പറഞ്ഞിരിക്കുന്നതിനാൽ ഞങ്ങളുടെ മരിച്ചവർക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിച്ചു വരുന്നു.

61. **മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് മറ്റു ഏതെങ്കിലും സാക്ഷിയുണ്ടോ?**

മരിച്ചവർ ജീവിച്ചെഴുന്നേൽക്കുന്നില്ലായെങ്കിൽ മരിച്ചവർക്കുവേണ്ടി മാമോദീസാ മുങ്ങുന്നവർ എന്തു ചെയ്യുന്നു എന്നും, മരിച്ചവർക്കുവേണ്ടി എന്തിനു അവർ മാമോദീസാ മുങ്ങുന്നു എന്നും 1 കോറിന്ത്യർ 15:29-ൽ പറഞ്ഞിട്ടുണ്ട്.

62. **ആയത് മരിച്ചവർക്കുവേണ്ടി പ്രാർത്ഥിപ്പാനുള്ള കാര്യത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നതാകുന്നു എന്നുള്ളതിന്റെ വ്യാഖ്യാനം കൂടെ പറഞ്ഞു കേൾക്കട്ടെ.**

'ഞാൻ മുഴുകുന്ന മാമോദീസാ മുഴുകുവാനും ഞാൻ കുടിക്കുന്ന കാസാ കുടിപ്പാനും നിങ്ങൾക്കു കഴിയുമൊ?' എന്നു മത്തായി 20:22-ൽ സെബദി മക്കളോടു മിശിഹാ കല്പിച്ചതിൽ മാമോദീസാ എന്നു പറയുന്നതിന്റെ അർത്ഥം കഷ്ടത എന്നാണല്ലൊ. ഇനിയും സൂക്ഷിച്ചു കേട്ടാലും; മരിച്ചുപോയവർ ജീവിച്ചെഴുന്നേൽക്കുന്നില്ലെങ്കിൽ മരിച്ചുപോയവർക്കുവേണ്ടി നോമ്പാലെയും, നമസ്ക്കാരത്താലെയും, ഉറക്കം ഒഴിച്ചുകൊണ്ടുമുള്ള പ്രാർത്ഥനകളാലെയും ജീവനോടിരിക്കുന്നവർ കഷ്ടപ്പെടുന്നത് എന്തിനാണെന്നത്രെ അതിന്റെ അർത്ഥം.

63. **ദൈവകാര്യത്തിനുവേണ്ടി കഷ്ടപ്പെട്ടു മരിച്ചുപോയ ആളുകൾ ജീവിച്ചെഴുന്നേൽക്കുന്നില്ലെങ്കിൽ പിന്നെ അങ്ങനെയുള്ള മരിച്ചവരെ പോലെ ജീവനോടിരിക്കുന്നവർ അപ്രകാരമുള്ള കഷ്ടതയിൽ ഏർപ്പെട്ടിട്ട് എന്താവശ്യം എന്നും അർത്ഥം വരികയില്ലെയൊ?**

ദൈവകാര്യത്തിനുവേണ്ടി ഒരുവൻ കഷ്ടത സഹിച്ചു മരിച്ചു പോയാൽ പിന്നീട് മറ്റൊരുവൻ ദൈവകാര്യത്തെക്കുറിച്ച് കഷ്ടപ്പെടുന്നത് മുമ്പു മരിച്ചുപോയവർക്കുവേണ്ടി അല്ലാഴിക കൊണ്ടും, മരിച്ചവർക്കുവേണ്ടി എന്നു ഒരു വാക്കു കൂടെ പറഞ്ഞിരിക്കുന്നതുകൊണ്ടും ഈ വാക്യം മുഴുവൻ മരിച്ചവരുടെ കാര്യത്തെക്കുറിച്ചല്ലാതെ അറിയിപ്പിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞിട്ടില്ലായ്ക കൊണ്ടും താൻ പറഞ്ഞ വ്യാഖ്യാനം ഇതിനു ചേരുന്നതല്ല. ഒറൈത്താ (ന്യായപ്രമാണം) പ്രകാരം യൂദന്മാർ മുൻകാലങ്ങളിൽ നടന്ന പ്രകാരം ഇക്കാലങ്ങളിലും മരിച്ചു പോയവർക്കുവേണ്ടി പ്രാർത്ഥിക്കയും അപേക്ഷിക്കയും ചെയ്തുവരുന്നതുകൊണ്ടും, പഴയ യഹൂദന്മാർ ഇപ്പോഴത്തെ യഹൂദന്മാർക്ക് മരിച്ചവർക്കുവേണ്ടി കർമ്മം ചെയ്യുവാൻ ഒരു പുസ്തകം ഉണ്ടാക്കി കൊടുത്ത പ്രകാരം യഹൂദന്മാരുടെ ഇടയിലും ക്രിസ്തുമതക്കാരുടെ ഇടയിലും ഒരു തർക്കം പറഞ്ഞുവരുന്ന പ്രകാരം കേട്ടുകേൾവി ഇല്ലാത്തതുകൊണ്ടും, മേൽപ്പറഞ്ഞിരിക്കുന്ന സാക്ഷികൾ കൊണ്ടും,

Scanned by CamScanner

മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചുകൂടാ എന്നു പുതിയനിയമത്തിൽ വിലക്കിയിട്ടില്ലാത്തതുകൊണ്ടും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിപ്പാനുള്ളതാകുന്നു എന്ന് നിശ്ചയമാകുന്നു. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചുകൂടാ എന്നു പറയുന്ന ആളുകൾ എവിടെനിന്നു അതിൻപ്രകാരം പഠിച്ചു എന്നു അവർ തന്നെ നിരൂപിക്കുമ്പോൾ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതാണെന്ന് അവർ പഠിക്കുന്നതാകുന്നു.

64. **മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു ഇതു കൂടാതെ വേറെ എവിടെ എങ്കിലും സാക്ഷി പറഞ്ഞിട്ടുണ്ടൊ?**

ഉവ്വ്. ഒരുത്തൻ മരണകരമല്ലാത്ത പാപം ചെയ്യുന്നതായി കണ്ടാൽ അവനു വേണ്ടി അപേക്ഷിക്കണം. മരണകരമല്ലാത്ത പാപമാണ് ചെയ്യുന്നതെങ്കിൽ അവനു ജീവൻ നൽകപ്പെടുമെന്നു 1 യോഹ. 5:16-ൽ പറഞ്ഞിട്ടുണ്ട്.

65. **അത് ജീവനോടിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പാൻ പറഞ്ഞിരിക്കുന്നതല്ലെയൊ?**

അത് അങ്ങനെയെന്നു നിരൂപിക്കാമെങ്കിലും മരണകരമല്ലാത്ത പാപം ചെയ്യുന്ന ജീവനോടിരിക്കുന്നവനുവേണ്ടി മറ്റൊരുത്തൻ പ്രാർത്ഥിച്ചാൽ പൊറുക്കുമെങ്കിലും, മരണകരമായ പാപം ചെയ്യുന്നവനുവേണ്ടി പ്രാർത്ഥിക്കണ്ടാ എന്നും; എനിക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിപ്പീൻ എന്നു ശ്ലീഹന്മാർ കൂടെയും ലേഖനങ്ങളിൽ എഴുതിയിട്ടുള്ള പ്രകാരം മദ്ധ്യസ്ഥന്മാർ മുഖാന്തരം അപേക്ഷിപ്പാൻ ആവശ്യമുണ്ടെന്നും, അങ്ങനെയുള്ള മദ്ധ്യസ്ഥന്മാർ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിപ്പാനും ആവശ്യമുള്ളതും, അങ്ങനെയുള്ള മദ്ധ്യസ്ഥന്മാർ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചാൽ ക്ഷമിക്കുകയില്ലെന്നു ഒരിടത്തും തന്നെ പറഞ്ഞിട്ടില്ലാത്തതും ആകയാൽ മേൽപ്പറഞ്ഞിരിക്കുന്ന സാക്ഷികളാൽ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അത്യാവശ്യമാകുന്നു എന്നു തെളിഞ്ഞിട്ടുള്ളതുകൊണ്ട് മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതാണെന്നു നിശ്ചയമാകുന്നു. എന്നാൽ ദൈവദോഷമെന്നും ചാവദോഷമെന്നും പാപദോഷമെന്നും പറയുന്നതിൽ, പാപദോഷം പിണഞ്ഞവർക്കു വേണ്ടി മാത്രമെ പ്രാർത്ഥിക്കുന്നുള്ളു. തന്നെയുമല്ല; ഏതൊരു മരിച്ചവർക്കുവേണ്ടിയും ജീവനോടിരിക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിച്ചാൽ അവർ ചെയ്തിട്ടുള്ള ദൈവദോഷത്തിനും ചാവദോഷത്തിനും ആ പ്രാർത്ഥന അവർക്കു ഒരു ഫലവും ചെയ്യുകയില്ലായിരിക്കും. എങ്കിലും അവൻ മരിപ്പാൻ തുടങ്ങിയ സമയത്ത് മാർ സ്തേപ്പാനോസ് പ്രാർത്ഥിച്ചതു നിരൂപിച്ചാൽ പ്രാർത്ഥിക്കുന്നവന്റെ മനോതാൽപര്യം കൊണ്ട് അവനു ഒരു പാപവും സംഭവിക്കുകയില്ലെന്നു എന്റെ അഭിപ്രായം പറയുന്നു.

66. **ഞങ്ങൾക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിപ്പീൻ എന്നു വിശുദ്ധന്മാരായ മരിച്ചുപോയവരോട് അപേക്ഷിക്കാമൊ? അങ്ങനെ അപേക്ഷിച്ചാൽ അവർ കേൾക്കുമൊ? നമ്മുടെ അപേക്ഷ പ്രകാരം ദൈവത്തോട് നമുക്കുവേണ്ടി പ്രാർത്ഥിക്കുമൊ? അവരുടെ പ്രാർത്ഥന കൊണ്ട് ദൈവം നമുക്ക് ഏതെങ്കിലും സഹായം ചെയ്യുമൊ?**

ശരീരം ആത്മാവിനു ഒരു വിലങ്ങാക കൊണ്ട് മരിച്ചു കഴിഞ്ഞാൽ പിന്നെ ശരീരത്തോടുകൂടെ ചെല്ലുവാൻ കഴിയാത്ത ദിക്കിൽ പെട്ടെന്നു ചെല്ലുവാനും ദൂരെ കാണ്മാനും കേൾക്കുവാനും ആത്മാക്കൾക്കു കഴിയുന്നതാകയാലും അവർ ദൈവത്തോടുകൂടെ ആകയാലും ദൈവത്തോടു പ്രാർത്ഥിപ്പീൻ എന്നു വിശുദ്ധന്മാരോടു അപേക്ഷിപ്പാനുള്ളതും, നാം അപേക്ഷിച്ചാൽ അവർ കേൾക്കുന്നതും ദൈവത്തോടു നമുക്കുവേണ്ടി അവർ പ്രാർത്ഥിക്കുന്നതും അവരുടെ പ്രാർത്ഥന കൊണ്ട് ദൈവം നമുക്ക് കൃപ ചെയ്യുന്നതുമാകുന്നു.

Scanned by CamScanner

67. **കൊള്ളാം-അതിനു ദൃഷ്ടാന്തങ്ങൾ കേൾക്കട്ടെ.**

കേട്ടാലും-വിശുദ്ധന്മാരുടെ നമസ്ക്കാരമാകുന്ന സുഗന്ധധൂപം മാലാഖയുടെ കൈയ്യിൽ നിന്നു ദൈവത്തിന്റെ മുമ്പിൽ കരേറി എന്നു വെളിപാട് 8:4-ൽ പറഞ്ഞിരിക്കുന്നതിനാൽ, ഭൂമിയിലുള്ള നല്ല മനുഷ്യരുടെ അപേക്ഷ ക്രമം പോലെ മാലാഖമാരു വാങ്ങി തലവനായ മാലാഖയുടെ കൈയ്യിൽ കൊടുക്കുന്നു എന്നും, അവൻ ദൈവത്തിന്റെ മുമ്പിൽ കൊണ്ടു ചെല്ലുന്നു എന്നും, അതു കൂടാതെ വിശുദ്ധന്മാരുടെ നമസ്ക്കാരങ്ങളാകുന്ന സുഗന്ധധൂപപാത്രങ്ങൾ അവരുടെ പക്കൽ ഉള്ളതായും 24 മൂപ്പന്മാർ കുഞ്ഞാടിന്റെ മുമ്പിൽ വീണു വന്ദിച്ചു എന്നും അവർ പുതുതായി സ്തുതിച്ചു എന്നും വെളിപാട് 5:8-ൽ പറഞ്ഞിരിക്കുന്നതിനാൽ ഭൂമിയിലുള്ള നല്ല മനുഷ്യർ വിശുദ്ധന്മാരോട് അപേക്ഷിക്കുന്ന അപേക്ഷ ദൈവത്തിന്റെ മുമ്പിൽ അവർ കൊണ്ടു ചെല്ലുന്നു എന്നും അവരും അപേക്ഷിക്കുന്നു എന്നും നിശ്ചയമാകകൊണ്ട് മരിച്ചുപോയ വിശുദ്ധന്മാരോടു അപേക്ഷിച്ചാൽ അവർ കേൾക്കുകയും അവർ ദൈവത്തോട് നമുക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ടെന്നു നിശ്ചയമാകുന്നു. അതു തന്നെയുമല്ലാ; യേശുമിശിഹാ ഇപ്പോൾ പിതാവിന്റെ അടുക്കൽ ഇരുന്നു നമുക്കുവേണ്ടി പ്രാർത്ഥിച്ചുവരുന്നതിനാൽ മരിച്ചുപോയ വിശുദ്ധന്മാരും ഇപ്രകാരമുള്ള പ്രാർത്ഥനയിൽ നിന്നു മിനക്കെട്ടിരിക്കുന്നില്ലെന്നു നിശ്ചയമാണ്.

ഒരു ധനവാൻ അവന്റെ സഹോദരന്മാർക്കുവേണ്ടി അപേക്ഷിച്ചതായി ലൂക്കോസ് 16:27-ൽ കാണുന്നതിനാൽ മരിച്ചുപോയവർ ഭൂമിയിലുള്ളവരെ ഓർക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നുണ്ടെന്നും നിശ്ചയമാണ്. മരിച്ചുപോയ ശമുവേൽ, എന്തിനു അവനെ അസഹ്യപ്പെടുത്തിയെന്നും, നാളെ ശൗലും മക്കളും അവന്റെ അടുക്കൽ ചെന്നു ചേരുമെന്നും പറയുകയും, അപ്രകാരം തന്നെ സംഭവിച്ചതായും 1 ശമുവേൽ 28:15, 19; 31:6-ലും കാണുന്നതിനാൽ ദൈവമിടത്തും മനുഷ്യരുടെ ഇടയിലും നടക്കുന്ന കാര്യങ്ങൾ ഏതു വിധേനയും വിശുദ്ധന്മാർ അറിയുന്നുണ്ടെന്നു നിശ്ചയമാകുന്നു. 2 രാജാക്കൾ 5:25-ൽ കാണുന്ന പ്രകാരം ഗേഹാസി, നയമാനിൽ നിന്നും സമ്മാനം വാങ്ങിയത് ശരീരത്തോടുകൂടെ ഇരിക്കുമ്പോൾ ഏലീശാ അറിഞ്ഞു എങ്കിൽ, മരിച്ചു കഴിഞ്ഞ് ആത്മാവ് തനിച്ച് ഇരിക്കുമ്പോഴും എന്തെങ്കിലും അറിയുന്നതിനു ഒട്ടും പ്രയാസമില്ലെന്നു നിശ്ചയമാകുന്നു. 2 രാജാക്കൾ 13:21-ൽ കാണുന്നപ്രകാരം ഏലീശായുടെ ജീവനില്ലാത്ത അസ്ഥിമേൽ ജീവനില്ലാത്ത ഒരു ശവം തൊട്ട ഉടൻ ജീവിച്ചു എങ്കിൽ; അപ്പോ. പ്രവൃ. 19:12-ൽ കാണുന്ന പ്രകാരം, ശ്ലീഹന്മാരുടെ കുപ്പായത്തിന്റെ ശീലകൾ കൊണ്ട് പലർക്കും രോഗശമനം ലഭിച്ചു എങ്കിൽ, ദൈവത്തിന്റെ ജീവിച്ചിരിക്കുന്ന വിശുദ്ധന്മാരോടു ജീവനോടിരിക്കുന്ന നമ്മൾ പ്രാർത്ഥിച്ചാൽ അവർ കേട്ടു നമുക്കു സഹായം ചെയ്തുതരാൻ കഴിയുന്നതല്ലെന്നു നിരൂപിച്ചുകൂടാ.

യോഹന്നാൻ 2-ാം അദ്ധ്യായത്തിൽ പറയുന്നപ്രകാരം ഗലീലയിലെ കൊത്തിനെയിൽ വച്ച് വീഞ്ഞു തീർന്നുപോയതിനാൽ കന്യകമറിയം ആ സംഗതികളെക്കുറിച്ചു പുത്രനോടു പറഞ്ഞശേഷം, അത്ഭുതം ചെയ്യുവാനുള്ള സമയം വന്നില്ലെന്നു പറഞ്ഞിട്ടും, പ്രത്യേകമായി കല്യാണക്കാർക്കുവേണ്ടി അപേക്ഷിക്കുകയാൽ അവളുടെ അപേക്ഷ ദൈവം കേട്ടു മറ്റുള്ളവരോടു കൃപ ചെയ്യുമെന്നത് നിശ്ചയമാകുന്നു. മാത്രവുമല്ലാ; ഒരുവൻ ശരീരത്തോടുകൂടി ഇരിക്കുമ്പോൾ നിങ്ങൾക്കുവേണ്ടി ദൈവത്തോടു ഞാൻ പ്രാർത്ഥിക്കുന്നു എന്നു പറയുകയും അപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യുന്നു എങ്കിൽ അവൻ മരിച്ചു ദൈവത്തോടു ചേർന്നിരിക്കെ പിന്നീട് അവൻ ദൈവത്തോടു അപേക്ഷിക്കാതെ ഇരിക്കുന്നത

Scanned by CamScanner

ല്ലെന്നു നിശ്ചയമാകുന്നു. ഒരുവൻ രാജാവിന്റെ അടുക്കൽ നിന്നു ദൂരത്തായിരിക്കുമ്പോൾ മറ്റൊരുവന്റെ സഹായത്തിനുവേണ്ടി എഴുത്തു കൊടുത്തയക്കുമെങ്കിൽ; അവൻ രാജധാനിയിൽ ചെല്ലുമ്പോൾ അവനുവേണ്ടി അപേക്ഷിക്കുമെന്നുള്ളത് നിശ്ചയമാകുന്നു. തന്നെയുമല്ല; ലൂക്കോസ് 16:24-ൽ കാണുന്നപ്രകാരം നരകവാസികൾ കൂടിയും മനുഷ്യർക്കുവേണ്ടി ദൈവത്തോടു അപേക്ഷിക്കുന്നുണ്ടായിരിക്കുമെങ്കിലും അവരുടെ അപേക്ഷ ദൈവം കൈക്കൊള്ളുന്നില്ലാത്തതു കൊണ്ട് അവരോടു ഞങ്ങൾ അപേക്ഷിച്ചു വരുന്നില്ല.

68. **നിന്റെ പരിശുദ്ധന്മാരെ ഓർത്ത് ഇപ്രകാരം നൽകണമെ എന്നു ദൈവത്തോടു പ്രാർത്ഥിക്കുന്നത് എന്തിനാണ്?**

ശലോമോൻ; സീദോന്യർ മുതലായവരുടെ ദൈവങ്ങളുടെ പിന്നാലെ മനസ്സുവച്ച് ബിംബങ്ങളെ വന്ദിക്കുകയാൽ ദൈവം കോപിച്ച് അവനു വെളിപ്പെട്ടു നിന്റെ രാജത്വം എടുത്തുകളയുമെന്നും, എങ്കിലും എന്റെ ദാസനായ ദാവീദിനെ ഓർത്ത് നിന്റെ നാളിൽ അതു ചെയ്യുകയില്ലെന്നു അവനോടു കൽപ്പിച്ചപ്രകാരം 1 രാജാക്കൾ 11:12-ൽ കാണുന്നതിനാൽ മരിച്ചുപോയ വിശുദ്ധന്മാരായ ദൈവത്തിന്റെ ഭൃത്യന്മാരെ ഓർത്ത് നമ്മളോടും ദൈവം അലിവു ചെയ്യുമെന്നു നിശ്ചയിച്ചു അപ്രകാരം പ്രാർത്ഥിച്ചു വരുന്നു.

69. **വിശുദ്ധന്മാരുടെ നാമത്തിൽ പള്ളിക്കു കല്ലിടുന്നത് എന്തിനാണ്?**

ആഹാബ് രാജാവിന്റെ കാലത്ത് ബാലിന്റെ കള്ളപ്രവാചകന്മാരും ഏലിയാ പ്രവാചകനും തമ്മിൽ തർക്കിച്ച് ബലി കഴിക്കുവാനായി ബലിപീഠം ഉണ്ടാക്കിയപ്പോൾ ഇസ്രായേലിന്റെ 12 ഗോത്രപിതാക്കന്മാരുടെ നാമത്തിൽ പന്ത്രണ്ടു കല്ലുകൾ കൊണ്ട് ഏലിയാ അടിസ്ഥാനം ഇട്ടതായി 1 രാജാക്കൾ 18:31-ൽ കാണുന്ന പ്രകാരവും, നിഖ്യാ സുന്നഹദോസിനുമുമ്പു കൂടെയും സിറിയായിലും റോമിലും ലണ്ടനിലും മറ്റും വിശുദ്ധരിൽ പ്രധാനപ്പെട്ട കന്യകമറിയാമിന്റെയും മറ്റു വിശുദ്ധന്മാരുടെയും നാമത്തിൽ കല്ലിട്ടുവന്ന പ്രകാരവും വിശുദ്ധന്മാരുടെ നാമത്തിൽ ഞങ്ങൾ പള്ളിക്കു കല്ലിട്ടു വരുന്നു.

വി. കുർബാനയിലെ അപ്പവീഞ്ഞുകൾ മാംസരക്തങ്ങൾ ആകുന്നുവൊ?

70. **കുർബ്ബാനയിൽ വയ്ക്കുന്ന അപ്പവും വീഞ്ഞും മിശിഹായുടെ മാംസരക്തങ്ങൾ തന്നെ എന്നു നിശ്ചയിക്കുന്നത് എങ്ങനെ ആകുന്നു?**

മിശിഹാ അപ്പത്തിനെയും വീഞ്ഞിനെയും എടുത്തു വാഴ്ത്തി 'ഇത് എന്റെ മാംസരക്തങ്ങൾ' എന്നു പറഞ്ഞു ഭക്ഷിപ്പാൻ കൊടുത്ത പ്രകാരം ലൂക്കോസ് 22:19,20-ൽ പറഞ്ഞിരിക്കുന്നതിനാൽ അതു മാംസരക്തങ്ങൾ തന്നെയാണെന്നു വിശ്വസിക്കുന്നു.

71. **ഞാൻ വാതിൽ ആകുന്നു എന്നും, ഞാൻ മുന്തിരിവള്ളി ആകുന്നു എന്നും മിശിഹാ കൽപ്പിച്ച പ്രകാരം യോഹന്നാൻ 10:7; 15:1-ലും പറഞ്ഞിരിക്കുന്നതിനാൽ, അപ്പവും വീഞ്ഞും മാംസരക്തങ്ങൾ ആണെങ്കിൽ വാതിലും മുന്തിരിവള്ളിയും കൂടെ മാംസരക്തങ്ങൾ ആകുന്നില്ലയൊ?**

അവകളെ വാഴ്ത്തി കണ്ടിച്ചിട്ടില്ലാത്തതുകൊണ്ട് ചിന്തിച്ചാൽ അറിയാവുന്നതാണ്. ഇത് എന്റെ കണ്ണാകുന്നു എന്നും ഞാൻ അവനു ഒരു കോടാലിയാണെന്നും പറഞ്ഞാൽ, കണ്ണ് കണ്ണു തന്നെ എന്നും കോടാലി ഉപദ്രവും ആകുന്ന പ്രകാരം തന്നെ, മാംസരക്തങ്ങൾ എന്നു പറഞ്ഞത് അത് അങ്ങനെ തന്നെ ആണെന്നും; വാതിൽ എന്നു പറഞ്ഞത് അത് മറ്റൊന്നുമായിട്ടാകുന്നു.

Scanned by CamScanner

72. **കസേരയിൽ ശരീരത്തോടെ ഇരിക്കുമ്പോൾ മേശയിൽ ഇരുന്ന അപ്പവും വീഞ്ഞും മാംസരക്തങ്ങൾ ആയതെങ്ങനെ? കസേരയിൽ ഇരുന്ന മാംസ രക്തങ്ങളിൽ നിന്നും കുറഞ്ഞു മേശയിൽ ഇരുന്ന അപ്പവും വീഞ്ഞും മാംസരക്തങ്ങളായി തീർന്നുവൊ അതൊ ആ അപ്പവും വീഞ്ഞും പ്രത്യേ കിച്ചും കൂടുതൽ മാംസരക്തങ്ങളായി തീർന്നുവൊ?**

ആകാശത്തിൽ സിംഹാസനത്തിൽ ഇരുന്നുകൊണ്ട് കൂടുതൽ ദൈവമാ കാതെ കന്യകയുടെ വയറ്റിൽ മിശിഹാ പാർത്ത പ്രകാരം തന്നെ പീഠത്തിൽ ഇരുന്നുകൊണ്ട് മേശയിൽ ഇരുന്ന അപ്പവും വീഞ്ഞും മാംസരക്തങ്ങൾ ആക്കി യിരിക്കുന്നു. എന്നാൽ ഉയിർത്ത് ആകാശത്തിൽ കരേറിയപ്പോൾ അവിടെ കൂടു തൽ വരാതെ ഏകപുത്രനായിരിക്കുന്ന പ്രകാരം ഒന്നിലും കൂടുതലും കുറവും വരാതെ അപ്പവും വീഞ്ഞും മാംസരക്തങ്ങൾ ആകുന്നു. അതു തന്നെയുമല്ലാ; തിരിച്ചറിവും ബുദ്ധിയുമില്ലാത്ത പൈതങ്ങൾ ഒരു തീക്കല്ല്ലു കണ്ടാൽ അത് വെറും ഒരു കല്ല് മാത്രമാണെന്നു നിശ്ചയിക്കുകയും; തിരിച്ചറിവുള്ളവർ കണ്ടാൽ അതു തീക്കല്ലാണെന്നു നിശ്ചയിക്കുകയും ചെയ്യുന്ന പ്രകാരം തന്നെ; പ്രൊട്ടസ്റ്റന്റുകാരും മറ്റു ചിലരും അപ്പവും വീഞ്ഞും മാംസരക്തങ്ങൾ അല്ലെന്നും; ഞങ്ങൾ വേദപു സ്തക പ്രകാരം അത് മാംസരക്തങ്ങൾ തന്നെ എന്നും നിശ്ചയിക്കുന്നു. അതു തന്നെയുമല്ലാ; കല്ലിൽ തീയുടെ പ്രകൃതി ഒന്നും കാണ്മാനില്ലാത്ത പ്രകാരം തന്നെ അപ്പത്തിലും വീഞ്ഞിലും മാംസരക്തങ്ങളുടെ പ്രകൃതി കാണ്മാനില്ലാ എങ്കിലും ഉറപ്പുള്ള സ്ഥലത്തു കല്ല് ഉരയ്ക്കുമ്പോൾ അതിൽ മറഞ്ഞിരിക്കുന്ന അഗ്നി വെളി യിൽ വന്നു അഗ്നിയുടെ ഫലം നൽകുന്ന പ്രകാരം തന്നെ; ഉറപ്പുള്ള വിശ്വാസി കൾ ഇതിനെ കൈക്കൊള്ളുമ്പോൾ അതിൽ മറഞ്ഞിരിക്കുന്ന മാംസരക്തങ്ങൾ പ്രത്യക്ഷമായി മാംസരക്തങ്ങളുടെ ഫലം നൽകുകയും ചെയ്യും. പതുപതുപ്പുള്ള സ്ഥലത്ത് തീക്കല്ല് ഉരച്ചാൽ കല്ലിന്റെ പ്രകൃതം മാത്രം കാട്ടുന്ന പ്രകാരം തന്നെ, അവിശ്വാസികൾ ഇതിനെ അനുഭവിച്ചാൽ അവർക്കു അപ്പത്തിന്റെയും വീഞ്ഞി ന്റെയും ഫലം മാത്രമെ ലഭിക്കുകയുള്ളൂ. ഉറപ്പുള്ള സ്ഥലത്തല്ലാതെ പതുപതു പ്പുള്ള സ്ഥലത്ത് തീക്കല്ല് ഉരച്ചാൽ ഉരയ്ക്കുന്ന സ്ഥലത്തിനു നാശം സംഭവി ക്കുന്ന പ്രകാരം തന്നെ അവിശ്വാസികൾ ഇതിനെ അനുഭവിച്ചാൽ 1 കോറിന്തി. 11:29-ൽ പറഞ്ഞിരിക്കുന്ന പ്രകാരം അവരുടെ ആത്മനാശത്തിനു ഇടയാവുകയും ചെയ്യും.

73. **മിശിഹായുടെ ശരീരം നശിക്കുകയില്ലെന്നു മസുമൂർ (സങ്കീർത്തനം) 16:10-ൽ പറഞ്ഞിരിക്കുമ്പോൾ അപ്പവും വീഞ്ഞും മാംസരക്തങ്ങൾ ആയിതീർന്നു അനുഭവിച്ചു ദഹിച്ചാൽ അത് വേദപുസ്തകത്തിന് വിപ രീതമല്ലയൊ?**

വീഞ്ഞിൽ ലഹരി കലർന്നിരിക്കുന്ന പ്രകാരം അപ്പത്തിലും വീഞ്ഞിലും മാംസ രക്തങ്ങൾ കലർന്നിരിക്കുന്നതും അത് ആത്മാവിനോടു ചേരുന്നതല്ലാതെ ദഹി ക്കുന്നതല്ലാത്തതുമാകയാൽ ഒരു നാളും വേദപുസ്തകത്തിനു വിപരീതമാകയി ല്ല. ഓർത്തു കേട്ടാലും; ദൈവം അവന്റെ കൃപകൊണ്ട് എല്ലാവർക്കും വേണ്ടി മരണം അനുഭവിച്ചു എന്നും ദൈവം അവന്റെ സ്വന്തരക്തം കൊണ്ട് അവന്റെ സഭയെ നേടി എന്നും, അപ്പവും വീഞ്ഞും മാംസരക്തങ്ങൾ ആകുന്നു എന്നും വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതിനാൽ, ദൈവം മരിച്ചു എന്നും, ഇതു മാംസരക്തങ്ങൾ എന്നും സത്യക്രിസ്ത്യാനികൾ നിശ്ചയിച്ച് വിശ്വസിക്കേണ്ടതാ കുന്നു. അതു തന്നെയുമല്ലാ; നാം വാഴ്ത്തുന്ന അപ്പവും വീഞ്ഞും മിശിഹാ യുടെ മാംസരക്തങ്ങളുടെ യോജിപ്പ് ആകുന്നില്ലയൊ? എന്നു 1 കോറിന്തി 10:16

Scanned by CamScanner

-ൽ പറഞ്ഞിരിക്കുന്നതിനാൽ യോജിപ്പ് എന്നു പറയുന്നതിന്റെ സാരം എണ്ണയും വെള്ളവും പോലെ അല്ലാ, വീഞ്ഞും വെള്ളവും പോലെ യോജിച്ചിരിക്കുന്നതാകകൊണ്ട് ദൈവം മനുഷ്യരോടു കൂടെ യോജിക്കപ്പെട്ടു പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാകുന്നു എന്നു വിശ്വസിക്കുന്ന സത്യക്രിസ്ത്യാനികൾക്ക് പൂർണ്ണമാംസവും രക്തവുമാകുന്നു എന്നു നിശ്ചയിച്ച് വിശ്വസിക്കേണ്ടത് അത്യാവശ്യമാകുന്നു. അപ്രകാരം വിശ്വസിക്കാത്ത ആളുകൾ മിശിഹാ തമ്പുരാനിലും അവന്റെ മാംസരക്തങ്ങളിലും സ്വർഗ്ഗരാജ്യത്തിലും പങ്കുകാരാകുന്നില്ല. മാത്രവുമല്ലാ; എന്റെ ശരീരം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കുമെന്നു കൽപ്പിച്ചപ്പോൾ ചില ശിഷ്യന്മാർ പൊയ്ക്കളഞ്ഞപ്രകാരം യോഹന്നാൻ 6:30-ൽ കാണുന്നതിനാൽ ഇപ്രകാരം വിശ്വസിക്കാത്തവർ മിശിഹായിൽ നിന്നും അകന്നവരാകുന്നു.

74. **വസ്തുവിലേക്കു ആത്മാവിനല്ലാതെ ആത്മാവിലേക്കു വസ്തുവിനും; വസ്തുവിലേക്കു വസ്തുവിനും പ്രവേശിപ്പാൻ സാദ്ധ്യമല്ലാതെ ഇരിക്കുമ്പോൾ വസ്തു ആകുന്ന മാംസരക്തം വസ്തു ആകുന്ന അപ്പത്തിലേക്കും വീഞ്ഞിലേക്കും പ്രവേശിക്കുന്നതെങ്ങനെ?**

അത് അങ്ങനെ തന്നെ. എന്നാൽ ഇത് അങ്ങനെ അല്ലാ. യോഹന്നാൻ 1:14 -ൽ വചനം മാംസമായി എന്നു പറഞ്ഞിരിക്കുന്ന പ്രകാരം വചനമായ തമ്പുരാൻ വചനത്താൽ മാംസമാകപ്പെട്ട പ്രകാരം തന്നെ, വചനത്താൽ ഇത് സത്യമാംസരക്തങ്ങളായി തീരുന്നു.

75. **കുർബാന എന്ന സൽക്കർമ്മം യേശുമിശിഹാ അസ്തമിച്ച് അത്താഴം കഴിഞ്ഞശേഷം ചെയ്തിരിക്കുന്നതിനാൽ അതിൻപ്രകാരം അസ്തമിച്ച് ചെയ്യാത്തതും ഉപവാസത്തോടുകൂടെ കാലത്തു ചെയ്യുന്നതും എന്തുകൊണ്ട്?**

യേശുമിശിഹാ ദൈവമായിരിക്കുകയും താൻ നോമ്പാലെ സാത്താനെ ജയിച്ചിരിക്കുകയും, പഴയനിയമത്തിന്റെ അറുതിയുടെ സമയം അപ്പോൾ ആയിരിക്കുകയും ആയതിന്റെ അറുതിക്കു പുതിയനിയമം ആരംഭിക്കേണ്ട സമയം ആകുകയും ചെയ്തപ്പോൾ താൻ തിരുമനസ്സായ സമയത്ത് അതിനെ (അപ്പത്തെയും വീഞ്ഞിനെയും തന്റെ തന്നെ മാംസരക്തങ്ങൾ ആക്കി) ചെയ്തു. ഏതൊരു സൽക്കർമ്മങ്ങളെ എങ്കിലും ചെയ്യുമ്പോൾ അതിനുമുമ്പായി നോമ്പ് എടുക്കുന്നില്ലെങ്കിൽ അങ്ങനെയുള്ള സൽക്കർമ്മങ്ങൾ പിശാചിന്റെ പരീക്ഷയാൽ നിഷ്ഫലമായി തീരുമെന്നു ശ്ലീഹന്മാർ നിശ്ചയിച്ച് നോമ്പോടുകൂടെ കാലത്ത് അവർ ചെയ്തുവന്ന പ്രകാരം, കാലത്ത് ഉപവാസത്തോടുകൂടി ഞങ്ങളും ചെയ്തുവരുന്നു. മാത്രവുമല്ലാ; മോശയുടെ കാലത്ത് മിശിഹായ്ക്കു മുൻകുറിയായി മസ്ക്കൻസബ്നാ (സമാഗമനകൂടാരം)യിൽ അപ്പംകൊണ്ട് പാപപരിഹാരത്തിനുവേണ്ടി ചെയ്തുവന്ന ബലി കാലത്ത് ആയിരുന്നതുകൊണ്ടും; അവർ നോമ്പു നോറ്റ ശേഷം കൈവയ്പാകുന്ന സൽക്രിയയെ ശ്ലീഹന്മാർ ചെയ്ത പ്രകാരം അപ്പോ. പ്രവൃ. 13:3-ൽ കാണുന്നതുകൊണ്ടും; നോമ്പ് എടുക്കാത്ത കാരണത്താൽ പിശാചുക്കളെ പുറത്താക്കുവാൻ ശ്ലീഹന്മാർക്കുപോലും കഴിയാതിരുന്ന പ്രകാരം മത്തായി 17:21-ൽ കാണുന്നതുകൊണ്ടും നിരൂപിച്ചാൽ കുർബ്ബാന, മാമോദീസാ മുതലായ എല്ലാ കൂദാശ പ്രവർത്തികളും നോമ്പോടുകൂടെ ചെയ്യുവാനുള്ളതാകുന്നു എന്നു നിശ്ചയമാകുന്നു.

76. **പൗലൂസ് ത്രോവാസിൽ വച്ച് ഞായറാഴ്ച അസ്തമിച്ച് ശിഷ്യന്മാരോടുകൂടെ കുർബ്ബാന എന്ന സൽക്കർമ്മം ചെയ്ത പ്രകാരവും എവുത്തി**

Scanned by CamScanner

ക്കോസ് എന്ന ഒരു യുവാവ് ഉറക്കം തൂങ്ങി വീണു മരിക്കുകയും, പൗലൂസ് അവനെ ജീവിപ്പിച്ചതായും അപ്പോ. പ്രവൃ. 20:7-10ൽ കാണുന്നതിനാൽ; ശ്ലീഹന്മാർ കാലത്ത് കുർബ്ബാന അർപ്പിച്ചു വന്നു എന്നു അങ്ങു പറഞ്ഞത് ശരിയാണെന്നു കാണുന്നില്ലല്ലൊ?

തന്റെ ബുദ്ധി നേരെ പ്രവർത്തിക്കാത്തതുകൊണ്ട് നേരെ തോന്നാതിരിക്കുന്നതല്ലാതെ ഞാൻ നേരു പറയാഞ്ഞിട്ടല്ല. പാതിരാ വരെയും പൗലൂസ് തന്റെ പ്രസംഗം ദീർഘിപ്പിച്ചു എന്നു അതിൽ പറഞ്ഞിരിക്കുന്നതിനാൽ രാത്രിയിൽ കുർബ്ബാന ചൊല്ലുകയായിരുന്നു ചെയ്തതെന്നു താൻ നിരൂപിക്കുകയാകുന്നു. അതു ശരിയല്ല, കേട്ടാലും; ഞായറാഴ്ച പകൽ കുർബ്ബാന കണ്ടിപ്പാൻ അവർ കൂടി ആയതു കഴിക്കുകയും; പിറ്റേദിവസം പൗലൂസ് യാത്ര പോകുവാൻ ഒരുങ്ങിയിരിക്ക കൊണ്ട് പകൽ മുതൽ പാതിരാവരെയും പ്രസംഗിച്ചു താമസിക്കയത്രെ ചെയ്തത്.

77. **പാതിരാസമയത്ത് പൗലൂസ് ആ മരിച്ചവനെ ജീവിപ്പിച്ച ശേഷം കരേറി അപ്പം കണ്ടിച്ചു എന്നു പറഞ്ഞിരിക്കുന്നതിനാൽ ആ കണ്ടിച്ചതു കുർബ്ബാനയും അപ്പോൾ പാതിരാത്രിയും ആയിരുന്നതിനാൽ കുർബ്ബാന ചൊല്ലിയത് പകൽ ആയിരുന്നു എന്നു പറഞ്ഞത് തെറ്റ് അല്ലെയൊ?**

ഞാൻ തെറ്റു പറകയല്ലാ ചെയ്തത്. തെറ്റു പറഞ്ഞത് താൻ തന്നെ ആകുന്നു. ചെവി തുറന്നു കേട്ടാലും; ആ യുവാവ് വീണു മരിച്ചയുടൻ എല്ലാവരും താഴെ ഇറങ്ങി. പൗലൂസ് മരിച്ചവനെ ജീവിപ്പിച്ചശേഷം മർക്കോസ് 5:43-ൽ കാണുന്നപ്രകാരം മരിച്ചവൻ ജീവിച്ചു എന്നുള്ള ഉറപ്പിനുവേണ്ടി ഉടൻ ഭക്ഷണം കൊടുക്കുക എന്നത് മര്യാദയായിരുന്ന പ്രകാരം ആ മരിച്ചവൻ ജീവിച്ചു എന്നുള്ള നല്ല ദൃഷ്ടാന്തത്തിനുവേണ്ടി പൗലൂസ് അനുവദിച്ചതനുസരിച്ച് മരിച്ചു ജീവിച്ചവൻ താൻ തന്നെ അപ്പം കണ്ടിച്ചു ഭക്ഷിച്ചതല്ലാതെ അത് കുർബ്ബാനയുടെ അപ്പം കണ്ടിച്ചതല്ല. തന്നെയുമല്ലാ; ആ ദിവസം അസ്തമിച്ചു എന്നു പറഞ്ഞാൽ പകൽ കഴിഞ്ഞുപോയി എന്നു അർത്ഥം വരുന്നതിനാലും ഉച്ചയെ ദിവസത്തിന്റെ പാതിയെന്നു പറഞ്ഞു വരുന്നതിനാലും പൗലൂസിനെ കപ്പൽ വഴി റോമായ്ക്കു കൊണ്ടുപോകുമ്പോൾ പാതിരാത്രിയിൽ കപ്പൽ മുങ്ങുവാൻ തക്ക ചുഴലിക്കാറ്റ് ഉണ്ടായ സമയത്ത് പകൽ ഉണ്ടാകട്ടെ എന്നർത്ഥമായി ദിവസം ഉണ്ടാകട്ടെ എന്നു കപ്പലിൽ ഉള്ള ആളുകൾ പ്രാർത്ഥിച്ചപ്രകാരം അപ്പോ. പ്രവൃ. 27:29-ൽ പറഞ്ഞിരിക്കുകയാലും, ദിവസം എന്നു പറയുന്നത് പകൽ ആണെന്നു നിശ്ചയിക്കാവുന്നതുകൂടാതെയും, പിറ്റെ ദിവസം പോകുവാൻ പൗലൂസ് ഒരുങ്ങിയിരിക്കുന്നു എന്നു പറഞ്ഞ സ്ഥിതിക്കു കാലത്ത് അദ്ദേഹം പോയതുകൊണ്ടു തന്നെ ദിവസം എന്നു പറയുന്നത് പകൽ ആണെന്നു നിശ്ചയിപ്പാൻ ഇടയുണ്ടല്ലൊ. കേട്ടാലും; ദിവസം എന്നു പറയുന്നത് പകൽ ആകുന്നതും ഞായറാഴ്ച ദിവസത്തിൽ വി. കുർബ്ബാന കണ്ടിപ്പാൻ അവർ കൂടിയപ്പോൾ മേൽ എഴുതിയ സംഭവങ്ങൾ ഉണ്ടായി എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു തന്നെ കുർബ്ബാന കണ്ടിച്ചത് പകൽ തന്നെ ആണെന്നു നിശ്ചയമാകുന്നു.

കുരിശുവന്ദന, വിഗ്രഹാരാധന അല്ലയൊ?

78. **കുരിശുവരയ്ക്കുകയും അതിനെ ഉണ്ടാക്കിവയ്ക്കുകയും പണിയിക്കുകയും ചെയ്തുവരുന്നതിനാൽ അത് പ്രൊട്ടസ്റ്റന്റ് മിഷ്യനറിമാർ പറയുന്നപ്രകാരം മഹാപാപമല്ലയൊ?**

Scanned by CamScanner

വലിയ കുസ്തന്തീനോസ് രാജാവ് ദർശനത്തിൽ കുരിശടയാളം കാണുകയും അവൻ അതിനെ വന്ദിക്കുകയും ഈ അടയാളം കൊണ്ട് അവൻ യുദ്ധം ജയിക്കുമെന്നു അതിൽ എഴുതി കണ്ട പ്രകാരം അവന്റെ സർവ്വ യുദ്ധ സാമാനങ്ങളുടെയും മേൽ കുരിശടയാളം വച്ചും കൊണ്ട് യുദ്ധം ചെയ്യുകയാൽ യുദ്ധം ജയിച്ച പ്രകാരം അവന്റെ വൃത്താന്തപുസ്തകത്തിൽ കാണുന്നതും; നമ്മുടെ കർത്താവീശോമിശിഹായുടെ കുരിശുകൊണ്ടല്ലാതെ സ്തുതിക്കപ്പെടുവാൻ (പ്രശംസിക്കുവാൻ) ഇല്ലെന്നു ഗലാത്യ 6:14-ലും പറഞ്ഞിരിക്കുന്നതിനാൽ, കുരിശിനെ ബഹുമാനിപ്പാനും, വരയ്ക്കുവാനും, ആചാരവന്ദന ചെയ്യുവാനും സത്യക്രിസ്ത്യാനികൾക്കു അത്യാവശ്യമാകുന്നു. എന്നാൽ കുരിശെന്നുള്ള വാക്കു നശിച്ചുപോകുന്നവർക്കു ഭോഷത്വമാകുന്നു എന്നു 1 കോരിന്തി 1:18-ലും; മിശിഹായുടെ കുരിശിന്റെ ശത്രുക്കളാകുന്നവരുടെ അവസാനം നാശമാകുന്നു എന്നു ഫിലിപ്പ്യർ 3:19 -ലും പറഞ്ഞിരിക്കുന്നതിനാൽ കുരിശിനെ ബഹുമാനിച്ച് ആചാരവന്ദന ചെയ്യാതെ അതിനെ അപമാനിക്കുന്നത് യോഗ്യമല്ലാ.

79. ഒരു മാലാഖയെ യോഹന്നാൻ വന്ദിച്ചപ്പോൾ അവൻ വിലക്കിയതായി വെളിപാട് 19:10-ലും; കൊർന്നെല്യോസ് പത്രോസിനെ വന്ദിച്ചാറെ അദ്ദേഹം വിലക്കിയതായി അപ്പോ. പ്രവൃ. 10:26-ലും കാണുന്നതിനാൽ കുരിശുവരയ്ക്കുകയും വന്ദിക്കുകയും ചെയ്യുന്നതുകൊള്ളാമൊ? എന്നാൽ കുരിശിന് ഒരു വായും നാക്കും ഉണ്ടായിരുന്നെങ്കിൽ മാലാഖയും പത്രോസും വന്ദനവിരോധിച്ചതുപോലെ കുരിശും വന്ദന വിരോധിക്കുമായിരുന്നില്ലെ?

അവരുടെ വന്ദനകാരണത്താൽ യോഹന്നാനും കൊർന്നെല്യോസും നരകത്തിൽ അകപ്പെട്ടതായി കാണുന്നില്ലാത്തതിനാൽ ഞങ്ങളുടെ കുരിശു വരച്ചുള്ള ആചാരവന്ദന കൊണ്ട് ഞങ്ങളും നരകത്തിൽ അകപ്പെടുകയില്ലെന്നു നിശ്ചയം തന്നെ. എന്നാൽ ദൈവത്തെ അല്ലാതെ യാതൊന്നിനെയും വന്ദിക്കരുതെന്നുള്ള ദൈവകൽപ്പനയെ മറന്നു വെളിപാടു 19:10-ൽ കാണുന്നപ്രകാരം മാലാഖയെ യോഹന്നാൻ ആദ്യം വന്ദിച്ചപ്പോൾ വിലക്കിയിട്ടും അക്കാര്യം മറന്നു പിന്നീടും വെളിപാട് 22:8-ൽ കാണുന്ന പ്രകാരം മാലാഖയെ അവൻ രണ്ടാമതും വന്ദിക്കുകയാൽ യോഹന്നാൻ ഏവൻഗേലീസ്ഥായെക്കാൾ ഈ വക വന്ദനകൾ കൂടിയെ മതിയാവൂ എന്നു നിശ്ചയിച്ചവരായ സുറിയാനി വേദപിതാക്കന്മാർ മോശക്കാർ അല്ലെന്നു നിശ്ചയം തന്നെ. ഓർത്തുകേട്ടാലും; അങ്ങനെയുള്ള വന്ദന ആവശ്യമില്ലാത്തതും പാപകരവുമായിരുന്നെങ്കിൽ ആദ്യം തന്നെ മാലാഖയെ യോഹന്നാൻ വന്ദിപ്പാനും, അവൻ വിലക്കിയശേഷം രണ്ടാമതും വന്ദിപ്പാനും ഒട്ടും തന്നെ ഇടവരികയില്ലായിരുന്നു. ശ്രേഷ്ഠതയ്ക്കു യോഗ്യമായ വന്ദന യോഹന്നാൻ വന്ദിച്ചു എന്നും, എളിമയ്ക്കു യോഗ്യമായ വിരോധം മാലാഖ വിരോധിച്ചു എന്നും അതുകൊണ്ടു തന്നെ നിശ്ചയമാകുന്നു. എന്നാൽ മാമോദീസായിൽ ഒരു കുരിശു മാത്രമെ പ്രൊട്ടസ്റ്റന്റു മിഷ്യനറിമാർ വരയ്ക്കുന്നുള്ളു എങ്കിലും ആ ഒരു കുരിശുവരവാ തുറന്നു വിരോധിക്കാത്ത പ്രകാരം തന്നെ ഞങ്ങളുടെ പല കുരിശുവരകളും ഞങ്ങളോടും വാ തുറന്നു വിരോധിക്കുന്നില്ല. എന്നാൽ രാജാവിനെ എന്നപോലെ രാജാവിനെയും, രാജസ്നേഹിതന്മാരെ എന്ന പോലെ രാജസ്നേഹിതന്മാരെയും ബഹുമാനിച്ചു ആചാരം ചെയ്തുവരുന്നതുപോലെ മിശിഹായേയും കുരിശിനെയും വിശുദ്ധന്മാരെയും ബഹുമാനിച്ചു യോഗ്യതയുള്ള വന്ദന അവരവർക്കു ചെയ്യുവാനുള്ളതാകുന്നു എന്നു യോഹന്നാന്റെ വന്ദന തന്നെ നമ്മെ സ്ഥിരപ്പെടുത്തുന്നു. തന്നെയുമല്ലാ; പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായ മിശിഹായെ

Scanned by CamScanner

വന്ദിച്ചവർ തന്റെ മനുഷ്യത്വത്തെ കൂടെ വന്ദിച്ചതിനാൽ ഒരു വന്ദനയിൽ പാതി വന്ദന പാപമുള്ളതാണെന്നു നിരൂപിക്കാമൊ? അതു പാടില്ല. ദൈവത്തിനടുത്തതും ഗുരുവിനടുത്തതുമായ യോഗ്യതയുള്ള വന്ദന അവനെ വന്ദിച്ചിരിക്കുന്നു. അതു മാത്രവുമല്ലാ; മോശ തന്റെ അമ്മാവിഅപ്പനായിരുന്ന യെത്രോയെയും (പുറപ്പാട് 18:7); യൗസേപ്പിന്റെ മക്കൾ യാക്കോബിനെയും (ഉൽപ്പ. 48:12); യാക്കോബ് ഏശാവിനെയും (ഉൽപ്പത്തി 33:3); യൗസേപ്പിനെ അവന്റെ സഹോദരന്മാരും (ഉൽപ്പ. 42:7) വന്ദിച്ചതായി കാണുന്നതുകൊണ്ട് അവരവരുടെ ബഹുമാനത്തിനുവേണ്ടി വന്ദിക്കാമെന്നു നിശ്ചയമാകുന്നു. എന്നാൽ വന്ദന വിരോധമുള്ളതായിരുന്നെങ്കിൽ യൗസേപ്പിന്റെ സഹോദരന്മാർ അവനെ വന്ദിക്കുമെന്നു സ്വപ്നത്തിൽ ദൈവം അവനോടു കൽപ്പിക്കുവാനും അയോഗ്യമായ ക്രിയയിൽ ദൈവം അവനെ ഏർപ്പെടുത്തുവാനും ഇടയില്ലായിരുന്നു.

80. **ഞാൻ ഒഴികെ മറ്റൊരു ദൈവവും നിങ്ങൾക്കുണ്ടാകരുതെന്നും ആകാശത്തിലും ഭൂമിയിലും ഭൂമിക്കു കീഴെ വെള്ളത്തിലുമുള്ള യാതൊന്നിന്റെയും പ്രതിരൂപം ഉണ്ടാക്കുകയും വന്ദിക്കുകയും ചെയ്യരുതെന്നും പുറപ്പാട് 20:4-ൽ പറഞ്ഞിരിക്കുമ്പോൾ മേലെഴുതിയ പ്രകാരമുള്ള വന്ദനകൾ ചെയ്യുന്നത് യോഗ്യമാണൊ?**

അതെനിക്കറിഞ്ഞുകൂടാ. യാതൊന്നിനെയും വന്ദിക്കരുതെന്നു മോശയോടു കൽപ്പിച്ച ദൈവം തന്നെ യൗസേപ്പിനെ അവന്റെ സഹോദരന്മാർ വന്ദിപ്പാൻ സംഗതി വരുത്തി. യാതൊന്നിനേയും വന്ദിക്കരുതെന്നു പ്രമാണിച്ച മോശ തന്നെ അവന്റെ അമ്മാവിഅപ്പനെ വന്ദിച്ചിരിക്കുന്നു. ഇതിൽ ദൈവം കോപിച്ചിട്ടും ഇല്ല. അതിനാൽ വന്ദനയെല്ലാം ദൈവവന്ദന അല്ലെന്നും, ദൈവമെന്നു നിയോഗിച്ചുകൊണ്ട് ഏതൊന്നിനെയും വന്ദിച്ചാൽ അതു മാത്രം പാപമുള്ളതാണെന്നും; സ്നേഹവന്ദന എല്ലാത്തിനേയും വന്ദിപ്പാനുള്ളതാകുന്നു എന്നും നിശ്ചയമാകുന്നു. എന്നാൽ ഇസ്രായേൽ മക്കൾ ദൈവത്തെ വിട്ട് പൊന്ന്, വെള്ളി, മരങ്ങൾ, കല്ല് ഇവകൊണ്ടു ദൈവങ്ങളെ ഉണ്ടാക്കി അതു ദൈവമെന്നു നിശ്ചയിച്ചു വിശ്വസിച്ചു വന്ദിച്ചതുകൊണ്ട് അങ്ങനെയുള്ളതു ചെയ്യരുതെന്നു വിരോധിച്ചിരിക്കുന്നതല്ലാതെ സ്നേഹവന്ദനയെ വിരോധിച്ചിരിക്കുന്നതല്ല. എങ്കിലും ദൈവമെന്നു നിശ്ചയിച്ചുംകൊണ്ട് ദൈവത്തെ മാത്രമല്ലാതെ മറ്റു യാതൊന്നിനേയും വന്ദിച്ചാൽ അതു മഹാപാപം തന്നെ.

81. **യാതൊന്നിന്റെയും പ്രതിരൂപം ഉണ്ടാക്കരുതെന്നു ദൈവം വിരോധിച്ചിരിക്കുമ്പോൾ മരം കൊണ്ടു കുരിശുണ്ടാക്കുകയും വന്ദിക്കുകയും ചെയ്യുന്നത് ദൈവകൽപ്പനയ്ക്കു വിരോധമല്ലയൊ?**

ദൈവസൃഷ്ടികളാകുന്ന കാള, കഴുകൻ മുതലായതിന്റെ പ്രതിരൂപങ്ങൾ ഉണ്ടാക്കി വയ്ക്കുകയും അത് ദൈവങ്ങളെന്നു നിശ്ചയിച്ചു വന്ദിക്കുകയും ചെയ്തു വന്നതിനാൽ അവകളെ വന്ദിക്കരുതെന്നും, ഉണ്ടാക്കിവയ്ക്കാൻ ഇടവന്നാൽ പിന്നീട് മനചാഞ്ചല്യം കൊണ്ട് അതു ദൈവമെന്നു നിശ്ചയിച്ചു വന്ദിപ്പാൻ ഇടവരുമെന്നും കരുതി ഉണ്ടാക്കരുതെന്നു വിരോധിച്ചിരിക്കുന്നതാകുന്നു എന്നു ഈ വക വന്ദനകളെ വിരോധിച്ചെഴുതിയിരിക്കുന്ന വാക്യങ്ങളുടെ മേൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ നോക്കുമ്പോൾ തോന്നുമെങ്കിലും, വന്ദിപ്പാനായിട്ടല്ലെങ്കിൽ സ്വരൂപങ്ങളെ ഉണ്ടാക്കി വയ്ക്കുന്നതു ദൈവവിരോധമല്ലാ. ദൈവം സൃഷ്ടിച്ചിരിക്കുന്ന യാതൊന്നിന്റെയും പ്രതിരൂപം ഉണ്ടാക്കരുതെന്നല്ലാതെ, ഒരു വീടിന്റെ ആകൃതിയിൽ വീടും-ഒരു പെട്ടിയുടെ ആകൃതിയിൽ പെട്ടിയും ഉണ്ടാക്കരുതെന്നു വിരോധിച്ചിട്ടില്ലാത്തതിനാൽ കുരിശിന്റെ ആകൃതിയിൽ കുരിശു

Scanned by CamScanner

ണ്ടാക്കി വയ്ക്കുന്നതും, മുന്തിരിവള്ളി മുതലായവയുടെ സ്വരൂപങ്ങൾ നെയ്തിട്ടുള്ള പട്ടുതുണികൾ കൊണ്ട് പള്ളി അലങ്കരിക്കുന്നതും ദൈവകൽപ്പനയ്ക്കു വിരോധമായിട്ടുള്ളതല്ലാത്തതുകൊണ്ട് ഞങ്ങൾ കുരിശുണ്ടാക്കി വയ്ക്കുന്നു. തന്നെയുമല്ലാ; ദൈവത്തിന്റെ പ്രധാന ദൂതനായ മാലാഖയെ ദൈവത്തോടുള്ള ഭക്തി കൊണ്ട് യോഹന്നാൻ വന്ദിച്ച പ്രകാരം തന്നെ, അതിൽ തൂങ്ങപ്പെട്ടു എന്ന മിശിഹായെയുള്ള ഭക്തികൊണ്ട് കുരിശിനേയും ഞങ്ങൾ വന്ദിക്കുന്നു.

82. കുരിശുണ്ടാക്കി വയ്ക്കുകയും വന്ദിക്കുകയും ചെയ്യാമെങ്കിൽ മരം കൊണ്ട് സ്വരൂപമുണ്ടാക്കി വയ്ക്കുകയും വന്ദിക്കുകയും ചെയ്യുന്നതിൽ എന്തു ദൂഷ്യമാണുള്ളത്?

ദൈവം സൃഷ്ടിച്ച യാതൊരു പ്രാണികളുടെയും സ്വരൂപമുണ്ടാക്കി വയ്ക്കുകയും വന്ദിക്കുകയും ചെയ്യരുതെന്നു വിരോധിച്ചിരിക്കുന്നതിനാൽ അപ്രകാരം ചെയ്യുന്നത് ദൂഷ്യം തന്നെ.

83. കൊള്ളാം-അത് അങ്ങനെയെങ്കിൽ മഷികൊണ്ട് നിങ്ങൾ പ്രതിരൂപമുണ്ടാക്കി വയ്ക്കുന്നത് ദൈവകൽപ്പനയ്ക്കു വിരോധമല്ലയൊ?

പൊന്ന്, വെള്ളി, കല്ല്, മരം മുതലായവകൊണ്ട് യാതൊരു സൃഷ്ടിപ്പുകളുടെയും പ്രതിരൂപം ഉണ്ടാക്കി വയ്ക്കരുതെന്നു വിരോധിച്ചിട്ടുള്ളതല്ലാതെ മഷി കൊണ്ട് പ്രതിരൂപങ്ങൾ ഉണ്ടാക്കരുതെന്നു വിരോധിച്ചിട്ടില്ലാത്തതിനാൽ, പഴയതും പുതിയതുമായ രണ്ടു ശാസ്ത്ര (വേദപുസ്തകം)ങ്ങളുടെ പ്രതിരൂപം മഷികൊണ്ട് സ്വരൂപമായി എഴുതിയിരിക്കുന്ന പ്രകാരം ഞങ്ങൾ (സുറിയാനിക്കാർ) ദൈവവൃത്താന്തങ്ങൾ മഷികൊണ്ടു പ്രതിരൂപമായി എഴുതി ഉണ്ടാക്കി വയ്ക്കുന്നതിൽ ദൈവകൽപ്പനയ്ക്കു യാതൊരു വിരോധവുമില്ല. ശുദ്ധമുള്ള തന്റെ പർവ്വതത്തിനു നേരെ തന്നെ ആരാധിപ്പീൻ എന്നു സങ്കീർത്തനം 99:9-ൽ പറഞ്ഞിരിക്കുന്ന പ്രകാരം ശുദ്ധമുള്ള അവന്റെ കുരിശിനെ ഞങ്ങൾ വന്ദിക്കുന്നു. എന്നാൽ ചർച്ച് മിഷ്യനറിമാർ അവരുടെ മാതാപിതാക്കന്മാരുടെയും മക്കൾ മുതലായവരുടെയും വിവാഹം പറഞ്ഞു ബോധിക്കുന്ന സ്ത്രീകളുടെയും മറ്റും പ്രതിരൂപങ്ങൾ ഉണ്ടാക്കി വയ്ക്കുകയും അവരുടെ മുടികൾ മുറിച്ചു മോതിരത്തിൽ വയ്ക്കുകയും[7] ചെയ്തുകൊണ്ട് അവരെ ഓർക്കുകയും സ്നേഹിക്കുകയും ചെയ്യുന്നത് പ്രതിരൂപവന്ദനയല്ലാ, പിശാചിന്റെ വലിയ വിഗ്രഹാരാധനയാകുന്നു.

84. മറ്റ് ഏതെങ്കിലും അഭിപ്രായങ്ങൾ ഉണ്ടെങ്കിൽ അതു കൂടെ കേൾക്കട്ടെ?

കേട്ടാലും; പ്രതിരൂപം ഉണ്ടാക്കി വയ്ക്കരുതെന്നു ദൈവം കൽപ്പിച്ചിരിക്കുന്നതും, ദൈവവൃത്താന്തം തന്നെയും മരം കൊണ്ടു പ്രതിരൂപമായി ഉണ്ടാക്കി വച്ചേ മതിയാവൂ എന്നു റോമാസഭക്കാർക്കു സ്ഥിരപ്പെടുത്തിയ കാനോൻ ഇല്ലാതിരിക്കുമ്പോൾ അപ്രകാരം അവർ ചെയ്യുന്നത് ദൈവകൽപ്പനയ്ക്കു വിരുദ്ധമാകുന്നു. മഷികൊണ്ട് പ്രതിരൂപം ഉണ്ടാക്കി വച്ചേ മതിയാവൂ എന്നു സുറിയാനിക്കാർക്ക് സ്ഥിരപ്പെടുത്തിയ കാനോൻ ഇല്ലാത്തപ്പോൾ ഊമനും ബധിരനുമായവരുടെ പഠനത്തിനുവേണ്ടി അതിൻപ്രകാരം അവർ ചെയ്യുന്നത് ദൈവകൽപ്പനയ്ക്കു വിരോധമല്ല. എന്നാൽ ദൈവം താൻ മാത്രം ദൈവമാകകൊണ്ട് 'തനിക്കു സ്തുതി' എന്നു ദൈവത്തോടു മാത്രമേ പറയാവൂ. ദൈവം സൃഷ്ടിക്കുന്നവനാകകൊണ്ട് അവനെ മാത്രമേ വന്ദിക്കുകയും അവനോടു മാത്രമെ 'നിനക്കു വന്ദന'മെന്നു പറയുകയും ചെയ്യാവൂ. ദൈവം പരിപാലിക്കുന്നവനാകകൊണ്ട് 'നിനക്കു സ്തോത്രം' എന്നു അവനോടു മാത്രമെ പറയാവൂ. ദൈവം രക്ഷിക്കു

7. അത് അക്കാലത്തെ അവരുടെ നടപടികൾ ആയിരുന്നിരിക്കാം. പ്രസാധകൻ.

Scanned by CamScanner

ന്നവനാകകൊണ്ട് 'രക്ഷിക്കണമെ' എന്നു അവനോടു മാത്രമെ പറയാവൂ. എന്നാൽ ദൈവത്തിന്റെ പ്രത്യേകമായ മൂന്നു അവസ്ഥയ്ക്കു ചേരുന്നതായി മേൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള എല്ലാ ബഹുമാനവും ദൈവത്തോടു മാത്രമെ പറയുകയും പ്രവൃത്തിക്കുകയും ചെയ്യാവൂ. എന്നാൽ വന്ദന എന്നു പറയുന്നത് മൂന്നു പ്രകാരത്തിൽ ഉണ്ട്. അതിൽ ഒന്നാമത്, നെടുനീളമായിട്ടു കവിണ്ണു വീഴുന്നതും; രണ്ടാമത്, മുട്ടുകുത്തുന്നതും; മൂന്നാമത്, തല കുനിക്കുന്നതുമാകുന്നു. എന്നാൽ അതിൽ ഒന്നാമത്തേത് ദൈവത്തിനു മാത്രം ചേരുന്നതും; രണ്ടാമത്തേതും മൂന്നാമത്തേതും ബഹുമാനത്തിനു തക്കവണ്ണം മാനമുള്ള മനുഷ്യർക്കു ചേരുന്നതുമാകുന്നു. വിശേഷിച്ചും അധികമാനത്തിനായി ഒന്നാമത്തെ വന്ദന മനുഷ്യർക്കു മനുഷ്യർ ചെയ്തു വരുന്നുണ്ട്. എങ്കിലും അത് ദൈവമെന്നുള്ള നിയോഗത്തോടു കൂടെ അല്ലാത്തതുകൊണ്ട് അതിൽ ഒരു പാപവും ഇല്ല. അതുപോലെ തന്നെ 'രക്ഷിക്കണമേ' എന്നു ദൈവത്തോടു പറയുന്ന പ്രകാരമുള്ള വാക്കുകൾ മനുഷ്യരോടു മനുഷ്യർ പറയുന്നുണ്ട്. എങ്കിലും അത് ആത്മരക്ഷയ്ക്കുവേണ്ടി പറയുന്നതല്ലാത്തതുകൊണ്ട് അതിൽ ഒരു പാപവും ഇല്ല. എന്നാൽ 'ബോധജ്ഞാനത്തിന്റെ കണ്ണാടി' എന്നർത്ഥമുള്ള മഹസീസാ ദ ഹെകമസാ എന്നു പറയുന്ന പുസ്തകം വായിക്കുമ്പോൾ ഇതിന്റെ വിവരം ബോദ്ധ്യമാകുന്നതാണ്. സർപ്പത്തിന്റെ കടിയേറ്റു ജനം മരിക്കുകയാൽ അതിനെ നോക്കി ജീവിപ്പാൻ വേണ്ടി പിച്ചള കൊണ്ട് ഒരു സർപ്പം ഉണ്ടാക്കി അന്നു പലരും ജീവിച്ചശേഷം പിന്നീടു അതിനെ ദൈവമെന്നു കരുതി വന്ദിച്ചതിനാൽ അതിനെ അടിച്ചുപൊടിച്ചു കളഞ്ഞ പ്രകാരം (2 രാജാക്കൾ 18:4) കാണുന്നതിനാൽ രൂപങ്ങളെ ആരാധനാലയങ്ങളിൽ പ്രതിഷ്ഠിക്കുന്നതും അതിനു ധൂപം വയ്ക്കുന്നതും അതിനെ ചുമന്നു പ്രദക്ഷിണം നടത്തുകയും ആലവട്ടം കൊണ്ട് അതിനെ വീശുകയും രക്ഷയ്ക്കായി അതിന്റെ അളവു നൂൽ എടുത്തു കൈയ്യേൽ കെട്ടുകയും അതിന്റെ കാൽ കഴുകി വെള്ളം കുടിക്കുകയും ചെയ്തുവരുന്നതിനാൽ ആയതൊക്കെയും ഇല്ലാതാക്കാനുള്ളതാണ്.

കുമ്പസാരത്തെക്കുറിച്ച്

85. പാപമോചനത്തിനുവേണ്ടി കുമ്പസാരിക്കുന്നത് എന്തിനാകുന്നു?

അവരുടെ പാപങ്ങൾ ഏറ്റുപറഞ്ഞുകൊണ്ട് പലരും മാമോദീസ്സാ മുഴുകിയതായി മത്തായി 3:6-ലും; അനേകർ വന്നു അവരുടെ കുറ്റങ്ങൾ അറിയിച്ചു അവർ ചെയ്തുപോയ കാര്യങ്ങൾ അവർ കുമ്പസാരിച്ചു എന്നു അപ്പോ. പ്രവൃ. 19:18 -ലും പറഞ്ഞിരിക്കുന്നതിനാൽ, പട്ടക്കാരോടു പാപങ്ങളെ ഏറ്റു പറഞ്ഞു കുമ്പസാരിപ്പാനുള്ളതാണെന്നു നിശ്ചയമാകുന്നു. അതു തന്നെയുമല്ലാ; ഏതൊരു സൽക്കർമ്മങ്ങളെ ചെയ്യുമ്പോൾ ,ഒക്കെയും കുമ്പസാരിപ്പാൻ ഉള്ളതാണെന്നു മേൽപ്പറഞ്ഞ വാക്യങ്ങൾ പഠിപ്പിക്കുന്നുണ്ട്.

വിശുദ്ധതൈലം, മാമോദീസായ്ക്കു ചൂടുവെള്ളവും തണുത്ത വെള്ളവും ഉപയോഗിക്കുന്നത്, ധൂപം വയ്ക്കുന്നത് മുതലായവ.

86. നിങ്ങൾ വിശുദ്ധ തൈലം ഉണ്ടാക്കുകയും പൂശുകയും ചെയ്യുന്നത് എന്തിനാകുന്നു?

യാക്കോബ് ലൂസിൽ വച്ച് കല്ലിന്മേൽ തൈലം പൂശിയതായി ഉൽപ്പത്തി 28:18-ലും; മോശ അഭിഷേകതൈലം ഉണ്ടാക്കുകയും പൂശുകയും ചെയ്തതായി

Scanned by CamScanner

പുറപ്പാടു 30:23-30-ലും; ശ്ലീഹന്മാർ തൈലം പൂശിയതായി മർക്കോസ് 6:13-ലും; രോഗികളെ തൈലം പൂശണമെന്നു യാക്കോബ് 5:14-ലും പറഞ്ഞിരിക്കുന്നതിനാൽ, ദൈവാലയത്തെയും രഹസ്യദൈവാലയമാകുന്ന മനുഷ്യരേയും രോഗികളെയും പൂശുവാനായിട്ടു ഞങ്ങൾ വിശുദ്ധ തൈലം ഉണ്ടാക്കുകയും പൂശുകയും ചെയ്തുവരുന്നു.

87. **തണുത്ത വെള്ളവും ചൂടുവെള്ളവും കൂട്ടി മാമോദീസാ മുക്കുന്നത് എന്തിന്?**

യേശുമിശിഹാ യോർദ്ദാൻ നദിയിൽ വച്ച് മാമോദീസാ മുങ്ങിയപ്പോൾ അതിലെ വെള്ളം ചൂടു പിടിച്ചതിനാൽ അതിനെ ഓർക്കുവാനായും, അനുതാപത്തിനു വെള്ളം കൊണ്ടു മാമോദീസാ മുക്കുന്നു എന്നും എന്റെ പിന്നാലെ വരുന്നവൻ പരിശുദ്ധാത്മാവുകൊണ്ടും അഗ്നികൊണ്ടും മാമോദീസാ മുക്കുമെന്നു മത്തായി 3:11-ൽ പറഞ്ഞിരിക്കുകയാൽ യോഹന്നാന്റെയും മിശിഹായുടെയും മാമോദീസായെ സ്ഥിരപ്പെടുത്തുവാനായിട്ടും തണുത്ത വെള്ളവും ചൂടുവെള്ളവും പരിശുദ്ധാത്മാവിന്റെ വിളിയും കൊണ്ട് മാമോദീസാ മുക്കുന്നു.

88. **പള്ളിയിൽ നമസ്ക്കാരത്തിൽ ധൂപം വയ്ക്കുന്നത് എന്തിനാകുന്നു?**

ദിവസംതോറും പതിവായിട്ടും വിശേഷിച്ച് അത്യാപത്തു സമയത്തും അഹറോൻ മുതലായ പട്ടക്കാർ ധൂപം വച്ച പ്രകാരവും അതിനാൽ ദൈവം കോപിക്കാതെ കോപശമനവും ദൈവപ്രീതിയും ഉണ്ടായ പ്രകാരം മോശയുടെ ന്യായപ്രമാണം മുതലായ പല പുസ്തകങ്ങളിലും; സ്ക്കറിയാ ധൂപം വച്ച പ്രകാരം ലൂക്കോസ് 1:11-ലും കാണുന്ന പ്രകാരം ഞങ്ങളും ധൂപം വയ്ക്കുന്നു.

89. **ധൂപമെന്നു പറയുന്നത് വെടിപ്പുള്ള നമസ്ക്കാരത്തിന്റെ ഒരു അടയാളമാകകൊണ്ട് ഭക്തിയോടെ നമസ്ക്കരിച്ചാൽ പോരായോ?**

അവരുടെ പ്രാർത്ഥനയ്ക്കു വേണ്ടത്ര ഊർജ്ജം പോരാഞ്ഞിട്ടു കൂടുതൽ ഊർജ്ജിതപ്പെടുത്തുവാനായി ധൂപം വയ്ക്കുന്നതല്ലാത്തതുകൊണ്ടും, പുതിയ നിയമ സഭയിൽ ശ്ലീഹന്മാർ മുതലായവർ ധൂപം വച്ചു പോന്നിട്ടുള്ളതുകൊണ്ടും ഞങ്ങൾ ധൂപം വയ്ക്കുന്നു.

90. **ശ്ലീഹന്മാർ ധൂപം വച്ചിട്ടുള്ളതായി ഏതെങ്കിലും തെളിവുണ്ടെങ്കിൽ കേൾക്കട്ടെ?**

എല്ലാ ഭവനങ്ങളിലും തീയും വെള്ളവും അധികമായിട്ടു ചിലവുള്ളതാണെങ്കിലും, ഭവനങ്ങളിൽ ചിലവാകുന്ന നെല്ലിനും പണത്തിനും കണക്കെഴുതി കാണുന്നതല്ലാതെ, ചിലവാകുന്ന തീക്കും വെള്ളത്തിനും കണക്കെഴുതി കാണാറില്ലാത്ത പ്രകാരം തന്നെ, ഇതുപോലെയുള്ള കാര്യങ്ങൾ കണ്ടുപഠിത്വത്തിൽ നിന്നും ഉണ്ടാകുന്നതല്ലാതെ പ്രത്യേകമായി ഒരു പുസ്തകത്തിലും എഴുതി കാണുന്നതല്ല.

പ്രവൃത്തി കൂടാത്ത വിശ്വാസത്തെക്കുറിച്ച്

91. **എന്നേക്കുമുള്ള മോക്ഷം അനുഭവിപ്പാൻ എന്തുചെയ്യണമെന്നു പറഞ്ഞു വന്നതിനിടയിൽ മറ്റു കാര്യങ്ങൾ കൂടെ പറയുവാൻ മനസ്സു തിരിഞ്ഞു പോയി. പ്രവൃത്തി കൂടാത്ത വിശ്വാസം നിർജ്ജീവമാകുന്നു എന്നു യാക്കോബ് 2:20-ൽ പറഞ്ഞിരിക്കുന്നതിനാൽ നല്ല പ്രവർത്തികൾ കൂടെ ചെയ്യാതെ അങ്ങു പറഞ്ഞ പ്രകാരം വിശ്വാസം കൊണ്ടു മാത്രം രക്ഷപെടുമൊ?**

V. Imp

മത്തായി 25:31-ൽ പറഞ്ഞിരിക്കുന്ന പ്രകാരം ഒടുവിലത്തെ ദിവസം രണ്ടു ഭാഗമായി നിർത്തി വിശ്വാസത്താൽ നീതി ചെയ്തവരെ കൈക്കൊള്ളുകയും

Scanned by CamScanner

നീതി ചെയ്യാത്തവരെ ഉപേക്ഷിച്ചു വിധിക്കുകയും ചെയ്യുന്നതാകയാൽ നീതിയും കൂടിയെ മതിയാവൂ. എങ്കിലും വിശ്വാസം കൊണ്ട് രക്ഷപെടുമെന്നു ഞാൻ പറഞ്ഞതും, ഈ വാക്യത്തിൽ പ്രവൃത്തി കൂടാതെ രക്ഷപെടുകയില്ലെന്നു പറഞ്ഞിരിക്കുന്നതും തമ്മിൽ ഒരു വ്യത്യാസവും ഇല്ല. രണ്ടും ഒന്നു തന്നെ ആകുന്നു. എന്നാൽ കൊലപാതകം ചെയ്യരുതെന്നു ഒറൈത്താ (ന്യായപ്രമാണം)യിൽ മോശയും; കോപിക്കരുതെന്നു ഏവൻഗേലിയോനിൽ മിശിഹായും രണ്ടായിട്ടു പറഞ്ഞിരിക്കുന്നതിനാൽ, കോപം കൊലപാതകത്തിന്റെ അടിസ്ഥാനമായി കോപത്തിൽ നിന്നു കൊലപാതകം ഉണ്ടാകുന്ന പ്രകാരം തന്നെ; വിശ്വാസം നീതിയുടെ ചുവടാകയാൽ വിശ്വാസത്തെ ഉറപ്പിച്ച് ചില വാക്യങ്ങളിലും നീതിയെ ഉറപ്പിച്ച് മറ്റു ചില വാക്യങ്ങളിലും പറഞ്ഞുകാണും. എങ്കിലും നീതി വിശ്വാസത്തിൽ നിന്നു തന്നെ ഉണ്ടാകുന്നതാകുന്നു. എന്തെന്നാൽ; സ്വർണ്ണം നല്ലതാകുന്നു എന്നു ഒരുത്തനും, സ്വർണ്ണാഭരണം നല്ലതാണെന്നു മറ്റൊരുത്തനും ഇങ്ങനെ രണ്ടായിട്ടു പറഞ്ഞാലും, സ്വർണ്ണം നല്ലതാണെന്നു പറഞ്ഞവൻ സ്വർണ്ണാഭരണത്തെ നിസ്സാരമാക്കിയും, സ്വർണ്ണാഭരണം നല്ലതാണെന്നു പറഞ്ഞവൻ സ്വർണ്ണത്തെ നിസ്സാരമാക്കിയും പറഞ്ഞിട്ടില്ലാത്തതുപോലെ തന്നെ; വിശ്വാസത്തെ ബലപ്പെടുത്തി പറഞ്ഞ വാക്യങ്ങൾ നീതിയെ ബലപ്പെടുത്തി പറഞ്ഞ വാക്യങ്ങളെ നിസ്സാരമാക്കിയും, നീതിയെ ബലപ്പെടുത്തി പറഞ്ഞ വാക്യങ്ങൾ വിശ്വാസത്തെ ബലപ്പെടുത്തി പറഞ്ഞ വാക്യങ്ങളെ നിസ്സാരമാക്കിയും പറഞ്ഞിട്ടില്ല. എങ്കിലും സ്വർണ്ണത്തിൽ നിന്നു സ്വർണ്ണാഭരണങ്ങൾ ഉണ്ടാകുന്നതുപോലെ തന്നെ വിശ്വാസത്തിൽ നിന്നു നീതി ഉണ്ടാകുന്നു. അതു തന്നെയുമല്ല; അബ്രഹാമിന്റെ വിശ്വാസം അവന്റെ പ്രവൃത്തിക്കു സഹായം ചെയ്തു, പ്രവൃത്തിയാൽ വിശ്വാസം പൂർണ്ണത വന്നു എന്നു യാക്കോബ് 2:22-ൽ പറഞ്ഞിരിക്കുന്നതിനാൽ നീതി വിശ്വാസത്തിൽ നിന്നുണ്ടാകുന്നതാകുന്നു എന്നും, വിശ്വാസം നീതിയാൽ പൂർണ്ണത വരുന്നു എന്നും സ്പഷ്ടമായിരിക്കുന്നു.

92. **അബ്രഹാമിന്റെ വിശ്വാസം ഏതെന്നും നീതി ഏതെന്നും; നീതി വിശ്വാസത്തെ പൂർണ്ണത വരുത്തിയത് എങ്ങനെ എന്നുമുള്ള വിവരം കേൾക്കട്ടെ?**

യാക്കോബിന്റെ ലേഖനത്തിൽ 2:21-ൽ പറഞ്ഞിരിക്കുന്ന പ്രകാരം യാഗപീഠത്തിൽ പുത്രനെ കയറ്റുന്നതിനുമുമ്പ് അബ്രഹാം നിശ്ചയിച്ച നിശ്ചയം വിശ്വാസവും; രണ്ടാമത് യാഗപീഠത്തിൽ പുത്രനെ കയറ്റിയ ക്രിയ നീതിയുമാകുന്നു. അകമെയുള്ള വിശ്വാസം പുറമെ കാണിച്ച ഈ ക്രിയ കൊണ്ട് പൂർണ്ണത വന്നിരിക്കുന്നു. എന്നാൽ എല്ലാറ്റിന്റെയുംകാൾ 'നിന്റെ പൂർണ്ണമനസ്സോടും പൂർണ്ണഹൃദയത്തോടും നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കണമെന്നും'; രണ്ടാമത് 'നിന്നെ എന്നതുപോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക' എന്നും മത്തായി 22:37-ൽ മിശിഹാ കൽപ്പിച്ചതിൽ വിശ്വാസം എന്നു പറയുന്നത് ആകാശത്തിൽ ദൈവത്തോടു ആത്മാവു കൊണ്ടു വേണ്ടതും; നീതി എന്നു പറഞ്ഞത് ഭൂമിയിൽ മനുഷ്യരോടു ക്രിയ കൊണ്ടു വേണ്ടതും ആകയാൽ രണ്ടായിട്ടു കൽപ്പിച്ചതല്ലാതെ നീതി വിശ്വാസത്തിൽ നിന്നു ഉണ്ടാകാത്തതായതുകൊണ്ടല്ല. വൃക്ഷത്തിൽ നിന്നു ഫലം ഉണ്ടാകുന്നതുപോലെ തന്നെ, വിശ്വാസത്തിൽ നിന്നു നീതി ഉണ്ടാകുന്നു. ഫലത്തിന്റെ രുചിയിൽ നിന്നു വൃക്ഷം അറിയപ്പെടുന്നതുപോലെ തന്നെ പ്രവൃത്തിയാൽ വിശ്വാസം സ്ഥിരപ്പെടുന്നു.

93. **ആത്മാവിൽ ആദ്യം വിശ്വാസം ഉണ്ടാകുമെന്നും നീതി അതിൽ നിന്നു തന്നെ ഉണ്ടായി വിശ്വാസത്തെ നിവൃത്തി വരുത്തുന്നു എന്നും വേറെ എവിടെ എങ്കിലും സാക്ഷി ഉണ്ടോ?**

Scanned by CamScanner

"ആത്മാവിൽ ആരംഭിച്ചിട്ട് ഇപ്പോൾ ജഡത്തിൽ നിവൃത്തിക്കുന്നു" എന്നു ഗലാത്യ 3:3-ലും; "അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു, ആ വിശ്വാസം അവനു നീതിക്കായി ഗണിക്കപ്പെട്ടു" എന്നു അതിലെ 6-ാം വാക്യത്തിലും പറഞ്ഞിട്ടുണ്ട്. V.Imp

94. **വിശ്വാസത്തിന്റെ സ്വരൂപവും നീതിയുടെ സ്വരൂപവും ഏതു പ്രകാരമാണെന്നു കേൾക്കട്ടെ?**

1) എബ്രായ 11:1-ൽ പറഞ്ഞിരിക്കുന്ന പ്രകാരം, നാം കാണാത്ത കാര്യം ദർശിച്ചു കണ്ട പ്രകാരം നിശ്ചയിക്കുന്നതും, ദൈവം വചനം കൊണ്ടു ലോകത്തെ സൃഷ്ടിച്ചു എന്നു നാം കാണാത്ത കാര്യത്തെ വിശ്വസിക്കുന്നതും, കുറെ കാലങ്ങൾക്കുശേഷം പ്രളയമുണ്ടാകുമെന്നു നോഹയോടു കല്പിച്ചപ്പോൾ പ്രളയത്തെ കാണാതെ അവൻ കപ്പൽ ഉണ്ടാക്കിയതും; ശ്ലീഹന്മാർ എല്ലാം ഉപേക്ഷിച്ചു യേശുവിന്റെ കൂടെ ചേർന്നതും വിശ്വാസത്തിന്റെ സ്വരൂപമാകുന്നു.

2) നമ്മുടെ പിതാവായിരുന്ന ആദാം പിശാചിന്റെ വഞ്ചന കൊണ്ട് പിഴച്ച് രക്ഷപെടുവാൻ അവരാൽ ത്രാണിയില്ലാതെ ദുഃഖിച്ചു പാർക്കുമ്പോൾ ദൈവത്തിനു അലിവുതോന്നി ചോദിക്കാതെ തന്റെ ഏകപുത്രനായ യേശുമിശിഹായെ അവനു വേണ്ടി അയക്കാമെന്നു കൽപ്പിച്ചതും ആ കൽപ്പനയ്ക്കു ഭംഗം വരുത്താതെ അവനു വേണ്ടി ശിക്ഷ ഏൽക്കുവാനായിട്ടു ഏകപുത്രനെ അയച്ചതും, യേശുമിശിഹായായ ദൈവം ആദാമിനും അവന്റെ സന്തതികൾക്കും വേണ്ടി ശിക്ഷ കൈക്കൊണ്ടതും നീതിയുടെ സ്വരൂപമാകുന്നു. വിശേഷിച്ചും വിശ്വാസത്തിന്റെ സ്വരൂപം ഒന്നാമതു പറഞ്ഞതുകൂടാതെ, രണ്ടാമതു നീതിയുടെ സ്വരൂപം പറഞ്ഞതിൽ വേറൊരു തരം വിശ്വാസസ്വരൂപം കൂടെ അടങ്ങിയിട്ടുണ്ട്.

95. **അത് ഏതു പ്രകാരമാണെന്നു കേൾക്കട്ടെ?**

ആദാമിനോട് അവനു വേണ്ടി അവന്റെ സന്തതിയായിട്ടു മിശിഹായെ കൊടുക്കാമെന്നു പിതാവായ ദൈവം വാഗ്ദത്തം ചെയ്തിട്ടു അതിനെ ലംഘിക്കാഞ്ഞത് വിശ്വാസസ്വരൂപവും; ആദാമിന്റെ ദുഃഖത്തിൽ അലിവുതോന്നി അവന്റെ പുത്രനായ ദൈവമായ യേശുമിശിഹായെ ആദാമ്യവർഷം 5491-ാം ആണ്ടിൽ[8] അയച്ചത് നീതിയുടെ സ്വരൂപവുമാകുന്നു. ഇപ്രകാരം ചെയ്തതിനാൽ ആദിയും അന്ത്യവുമില്ലാത്ത പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വത്തിൽ ഒരുവൻ സൃഷ്ടിക്കുന്നവനായ പിതാവും, ലോകം സൃഷ്ടിച്ചപ്പോഴും ആദാമിനു ഉടമ്പടി കൊടുത്തപ്പോഴും ആ സൃഷ്ടിപ്പിലും ഉടമ്പടിയിലും നിന്നു ഒഴിഞ്ഞു മാറി നിന്നിട്ടില്ലാത്തവനും ആദാമിനുവേണ്ടി നീതിയായി മനുഷ്യാവതാരം ചെയ്തപ്പോഴും നമുക്കു പകരമായി കുരിശിൽ തറയ്ക്കപ്പെട്ടപ്പോഴും ആകാശത്തിൽ (സ്വർഗ്ഗത്തിൽ) ഇരിപ്പുണ്ടായിരുന്നവനും മൂന്നാം ദിവസം ഉയിർത്ത് ആകാശത്തിലേക്കു കരേറിയപ്പോൾ രണ്ടായിട്ടല്ലാതെ (ദൈവത്വവും മനുഷ്യത്വവും തമ്മിൽ ഒരിക്കലും വേർപിരിയാത്ത ഏകശരീരത്തോടുകൂടി) പിതാവിന്റെ അടുക്കൽ ഇരിക്കുന്നവനും ജനിച്ചവനുമായ യേശുമിശിഹായും, ലോകം സൃഷ്ടിച്ചപ്പോഴും ആദാമിനു ഉടമ്പടി കൊടുത്തപ്പോഴും ആകാശത്തിൽ സിംഹാസനത്തിൽ നിന്നു ഒഴിഞ്ഞുമാറാഞ്ഞവനായി പിതാവിൽ നിന്നു പുറപ്പെടുന്ന പരിശുദ്ധാത്മാവുമാകുന്ന മൂന്നു ക്നൂമായും

8. ആദാം മുതൽ ക്രിസ്തുവരെ 5411 വർഷം എന്ന് ഡോക്ടർ ഹെയിൽസും, 4004 വർഷമെന്നു ആർച്ചുബിഷപ്പ് യുഷറും, 5506 വർഷമെന്ന് ബാർ എബ്രായയും, 5517 വർഷം എന്നു മാർ യൗസേബിയോസും പറയുന്നു. ഇപ്പോൾ പൊതുവെ സ്വീകരിക്കുന്നത് ആർച്ചു ബിഷപ്പ് യുഷറിന്റെ കണക്ക് ആണെന്നും പരേതനായ വന്ദ്യ ആത്തുങ്കൽ ഗീവറുഗീസ് കോറെപ്പിസ്ക്കോപ്പാ രേഖപ്പെടുത്തിയിരിക്കുന്നു. സഭയിൻ കൂടാരം. പേജ് 59. പ്രസാധകൻ.

Scanned by CamScanner

(ആളത്വങ്ങൾ) ഏകസ്വഭാവവും ആയിരിക്കുന്ന ഏക ദൈവം മാത്രം വിശ്വാസവും നീതിയും ഉള്ളവനാകുന്നു.

നമ്മുടെ പിതാവായിരുന്ന ആദാം വിശ്വാസമില്ലാതെ ദൈവകൽപ്പനയ്ക്കു വിരോധമായി നീതികേടു ചെയ്തതിനാൽ നാം എല്ലാവരും വിശ്വാസവും നീതിയും ഇല്ലാത്തവരും, മേൽപ്പറഞ്ഞ പ്രകാരം ആദിയിൽ തന്നെ ആദാമിനെ രക്ഷിക്കുമെന്നു ദൈവം നിശ്ചയിച്ചതിനെ സമയമായപ്പോൾ ഓർത്തു നമ്മുടെ രക്ഷയ്ക്കായിട്ടു തന്റെ ഏകപുത്രനായ മിശിഹായെ നമുക്കുവേണ്ടി അയച്ചതിനാൽ ദൈവം മാത്രം വിശ്വാസവും നീതിയും ഉള്ളവനുമാകുന്നു. അതിനാൽ ദൈവത്തിൽ വിശ്വസിക്കുന്നതിനും നീതി ചെയ്യുന്നതിനും വിശ്വാസവും നീതിയും ദൈവം തന്നെ നമുക്കു സമ്മാനമായി തരേണ്ടതാകുന്നു.

96. വിശ്വാസം ദൈവം തന്നെ നമുക്കു സമ്മാനമായിട്ടു തരേണ്ടതാകുന്നു എന്ന് എവിടെയെങ്കിലും സാക്ഷിയുണ്ടോ?

"തന്റെ കൃപ കൊണ്ട് വിശ്വാസം മൂലം നിങ്ങൾ രക്ഷപെട്ടു. അത് നിങ്ങളിൽ നിന്നുള്ളതല്ല. അതു ദൈവത്തിന്റെ ദാനമത്രെ" എന്നു എഫേസ്യർ 2:7,8–ലും; 'കൃപ ചെയ്യുവാൻ എനിക്കു മനസ്സുള്ളവനോടു ഞാൻ കൃപ ചെയ്യുമെന്നും എനിക്കു ദയ തോന്നുന്നവനോടു ഞാൻ ദയ ചെയ്യുമെന്നും' റോമർ 9:15–ലും; 'കരുണയുള്ള കർത്താവിന്റെ കൈയ്യിൽ അല്ലാതെ മനസ്സാകുന്നവന്റെ കൈയ്യിലും ഓടി എത്തുന്നവന്റെ കൈയ്യിലും അല്ലെ'ന്നു റോമർ 9:16–ലും, 'പ്രവേശിക്കുവാൻ പലരും ശ്രമിക്കും അവർക്കു സാദ്ധ്യമാവുകയില്ല' എന്നു ലൂക്കോസ് 13:24–ലും; ഇങ്ങനെയെങ്കിൽ ജീവിപ്പാൻ ആർക്കു കഴിയുമെന്നു ചോദിച്ചപ്പോൾ 'മനുഷ്യരാൽ ഇതു കഴിയുന്നതല്ലെന്നും ദൈവത്താൽ സകലതും കഴിയുമെന്നും' മത്തായി 19:26–ലും; 'പിതാവ് ഒരുവനെ ആകർഷിച്ചെങ്കിലല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴിയുന്നതല്ലാ' എന്നു യോഹന്നാൻ 6:43–ലും, 65–ലും പറഞ്ഞിരിക്കുന്നതിനാൽ രക്ഷ പ്രാപിക്കേണ്ടതിന് ദൈവത്തിന്റെ കൃപ കൊണ്ട് വിശ്വാസവും നീതിയും ദാനമായിട്ടു നമുക്കു കിട്ടേണ്ടതാണെന്നു സ്പഷ്ടമായിരിക്കുന്നു.

97. ദൈവത്തിന്റെ കൃപ കൊണ്ട് വിശ്വാസവും നീതിയും ദാനമായിട്ടു നമുക്കു കിട്ടേണ്ടതായിരിക്കുമ്പോൾ അതു നമുക്കു തരാതെ നമ്മൾ അവിശ്വാസികളും അനീതിമാന്മാരും ആയിതീരുന്നതിനാൽ പിന്നെ നമുക്കു ഏതെങ്കിലും കുറ്റമുണ്ടോ?

കരുണയുടെ പാത്രങ്ങളായ നമ്മിൽ കരുണ ചൊരിയുമെന്നു റോമർ 9:24 –ൽ പറഞ്ഞിരിക്കുന്നതിനാൽ, ദൈവത്തിൽ നിന്നു വിശ്വാസവും നീതിയും നമുക്കു കിട്ടുവാൻ തക്കപാത്രമായി നാം തീരാഞ്ഞാൽ നാം കുറ്റക്കാരായി തീരുകയും ചെയ്യും.

98. നാം യോഗ്യതയുള്ള പാത്രമായി തീരുന്നതെങ്ങനെ?

'ഞങ്ങൾക്കു വിശ്വാസം വർദ്ധിപ്പിച്ചു തരേണമേ' എന്നു ശ്ലീഹന്മാർ പ്രാർത്ഥിച്ചതായി ലൂക്കോസ് 17:5–ൽ കാണുന്ന പ്രകാരവും; 'വെടിപ്പുള്ള ഹൃദയം എനിക്കു നൽകണമെ' എന്നു ദാവീദു പ്രാർത്ഥിച്ചതായി സങ്കീർത്തനം 51:10–ൽ കാണുന്ന പ്രകാരവും; 'പാപിയായ എന്നോടു കൃപ ചെയ്യണമെ'ന്നു ചുങ്കക്കാരൻ പ്രാർത്ഥിച്ച പ്രകാരം ലൂക്കോസ് 18:13–ൽ കാണുന്ന പ്രകാരവും ആഗ്രഹത്തോടുകൂടെ കൃപയ്ക്കായിട്ടു പ്രാർത്ഥിക്കുമ്പോൾ നാം യോഗ്യതയുള്ള പാത്രമായിതീരും.

Note this V. Imp aspect

The Very Crux for receiving showers of blessings from God - almighty. It is the belief in God.

The point → Pray to receive more & more belief in God.

Scanned by CamScanner

99. **പ്രാർത്ഥിക്കുന്നതിനു അങ്ങു ചൂണ്ടിക്കാണിച്ചു തന്ന വാക്യങ്ങളിൽ കൃപയ്ക്കായിട്ടും മറ്റു പല കാര്യസാദ്ധ്യത്തിനായിട്ടും പ്രാർത്ഥിച്ചതായി കാണുന്നത് എന്താകുന്നു?**

ഒരു കുരുടൻ കൃപയ്ക്കായിട്ടു പ്രാർത്ഥിച്ചപ്പോൾ അവനു ആവശ്യമായിരിക്കുന്ന കാഴ്ച കൊടുത്തതായി ലൂക്കോസ് 18:37-ൽ കാണുന്ന പ്രകാരം ദൈവത്തിന്റെ കൃപമൂലം സകലവും നമുക്കു കിട്ടുന്നതും നമുക്കു ആവശ്യമുള്ളത് ഇന്നതെന്നു നമുക്കു തന്നെയും അറിയാൻ പാടില്ലാത്തതും ആകയാൽ ആഗ്രഹത്തോടുകൂടെ കൃപയ്ക്കായിട്ടു നാം പ്രാർത്ഥിക്കുമ്പോൾ നമുക്കു ആവശ്യമുള്ളതൊക്കെയും ഇന്നതെന്നു അറിഞ്ഞു തരുന്നതാകുന്നു. എങ്കിലും മേൽ കാണിച്ചു തന്ന പ്രകാരം ആവശ്യമുണ്ടെന്നു തോന്നുന്നതൊക്കെയും വിവരമായിട്ടു പ്രാർത്ഥിച്ചാലും കൊള്ളാവുന്നതാകുന്നു.

100. **കൃപയ്ക്കായിട്ടു പ്രാർത്ഥിക്കണമെന്നുള്ള തോന്നൽ നമ്മിൽ നിന്നു തന്നെ ഉണ്ടാകണമൊ അതൊ ദൈവം തന്നെ ആയതും നമുക്കു തരണമൊ?**

ദൈവത്തെക്കുറിച്ച് അറിയേണ്ടവ ദൈവം അവർക്കു വെളിപ്പെടുത്തിക്കൊടുത്തിട്ടുണ്ടല്ലൊ. എന്തെന്നാൽ അദൃശ്യകാര്യങ്ങളും തന്റെ ശക്തിയും നിത്യമായ ദൈവത്വവും ലോകാരംഭം മുതൽ തന്നെ തന്റെ സൃഷ്ടികൾക്കു ബുദ്ധിപരമായി പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അവർക്കു ഒഴികഴിവിനു വകയില്ല എന്ന് റോമർ 1:19,20 -ൽ പറഞ്ഞിരിക്കുന്ന പ്രകാരവും, ദൈവത്തെ അന്വേഷിച്ചു ശോധന ചെയ്യുന്നവരാകുവാനായി തന്റെ സൃഷ്ടിപ്പുകളാൽ അവരെ കാട്ടിക്കൊടുത്തിരിക്കുന്നു എന്നു അപ്പോ. പ്രവൃ. 17:27-ൽ പറഞ്ഞിരിക്കുന്ന പ്രകാരവും ദൈവത്തെയുള്ള മനസ്സാക്ഷി ആദിമുതൽ തന്നെ നമ്മുടെ ഉള്ളിൽ ദൈവം തന്നിട്ടുള്ളതും ലോകത്തിലെ പ്രപഞ്ചംകൊണ്ട് ദൈവത്തെക്കുറിച്ചുള്ള അറിവ് നമുക്കു ഉണ്ടാകുവാൻ ഇടയുള്ളതും ആകയാൽ ആ അറിവുകൊണ്ടും ആ മനസ്സാക്ഷികൊണ്ടും കൃപയ്ക്കായിട്ടു നാം പ്രാർത്ഥിക്കണമെന്നുള്ള തോന്നൽ നമ്മിൽ നിന്നു തന്നെ ഉണ്ടാകേണ്ടതാകുന്നു.

101. **കൊള്ളാം; ആദിയിൽ തന്നെ ദൈവം നമ്മിൽ വച്ചിട്ടുള്ള മനസ്സാക്ഷി പ്രകാരമുള്ള തോന്നൽ അനുസരിച്ച് ആഗ്രഹത്തോടുകൂടെ കൃപയ്ക്കായി നാം പ്രാർത്ഥിക്കുമ്പോൾ വിശ്വാസവും നീതിയും നമുക്കു തരുന്നതെങ്ങനെ?**

'ഒരു പുതിയ ഹൃദയം ഞാൻ അവർക്കു കൊടുക്കും ഒരു പുതിയ റൂഹാ (ആത്മാവ്) അവരിൽ ഞാൻ പ്രവേശിപ്പിക്കും' എന്നു ഹസ്ക്കിയേൽ 11:19-ൽ പറഞ്ഞിരിക്കുന്ന പ്രകാരം ആഗ്രഹത്തോടുകൂടെ കൃപയ്ക്കായിട്ട് ദൈവത്തോടു നാം പ്രാർത്ഥിക്കുമ്പോൾ കൃപകൊണ്ട് തന്റെ പരിശുദ്ധാത്മാവിനെ നമുക്കു അയക്കും. അപ്പോൾ വിശ്വാസവും നീതിയും നമ്മിൽ ഉണ്ടാകും.

102. **ഈ പരിശുദ്ധാത്മാവ് നമുക്കു കിട്ടുമ്പോൾ വിശ്വാസവും നീതിയും നമ്മിൽ ഉണ്ടാകുന്നത് ഏതു പ്രകാരമാണ്?**

മഹത്വത്തിന്റെ പിതാവായ നമ്മുടെ കർത്താവേശുമിശിഹായുടെ ദൈവം തന്റെ പരിജ്ഞാനത്താൽ വിജ്ഞാനത്തിന്റെയും വെളിച്ചത്തിന്റെയും ഒരു ആത്മാവിനെ നിങ്ങൾക്കു തരും. അതു നിങ്ങളുടെ ഹൃദയത്തിന്റെ കണ്ണുകളെ തുറക്കുമെന്നും എഫേസ്യർ 1:17-ൽ പറഞ്ഞിരിക്കുന്ന പ്രകാരം ഈ പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളെ തുറന്നു പ്രകാശമാക്കും. അപ്പോൾ ദൈവത്തെയും തന്റെ സർവ്വശക്തിയേയും തിരിച്ചറിഞ്ഞ് വിശ്വാസികളും നീതിമാന്മാരും ആയി തീരു

Scanned by CamScanner

വാൻ നമുക്കു സംഗതി വരുകയും ചെയ്യും. അത് എങ്ങനെയെന്നാൽ; ശരീരം മുഴുവൻ ചെളിപുരണ്ടിരിക്കുന്ന ഒരു ശിശു അവന്റെ പിതാവിനെ കണ്ടുകൊണ്ട് അവനെ എടുക്കുന്നതിനായി രണ്ടു കൈയ്യും നീട്ടി നിലവിളിക്കുമ്പോൾ ശുഭ്രവസ്ത്രം ധരിച്ചിരിക്കുന്ന പിതാവിനു അവനെ എടുക്കണമെന്നുണ്ടെങ്കിലും പുത്രന്റെ ശരീരം മുഴുവൻ അഴുക്കായതിനാൽ അവനെ എടുത്തു തന്റെ മാർവ്വിൽ ചേർത്തു പിടിക്കുവാൻ തക്ക സ്ഥിതിയിൽ അല്ലാതിരുന്നിട്ടും പുത്രന്റെ ആഗ്രഹത്തോടുകൂടിയുള്ള നിലവിളിയെ ഓർത്തിട്ടു പിതാവ് വെള്ളം വരുത്തി കുളിപ്പിച്ചു യോഗ്യനാക്കി അവനെ തന്റെ മാർവ്വിടത്തിൽ ഇരുത്തുന്ന പ്രകാരം തന്നെ വിശ്വാസവും നീതിയും ഇല്ലാതെ അഴുക്കുകൾ പുരണ്ടിരിക്കുന്നവരായ നമ്മൾ ശുദ്ധമുള്ള പിതാവായ ദൈവത്തോടു ആഗ്രഹത്തോടുകൂടെ കൃപയ്ക്കായിട്ടു നാം പ്രാർത്ഥിക്കുമ്പോൾ തന്റെ പരിശുദ്ധാത്മാവിനെക്കൊണ്ട് നമ്മെ ശുദ്ധമാക്കി സകല പഠിത്വത്തിലും അറിവിലും നമ്മെ സ്ഥിരപ്പെടുത്തി വിശ്വാസികളും നീതിമാന്മാരുമായി നമ്മെ ആക്കി ദൈവത്തിന്റെ വാസസ്ഥലമാകുന്ന സ്വർഗ്ഗരാജ്യത്തിൽ നമ്മെ ഇരുത്തി സന്തോഷിപ്പിക്കുകയും ചെയ്യും.

103. **എന്നേക്കുമുള്ള മോക്ഷം അനുഭവിപ്പാൻ ഞാൻ എന്തു ചെയ്യണമെന്ന് ഒരു പ്രമാണി മിശിഹായോടു ചോദിച്ചതിനു പത്തു കൽപ്പനകൾ പാലിക്കണമെന്നു യേശു മറുപടി പറഞ്ഞതായും; അതിനു മറുപടിയായി ബാല്യം മുതൽ തന്നെ അവയെല്ലാം താൻ പാലിച്ചുപോരുന്നുണ്ടെന്നു പറഞ്ഞപ്പോൾ; നീ പൂർണ്ണനാകുവാൻ നിനക്കുള്ള വസ്തുവകകൾ എല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക എന്ന് യേശു പറഞ്ഞതായി മത്തായി 19:16-ൽ പറഞ്ഞിരിക്കുന്നതും, അതിനെക്കുറിച്ചു തന്നെ തന്നോടു ചോദിച്ചാറെ ദൈവത്തിൽ വിശ്വസിക്കണമെന്നു പറഞ്ഞതും തമ്മിൽ വ്യത്യസ്ഥമായിട്ടു കാണുന്നത് എന്താകുന്നു?**

പത്തുകൽപ്പനകളെ പാലിക്കുക എന്നു കർത്താവേശുമിശിഹാ കൽപ്പിച്ചതും, ദൈവത്തിൽ വിശ്വസിക്കുക എന്നു ഞാൻ പറഞ്ഞതും ഒന്നു തന്നെ ആകുന്നു. എന്നാൽ നിന്റെ പൂർണ്ണഹൃദയവും പൂർണ്ണമനസ്സുംകൊണ്ട് ദൈവമായ കർത്താവിനെ സ്നേഹിക്കുക എന്നു പറഞ്ഞിരിക്കുന്ന ഒന്നാമത്തെ കൽപ്പനയ്ക്കു തന്നെയും നേരെ വിപരീതമായിട്ടു ദൈവത്തെക്കാൾ അധികം ദ്രവ്യത്തെ സ്നേഹിച്ചു കൊണ്ട് പത്തു കൽപ്പനകളേയും പാലിച്ചുവരുന്നു എന്നു മൂഢതയായ അഹങ്കാരം പറഞ്ഞതിനാൽ ആയത് അവനു ബോദ്ധ്യം വരുത്തുവാനായി അവന്റെ വസ്തുവകകളെല്ലാം വിറ്റു ദരിദ്രർക്കു കൊടുപ്പാൻ കൽപ്പിച്ചതും, ദുഃഖിച്ചുകൊണ്ട് അവൻ പോയതിനാൽ അവനിൽ ഇല്ലാതിരുന്നത് വിശ്വാസം തന്നെ ആയിരുന്നതിനാലും രക്ഷയ്ക്ക് പ്രത്യേകം ആവശ്യമായിരിക്കുന്നത് വിശ്വാസം തന്നെ ആണെന്നു സ്പഷ്ടമായിരിക്കുന്നു. എങ്കിലും ഓരോരോ വാക്യങ്ങളെ നോക്കിയാൽ ഓരോന്നും ഓരോന്നിനെ ശക്തിപ്പെടുത്തി പറഞ്ഞിരിക്കുന്നതായി കാണാം. അതൊക്കെയും പ്രത്യേകം തിരിച്ചറിയേണ്ടതാകുന്നു. എങ്കിലും അവയെല്ലാം വിശ്വാസത്തിന്റെ അവയവങ്ങളാകുന്നു. അതു എങ്ങനെയെന്നുവച്ചാൽ; ഒരുത്തൻ ഒരു തുറമുഖത്തു എത്തുന്നതിനു നല്ല കപ്പൽ കൂടിയെ മതിയാവൂ എന്നും; മറ്റൊരുവൻ നല്ല പാമരം കൂടിയെ മതിയാവൂ എന്നും; മറ്റൊരുത്തൻ നല്ല പായ് കൂടിയെ മതിയാവൂ എന്നും; മറ്റൊരാൾ നല്ല ചുക്കാൻ കൂടിയെ മതിയാവൂ എന്നും; വേറൊരാൾ നല്ല കപ്പിത്താൻ കൂടിയെ മതിയാവൂ എന്നും ഇങ്ങനെ ഓരോരുത്തർ ഓരോരൊവിധമായി ഓരോന്നിനെ ശക്തിപ്പെടുത്തി പറഞ്ഞാലും അവയെല്ലാം പ്രത്യേകം വേണ്ടതും അവയിൽ ഒന്നുപോലും ഇല്ലാഞ്ഞാൽ

തുറമുഖത്ത് എത്തുവാൻ കഴിയാത്തതും ആകുന്ന പ്രകാരം തന്നെ; ഒരുത്തൻ രക്ഷയ്ക്കു വിശ്വാസം കൂടിയെ മതിയാവൂ എന്നും; മറ്റൊരുത്തൻ പത്തു കല്പന കളെ പാലിച്ചെ മതിയാവൂ എന്നും; മറ്റൊരുത്തൻ നോമ്പുകളെ നോക്കിയെ മതി യാവൂ എന്നും; വേറൊരുത്തൻ ധർമ്മം കൊടുത്തെ മതിയാവൂ എന്നും; മറ്റൊ രാൾ മനസ്സു ശുദ്ധമായിരുന്നാൽ മാത്രം മതിയെന്നും; വേറൊരുവൻ ഇടവിടാതെ പ്രാർത്ഥിച്ചാൽ മതിയെന്നും ഇങ്ങനെ ഓരോരുവർ ഓരോരോ വിധമായി ഓരോ ന്നിനെ ശക്തിപ്പെടുത്തി പറഞ്ഞാലും അവയെല്ലാം പ്രത്യേകം വേണ്ടതും അവ യിൽ ഒന്നുപോലും ഇല്ലാഞ്ഞാൽ രക്ഷപെടുവാൻ കഴിയാത്തതുമാകുന്നു. എന്നാൽ കപ്പലാകുന്ന നമ്മുടെ വിശ്വാസം സത്യമുള്ളതും അനുസാരികളാകുന്ന നീതി ഉറുതി ഉള്ളതും ആയിരുന്നാൽ ആകാശമോക്ഷമാകുന്ന നല്ല തുറമുഖത്ത് എത്തു കയും ചെയ്യും. അതു തന്നെയുമല്ലാ; കപ്പൽ ആദ്യവും പിന്നീട് അനുസാരികളും ഉണ്ടാകുന്ന പ്രകാരം തന്നെ വിശ്വാസത്താൽ നീതി ഉണ്ടാകുന്നതായതുകൊണ്ട് ആദ്യം ഞാൻ പറഞ്ഞപ്രകാരം രക്ഷയ്ക്കു വിശ്വാസം തന്നെ പ്രത്യേകം വേണ്ട താകുന്നു. എന്നാൽ വിശ്വാസം ആത്മാവിൽ ദൈവത്തോടും നീതി പ്രവൃത്തി യാൽ മനുഷ്യരോടും വേണ്ടതാകുന്നു. അതിൽ നീതി പല തരത്തിൽ വളരെ ഉള്ളതിനാൽ സങ്കൽപ്പിക്കാൻ വഹിയാത്ത നീതിയെ ഒരു വാക്കിൽ അടക്കി പൗലൂസ് തീത്തോസിനെഴുതിയ ലേഖനത്തിൽ 3:8-ൽ ബുദ്ധി ഉപദേശിച്ചു കൊടു ത്തിരിക്കുന്ന പ്രകാരം ദൈവത്തിൽ വിശ്വസിക്കുകയും മനുഷ്യർക്കു നല്ലതും ഉപ കാരമുള്ളതുമായ കാര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യേണ്ടതാകുന്നു. എന്നാൽ ഒന്നാമതു നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കുക എന്നും, രണ്ടാമതു നിന്നെ എന്നതുപോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്നും രണ്ടായിട്ടു മിശിഹാ കൽപ്പിച്ചിരിക്കുന്ന കൽപ്പനയിൽ വിശ്വാസവും നീതിയും അടങ്ങിയിരിക്കുന്നു.

104. **രക്ഷയ്ക്കു പ്രത്യേകിച്ചും വിശ്വാസം കൂടിയെ മതിയാവൂ എന്നും അതു മനുഷ്യർക്കു ഇന്നപ്രകാരം കിട്ടുമെന്നും അങ്ങു പറഞ്ഞുവല്ലൊ. ആയതു ദൈവസഹായത്താൽ എനിക്കു ബോദ്ധ്യം വന്നിരിക്കുന്നു. എങ്കിലും പിശാചുക്കൾ വിശ്വസിച്ചുവിറയ്ക്കുന്നുണ്ടെന്നു യാക്കോബ് 2:19-ൽ പറഞ്ഞിട്ടുണ്ടല്ലൊ. ആ വിശ്വാസം അവർക്കു രക്ഷയുണ്ടാക്കാ ത്തതിന്റെ കാരണം എന്താണ്?**

ദൈവം സർവ്വശക്തിയുള്ളവനാണെന്നു പിശാചുക്കൾക്കു അറിവും വിശ്വാ സവും ഉണ്ടെങ്കിലും അവർ അഹങ്കാരം കൊണ്ട് ദൈവത്തെ അപമാനിച്ചതും, പൈശൂന്യം കൊണ്ട് ആദത്തെ വഞ്ചിച്ചതും കാരണമായി അവർക്കു രക്ഷയു ണ്ടാകയില്ലെന്നു അവർ തന്നെ നിശ്ചയിച്ചുകൊണ്ട് അവർക്കു ഭവിച്ച കഠിനശി ക്ഷയെക്കുറിച്ച് വിറയ്ക്കുകയും അതിനാൽ ദൈവവിരോധികളായി തീർന്നു ദൈവ ഹിതത്തിനു വിരോധമായി വിചാരിക്കുകയും ദൈവത്തെ സ്നേഹിക്കായ്കയും കൊണ്ട് അവരുടെ വിശ്വാസം ദൈവത്തിൽ നിന്നു അവരെ അകറ്റി വരുന്നത ല്ലാതെ അതിനാൽ അവർക്കു രക്ഷയുണ്ടാകാൻ സാദ്ധ്യമല്ലാതായി തീർന്നിരിക്കു ന്നു. തന്നെയുമല്ലാ; ദൈവം സർവ്വശക്തിയുള്ളവനാകുന്നു എന്നു അവർ നിരൂപി ക്കുമ്പോൾ ഒക്കെയും അങ്ങനെയുള്ള ദൈവത്തെ സ്നേഹിക്കണമെന്നു അവർ നിരൂപിക്കാതെ അവർ ചെയ്തിരിക്കുന്ന അതിക്രമങ്ങൾക്ക് തക്കതായി ദൈവം തന്റെ അധികാരപ്രകാരം അവർക്കു നിശ്ചയിച്ച ശിക്ഷയെ ഓർത്തു പേടിച്ചു വിറ യ്ക്കുകയും അതിനാൽ ദൈവത്തോടു മുറുമുറുക്കുകയും ചെയ്യുന്നതല്ലാതെ അവ രുടെ വിശ്വാസം മൂലമായി ദൈവത്തെ സ്നേഹിക്കുകയും ദൈവകൃപ വേണ മെന്നു ആഗ്രഹിക്കുകയും ചെയ്യാത്ത കാരണത്താൽ അവരുടെ വിശ്വാസം

Scanned by CamScanner

രക്ഷയ്ക്കു ഇടവരുത്താതെ ഇരിക്കുന്നു.

105. **എന്നാൽ സ്നേഹമില്ലാത്ത വിശ്വാസവും സാരമില്ലാത്തതാകുന്നുവൊ?**

അതെ. എങ്കിലും സത്യവിശ്വാസത്തിൽ നിന്നു സ്നേഹവും ഉണ്ടാകുന്നതാകുന്നു. ആരെങ്കിലും ഒരുത്തൻ നല്ലവനാണെന്നും ബലവാനാണെന്നും വിശ്വാസം വന്നാൽ ആ വിശ്വാസത്തിൽ നിന്നു സ്നേഹം ഉണ്ടാകുന്നതാകുന്നു. ആരെങ്കിലും ഒരുത്തൻ നല്ലവനാണെന്നും ബലവാനാണെന്നും വിശ്വസിച്ചിരിക്കുമ്പോൾ ഏതെങ്കിലും കാഠിന്യം അവനോടു ചെയ്യുവാൻ ഇട വന്നാൽ അന്നു മുതൽ ആ വിശ്വാസം മനസ്സിൽ വച്ചുംകൊണ്ട് ദുഷ്ടന്മാർ അവർ ചെയ്ത കഠിനപ്രവൃത്തിയെയും ബലവാൻ അവന്റെ ശക്തിയാൽ ചെയ്യുവാൻ കഴിയുന്ന ശിക്ഷയെ ഓർത്തും കൊണ്ട് ദ്വേഷിക്കുകയും ചെയ്യുന്നു.

106. **പൗലൂസ് ദൈവവിരോധിയും അവിശ്വാസിയും ക്രിസ്ത്യാനികൾക്കു മഹാവിപരീതിയും അയോഗ്യപാത്രവുമായിരുന്നതിനാൽ ദൈവം അവനു വിശ്വാസവും നീതിയും കൊടുത്തത് എങ്ങനെയാണ്?**

പൗലൂസ് അയോഗ്യപാത്രമല്ലാ, അവൻ യോഗ്യതയുള്ള പാത്രമായിരുന്നു. അത് എങ്ങനെയെന്നാൽ; അവന്റെ സ്വജാതി മതവിശ്വാസത്തിനു വിരോധമായി ശ്ലീഹന്മാർ പഠിപ്പിക്കുവാനും, അവന്റെ ദൈവത്തിനും വരുവാനിരിക്കുന്ന ദൈവപുത്രനും വിരോധമായി ഒരു കള്ളമിശിഹാ വരുവാനും അയാളുടെ പഠിപ്പിക്കൽ പ്രചാരത്തിൽ വരുവാനും സംഗതി വന്നല്ലൊ എന്നു തെറ്റിദ്ധരിച്ചുകൊണ്ട് ഒരു വൈരാഗ്യവിശ്വാസവും ദൈവഭക്തിയും സത്യആഗ്രഹവും തന്നിൽ ഉണ്ടായിരുന്നതിനാൽ അദ്ദേഹം യോഗ്യപാത്രമാണെന്നു ദൈവം കണ്ടു തെറ്റിധാരണയിൽ നിന്നു അദ്ദേഹത്തെ തിരിച്ച് ഒരു തീഷ്ണവിശ്വാസിയായി കൽപ്പിക്കുകയത്രെ ചെയ്തത്.

പി. പൗലോസിന്റെ മനം

ന്യായവിധിയെ സംബന്ധിച്ച്

107. **ന്യായവിധി ദിവസത്തിൽ വിധി നടത്തുന്നതുവരെ ദുഷ്ടമനുഷ്യരുടെ ആത്മാക്കൾ പാർക്കുന്നത് എവിടെയാകുന്നു?**

ദുഷ്ടന്മാരെ ന്യായവിസ്താരദിവസം വരെ ദുഃഖിപ്പിച്ചും കൊണ്ട് കാവലിൽ പാർപ്പിക്കുമെന്നു 2 പത്രോസ് 2:4-ൽ പറഞ്ഞിരിക്കുന്നതും സോദോമും ഓമൂറായും അവയ്ക്കു ചുറ്റുമുള്ള പട്ടണങ്ങളും എങ്ങനെയൊ അപ്രകാരം തന്നെ വ്യഭിചാരം മുതലായതു ചെയ്യുന്നവരെ ന്യായവിസ്താരദിവസത്തിലേക്കു കുറ്റം ചുമത്തിക്കൊണ്ട് എന്നേക്കുമുള്ള അഗ്നിയിൽ ശിക്ഷ അനുഭവിക്കുന്നു എന്നു യൂദാശ്ലീഹായുടെ ലേഖനം 7-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നതിനാൽ കൊലപാതകം മുതലായ വലിയ കുറ്റങ്ങൾ ചെയ്യുന്നവരെ വിധിതീർപ്പു ചെയ്ത് ദണ്ഡം ഏൽപ്പിക്കുന്നതുവരെ ബദ്ധപ്പെടുത്തി ദുഃഖിപ്പിച്ചുംകൊണ്ട് കാവലിൽ പാർപ്പിച്ചിരിക്കുന്ന പ്രകാരം തന്നെ ദുഷ്ടന്മാരെയും അവസാന ദിവസത്തിൽ വിധിച്ച് നരകത്തിൽ തള്ളുന്നതുവരെ ദുഃഖിപ്പിച്ചുംകൊണ്ട് അഗ്നിയും അന്ധകാരവുമുള്ള ഒരു സ്ഥലത്തു പാർപ്പിച്ചിരിക്കുന്നു എന്നു നിശ്ചയിപ്പാൻ ഇടയുണ്ട്.

108. **വിധി ദിവസം വരെ നല്ലവരുടെ ആത്മാക്കൾ പാർക്കുന്നത് എവിടെയാകുന്നു?**

'ഇന്നു നീ എന്നോടുകൂടി പറുദീസായിൽ ആയിരിക്കുമെന്നു' തന്നോടൊപ്പം കുരിശിൽ തറയ്ക്കപ്പെട്ട കള്ളനോടു മിശിഹാ പറഞ്ഞ പ്രകാരം ലൂക്കോസ് 23:43-ലും; പറുദീസായിൽ പൗലൂസിനെ കൂട്ടിക്കൊണ്ടുപോകപ്പെട്ടു എന്നു 2 കോരിന്തി

Scanned by CamScanner

12:4-ലും കാണുന്നതിനാലും; ആദാമിനെ പുറത്താക്കപ്പെട്ട പറുദീസാ ആദാമും അവന്റെ സന്തതികളും അനുഭവിപ്പാനുള്ളതാകയാലും ന്യായവിധിദിവസം വരെ നല്ല ആളുകളുടെ ആത്മാക്കൾ ആദാമിനെ തള്ളിക്കളഞ്ഞ പറുദീസായിൽ വസിക്കുന്നു എന്നു നിരൂപിപ്പാൻ ഇടയുണ്ട്. തന്നെയുമല്ലാ; ആദാമിനെയും ഹവ്വായെയും സൃഷ്ടിച്ചു ഏദൻ എന്നു പേരു പറയുന്ന പറുദീസായിൽ പാർപ്പിച്ചിരിക്കുമ്പോൾ അവർ ദൈവകൽപ്പന മറുത്തതിനാൽ അവരെ അവിടെ നിന്നും ഇറക്കിക്കളഞ്ഞു. തിരികെ അതിൽ പ്രവേശിക്കാതിരിപ്പാൻ കാവൽക്കാരെ നിയോഗിച്ചതും, പിന്നീട് യേശുമിശിഹാ തള്ളപ്പെട്ട ആദാമിനെയും സന്തതികളേയും തള്ളപ്പെട്ട പറുദീസായിൽ അവകാശം കൊടുത്ത് സ്വർഗ്ഗരാജ്യം അനുഭവിക്കുന്നതിനായിട്ടു ഭൂമിയിലേക്കു താൻ പുറപ്പെട്ടപ്പോൾ താൻ വരുന്ന വിവരം അറിയിക്കുന്നതിനായി യോഹന്നാൻ മാംദ്ദാനായെ മുൻപുകൂട്ടി അയച്ചും വച്ച് പിന്നാലെ താൻ വന്നതും; പിന്നീട് പാതാളത്തിലേക്കു താൻ യാത്രയായപ്പോൾ താൻ വരുന്ന വിവരം അറിയിപ്പാനായിട്ടു വൃദ്ധനായ ശെമഓനെ (ലൂക്കോസ് 2:25) മുൻപുകൂട്ടി അയച്ചും വച്ച് പിന്നാലെ താൻ പോയതും; പിന്നീട് പാതാളത്തിൽ കിടന്ന വിശ്വസിക്കപ്പെട്ട ആത്മാക്കളേയും കൊണ്ട് പറുദീസായിലേക്കു താൻ യാത്രയായപ്പോൾ വാതിൽ തുറക്കാനായിട്ട് കുറ്റം ക്ഷമിച്ചു കിട്ടിയ കള്ളൻ തീത്തോസിനെ മുൻപുകൂട്ടി അയച്ചും വച്ച് പിന്നാലെ താൻ പോയതും; പിന്നീടു താൻ ഏകനായിട്ട് പിതാവിന്റെ അടുക്കൽ പോയതും നിരൂപിച്ചാൽ നല്ല ആളുകളുടെ ആത്മാക്കൾ വിധി ദിവസം വരെ പറുദീസായിൽ തന്നെ പാർക്കുന്നു എന്നു നിശ്ചയമാകുന്നു.

109. **പറുദീസാ എന്നു പറയുന്നത് സ്വർഗ്ഗമാണെന്നു സംശയിപ്പാൻ ഇടയില്ലയൊ?**

മൂന്നാമത്തെ സ്വർഗ്ഗത്തോളം പൗലൂസിനെ കൂട്ടിക്കൊണ്ടു പോകപ്പെട്ടു എന്നു 2 കോരിന്തി 12:2-ലും; ലോകാവസാനത്തോളം എന്റെ കൂടെ നിങ്ങൾ എന്നു പറയാതെ, 'നിങ്ങളുടെ കൂടെ ഞാൻ' എന്നു ശ്ലീഹന്മാരോടു മിശിഹാ കല്പിച്ച പ്രകാരം മത്തായി 28:20-ലും; പിന്നീടു ഞാൻ വന്നു എന്റെ അടുക്കലേക്കു നിങ്ങളെ ഞാൻ കൂട്ടിക്കൊണ്ടുപോകുമെന്നു യോഹന്നാൻ 14:3-ലും കാണുന്നതുകൊണ്ടു തന്നെ സ്വർഗ്ഗത്തിൽ ന്യായവിധി കഴിഞ്ഞിട്ടല്ലാതെ ആരും പ്രവേശിക്കുകയില്ലെന്നും; പറുദീസായിൽ പ്രവേശിപ്പാൻ കള്ളനെ അനുവദിച്ചതുകൊണ്ടു തന്നെ പറുദീസായും ആകാശമോക്ഷമാകുന്ന സ്വർഗ്ഗവും രണ്ടാണെന്നു നിശ്ചയമാകുന്നു.

110. **വിധിപ്പാനായിട്ട് നമ്മുടെ കർത്താവേശുമിശിഹാ എഴുന്നള്ളുന്ന സ്ഥലം എവിടെ ആകുന്നു?**

ആ ദിവസത്തിൽ സർവ്വജാതികളേയും യഹോശാഫാത്ത് താഴ്വരയിൽ ഞാൻ കൂട്ടി വരുത്തുമെന്നും അവിടെ വച്ച് അവരെ ഞാൻ ന്യായം വിധിക്കുമെന്നും യോയേൽ 3:1,2,12-ലും; എന്റെ ദൈവമായ കർത്താവ് തന്റെ എല്ലാ വിശുദ്ധരുമൊത്ത് വരുമെന്നു സ്ക്കറിയാ 14:6-ലും പറഞ്ഞിരിക്കുന്നതിനാൽ, യെരുശലേമിന്റെയും തുറസൈത്തിന്റെ (ഒലിവുമല)യും മദ്ധ്യേ യഹോശാഫാത്ത് എന്ന മൈതാനത്ത് ആദാമിന്റെ കബറിനുമുകളിൽ സിംഹാസനത്തിൽ ഇരുന്നു വിധിക്കുമെന്നും, കൊമ്പിന്റെ (കാഹളം) ശബ്ദം കേൾക്കുമ്പോൾ എല്ലാ മരിച്ചവരും ഉയിർത്തെഴുന്നേറ്റ്, മുടന്തർ മുടന്തു കൂടാതെയും, കുരുടർ കുരുടുകൂടാതെയും നശിച്ചു പോകാത്ത ഒരു മറുശരീരത്തോടുകൂടെ മിശിഹായുടെ മുമ്പാകെ നിൽക്കുമെന്നും സഭാപിതാക്കന്മാരുടെ കൃതികളിൽ നിന്നും സംഗ്രഹിച്ചു പറയാം.

Scanned by CamScanner

111. **ദുഷ്ടന്മാരെ അഗ്നിയോടുകൂടെ കാവലിൽ പാർപ്പിച്ചിരിക്കുന്ന പ്രകാരം മേൽ പറഞ്ഞിരിക്കുന്ന അഗ്നി തന്നെ അവർക്കു നരകമായി തീരുമൊ അതൊ മറ്റൊരു അഗ്നി അവർക്ക് ഉണ്ടാകുമൊ?**

കർത്താവ് അഗ്നിയോടുകൂടി വരുന്നു എന്നും അഗ്നികൊണ്ടു താൻ വിധിക്കുമെന്നും ഏശായാ 66:15-ലും; തന്റെ തിരുമുമ്പാകെ അഗ്നി കത്തി ജ്വലിക്കുമെന്നു ദാവീദിന്റെ സങ്കീർത്തനം 97:3-ലും പറയപ്പെട്ടിരിക്കുന്നതിനാൽ, ന്യായവിസ്താരത്തിനു മിശിഹാ എഴുന്നെള്ളുമ്പോൾ തന്റെ കൂടെയുള്ള മറ്റു അഗ്നി യഹോശാഫാത്ത് എന്ന മൈതാനത്തെ വളയുമെന്നും വിധിക്കുശേഷം ആ അഗ്നിയോടുകൂടെ പാതാളത്തിലേക്കു ദുഷ്ടന്മാരെ തള്ളപ്പെടുമെന്നും അതാണ് നരകമെന്നും സഭാപിതാക്കന്മാരുടെ കൃതികളിൽ നിന്നും സംഗ്രഹിച്ചു പറയാം.

112. **വിധിക്കുന്നതിൽ ഏതെങ്കിലും മുൻപു പിറകുണ്ടൊ?**

ഒന്നാമത് മിശിഹായിൽ വിശ്വസിക്കാത്തവരും, രണ്ടാമതു മാമോദീസാ മുങ്ങിയിട്ടില്ലാത്ത പൈതങ്ങളും, മൂന്നാമത് മിശിഹായിൽ വിശ്വസിച്ചിട്ടും പാപം ചെയ്തവരും, നാലാമത് 'മാലാഖമാരെയും കൂടെ നാം വിധി കൽപ്പിക്കുമെന്നു നിങ്ങൾ അറിയുന്നില്ലയൊ' എന്നു 1 കോരിന്തി 6:3-ൽ പറഞ്ഞിരിക്കുന്ന പ്രകാരം മാലാഖമാരും വിധിക്കപ്പെടുമെന്നും സഭാമൽപ്പാന്മാരാൽ പറയപ്പെട്ടിരിക്കുന്നു.

113. **ദുഷ്ടന്മാരെ മിശിഹാ മാത്രമല്ലാതെ വിശുദ്ധന്മാരും കൂടെ ഇരുന്നു വിധിക്കുമൊ?**

'വിശുദ്ധന്മാരും ലോകത്തെ വിധിക്കു'മെന്നു 1 കോരിന്തി 6:2-ലും; 'പന്ത്രണ്ടുസിംഹാസനങ്ങളിൽ ഇരുന്നു നിങ്ങൾ ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കു'മെന്നു മത്തായി 19:28-ലും; 'ജയിക്കുന്നവൻ എന്നോടൊരുമിച്ച് എന്റെ സിംഹാസനത്തിൽ ഇരിക്കുമെന്നു' വെളിപാട് 3:21-ലും; 'യേശുവിന്റെ സാക്ഷ്യം നിമിത്തവും ദൈവവചനം നിമിത്തവും കൊല്ലപ്പെട്ടവരുടെ ആത്മാക്കൾ സിംഹാസനത്തിന്മേൽ ഇരിക്കുന്നതും അവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തതും ഞാൻ കണ്ടു' എന്നു വെളിപാട് 20:4-ലും; 'അത്യുന്നതന്റെ വിശുദ്ധന്മാർക്ക് ന്യായാധികാരം കൊടുത്തു' എന്നു ദാനിയേൽ 7:21-ലും പറഞ്ഞിരിക്കുന്നതിനാൽ വിധി പീഠങ്ങളിൽ അവരും ഉണ്ടായിരിക്കും എന്നു സ്പഷ്ടമായിരിക്കുന്നു.

114. **വിധിദിവസത്തിൽ വിശുദ്ധന്മാരെയും ദുഷ്ടന്മാരെയും ഒരുമിച്ച് യഹോശാഫാത്ത് എന്ന സ്ഥലത്ത് നിർത്തി ദുഷ്ടന്മാരെ വിധിക്കുമൊ അതൊ വിശുദ്ധന്മാർ മിശിഹായോടുകൂടെ ആയിരിക്കുമൊ?**

'എന്റെ ദൈവമായ കർത്താവ് എല്ലാ വിശുദ്ധരുമൊത്തു വരുമെന്നു' സ്ക്കറിയാ 14:6-ലും; 'ആദ്യം മിശിഹായിൽ മരിച്ചവർ ഉയിർക്കുമെന്നും, ജീവനോടിരിക്കുന്നവരായ നമ്മൾ ഓയാറിൽ (ആകാശത്തിൽ) നമ്മുടെ കർത്താവിന്റെ എതിരേൽപ്പിന് അവരോടുകൂടെ നമ്മളേയും മേഘത്തിൽ കൊണ്ടു പോകപ്പെടുമെന്നും അങ്ങനെ നാം എപ്പോഴും നമ്മുടെ കർത്താവിനോടുകൂടെ ആയിരിക്കുമെന്നും' 1 തെസ്സലോനി 4:17-ലും പറഞ്ഞിരിക്കുന്നതിനാൽ, മിശിഹായിൽ ഉൾപ്പെട്ട മരിച്ചവർ ആദ്യം ഉയിർത്തെഴുന്നേറ്റ് അവരും, ജീവനോടിരിക്കുന്നവരിൽ നല്ലവർ രൂപാന്തരം കൈക്കൊണ്ട് അവരും ഓയാറിൽ (ആകാശത്തിൽ) മിശിഹായോടുകൂടെ ചെന്നു ചേരുകയും; പിന്നീട് മരിച്ചവരിൽ ദുഷ്ടന്മാർ ഉയിർത്തെഴുന്നേറ്റ് അവരും, ജീവനോടിരിക്കുന്നവരിൽ ദുഷ്ടന്മാർ രൂപാന്തരം കൈക്കൊണ്ട് അവരും

Scanned by CamScanner

യഹോശാഫാത്ത് എന്ന മൈതാനത്ത് കൂടപ്പെട്ട് അവിടെ വച്ച് മിശിഹായാലും എല്ലാ വിശുദ്ധന്മാരാലും ദുഷ്ടന്മാർ വിധിക്കപ്പെടുകയും ചെയ്യും.

115. **വലത്തുഭാഗത്ത് പള്ളാടുകളേയും ഇടതുഭാഗത്ത് മുട്ടാടുകളേയും നിർത്തി വിധിക്കുമെന്നു പറഞ്ഞിരിക്കുന്നതിനാൽ മിശിഹായിലുള്ള മരിച്ചവർ ഓയാറിൽ നമ്മുടെ കർത്താവിനോടുകൂടെ ചെന്നു ചേർന്നാൽ പിന്നെ രണ്ടു പന്തിയായിട്ടു നിർത്തി വിധിക്കുന്നത് എങ്ങനെ?**

ദുഷ്ടന്മാരെ ഇന്ന പ്രകാരം ശിക്ഷിക്കുക എന്നു കൽപ്പിക്കുന്ന വാക്കു മാത്രം വിധി എന്നു പറയുന്നതും; ഉത്തമന് ഇന്നതൊക്കെ കൊടുത്തു ബഹുമാനിക്കുക എന്നു പറയുന്ന വാക്കു സന്തോഷ സമ്മാനമാകുന്നതും ആകയാൽ വിശുദ്ധന്മാർ മിശിഹായുടെ മുമ്പാകെ നിന്നു വിധി കൈക്കൊള്ളുകയില്ല എങ്കിലും, വലത്തുഭാഗത്തും ഇടത്തുഭാഗത്തും രണ്ടായി നിൽക്കുമെന്നു പറഞ്ഞത്, ദുഷ്ടന്മാർ നിൽക്കുന്ന സ്ഥലത്ത് നല്ലവർ നേരെ രണ്ടു പന്തിയായി നിൽക്കുമെന്നല്ല. കേട്ടാലും; മുമ്പു പറഞ്ഞിരിക്കുന്ന പ്രകാരം ആദ്യം മിശിഹായിൽ ഉൾപ്പെട്ട മരിച്ചവർ ഉയിർത്ത് ഓയാറിൽ മിശിഹായുടെ എതിരേൽപ്പിനു ചെന്നു വന്ദിച്ച് സന്തോഷിച്ച് മിശിഹാ മുമ്പും വിശുദ്ധന്മാർ മിശിഹായുടെ പിന്നാലെയുമായി യഹോശാഫാത്ത് എന്ന സ്ഥലത്തു വരുകയും; മിശിഹായുടെ മുമ്പിൽ ദുഷ്ടന്മാരെ വരുത്തി നിർത്തിയശേഷം വിശുദ്ധന്മാരോടായി നിങ്ങൾ സ്വർഗ്ഗരാജ്യം അനുഭവിപ്പീൻ എന്നു കൽപ്പിക്കുകയും, പിന്നീട് ദുഷ്ടന്മാരെ നോക്കി നിങ്ങൾ നരകം അനുഭവിപ്പീൻ എന്നു കൽപ്പിച്ചു വിധിക്കുകയും ചെയ്യുന്നതാകുന്നു. ഇപ്രകാരം നിൽക്കുന്ന രണ്ടു കൂട്ടത്തെ അത്രെ രണ്ടു പന്തി എന്നു പറയുന്നത്.

116. **ദുഷ്ടന്മാരെ നരകത്തിലേക്കു വിധിച്ചുകഴിഞ്ഞാൽ പിന്നീട് വിശുദ്ധന്മാർക്കുള്ള മോക്ഷാനുഭവം എവിടെയാകുന്നു. പിന്നീട് മോക്ഷവും നരകവും അനുഭവിക്കുന്ന ആളുകൾക്കുള്ള തീർച്ചയും എങ്ങനെയാകുന്നു?**

എന്നേക്കുമുള്ള മോക്ഷം അനുഭവിക്കുന്നതിനുള്ള വഴിയെ നടക്കുവാനും, എന്നേക്കുമുള്ള നരകം അനുഭവിക്കുന്നതിനുള്ള വഴിയെ പോകാതിരിപ്പാനുമുള്ള അന്വേഷണം നാം ചെയ്യുന്നതല്ലാതെ ഇങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് അന്വേഷണം ചെയ്യുവാൻ നമ്മൾ ആരും കടപ്പെട്ടവരല്ലാ. എങ്കിലും മോക്ഷം എവിടെ എന്നറിയുവാൻ വെളിപാട് 20:1 മുതൽ 21:5 വരെയും; മത്തായി 19:28; 2 പത്രോസ് 3:13; ഏശായാ 65:17; 66:22 എന്നിവയും വായിച്ചറിയുക. തീർച്ച അറിയുവാൻ 1 കോരിന്തി 15:20-28 വരെ നന്നായി ശോധന ചെയ്യുകയും, പല വിധ നുഹറാ പുസ്തകങ്ങൾ നോക്കുകയും അറിവും പാണ്ഡിത്യവുമുള്ള പല മൽപ്പാന്മാരോടു ചോദിക്കുകയും ചെയ്താൽ ഏകദേശം നിശ്ചയിപ്പാൻ ഇടയുണ്ടെന്നു തോന്നുന്നു.

■■

Scanned by CamScanner



ഇടവഴിക്കൽ പീലിപ്പോസ് കശീശായുടെയും
പുത്രൻ പീലിപ്പോസ് കോറെപ്പിസ്ക്കോപ്പായുടെയും
സ്മാരക മാർബിൾ ശിലാഫലകം മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ
മാർ ദീവന്നാസ്യോസ് V യൗസേപ്പ് തിരുമേനിയാൽ കോട്ടയം വലിയപള്ളി
മേടയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

Scanned by CamScanner



വിശുദ്ധ മോർ അപ്രേം (306- 373 A.D.) അനേകം ഗ്രന്ഥങ്ങൾ രചിച്ചു. നിഖ്യാ സുന്നഹദോസിൽ സംബന്ധിക്കുകയും അതിലെ നിശ്ചയങ്ങൾ മുഴുവൻ എഴുതുകയും ചെയ്തത് മാർ അഫ്രേമിന്റെ കൈപ്പടയിലായിരുന്നു.

Scanned by CamScanner

പാത്രിയർക്കാ ആസ്ഥാന ദേവാലയവും (Cathedral) മോർ അപ്രേം സെമ്മിനാരിയും (Maarret Saidnaya - Damascus - Syria)

Scanned by CamScanner